

# യേശുവിന്റെ ആത്മകഥ

(ഒരു ഭാവനാവിഷ്കാരം)

വാല്യം 2

ഫാദർ. സി. സി. ചെറിയാൻ

# യേശുവിന്റെ ആത്മകഥ

(ഒരു ഭാവന ആവിഷ്കാരം)

വാല്യം – 2

**ഫാദർ. സി. സി. ചെറിയാൻ**
**കോട്ടയം**

സി.സി. ബുക്സ്, കോട്ടയം.

2020

Yeshuvinte Athmakadha - Volume 2
(Auto Biography of Jesus Christ)
By : Fr . C C Cherian
Mob: +91 944 73 02 518
frcccherian@gmail.com
Cover Design: Cyril Cherian
Page Setting : Cyril Cherian & Chris Cyril
Digital book: December 2020
Published by: C C Books, Kottayam.

# സമർപ്പണം

എൻറെ പ്രിയ മാതാപിതാക്കൾ, എന്നെ
വൈദികപദവിയിലേയ്ക്ക് കൈവെപ്പ് നൽകി
ഉയർത്തിയ കാലം ചെയ്ത അഭിവന്ദ്യ യൂഹാനോൻ മാർ
സേവേറിയോസ് തിരുമേനി, ആധ്യാത്മികതയുടെ
അടിസ്ഥാനപ്രമാണങ്ങൾ പകർന്നു തന്ന
കാലം ചെയ്ത അഭിവന്ദ്യ ഡോ. പൗലോസ്
മാർ ഗ്രീഗോറിയോസ് തിരുമേനി, കോട്ടയം
വൈദികസെമിനാരിയിൽ എന്നെ സഭാജീവിതം
പരിശീലിപ്പിടച്ച വന്ദ്യരായ ഗുരുക്കൻമാർ, എന്നെ
സ്നേഹിക്കുകയും, കരുതുകയും പ്രോത്സാഹിപ്പിക്കുകയും
ചെയ്ത മാതാപിതാക്കൾ, കുടുംബാംഗങ്ങൾ,
സുഹൃത്തുക്കൾ തുടങ്ങി എല്ലാവർക്കുമായി ഈ ഗ്രന്ഥം
ഞാൻ സമർപ്പിക്കുന്നു.

# ഉള്ളടക്കം

(വാല്യം – 2)


| | |
|---|---|
| പ്രസ്താവന : ഫാ. സി. സി. ചെറിയാൻ. | 7 |
| അവതാരിക: "സഭാ ഗുരുരത്നം" റവ. ഫാ. ഡോ. T. J. ജോഷ്വാ | 10 |
| വാങ്മുഖം : റവ. ഫാ. ഡോ. ജേക്കബ് കുര്യൻ. | 11 |
| അവലോകനം: റവ.ഫാ. ഡോ. ഓ. തോമസ്. | 13 |
| ആസ്വാദനം: റവ.ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ | 15 |
| സ്പന്ദനം: തോമസ് കാണക്കാരി. | 17 |
| 16 ഗ്രഹിപ്പാൻ കഴിയുന്നവൻ ഗ്രഹിക്കട്ടെ | 20 |
| 17. എല്ലാ നിയമങ്ങളും മനുഷ്യനന്മയ്ക്ക് വേണ്ടിയുള്ളതാണ് | 27 |
| 18. ദൈവരാജ്യ പ്രഭാഷണപരമ്പര പരസ്യമായി ആരംഭിച്ചു | 34 |
| 19. സ്വർഗ്ഗ സൗഭാഗ്യങ്ങൾ ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം | 42 |
| 20. നിങ്ങൾ ഭൂമിയുടെ ഉപ്പും ലോകത്തിൻറെ വെളിച്ചവും ആകുന്നു | 52 |
| 21. എൻറെ ഉപദേശങ്ങൾക്ക് നിങ്ങൾ കാതോർക്കുക | 61 |
| 22. മൂന്ന് പ്രധാന രഹസ്യ പ്രമാണങ്ങൾ | 71 |
| 23. ശിഷ്യപ്രാർത്ഥന നിങ്ങൾ ഇങ്ങനെ പ്രാർത്ഥിക്കുക. | 81 |
| 24 ഗിരിപ്രഭാഷണ വിചിന്തനങ്ങൾ | 92 |
| 25. എൻറെ ചില ജീവിത പ്രമാണങ്ങൾ | 101 |
| 26.എൻറെ ഉപമകൾ കേട്ട് അനുസരിക്കുന്നവർ വഴി തെറ്റുകയില്ല | 111 |
| 27. എന്നെ വിശ്വസിക്കുന്നവർക്ക് അത്ഭുതങ്ങൾ ആസ്വദിക്കാം | 118 |
| 28. ഞാൻ മരിച്ചവരെ ഉയർപ്പിച്ച രണ്ട് അനുഭവങ്ങൾ | 125 |
| 29. എൻറെ മുന്നോടിയായ സ്നാപകയോഹന്നാൻ | 134 |
| 30 സ്വർഗ്ഗരാജ്യത്തിൻറെ സവിശേഷതകൾ | 142 |
| അനുബന്ധം – 1 – ഒന്നാം വാല്യം ഉള്ളടക്കം | 150 |
| അനുബന്ധം – 2 – ഗ്രന്ഥകർത്താവിനെക്കുറിച്ച് | 151 |


******

# പ്രസ്താവന

ദൈവതിരുനാമത്തിന് മഹത്വം ഉണ്ടായിരിക്കട്ടെ. യേശുവിന്റെ ആത്മകഥ രണ്ടാം വാല്യം തയ്യാറാക്കുവാൻ എന്നെ പ്രാപ്തനാക്കിയ സർവ്വശക്തനായ ദൈവതിരുമുമ്പാകെ ഹൃദയപൂർവ്വം സ്തുതിയും സ്തോത്രവും ആദ്യമേ സമർപ്പിക്കുന്നു. ഈ ഗ്രന്ഥരചന ഒരു പുതിയ അനുഭവമായി തുടരുകയാണ്. യേശുക്രിസ്തുവിന്റെ അദൃശ്യസാന്നിധ്യം, പരിശുദ്ധാത്മാവ് മുഖാന്തിരം അനുദിനം യാഥാർത്ഥ്യമാകുന്ന അനുഭവത്തിലൂടെ ആണ് ഈ നാളുകളിൽ ഞാൻ കടന്നു പോകുന്നത്. പണ്ട്, ഇസ്രായേൽ മക്കൾ മരുഭൂമിയിൽ അലഞ്ഞു നടന്നപ്പോൾ, ദൈവം പകൽ മേഘസ്തംഭവും രാത്രി അഗ്നി സ്തംഭവും, ആകാശത്ത് നിന്ന് ദിവസംതോറും "മന്ന"യും പാറയിൽ നിന്ന് വെള്ളവും നൽകി പരിപോഷിപ്പിച്ച് വഴിനടത്തിയ സ്വർഗീയ അനുഭവത്തിലൂടെ ആണ് ഞാൻ യേശുവിനോടൊപ്പം യാത്ര ചെയ്യുന്നത് എന്ന് തോന്നിപ്പോകുന്നു.

ഈ രചന ഒരു ഭാവന ആവിഷ്കാരം മാത്രമാണെന്ന കാര്യം ഒന്നാം വാല്യത്തിന്റെ പ്രസ്താവനയിൽ ഞാൻ പറഞ്ഞത് നിങ്ങൾ ശ്രദ്ധിച്ചു കാണുമല്ലോ. യേശുവിന്റെ മനസ്സറിഞ്ഞ് സമകാലീന യാഥാർഥ്യങ്ങളുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുകയാണ് ഞാൻ ചെയ്യുന്നത്. എന്റെതായ മാനുഷിക കുറവുകളും പിഴവുകളും വന്നിട്ടുണ്ടാകും. പല ആശയങ്ങളും പല സന്ദർഭങ്ങളിൽ ആവർത്തിക്കുവാൻ ഇടയായത് വേദപുസ്തക വിവരണങ്ങളിൽ എന്നപോലെ വന്നു പോയിട്ടുള്ളതാണ്. വിശദമായ വേദപഠനം ആഗ്രഹിക്കുന്നവർക്കു പ്രയോജനപ്പെടും എന്ന് കരുതി. വേദപുസ്തകം വായിച്ച് ശീലമില്ലാത്തവർക്ക് വായിക്കാനുള്ള പ്രചോദനവും നൽകണമെന്ന ഉദ്ദേശവും അതിന്റെ പുറകിൽ ഉണ്ട്. പൂർണ്ണദൈവവും പൂർണ്ണ മനുഷ്യനും ആയ യേശുക്രിസ്തുവിനെ അവതരിപ്പിക്കുമ്പോൾ ഉണ്ടാകാവുന്ന അവ്യക്തത വാക്കുകളിലൂടെ വ്യക്തമാക്കാൻ കഴിയുന്നില്ലെന്ന നിസ്സഹായത എന്നെപ്പോലെ നിങ്ങൾക്കും ഉണ്ടാകുമെന്ന് ഞാൻ കരുതുന്നു. വേദശാസ്ത്ര പരമായ തർക്കങ്ങൾ ഒഴിവാക്കാൻ കൂടിയാണ് ഞാൻ ഈയൊരു സമീപനം സ്വീകരിച്ചത്. ആത്മകഥ രൂപത്തിൽ നിന്നും ചിലപ്പോഴൊക്കെ പ്രഭാഷണ രൂപത്തിലേക്ക് മാറി പോയത് സദയം

ക്ഷമിക്കുക. ഗഹനമായ വിഷയങ്ങൾ പഠിപ്പിക്കുവാനായി പ്രസംഗകല യേശു സ്വീകരിച്ചിട്ടുണ്ട്. അത് എന്നെയും സ്വാധീനിച്ചിട്ടുണ്ട്.ഇത് വെറുമൊരു ജീവചരിത്രഗ്രന്ഥം അല്ലെന്ന് നിങ്ങൾക്ക് മനസ്സിലായി കാണുമല്ലോ.

വേദപുസ്തക വിവരണങ്ങളാണ് അടിസ്ഥാന രേഖയായി ഞാൻ ആശ്രയിച്ചത്. ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങൾ, എന്റെ സ്വതന്ത്രമായ സമീപനത്തെ സ്വാധീനിക്കുവാൻ ഇടയാകുമെന്ന കാരണത്താൽ, ഈ ഗ്രന്ഥ പരമ്പരയുടെ രചനയുമായി ഞാൻ ഉപയോഗിക്കുന്നില്ല. Bible Concordance, Dictionary എന്നിവ വളരെയേറെ എനിക്കു പ്രയോജനപ്പെടുന്നുണ്ട്. "ഒത്തുവാക്യങ്ങൾ" കണ്ടു പിടിച്ച്, സമാന്തര പഠനത്തിന് അവ എന്നെ സഹായിക്കുന്നുണ്ട്. ഓർത്തഡോക്സ് സ്റ്റഡി ബൈബിൾ ആണ് അടിസ്ഥാനപഠനത്തിന് ആധാരമാക്കിയിട്ടുള്ളത്. എന്റെ മകൾ റീന എനിക്ക് നൽകിയ, "From the Heart of Jesus (A devotional on the words of Jesus) from the pen of Gwen. R. Shaw, Engeltel press, Arkansas,U S A,1992." എന്ന ഗ്രന്ഥം യേശുവുമായുള്ള സംഭാഷണശൈലി സ്വീകരിക്കുവാൻ എനിക്ക് ഏറെ സഹായകമായി. ഇതിനുപുറമേ ഇൻറർനെറ്റ് വഴി ഗൂഗിൾ സെർച്ച് നടത്തി വിവരങ്ങൾ ശേഖരിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

ഓരോ ദിവസവും പ്രഭാതത്തിലാണ് ഞാൻ എഴുതുന്നത് എങ്കിലും,തലേ ദിവസം മുഴുവനും രാവിലെ എഴുതാനുള്ള അധ്യായത്തിലെ വിഷയവുമായി ബന്ധപ്പെട്ട വേദഭാഗങ്ങൾ വായിച്ച്, നോട്ട് കുറിച്ച്, മനനം ചെയ്യാറുണ്ട്. അതിരാവിലെ മൂന്നുമണിയോടെ എഴുന്നേറ്റ് തുടർച്ചയായി ശരാശരി നാലഞ്ചു മണിക്കുറുകളെടുത്താണ് ഓരോ അധ്യായവും എഴുതി പൂർത്തിയാക്കുന്നത്. എഴുതിയത് ഒരിക്കൽ കൂടി വായിച്ചു നോക്കി,തെറ്റുകൾ തിരുത്തി, ഉച്ചകഴിഞ്ഞ് ഞാൻ തന്നെ എന്റെ മൊബൈൽ ഫോണിൽ ഗൂഗിൾ ആപ്പ് ഉപയോഗിച്ച് വോയ്സ് ടൈപ്പ് ചെയ്യുകയായിരുന്നു. അതും എനിക്ക് ഒരു പുതിയ അനുഭവമായിരുന്നു. പേജു സെറ്റിംഗ് എന്റെ മകൻ സിറിലും കൊച്ചുമകൻ ക്രിസും വിദേശത്തിരുന്ന് എന്നെ സഹായിക്കുന്നുണ്ട്.

അങ്ങനെ ഇതിനോടകം 30 അധ്യായങ്ങൾ പൂർത്തിയാക്കാൻ ദൈവം ശക്തി നൽകി സഹായിച്ചു. ഞാൻ പേനകൊണ്ട് എഴുതുമ്പോൾ കടലാസിൽ പതിയുകയും വായ കൊണ്ട് പറയുമ്പോൾ മൊബൈൽ ഫോണിൽ അക്ഷരങ്ങളായി തെളിയുകയും ചെയ്യുന്നത് കാണുമ്പോൾ ദൈവം എന്നെ അതുപോലുള്ള ഒരു ഉപകരണമാക്കി എന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ഇക്കാര്യത്തിൽ പേനയും മൊബൈൽഫോണും എനിക്ക് വഴങ്ങിയത് പോലെ, ഞാനും ദൈവകരങ്ങളിൽ വഴങ്ങി

കൊടുക്കുന്നു എന്ന് മാത്രം. വെറും സാധാരണ മനുഷ്യനായ എന്നെ ദൈവം ഇപ്രകാരം എടുത്ത് ഉപയോഗിക്കുന്നതുപോലെ, നിങ്ങളും ദൈവകരങ്ങളിൽ വഴങ്ങികൊടുത്തു നല്ല ഉപകരണങ്ങളായി തീരാൻ ശ്രമിക്കണമെന്ന്, അനുഭവത്തിന്റെ വെളിച്ചത്തിൽ ഞാൻ നിങ്ങളോട് വിനയത്തോടെ അഭ്യർത്ഥിക്കുന്നു. എന്റെ കഴിവാണ് എന്ന് അഹങ്കാര ചിന്ത എനിക്ക് ഉണ്ടാകാതെ ഇരിക്കുവാനും തുടർന്ന് ആത്മകഥ എഴുതി പൂർത്തിയാക്കുവാനും ആവശ്യമായ ദൈവകൃപ ലഭിക്കുവാൻ വേണ്ടി നിങ്ങൾ പ്രാർത്ഥിക്കണമെന്ന് എന്ന് വിനയപൂർവ്വം അപേക്ഷിക്കുന്നു.

ഈ ഗ്രന്ഥ പരമ്പരയ്ക്കുവേണ്ടി ആശിർവാദം, അവതാരിക, വാങ്മുഖം, അവലോകനം, ആസ്വാദനം, സ്പന്ദനം എന്നിങ്ങനെ എഴുതി എന്നെ പ്രോത്സാഹിപ്പിച്ച മഹത് വ്യക്തികളോടുള്ള സ്നേഹാദരവുകൾ ഇവിടെ രേഖപ്പെടുത്തുന്നു. ഒന്നാം വാല്യത്തിൽ പൂർണ്ണമായി നൽകിയ അത്തരം കുറിപ്പുകളുടെ സംക്ഷിപ്ത രൂപം മാത്രമേ രണ്ടാം വാല്യത്തിൽ നൽകുന്നുള്ളൂ.

സ്നേഹാദരവുകളോടെ,

ഫാ. സി. സി. ചെറിയാൻ
ഗ്രന്ഥകർത്താവ്
കോട്ടയം. ഡിസംബർ 2020

# അവതാരിക

"സഭാ ഗുരുരത്നം" റവ. ഫാ. ഡോ. T. J. ജോഷ്വാ.

## പുതുമനിറഞ്ഞ പുതിയ കൃതി

പലവിധത്തിലും പുതുമ നിറഞ്ഞതും കൗതുകമുണർത്തുന്നതുമായ ഈ കൃതി രചിച്ച, എന്റെ ആത്മസുഹൃത്തും ക്രിസ്തുവിൽ സഹോദരനുമായ ഫാ. സി. സി. ചെറിയാനെ ഞാൻ ഹൃദയംഗമമായി അനുമോദിക്കുന്നു. മറ്റാരും തന്നെ അവരുടെ തൂലിക ചലിപ്പിക്കുവാൻ ധൈര്യപ്പെടാത്ത ഒരു വിഷയത്തിലേക്ക് ആണ് ആത്മനിയോഗത്താൽ എന്നവണ്ണം ബഹുമാനപ്പെട്ട അച്ചൻ ശ്രദ്ധവെച്ചത്.യേശുവിന്റെ ആത്മകഥ എഴുതണമെങ്കിൽ യേശുവിന്റെ മനോവികാരങ്ങളുമായും ചിന്താധാരകളുമായും ജീവിതാനുഭവങ്ങളുമായും താദാത്മ്യം പ്രാപിക്കേണ്ടത് ആവശ്യമാണ്

സുവിശേഷ സത്യങ്ങൾക്ക് അനുരൂപമായി തന്നെ ഉള്ള ആത്മകഥാ കഥനംഎന്ന്സാക്ഷ്യപ്പെടുത്താൻകഴിയും.കർത്താവ്ജീവിച്ചിരുന്നസമകാലീന സാഹചര്യങ്ങളെയും പ്രശ്നങ്ങളെയും വിലയിരുത്തുന്നതായി ബോധ്യമാകും. സഭയുടെ വിശ്വാസങ്ങളെ ഉറപ്പിക്കാനും പോരായ്മകളെ ചൂണ്ടിക്കാണിക്കാനും കർത്താവിന്റെ മൊഴികൾ വായിക്കുമ്പോൾ അവസരമുണ്ടാകുന്നു. കർത്താവിന്റെ മനുഷ്യ അവതാരത്തെപറ്റി പറയുന്നത്, ഇന്നും എന്നും ഉള്ളവർക്ക് പിന്തുടരുവാൻ പൂർണ മാതൃക ആയിട്ടാണ് കർത്താവ് ഭൂമിയിൽ വന്നു ജീവിച്ചതും പ്രവർത്തിച്ചതും എന്ന് വ്യക്തമാക്കുവാൻ ആയിട്ടാണ്.

ഈ കൃതിയിൽ കൂടി നല്ല ഒരു വേദവ്യാഖ്യാതാവ് ആണ് ഇതിന്റെ കർത്താവ് എന്ന് വെളിപ്പെടുന്നു.സമകാലീന പ്രശ്നങ്ങളെയും വെല്ലുവിളികളെയും മനസ്സിലാക്കി അവയെപ്പറ്റി യേശുവിന്റെ വിലയിരുത്തൽ എപ്രകാരമായിരിക്കും എന്ന് എഴുത്തുകാരൻ തന്റെ ഭാവനയിൽ രൂപപ്പെടുത്തുന്നു. അതിൽ ഗ്രന്ഥകാരന്റെ വീക്ഷണവും വിശ്വാസവും പ്രതിഫലിക്കുന്നു

നിശ്ചയമായും ഈ കൃതി അനുമോദന അർഹമായ ഒന്നാണ്. ജോലികളിൽനിന്നുംവിരമിച്ച്വിശ്രമജീവിതംനയിക്കുന്നബഹുമാനപ്പെട്ടഅച്ചൻ രചനാരംഗത്ത് ഊർജ്ജിതമായ ഉത്സാഹത്തോടെ, ആത്മീയ ദർശനത്തോടെ കൂടുതൽ രചനയിൽ വ്യാപൃതനാകട്ടെ എന്ന് ആശംസിച്ചുകൊണ്ടും അനുമോദിച്ചുകൊണ്ടും ഈ ഗ്രന്ഥം വിശ്വാസികൾക്കായി അവതരിപ്പിക്കുന്നു .

സചിവോത്തമപുരം, കോട്ടയം. 27– 10– 2020 .

# വാങ്മുഖം

റവ.ഫാ.ഡോ.ജേക്കബ് കുര്യൻ.

## എന്റ് സ്വന്തം യേശു

എന്നെ കുറിച്ച് ഒരു ആത്മകഥ ആവിഷ്കാരം എഴുതിക്കോട്ടെ എന്ന് എന്റെ വാത്സല്യവാനായ സി. സി. ചെറിയാൻ അച്ചൻ എന്നോട് ചോദിച്ചു. യഥാർത്ഥത്തിൽ അങ്ങനെ ഒന്ന് എനിക്ക് വേണ്ടി മലയാളത്തിൽ എഴുതാൻ ആരുണ്ട് എന്ന് അന്വേഷിച്ച് ഇരിക്കുകയായിരുന്നു ഞാൻ. കാരണം, ഞാൻ പറഞ്ഞതും പ്രവർത്തിച്ചതും ആയ പലകാര്യങ്ങൾക്കും കുറച്ചുകൂടി വ്യക്തത വരുത്തുവാൻ ആവശ്യമുണ്ടെന്ന് എനിക്ക് ബോധ്യപ്പെട്ടിരുന്നു.

എന്റെ മനസ്സറിഞ്ഞ് വ്യക്തമാക്കുവാൻ സാധിക്കുന്ന ഒരു ശിഷ്യനെ ഞാൻ അന്വേഷിച്ചു കൊണ്ടിരിക്കുകയായിരുന്നു.

എന്റെ ബാല്യകാല സ്മരണകളിൽ തുടങ്ങി ശിഷ്യത്വത്തെക്കുറിച്ചും വീണ്ടുംജനനത്തെക്കുറിച്ചും ദൈവമക്കൾ ആകുന്നതിനെകുറിച്ചുമൊക്കെ പരസ്പരം പങ്കുവച്ചപ്പോൾ അതൊരു നവ്യ അനുഭവമായി മാറി.

സ്നേഹം നിറഞ്ഞ ഒരു മനസ്സ് എന്നെ ശരിയായി മനസ്സിലാക്കുമ്പോൾ, അഹന്ത നിറഞ്ഞ ഒരു മനസ്സ് എങ്ങനെ എന്നെ തെറ്റായി മനസ്സിലാക്കുന്നു എന്ന് ബോധ്യപ്പെട്ടതിന്റെ സംഗ്രഹം ഈ ശിഷ്യൻ എന്റെ വാക്കുകളായി കൊടുത്തിട്ടുണ്ട്. ദൈവഭക്തിയെ ഒരു "സമുദായഭക്തിയായി" തെറ്റിദ്ധരിക്കുന്നവരാണ് നിങ്ങളിൽ അധികം പേരും. സമുദായഭക്തരായി നടന്നിരുന്ന യഹൂദ പ്രമാണിമാരെ എനിക്ക് വെറുപ്പായിരുന്നു. "നിങ്ങൾ നിയമത്തിന്റെ അക്ഷരം നോക്കി ആചരിക്കുന്നു, ഞാനോ നിയമത്തിന്റെ ആത്മാവ് അഥവാ ലക്ഷ്യം നടപ്പാക്കാനാണ് ശ്രമിക്കുന്നത്. നിയമം നിഷേധിക്കുകയല്ല ശരിയായി വിലയിരുത്തി ആചരിച്ചു പൂർത്തീകരിക്കുകയാണ് ചെയ്യുന്നത്. ദൈവാലയത്തെകാൾ വലിയവൻ നിങ്ങളുടെ മുൻപിൽ നിൽക്കുന്നുണ്ട് എന്നുകൂടി ഓർത്തുകൊള്ളുക", സൃഷ്ടിക്കുന്നതിനു മുൻപുതന്നെ സൃഷ്ടിതമല്ലാത്ത സ്വർഗീയവെളിച്ചം എന്നാളും നിലനിന്നിരുന്നു. ആ സ്വർഗ്ഗീയ വെളിച്ചമാണ് എന്നിലൂടെ നിങ്ങൾക്ക് തരുവാൻ ഞാൻ ആഗ്രഹിക്കുന്നത്. ഈ വെളിച്ചത്തിലൂടെ മാത്രമേ നിത്യമായി ജീവിക്കുവാൻ നിങ്ങൾക്ക് കഴിയൂ. അത്ഭുതങ്ങൾ കാണിച്ച് വിശ്വസിപ്പിക്കുന്നതും വിശ്വസിക്കുന്നത് മൂലം

അത്ഭുതങ്ങൾ ദൈവരാജ്യവാതിലുകൾ ആകുന്നതും തമ്മിലുള്ള അന്തരം എന്റെ ശിഷ്യന് ഇഷ്ടപ്പെട്ടന്ന് എനിക്ക് മനസ്സിലായി. ചുരുക്കം പറഞ്ഞാൽ, എന്റെ വചനങ്ങളും പ്രവൃത്തികളും കാലത്തിനനുസരിച്ച് വിശദീകരിക്കുവാൻ നിർമ്മല മനസ്സോടെ പരിശ്രമിക്കുന്ന ഒരു ശിഷ്യനെ കണ്ടെത്തിയ സംതൃപ്തി ഞാൻ പങ്കുവെക്കട്ടെ. എന്റെ ആത്മകഥ ആവിഷ്കാരം വായിക്കുന്ന ചിലർക്കെങ്കിലും ഉണ്ടാകാവുന്ന ചില അഭിപ്രായങ്ങളെ ഞാൻ പരിഗണിച്ചില്ല എന്ന് ആർക്കും തോന്നരുത്.

1) ഒരേ വിഷയം പലയിടത്ത് ആവർത്തിച്ചിരിക്കുന്നു, അവയെ ഒരേ ശീർഷകത്തിൽ ഒരിടത്ത് ചേർക്കാമായിരുന്നില്ലേ?

2) അവതരണശൈലി ചിലപ്പോൾ പ്രഭാഷണ രൂപത്തിലും ചിലപ്പോൾ പാഠപുസ്തക രൂപത്തിലും തോന്നുന്നതിൽ ഒരു ഐകരൂപ്യം ഉണ്ടാകുന്നത് നല്ലതല്ലേ?.

3) എന്നെ പലയിടത്തും ഒരു ബൈബിൾ പണ്ഡിതൻ വേദവാക്യങ്ങൾ ഉദ്ധരിച്ച് പ്രഭാഷണം നടത്തുന്നു എന്ന നിലയിലുള്ള അവതരണം അല്പം കടന്നു പോയില്ലേ?.

4) എന്റെ മനുഷ്യസ്വഭാവത്തിന് കൂടുതൽ വ്യക്തത വരുത്തുന്നതിന്റെ ഭാഗമായി, പാപം, മരണം, ജീർണത എന്നിവയ്ക്ക് വിധേയമായ മനുഷ്യസ്വഭാവവും അവയ്ക്കു അതീതമായ ദൈവസ്വഭാവവും തമ്മിൽ അന്തരം സൃഷ്ടിക്കുന്നതിൽ ഒരു ആശയക്കുഴപ്പമു ണ്ടാകുവാനുള്ള സാധ്യതയുണ്ടോ?

ഇങ്ങനെയുള്ള അഭിപ്രായങ്ങളെയും സംശയങ്ങളെയും എപ്പോഴും സ്വാഗതം ചെയ്തു അതനുസരിച്ചു പിന്നീടുള്ള തന്റെ ആവിഷ്കാര ശൈലിയെ രൂപപ്പെടുത്തുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്ന ഒരാളാണ് എന്റെ ശിഷ്യൻ എന്നതാണ് അദ്ദേഹത്തെ കുറിച്ചുള്ള ഏറ്റവും വലിയ അഭിമാനം. എന്റെ ആത്മകഥ ആവിഷ്കാരത്തിന് ഒരു "വാങ്മുഖം" എഴുതുവാൻ താൻ ഒട്ടും യോഗ്യനല്ല എന്ന് പറഞ്ഞു സ്വയം ഒഴിഞ്ഞ എന്റെ മറ്റൊരു ശിഷ്യനായ ജേക്കബ് കുര്യൻ അച്ചനെ കൊണ്ട് ഞാൻ ഇത് പറഞ്ഞു എഴുതിപ്പിച്ചു എന്ന് മാത്രം.

എന്ന്,

സ്വന്തം യേശു

# അവലോകനം

റവ.ഫാ. ഡോ. ഓ. തോമസ്.

## നസ്രായൻ എഴുതിപ്പിച്ചത്

പ്രപഞ്ച സൃഷ്ടാവും വീണ്ടെടുപ്പുകാരനുമായ ത്രിത്വത്തിൽ രണ്ടാമനായ യേശുക്രിസ്തുവിന്റെ ആത്മകഥ എഴുതിയ വന്ദ്യനായ സി. സി. ചെറിയാൻ അച്ചൻ അതിസാഹസികമായ ഒരു കർമ്മമാണ് നിർവ്വഹിച്ചിരിക്കുന്നത്. സഭയുമായി ഇത്രയും ഇഴുകി ചേർന്നതിനാൽ സഭയിലെ കഴിഞ്ഞ അരനൂറ്റാണ്ടിലെ ആഭ്യന്തരകലങ്ങളിൽ അദ്ദേഹത്തിന്റെ മനസ്സ് എപ്പോഴും ഖിന്നമാണ്. യുക്തം എന്ന ബോധ്യമുള്ള ചിന്തകൾ അദ്ദേഹത്തിന്റേതായി സാമൂഹ്യ മാധ്യമങ്ങളിൽ കൂടി പുറത്തുവന്നപ്പോൾ അനുകൂലികളും പ്രതികൂലികളും ധാരാളമുണ്ടായി. ഈ അന്തച്ഛിദ്രത്തിന് എന്നാണ് ഒരു അറുതി വരുക എന്ന് രാവും പകലും മനസ്സിൽ ചിന്തിച്ചു കൊണ്ടിരുന്നു. ഉൽക്കടമായ ഈ ആന്തരിക സംഘർഷത്തിന്റെ ഉപോൽപന്നമാണ് ഈ കൃതി എന്ന് ഞാൻ ചിന്തിക്കുന്നു. തന്റെ ചിന്തകളെ ക്രിസ്തുവിൽ ലയിപ്പിച്ച പ്പോഴുണ്ടായ അവാച്യമായ നിർവൃതിയാണ് അത്യപൂർവമായ ഒരു ചിന്ത സാഗരത്തിലൂടെ ഒഴുകി, ആലോചനകളെ മഷിപുരട്ടി വാക്കുകളിലൂടെ കോറി ഇടുവാൻ ഇടയാക്കിയത്. ആഴമേറിയ ക്രിസ്ത്വനുഭവത്തിൽ എത്തിച്ചേരുന്നതിൽകൂടി മാത്രമേ ഒരു ക്രിസ്തു വിശ്വാസിക്കും വിശ്വാസ സമൂഹങ്ങൾക്കും ആഭ്യന്തര കലഹങ്ങളിൽ നിന്നും രക്ഷപ്പെടാൻ ആവൂ. ഈ പുസ്തകം ആകർഷകമാക്കുന്നതിന്റെ പ്രധാന കാരണം ഇതിലെ കേന്ദ്രബിന്ദു ക്രിസ്തു മാത്രമായിരിക്കുന്നു എന്നതാണ്.

യേശുക്രിസ്തുവിന്റെ ആത്മകഥ എന്നത് തീവ്രമായ ഒരു ഭാവന ആണെങ്കിലും അതിനകത്ത് ഭാവനാത്മകമായ ഒന്നും കൂട്ടി ചേർത്തിട്ടില്ല. ഐതിഹ്യങ്ങളിൽ കാണുന്ന ബാലകഥകളോ, 12 വയസ്സിനും 30 വയസ്സിനും ഇടയിലുള്ള കാലഘട്ടത്തെ കുറിച്ചുള്ള ഭാവനാത്മകമായ വിവരണമോ ഒന്നും ഇതിലില്ല. സുവ്യക്തമായ ഒരു ചട്ടക്കൂടിനുള്ളിൽ നിന്നാണ് ആത്മകഥ രചിച്ചിരിക്കുന്നത്. സുവിശേഷസത്യങ്ങളുടെ വെളിച്ചത്തിൽ, പൗരസ്ത്യ വേദശാസ്ത്രത്തിന്റെഅടിത്തറയിൽനിന്നുകൊണ്ടാണ്ആത്മകഥയുടെഓരോ ദളങ്ങളും വിരിയുന്നത്. പരിശുദ്ധാത്മാവിലുള്ള യേശുവിന്റെ ജനനവും താൻ

പൂർണ്ണദൈവവും പൂർണ്ണമനുഷ്യനും ആണെന്ന് വെളിപ്പെടുത്തുന്നതോടൊപ്പം മാതാവ് തന്റെ ജനനത്തിന് ശേഷവും കന്യക ആയിരുന്നു എന്ന് കർത്താവിന്റെ വാക്കുകളിൽ കൂടി നമ്മെ പഠിപ്പിക്കുന്നു.മാതാവിനെ ബഹുമാനിക്കുന്നതോടൊപ്പം യൗസേപ്പ് പുണ്യവാളനേയും മറക്കരുത് എന്നുള്ള ഒരു ഓർമ്മപ്പെടുത്തൽ സഭാ പാരമ്പര്യത്തിലുള്ള ഒരു തിരുത്തൽ കൂടിയാണ്. ആത്മീയ അന്തരീക്ഷത്തിൽ കുട്ടികളെ വളർത്തണമെന്ന സത്യം യേശു തമ്പുരാന്റെ കുടുംബ പശ്ചാത്തലം വിവരിച്ച ആനുകാലിക യാഥാർത്ഥ്യങ്ങളുമായി കൂട്ടിയിണക്കുന്നു. പള്ളി ആരാധനകളും തിരുനാളുകളുടെ അർത്ഥവത്തായ സാംഗത്യവും വിസ്മരിക്കുന്നില്ല.ക്രിസ്തുവിന്റെ സഹോദരങ്ങൾ ആരാണെന്നുള്ള യാഥാർത്ഥ്യം ക്രിസ്തു തന്നെ വെളിപ്പെടുത്തുമ്പോൾ ആ വഴിക്കുള്ള സംശയം മുഴുവനും ദൂരികരിക്കപ്പെടുന്നു.

വിശുദ്ധ ത്രിത്വത്തെ കുറിച്ചു യേശുവിന്റെ വാക്കുകളിൽ കൂടി കേൾക്കുമ്പോൾ ത്രീയേക ദൈവത്തെ വിശ്വാസത്തിൽ സ്വീകരിക്കുവാൻ എളുപ്പമാകുന്നു. ദൈവരാജ്യമർമങ്ങൾ ചിത്രീകരിക്കുമ്പോൾ വ്യവസ്ഥാപിത സഭകളുടെ ചട്ടക്കൂടുകൾക്കപ്പുറത്തുള്ള ദൈവരാജ്യത്തെകുറിച്ച് ഒരു ദർശനവും അതിന്റെ കെട്ടു പണിയിൽ ഉള്ള നിയോഗവും സാധാരണക്കാർക്കും ബോധ്യമാകുന്നു. സ്വർഗ്ഗ പിതാവിന്റെ ഇഷ്ടം പ്രവൃത്തിയിൽ അനുസരിക്കാതെ ഉള്ള ആരാധനയുടെ വ്യർത്ഥത വായനക്കാർക്ക് പകർന്നു നൽകുന്നു.കള്ള പ്രവാചകന്മാരുടെ പൊള്ളത്തരങ്ങളും വ്യാജ ശിഷ്യന്മാരുടെ വികലതയും യേശുക്രിസ്തുവിന്റെ വാക്കുകളിൽ ചൂണ്ടിക്കാട്ടുമ്പോൾ ഈ കാലഘട്ടത്തിൽ അതിന്റെ സാംഗത്യം ഏറുന്നു.ന്യായപ്രമാണം എന്ന പഴയ തുരുത്തിയിൽ ദൈവരാജ്യമൂല്യങ്ങൾ ആകുന്ന പുതിയ വീഞ്ഞിനെ പകരുമ്പോൾ ഉള്ള അപകടം ഒരുപക്ഷേ സുവിശേഷ ഭാഗങ്ങൾ വായിക്കുന്നതിനേക്കാൾ ഏറെ വ്യക്തമാക്കുന്നു. ആത്മാവിനെ തിരസ്കരിച്ചു അക്ഷരത്തെ മുറുകെപ്പിടിക്കുന്ന നിയമ വ്യാഖ്യാനം ദൈവരാജ്യ മൂല്യങ്ങൾക്ക് ചേർന്നതല്ലെന്ന തിരിച്ചറിവ് വ്യവസ്ഥാപിത സഭകൾക്ക് ക്രിസ്തു അന്നും ഇന്നും നൽകുന്ന മുന്നറിയിപ്പ് അല്ലേ? നാല് സുവിശേഷങ്ങൾ ഒരുമിച്ച് വായിക്കുന്ന ഒരു പ്രതീതി ഉണ്ടാകുന്നു. "ജഡ രക്തങ്ങൾ അല്ല എന്റെ പിതാവാണ് നിന്നെക്കൊണ്ട് ഇത് എഴുതിച്ചത് " എന്നൊരു പാഠഭേദം ഗ്രന്ഥകർത്താവിനു നൽകുന്നതിൽ തെറ്റില്ല. പൗരസ്ത്യ അദ്ധ്യാത്മിക ചിന്താധാര ഈ ഗ്രന്ഥത്തിന്റെ പിന്നാമ്പുറങ്ങളിൽ മിഴിവോടെ നിൽക്കുന്നു. അന്ധതമസിൽ കഴിയുന്ന ജനത്തിന് പ്രകാശത്തിന്റെ ഒരു തുരുത്തായി കാണുവാൻ അസാധാരണമായ ഈ കൃതി പ്രയോജനപ്പെടട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എന്റെ ജേഷ്ഠസഹോദരൻ വന്ദ്യനായ സി. സി. ചെറിയാൻ അച്ചന് എല്ലാ മംഗളങ്ങളും നേരുന്നു.

# ആസ്വാദനം

റവ.ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

## പ്രകാശം പരത്തുന്ന ആത്മകഥ യാനം

യേശുവിന്റെ ജീവിതവും സുവിശേഷദർശനവും സംഗ്രഹിക്കുന്ന വേദയാനം ആണ് യേശുവിന്റെ ആത്മകഥയിലൂടെ ഫാദർ. സി. സി. ചെറിയാൻ അവതരിപ്പിക്കുന്നത്. ദീർഘമായ ഇടയ ശുശ്രൂഷയിലെ അനുഭവ പരിചയവും ബൈബിൾ വിജ്ഞാനത്തിലും വേദവായനയിലുള്ള ഉത്സാഹവും വിശുദ്ധ നാട്ടുകളിൽ താമസിച്ച് പുരാവസ്തു ഗവേഷണങ്ങളിലൂടെ ആർജ്ജിച്ച ബൈബിൾ ദർശനങ്ങളും യേശുവിന്റെ ആത്മകഥയ്ക്ക് പ്രകാശം പകരുന്നു. ബൈബിൾ ദർശനങ്ങളും പ്രായോഗിക ജീവിതത്തിനുള്ള കാഴ്ചപ്പാടുകളും ഉത്തരാധുനിക ജീവിത പശ്ചാത്തലത്തിൽ വ്യാഖ്യാനിച്ച്, ലളിതമായ ഭാഷയിൽ അവതരിപ്പിക്കുകയാണ്. ലോകരക്ഷകനായ യേശു നേരിട്ട് സംവദിക്കുന്ന ആത്മ അനുഭവമാണ് വിവരണങ്ങളിൽ നിറഞ്ഞുനിൽക്കുന്നത്. ദൈവം അയച്ച ലക്ഷ്യം ജീവിതത്തിലൂടെ പൂർത്തിയാക്കുവാൻ കഴിഞ്ഞതിലുള്ള ആത്മനിർവൃതിയിൽ ആണ് യേശു ആത്മകഥ പറയുവാൻ തുടങ്ങുന്നത്. ഇതുവഴി വായനക്കാരുമായി യേശുവിന് ആത്മാർത്ഥമായ സ്നേഹബന്ധം സ്ഥാപിക്കുവാൻ സാധിക്കുന്നു.

ഹൃദ്യമായ ഭാഷയിൽ,ലഘുവാചകഘടനയിൽ അവതരിപ്പിക്കുന്ന വിവരണങ്ങളിൽ യേശുവിന്റെ ആത്മകഥ ഇന്നത്തെ വായനക്കാരുമായി ബന്ധിപ്പിക്കുന്ന സംഭാഷണശൈലി ശ്രദ്ധേയമാണ്. അദ്ധ്യായങ്ങളുടെ തലക്കെട്ടുകളിൽ നിറഞ്ഞുനിൽക്കുന്നത് യേശുവിന്റെ സന്ദേശങ്ങളുടെ സംക്ഷിപ്തമാണ്. സുവിശേഷ പ്രവർത്തനത്തിന്റെ ഭാഗമെന്ന നിലയിൽ ദശാംശം സ്വീകരിച്ച് ആഡംബരജീവിതം നയിക്കുന്നവരെയും അത്ഭുത രോഗശാന്തി നടത്തുന്നവരെയും ശക്തമായ ഭാഷയിൽ വിമർശിച്ചിട്ടുണ്ട്

സ്നേഹത്തിനും കാരുണ്യത്തിനും പ്രാധാന്യം നൽകി ആന്തരിക വിശുദ്ധിയിലേക്ക് വളരുവാൻ ആത്മകഥയിലൂടെ യേശു ആഹ്വാനം ചെയ്യുന്നു. കഥാകഥന രീതിയിലുള്ള വിവരണം ആകയാൽ വായനക്കാരുടെ ആത്മാവിനെ തൊട്ടുണർത്തുന്ന വൈകാരിക തീവ്രതയാണ് വാക്യഘടനയിൽ കോർത്തിണക്കിയിരിക്കുന്നത്. വിവരണങ്ങളുടെ

ആവിഷ്കാരത്തിനുള്ള സംവേദനത്വം, വൈകാരികത നിറക്കുന്നതും വിശ്വസനീയവുമായ അവതരണം, സർഗ്ഗാത്മകവും ലളിതവുമായ വിവരണം, സാധാരണത്വം നിറഞ്ഞ ഏകീകൃത ഭാഷാശൈലി എന്നിവ ഏവരെയും ആകർഷിക്കും

യേശുവിന്റെ ജീവിതം, ദർശനം , സന്ദേശം എന്നിവ വർത്തമാന പശ്ചാത്തലത്തിൽ അപഗ്രഥിക്കുന്ന ഈ ആത്മകഥയിലൂടെ സഞ്ചരിക്കുമ്പോൾ സ്നേഹവും കാരുണ്യവും പങ്കിടുന്ന ദൈവമക്കളായി തീരുവാൻ നമ്മെ സജ്ജമാക്കുന്നു.വിശുദ്ധിയിലേക്ക് നയിക്കുന്ന പുതിയ നിയമത്തിലെ സഞ്ചാരപഥമാണ് ഈ ആത്മകഥ യാനത്തിലൂടെ പ്രകാശം പരത്തുന്നത്. യേശുവിന്റെ ജീവിതത്തെ ഹൃദയത്തിൽ സംഗ്രഹിച്ച ആത്മകഥയെഴുതിയ ജീവന്റെ വചനമാണ് ഇതിൽ നിറഞ്ഞു നിൽക്കുന്നത്. ദൈവത്തിന്റെ കയ്യൊപ്പ് ലഭിച്ച വരസിദ്ധിയുടെ അടയാളമാണ് "യേശുവിന്റെ ആത്മകഥ." വന്ദ്യ സി.സി.ചെറിയാൻ അച്ഛനും "യേശുവിന്റെ ആത്മകഥ"ക്കും ഹൃദയപൂർവ്വം ആശംസകൾ നേർന്നുകൊണ്ട് വായനാസമക്ഷം സവിനയം സമർപ്പിക്കുന്നു.

# സ്പന്ദനം

തോമസ് കാണക്കാരി.

## അക്ഷരത്തിനപ്പുറത്ത് ആത്മാവിലേക്ക്

യേശുവാ ഉദ്ഘോഷിച്ചു: സ്വർഗത്തിന്റെയും ഭൂമിയുടെയും നാഥനായ പിതാവേ, നീ ഇക്കാര്യങ്ങൾ ബുദ്ധിമാൻമാരിലും വിവേകികളിലും നിന്നു മറച്ച് ശിശുക്കൾക്കു വെളിപ്പെടുത്തിയതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു. (മത്തായി 11:25)

യേശുവായേ അറിഞ്ഞു എന്ന് അവകാശപ്പെടുന്ന നമ്മൾക്ക് സത്യത്തിൽ യേശുവായെ യാഥാർത്ഥ്യത്തിൽ ഒട്ടും മനസ്സിലാക്കാൻ പറ്റിയിട്ടില്ല എന്നുള്ള ഒരു തിരിച്ചറിവ് ഈ പുസ്തകം വായിക്കുമ്പോൾ എന്റെ ചിന്തയിൽ കടന്നുവരികയാണ്. നമ്മളെല്ലാവരും ആക്ഷരികമായും ഉപരിപ്ലവമായും ആണ് തിരുവചനത്തെ മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട ചെറിയാൻ അച്ചന്റെ ഈ രചനയിലൂടെ വചനത്തിന്റെ അക്ഷര രൂപത്തിൽ നിന്നും ആത്മീയ രൂപത്തിലേയ്ക്ക് കടക്കാനുള്ള ഒരു വാതിൽ നമുക്കായി തുറന്നു തരികയാണ്.

യേശുവാ യഥാർത്ഥത്തിൽ നമ്മുടെ ജീവിതത്തിൽ ആരായാണ്, എന്തായാണ്, എങ്ങനെയൊക്കെയാണ് സ്വാധീനം ചെലുത്തുന്നത് എന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കാൻ ഈ കൃതി നമ്മെ സഹായിക്കുന്നു. മനുഷ്യർക്ക് അപ്രാപ്യനായ ഒരു വ്യക്തിയായി ചിലർ യേശുവായെ കാണുന്നു. ശിക്ഷിക്കുന്ന, കുറ്റം വിധിക്കുന്ന, ഭയങ്കരനായ, വിധിയാളനായ ഒരു വ്യക്തി മാത്രമാണ് യേശുവാ എന്ന് കരുതുന്നവരുമുണ്ട്. നമ്മളിൽ ഒരുവനായി നമ്മെ പോലെ ജീവിച്ച, നമുക്ക് ഏറ്റവും സമീപസ്ഥനായ നമ്മുടെ ഉള്ളിൽ വന്നു വസിക്കാൻ പോലും എളിമ കാണിച്ച യേശുവായുടെ സ്നേഹം മനസ്സിലാക്കിയവർ ആത്മീയലോകത്ത് വളരെ കുറച്ചുപേർ മാത്രമാണുള്ളത്. മനുഷ്യപുത്രനായി ഭൂമിയിൽ കടന്നുവന്ന ഈ എളിമയുടെ രാജാവിനെ ഒന്നുകൂടി സൂക്ഷ്മമായി മനസ്സിലാക്കാൻ ഈ കൃതി വളരെയധികം സഹായകമാണ്. പരിശുദ്ധ ഗ്രന്ഥം വായിക്കുമ്പോൾ പലപ്പോഴും മനസ്സിലാകാതെ പോകുന്ന പല ഭാഗങ്ങളും തിരുവചനത്തിലധിഷ്ഠിതമായി, പരിശുദ്ധ വചന പാരായണത്തിലൂടെ ലഭിക്കുന്ന കൃപയും തനിമയും ഒട്ടും ചോർന്നുപോകാതെ ആവശ്യമായ ഭാഗങ്ങളിൽ വിശദീകരണം തന്നു കൊണ്ട്, വ്യക്തത വരുത്തി കൊണ്ട് ഈ ഗ്രന്ഥം നമ്മുക്ക് വിശദീകരിച്ചു തരുന്നു. എമ്മാവൂസിലേക്ക്

പോയ ശിഷ്യന്മാരുടെ കൂടെ സംസാരിച്ചുകൊണ്ട് നടന്നു പോയ യേശുവാ ഈ ഗ്രന്ഥം വായിക്കുമ്പോൾ നമ്മോടൊപ്പം സംസാരിച്ചുകൊണ്ട് സഞ്ചരിക്കുന്ന ഒരു പ്രതീതി ഉള്ളിൽ തോന്നുകയാണ്. ഉദാഹരണമായി സാബത്ത് ദിനത്തെ വിശുദ്ധമായി ആചരിക്കണം എന്നുള്ള ദൈവകല്പന പഴയകാല ഹരിസേയൻമാർ മനുഷ്യന് ഭാരമുള്ള മാനുഷിക കൽപനകൾ ആക്കി മാറ്റിയ ഭാഗങ്ങൾ ക്രിസ്തു വളരെ വ്യക്തമായി വിശദീകരിച്ച് നമുക്ക് മനസിലാക്കിത്തരുകയും ഫരിസേയ സ്വഭാവത്തെ അവിടുന്ന് തള്ളിക്കളയുകയും ചെയ്യുന്നു. ദാവീദിനെ ദൈവത്തിന്റെ ഹൃദയത്തിന് ഇണങ്ങിയ മനുഷ്യൻ എന്ന് പറഞ്ഞത് അവൻ പാപം ചെയ്യാത്തതുകൊണ്ടല്ല, ദൈവം എന്താണോ ഹൃദയത്തിൽ കരുതിയത് അത് മനസ്സിലാക്കാനുള്ള കൃപ ഉള്ള ആൾ എന്ന നിലയിലാണ്. ഇതുപോലെ എഴുതിവെച്ച ദൈവകൽപ്പനകളെ അക്ഷരങ്ങളായി മാത്രം പരിഗണിച്ച് അർത്ഥം വ്യാഖ്യാനിക്കുന്ന രീതി ദൈവത്തിന്റെ ഹൃദയത്തെ മനസ്സിലാക്കാൻ പറ്റാത്തത് കൊണ്ടാണ്. അക്ഷരങ്ങൾ നമ്മളുടെ ആത്മാവിനെ കൊന്നുകളയുന്നു. നമ്മൾ കേട്ട വചനമാണ് ആത്മാവും ജീവനും. അത് സത്യത്തിൽ ഇപ്പോൾ കേൾക്കുന്നില്ല എന്നുമാത്രം. ആക്ഷരികമായ അർത്ഥത്തിൽ യേശുവായേയും അവിടുത്തെ വചനങ്ങളെയും മനസ്സിലാക്കുന്ന മനുഷ്യൻ മൂഢത്വത്തിൽ കഴിയുകയാണ് എന്നുതന്നെ പറയേണ്ടിവരും. ഈ മൂഢത്വത്തിൽ നിന്ന് ഒരു പരിധിവരെ പുറത്തുവരാൻ ഈ പുസ്തക വായന നമ്മെ സഹായിക്കും. തിരുവചനത്തിലൂടെ യേശുവാ നമ്മളോട് പറയുന്നുണ്ട്; നിയമത്തിൽ എന്ത് എഴുതിയിരിക്കുന്നു, നീ എന്ത് വായിക്കുന്നു എന്ന്. എഴുതിയിരിക്കുന്ന ആൾ എന്താണ് ഉദ്ദേശിക്കുന്നത് അതുപോലെ ആണ് നമ്മൾ വായിക്കേണ്ടത്. പക്ഷേ ഈ കാലത്തിൽ അങ്ങനെ ഒരു വായന നടക്കുന്നില്ല എന്നുള്ളത് ഒരു ദുഃഖകരമായ സത്യമാണ്. ആ വായന നമ്മൾ ഇനി മുതലെങ്കിലും വായിക്കാൻ നമ്മെ സഹായിക്കുന്ന ഒരു ഗ്രന്ഥമാണ് ഇത് എന്നത് നിസ്തർക്കമാണ്.

പച്ചയായ മനുഷ്യൻ പച്ചയായ ജീവിതം ജീവിക്കേണ്ടത് എങ്ങനെയാണ് എന്ന് പച്ചയായി പറയുന്ന യേശുവായെ ഈ പുസ്തകത്തിൽ ആദ്യാവസാനം കാണാൻ സാധിക്കുന്നു. ബഹുമാനപ്പെട്ട ചെറിയാൻ അച്ചന്റെ തൂലികയിലൂടെ യേശുവാ നമ്മോട് സംവദിക്കുന്നു. ഭയഭക്തിബഹുമാനത്തോടുകൂടി അവിടുത്തെ നമ്മൾ കാണുമ്പോൾ തന്നെ; അപ്പനായും അമ്മയായും സഹോദരനായും സഹോദരിയായും കൂട്ടുകാരനും കൂട്ടുകാരിയുമായും ഇതിന്റെ എല്ലാം പരകോടിയിൽ നമ്മുടെ എല്ലാവരുടെയും മണവാളനായും അവിടുത്തെ കാണാൻ സാധിക്കുംവിധം നമ്മുടെ ആന്തരിക കണ്ണുകൾ തുറക്കട്ടെ എന്ന് പ്രത്യാശിക്കുന്നു. ലളിതവും ആത്മീയചേതന ഉണർത്തുകയും ചെയ്യുന്ന ഈ കൃതിയേയും അതിനായി ഈ പ്രായത്തിലും അധ്വാനിക്കുന്ന ബഹുമാനപ്പെട്ട ചെറിയാൻ അച്ചൻ നടത്തുന്ന ഈ പരിശ്രമത്തെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.


നസ്രായനായ യേശു

## അദ്ധ്യായം 16

# ഗ്രഹിപ്പാൻ കഴിയുന്നവൻ ഗ്രഹിക്കട്ടെ

**(യോഹന്നാൻ. 5:37–47)**

നിങ്ങളെല്ലാവരും എന്റെ സ്വർഗ്ഗപിതാവിന്റെ മക്കൾ ആയിത്തീരുവാൻ ഉള്ള കാര്യങ്ങൾ പറയുകയായിരുന്നല്ലോ. ആ കാര്യം നിങ്ങൾ കുറെയൊക്കെ മനസ്സിലാക്കി കാണും എന്ന് ഞാൻ കരുതുന്നു. നിങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ കൂടെ ഞാൻ പറയാം.ദൈവം പിതാവാണെന്നും എല്ലാമനുഷ്യരും ദൈവമക്കൾ എന്നപോലെ ദൈവ സ്വഭാവത്തിൽ പൂർണവളർച്ച എത്തണമെന്നും അങ്ങനെയായാൽ മനുഷ്യരെല്ലാവരും സ്വർഗ്ഗപിതാവിന്റെ മക്കൾ എന്ന നിലയിൽ സഹോദരങ്ങൾ ആണെന്നും പരസ്പരം തിരിച്ചറിഞ്ഞു സ്നേഹത്തിൽ കഴിയുന്നത് കാണുവാനാണ് ഞാനും പിതാവും ആഗ്രഹിക്കുന്നത്. ആയതിലേക്ക് ഉത്സാഹപൂർവ്വം ശ്രമിക്കുന്ന എല്ലാവരെയും സഹായിക്കുവാൻ പരിശുദ്ധാത്മാവ് നിങ്ങളുടെ ഒപ്പം എന്നാളും ഉണ്ടായിരിക്കും എന്ന് ഞാൻ വാഗ്ദാനം ചെയ്ത കാര്യം നിങ്ങൾ ഓർക്കുന്നുണ്ടല്ലോ.

പഴയനിയമപ്രമാണങ്ങൾ ആകുന്ന തിരുവെഴുത്തുകളിൽ ദൈവം പിതാവ് ആകുന്നു എന്നകാര്യം വ്യക്തമായി മനസ്സിലാക്കാൻ പരീശന്മാർക്കും വേദ പണ്ഡിതന്മാർക്കും കഴിയാതെപോയതിന് പല കാരണങ്ങളുണ്ട്. 1) ഭാഗംഭാഗമായി മാത്രം വെളിപ്പെടുത്തിയതിനാൽ അവർക്ക് വ്യക്തത ലഭിക്കുവാൻ പ്രയാസമായിരുന്നു. 2) വെളിപ്പെടുത്തപ്പെട്ട കാര്യങ്ങൾ തന്നെ യഥാവിധി മനസ്സിലാക്കാൻ വിശ്വാസവും സ്നേഹവും നിറഞ്ഞ ഒരു മനസ്സും ഹൃദയവും അവർക്ക് ഇല്ലാതെപോയി. ആയതിനാൽ കുറെ "അറിവ്" നേടി എന്നല്ലാതെ "തിരിച്ചറിവ്" ഇല്ലാത്തതിനാൽ അവർക്ക് കാര്യങ്ങൾ വേണ്ടവിധം ഗ്രഹിപ്പാൻ കഴിഞ്ഞില്ല. തിരുവെഴുത്തുകളിൽ മുഴുവൻ നിറഞ്ഞുനിന്നിരുന്നമശിഹാ ആയ എന്നെപറ്റി ശരിയായി ഗ്രഹിപ്പാൻ അവർക്ക് സാധിച്ചില്ല. 3) സത്യത്തെ ഗ്രഹിക്കാതെ നിയമങ്ങളുടെ പിന്നാലെ പോയതിനാൽ യഥാർത്ഥ സത്യം തിരിച്ചറിയാനാകാതെ

വ്യാജത്തിന്റെ ആത്മാവിന് വിധേയരാക്കപ്പെട്ടു ആത്മനാശത്തിന് ഇടയായി. (2തെസ്സ. 2:10–12). 4) ന്യായപ്രമാണത്തിന്റെ അക്ഷരത്തിൽ ഊന്നൽ കൊടുത്തതിനാൽ അതിന്റെ ആത്മാവ് എന്താണെന്ന് തിരിച്ചറിയാൻ അവർക്ക് കഴിഞ്ഞില്ല.(Letter and Spirit). അക്ഷരം കൊല്ലുന്നു ആത്മാവ് ജീവിപ്പിക്കുന്നു എന്ന കാര്യം അവർ ഗ്രഹിച്ചില്ല.

ഞാൻ ഞങ്ങളുടെ പരീശന്മാരോടും വേദം പഠിപ്പിക്കുന്ന ശാസ്ത്രിമാരോടും പുരോഹിത വർഗ്ഗത്തിൽപെട്ട ആളുകളോടും സംസാരിക്കുമ്പോൾ പലപ്പോഴും തർക്കത്തിൽ എത്തിച്ചേരുമായിരുന്നു. അവർ ന്യായപ്രമാണം മുഴുവൻ അറിയാം എന്ന് അഹങ്കരിക്കുന്നവരായിരുന്നു.അറിവ് ഉണ്ടായിരുന്നു എന്നത് ശരിയാണ്, പക്ഷേ അതിന്റെ അന്തഃസത്ത ഗ്രഹിക്കുവാൻ തക്കവിധം അവർക്ക് കഴിഞ്ഞില്ല. കാരണം, നേരത്തെ പറഞ്ഞതുപോലെ ഉള്ളിൽ സ്നേഹവും വിശ്വാസവും ഇല്ലാതെപോയി. ഞാൻ അവരോട് തുറന്നു പറഞ്ഞു: "എനിക്കോ യോഹന്നാന്റെ സാക്ഷ്യത്തിനും വലിയ സാക്ഷ്യം ഉണ്ട്. എന്നെ അയച്ച പിതാവ് തന്നെ എന്നെക്കുറിച്ച് സാക്ഷ്യം പറഞ്ഞിരിക്കുന്നു. നിങ്ങൾ അവന്റെ ശബ്ദം ഒരു നാളും കേട്ടിട്ടില്ല, അവന്റെ രൂപം കണ്ടിട്ടില്ല, അവന്റെ വചനം നിങ്ങളുടെ ഉള്ളിൽ വസിക്കുന്നതുമില്ല.അവൻ അയച്ചവനെ നിങ്ങൾ വിശ്വസിക്കുന്നില്ലല്ലോ. നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്ക് നിത്യജീവൻ ഉണ്ട് എന്ന് നിങ്ങൾ കരുതുന്നുണ്ടോ?അവ എനിക്ക് സാക്ഷ്യം പറയുന്നു, എങ്കിലും ജീവൻ പ്രാപിക്കേണ്ടതിന്നു എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്ക് മനസ്സില്ല".(യോഹ: 5: 30–40).

ഞാൻ ഇത്രയും പറഞ്ഞപ്പോൾ അവരുടെ കോപം ഇരട്ടിയായി. കാരണം അവരുടെ ജീവിതകാലം മുഴുവൻ വേദം പഠിച്ചിട്ട് ഗുരുക്കന്മാരായ അവരെ കേവലം ഒരു ആശാരി ചെറുക്കൻ പഠിപ്പിക്കാൻ വരുന്നത് കണ്ടു അവർ കൂടുതൽ അഹങ്കാരികളായതിൽ അത്ഭുതമില്ല.അവർക്ക് ബുദ്ധിയിൽ കുറെ അറിവുണ്ടായിരുന്നതല്ലാതെ ദൈവവിശ്വാസവും ദൈവസ്നേഹവും നിറഞ്ഞ ഹൃദയം ഇല്ലാതെപോയി.ലൗകിക കാര്യങ്ങൾ കൈകാര്യം ചെയ്യാൻ മാത്രമേ ബുദ്ധി പ്രയോജനപ്പെടുകയുള്ളൂ. അദൃശ്യമായ മർമങ്ങൾ ഗ്രഹിക്കണമെങ്കിൽ ദൈവീക വെളിപ്പെടുത്തലുകൾ വിശ്വാസപൂർവ്വം സ്വീകരിക്കുവാനുള്ള വിനയവും വിശുദ്ധിയും നിറഞ്ഞ ഒരു മനസ്സ് അഥവാ ഹൃദയം ഉണ്ടാകണം.ന്യായപ്രമാണത്തിന്റെ ബാഹ്യരൂപമായ അക്ഷരങ്ങൾ അമിതമായ അളവിൽ സ്വാധീനിച്ചാൽ അതിൽ നിറഞ്ഞുനിൽക്കുന്ന ആത്മാവിനെ തിരിച്ചറിയാൻ കഴിയാതെ പോകും. ഈ കാര്യം ഞാൻ പിന്നീട് കുറച്ചുകൂടി വ്യക്തമായി നിങ്ങൾക്ക് പറഞ്ഞു തരാം. എന്റെ ശിഷ്യന്മാർ ആകുവാൻ മനസ്സ് വച്ചിരിക്കുന്ന നിങ്ങൾ കുറച്ചുകൂടെ വ്യക്തമായി കാര്യങ്ങൾ ഗ്രഹിക്കും എന്ന് എനിക്ക് അറിയാം.

വ്യക്തികൾ തമ്മിൽ ബുദ്ധിപരമായി ഒരു കാര്യത്തെപ്പറ്റി അക്ഷരത്തിൽ പിടിച്ച് ഒരു ആയുഷ്കാലം മുഴുവൻ തർക്കിക്കാം.പക്ഷേ കാര്യം ഗ്രഹിക്കാൻ കഴിയണമെങ്കിൽ വിശ്വാസമുള്ള, വിശുദ്ധിയുള്ള, വിനയമുള്ള ഒരു മനസ്സ് ഉണ്ടാകണം. അത് അവർക്ക് ഇല്ലാതെ പോയതിനാലാണ് എന്നെ തിരിച്ചറിയാൻ കഴിയാതെ വന്നത്.ഞാൻ നിങ്ങളോട് പറയുന്നു: ഹൃദയശുദ്ധി ഇല്ലാത്തവർക്ക് ദൈവത്തെയും ദൈവീക കാര്യങ്ങളെയും ഗ്രഹിപ്പാൻ കഴിയുകയില്ല."ഗ്രഹിപ്പാൻ കഴിയുന്നവൻ ഗ്രഹിക്കട്ടെ" എന്ന് പലപ്പോഴും ഞാൻ പറയുന്നതിന് കാരണം അതാണ്. യഹൂദ പ്രമാണിമാർക്ക് പറ്റിയ കുഴപ്പം നിങ്ങൾക്കും വരാതെ സൂക്ഷിക്കണം. അവർ തിരുവെഴുത്തുകൾ പഠിച്ചതും പരിശോധിച്ചതും മനുഷ്യരുടെ മുൻപിൽ അറിവ് തെളിയിക്കാനും തർക്കിച്ച് ജയിച്ച മാന്യത ലഭിക്കാനും ആയിരുന്നു.വേദവാക്യങ്ങൾ കാണാതെ പഠിച്ചത് പറഞ്ഞു മത്സരിച്ച സമ്മാനം വാങ്ങുന്നത് നല്ലതാണെങ്കിലും, അതിന്റെ അർത്ഥം ഗ്രഹിച്ച് ജീവിതത്തിൽ പാലിക്കാൻ വേണ്ടി ശ്രമിക്കുന്നില്ലെങ്കിൽ അതുകൊണ്ട് ഒരു പ്രയോജനവുമില്ല. ജീവിതത്തിലെ എല്ലാ സന്ദർഭങ്ങളിലും നാം വഴി തെറ്റി പോകുന്നത് ഇക്കാര്യം ശ്രദ്ധിക്കാത്തത് കൊണ്ടാണ്. ദൈവവചനം കാലിനു ദീപവും വഴിക്ക് പ്രകാശവും ആയിരിക്കുവാൻ വേദവചനങ്ങൾ ഓർത്തിരിക്കുന്നത് വളരെ നല്ല കാര്യമാണ്.ഞാൻ എന്റെ ഈലോക ജീവിതത്തിലും തിരുവെഴുത്തുകൾ ധ്യാനിച്ചിരുന്നതിനാലാണ് പ്രലോഭനങ്ങളിൽ വീണുപോകാതെ ജീവിക്കുവാൻ എനിക്ക് കഴിഞ്ഞത്. ഇപ്രകാരമുള്ള ഒരു മനോഭാവം ഇല്ലാതെ മനുഷ്യരുടെ മുമ്പാകെ അറിവ് പ്രകടിപ്പിച്ച് അവരുടെ അഭിനന്ദനങ്ങളും ആശംസകളും സമ്മാനങ്ങളും സ്ഥാനമാനങ്ങളും ഒക്കെ ലഭിക്കുവാനുള്ള ഉദ്ദേശത്തോടെ ചെയ്താൽ അത് ആത്മനാശത്തിന് ഇടവരുത്തും എന്നും ഞാൻ മുന്നറിയിപ്പ് നൽകുന്നു. എന്റെ നാമത്തിൽ നടത്തുന്ന പല പ്രസംഗങ്ങളും ഇപ്രകാരം ബുദ്ധിയുടെയും വാക്ക് സാമർത്ഥ്യത്തിന്റെയും പൊള്ളയായ ബാഹ്യപ്രകടനങ്ങളായി തീരുന്ന കാര്യവും ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. അങ്ങനെയുള്ള പ്രകടനപ്രസംഗങ്ങൾ പറയുന്നവർക്കും കേൾക്കുന്നവർക്കും വേണ്ടത്ര പ്രയോജനം നൽകുന്നില്ല എന്ന് മാത്രം പറയട്ടെ.

യഹൂദാ പ്രമാണിമാരോട് ഞാൻ വീണ്ടും തുറന്നുപറഞ്ഞു." ഞാനൊരു മനുഷ്യരോടും ബഹുമാനം വാങ്ങുന്നില്ല. എന്നാൽ നിങ്ങൾക്ക് ഉള്ളിൽ സ്നേഹം ഇല്ല എന്ന് ഞാൻ അറിഞ്ഞിരിക്കുന്നു. ഞാൻ എന്റെ പിതാവിന്റെ നാമത്തിൽ വന്നിരിക്കുന്നു. എന്നെ നിങ്ങൾ കൈക്കൊള്ളുന്നില്ല. മറ്റൊരുത്തൻ സ്വന്തം നാമത്തിൽ വന്നാൽ അവനെ നിങ്ങൾ കൈക്കൊള്ളും. തമ്മിൽ തമ്മിൽ ബഹുമാനം വാങ്ങിക്കൊണ്ട് ഏകദൈവത്തിന്റെ പക്കൽനിന്നുള്ള ബഹുമാനം അന്വേഷിക്കാത്ത നിങ്ങൾക്ക് എങ്ങനെ വിശ്വസിക്കാൻ

കഴിയും? (യോഹ:5:41–44). ഇവരോട് പറഞ്ഞിട്ട് കാര്യം ഒന്നും ഇല്ല എന്ന് എനിക്കറിയാം. എന്നാലും എന്റെ ജനത്തെ ശരിയായവിധം കാര്യങ്ങൾ ഗ്രഹിപ്പിക്കുവാൻ ഇവരിലൂടെ സാധിക്കുമെന്ന പ്രതീക്ഷയിലാണ് ഞാൻ ഇങ്ങനെയൊക്കെ അവരോട് പറയുന്നത്.ദൈവം സ്വർഗ്ഗപിതാവ് ആണ് എന്ന കാഴ്ചപ്പാട് ഇവരുടെ മനസ്സിൽ എത്തിക്കുവാൻ വളരെ പ്രയാസമാണ്, കാരണം ന്യായപ്രമാണത്തിന്റെ ബാഹ്യമായ അക്ഷരാർത്ഥത്തിലുള്ള ആചരണം മാത്രമേ അവർ ലക്ഷ്യം വെക്കുന്നുള്ളൂ. സ്വർഗ്ഗരാജ്യം എന്ന ആശയം പോലും പഴയനിയമ തിരുവെഴുത്തുകളിൽ കാണുവാൻ കഴിയാതെ പോകുന്നു. എന്നാലും എനിക്ക് കഴിയുന്നവിധം ഇവരെ സ്വർഗ്ഗീയ മർമങ്ങൾ ഗ്രഹിപ്പിച്ചു പഠിപ്പിക്കുവാൻ ഞാൻ ശ്രമിക്കും. ഇവരോട് വഴക്കിടുന്നത് എന്നോടുള്ള എതിർപ്പ് വർദ്ധിപ്പിക്കുമെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് എന്റെ ജനത്തിന്റെ നന്മയ്ക്ക് വേണ്ടി ഞാൻ സ്വയം എതിർപ്പ് നേരിടുന്നത്. സാധാരണക്കാരായ അനേകം ജനങ്ങൾ എന്നിൽ വിശ്വസിച്ച് എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നുണ്ട്. പക്ഷേ നേതാക്കന്മാർ അവരെ നിരുത്സാഹപ്പെടുത്തി വഴിതെറ്റിക്കാൻ ശ്രമിക്കുന്നത് കാണുമ്പോൾ എനിക്ക് ദുഃഖം തോന്നുന്നു. നേതാക്കന്മാരെ ബോധ്യപ്പെടുത്തിയാൽ അവർ വഴിയായി ജനത്തെ സത്യ പാതയിലേക്ക് നയിക്കാൻ എനിക്ക് എളുപ്പമാകും എന്ന് കരുതിയാണ് ഞാൻ ഇപ്രകാരം ഒരു ശ്രമം നടത്തി നോക്കുന്നത്. വിജയിക്കുന്നില്ല എങ്കിൽ ഞാൻ പൊതുജനങ്ങളുടെ ഇടയിൽ പരസ്യമായിത്തന്നെ ഇറങ്ങി പ്രവർത്തിക്കേണ്ടി വരും. സിനഗോഗുകൾ വഴി ആണെങ്കിൽ കുറേക്കൂടി ഫലപ്രദമാണെന്ന് കരുതിയാണ് ഞാൻ ഒന്നുകൂടി ശ്രമിക്കുന്നത്.ഞാൻ ശാസ്ത്രിമാരും പരീശന്മാരും ആയവരോട് വീണ്ടും പറയാൻ തുടങ്ങി." ഞാൻ പിതാവിന്റെ മുൻപിൽ നിങ്ങളെക്കുറിച്ചു കുറ്റം ചുമത്തും എന്ന് നിങ്ങൾക്ക് തോന്നരുത്. നിങ്ങളെ കുറിച്ച് കുറ്റപ്പെടുത്തുന്നവൻ ഉണ്ട്, നിങ്ങൾ പ്രത്യാശ വച്ചിരിക്കുന്ന മോശ തന്നെ. നിങ്ങൾ മോശയെ വിശ്വസിച്ചു എങ്കിൽ എന്നെയും വിശ്വസിക്കുമായിരുന്നു. അവൻ എന്നെ കുറിച്ച് എഴുതിയിരിക്കുന്നു, എന്നാൽ അവന്റെ എഴുത്തു നിങ്ങൾ വിശ്വസിക്കുന്നില്ല. എങ്കിൽ എന്റെ വാക്ക് നിങ്ങൾ എങ്ങനെ വിശ്വസിക്കും? (യോഹ. 5:45–47).

സത്യത്തെ നിഷേധിക്കുന്നത് വളരെ അപകടകരമാണ്, കാരണം അത് മനുഷ്യമനസ്സിനെ അന്ധകാര പെടുത്തും.ഹൃദയത്തിൽ ദൈവത്തിന് വസിക്കുവാൻ ഇടം കൊടുക്കാത്തവരാണ് ഇപ്രകാരം അന്ധകാര അനുഭവത്തിലേക്ക് വീണുപോകുന്നത്. അവർ വേഗത്തിൽ പാപത്തിൽ നിപതിക്കും.പാപബോധം വരുത്തുന്ന പരിശുദ്ധാത്മസഹായം തേടുവാൻ തക്ക വിശുദ്ധിയും വിശ്വാസവും വിനയവും ഇല്ലാതെ വരുമ്പോൾ പാപ ജീവിതത്തിന് അവർ അടിമയായി തീരും. പാപബോധം വരുവാൻ തന്നെ പ്രയാസമാണ്.

അഥവാ വന്നാൽ തന്നെ അവ മൂടിവെച്ച് മാന്യമായി ജീവിക്കാൻ കപടഭക്തി അഭിനയിക്കുന്നവർ ആയിത്തീരുന്നു.

പാപബോധം വരുത്തുന്ന പരിശുദ്ധാത്മ സഹായത്താൽ ആത്മശോധന നടത്തി സത്യകുമ്പസാരം വഴി ജീവിക്കുന്ന ഒരു ശീലം നിങ്ങൾ പതിവായി വളർത്തിയെടുക്കണം. പാപം മറച്ചുവെക്കുന്ന പ്രവണത ഉണ്ടായാൽ മനസ്സാക്ഷി മരവിച്ചശേഷം പാപം തിരിച്ചറിയാൻ പോലും കഴിയാത്ത അവസ്ഥയിൽ എത്തിച്ചേരും. "ലംഘനം ക്ഷമിച്ചു, പാപം മറച്ചു കിട്ടിയവൻ ഭാഗ്യവാൻ. യഹോവ അകൃത്യം കണക്ക് ഇടാതെയും ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. (സങ്കീ 32: 1– 5 വരെ). പാപം മറച്ചുവയ്ക്കുന്നത് ശീലമായാൽ കപടഭക്തിയിലേക്ക് വീണുപോകും. തുടർന്ന് ദുശ്ശീലങ്ങളിൽ അകപ്പെട്ടു ഒരിക്കലും തിരുത്തപ്പെട്ടുവാൻ കഴിയാത്ത വിധം അധഃപതിക്കും.പാപം ചെയ്യുന്നവന്റെ ആത്മാവ് കൂടുതൽ കൂടുതൽ കഠിനവും കറുത്തതുമായ നിലയിലായി തീരും. അതിന്റെ ഫലമായി മാരകമായ പാപങ്ങൾ ചെയ്യുവാൻ മനസ്സാക്ഷി കൂട്ടുനിൽക്കും. കൊലപാതകം, വ്യഭിചാരം, വിശ്വാസത്യാഗം തുടങ്ങിയ മാരക പാപങ്ങളിൽ നിന്നും കരകയറുവാൻ വളരെയേറെ അധ്വാനം വേണ്ടിവരും.ശരീരത്തിന്റെ ആരോഗ്യം സംരക്ഷിക്കുവാൻ ശ്രമിക്കുന്നതിനേക്കാൾ പ്രധാനമായി ആത്മാവിന്റെ പാപ രോഗങ്ങളിൽനിന്നും പൂർണ്ണസൗഖ്യം പ്രാപിക്കുവാനും തുടർന്ന് പാപം ചെയ്യാതെ ജീവിക്കുവാനുള്ള പ്രതിരോധശക്തി തിരിച്ചെടുക്കുവാനും പരിശുദ്ധാത്മ സഹായം തന്നെ വേണം. പ്രത്യേകം ഓർക്കുക, പരിശുദ്ധാത്മാവ് നിങ്ങളെ സഹായിക്കണം എങ്കിൽ വിശ്വാസത്തോടും വിനയത്തോടും വിശുദ്ധിയോടും കൂടി വിളിച്ച് അപേക്ഷിക്കണം. പാപം ഉള്ളിൽ വച്ചുകൊണ്ട്തന്നെ "പരിശുദ്ധൻ"എന്ന നിലയിൽ ഭക്തിപ്രകടനത്തിൽ ജീവിക്കുവാൻ സാത്താൻ നിങ്ങളെ പ്രലോഭിപ്പിക്കും എന്ന കാര്യം വളരെ ഗൗരവത്തോടെ തിരിച്ചറിയുക. ദൈവഭക്തി യെ "സമുദായ"ഭക്തിയായി തെറ്റിദ്ധരിക്കുന്നവരാണ് നിങ്ങളിൽ അധികം പേരും. സമുദായ ഭക്തരായി നടന്നിരുന്ന യഹൂദപ്രമാണിമാരെ എനിക്ക് വളരെ വെറുപ്പായിരുന്നു. അവരെ ഞാൻ കഠിനമായ വാക്കുകൾ ഉപയോഗിച്ച് ശാസിക്കാറുണ്ട്. അതിന്റെയൊക്കെ പേരിലാണ് ഞാൻ ക്രൂശിക്കപ്പെടുവാൻ ഇടയായത്.ആ കാര്യമൊക്കെ ഞാൻ പിന്നീട് വിശദമായി പറയാം.

ദൈവത്താൽ ഐക്യപ്പെട്ടവരെ തിരിച്ചറിയാനും കള്ള പ്രവാചകൻമാരെ മാറ്റി നിർത്താനും കഴിയണമെങ്കിൽ ആത്മാവിനെ തിരിച്ചറിയാനുള്ള നൽവരം നിങ്ങൾക്ക് ലഭിക്കണം. (discernment of the spirit). അതിന് വേണ്ടി പരിശുദ്ധാത്മ സഹായത്തിനായി

ശ്രദ്ധയോടെ ആഗ്രഹിക്കണം,അപേക്ഷിക്കണം. അതില്ലാതെ വന്നാൽ വെളിച്ച ദൂതന്റെ വേഷത്തിൽ സാത്താന്റെ അനുയായികൾ നിങ്ങളെ നല്ല വാക്കുകൾ പറഞ്ഞു മയക്കി വഴിതെറ്റിക്കും. ഈലോകത്തിന്റെ ദൈവമായ സാത്താന്റെ വഴികളെപ്പറ്റി ഞാൻ നേരത്തെ മുന്നറിയിപ്പ് നൽകിയത് നിങ്ങൾ ഓർക്കുന്നുണ്ടല്ലോ. എന്റെ നാമം പറഞ്ഞുകൊണ്ട് തന്നെയാണ് ഇക്കൂട്ടരും വരുന്നത്.പക്ഷേ അവർ അവതരിപ്പിക്കുന്നത് മറ്റൊരു വ്യാജക്രിസ്തുവിനെ അഥവാ അന്തിക്രിസ്തുവിനെയാണ്. എന്റെ സുവിശേഷത്തിന്റെ പ്രകാശനം ലഭിക്കാതിരിക്കാൻ ഈലോകത്തിന്റെ ദൈവം അഥവാ സാത്താൻ അവിശ്വാസികളുടെ മനസ്സ് കുരുടാക്കി കളയും എന്ന് അറിയുക. (2 കൊരി:4–4). ഞാൻ ഈ പറയുന്ന കാര്യങ്ങൾ നിങ്ങൾ ഒരിക്കലും അവഗണിക്കരുത് തിരുവെഴുത്ത് ശ്രദ്ധിക്കുക," കൂടെ കൂടെ ശാസന കേട്ടിട്ടും ശാഠ്യം കാണിക്കുന്നവൻ നീക്കുപോക്ക് ഇല്ലാതെ പെട്ടെന്ന് നശിച്ചുപോകും" (സദൃശ്യ 29:1). ആത്മാവിന്റെ വിശുദ്ധി സൂക്ഷിച്ചുകൊണ്ട് ജീവിക്കുന്നവർ ആണെങ്കിൽ ആരെല്ലാം എതിർത്താലും ഞാൻ നിങ്ങളെ താങ്ങി നിലനിർത്തുമെന്ന് ഓർക്കുക.

നിങ്ങൾ മനുഷ്യരിൽ നിന്നുള്ള ബഹുമാനം പരസ്പരം വാങ്ങികൊണ്ട് ജീവിക്കാൻ ആഗ്രഹിച്ചാൽ ദൈവത്തിൽ നിന്നുള്ള ബഹുമാനം അന്വേഷിക്കുവാൻ നിങ്ങൾക്ക് കഴിയാതെ വരികയും ദൈവത്തെ വിശ്വസിക്കാൻ കഴിയാതെ പോവുകയും ചെയ്യും.(യോഹ.5:44). ഇന്ന് എന്റെ സഭയിൽ കാണുന്ന ഒരു പ്രവണതയാണ്, പരസ്പരബഹുമാനം ലഭിക്കാൻ വേണ്ടി ചെയ്യുന്ന ഭക്തിപ്രകടനങ്ങൾ. അവർ സ്നേഹ കാരുണ്യ പ്രവർത്തനങ്ങൾ ചെയ്യുന്നത് എല്ലാവരിൽനിന്നും അഭിനന്ദനം ലഭിക്കാൻ ആയിട്ടാണ്. എന്റെ സ്നേഹത്തിന്റെ പ്രകടനം ആയിട്ടാണ് കരുണ അഥവാ ജീവകാരുണ്യ പ്രവർത്തനങ്ങൾ മറ്റുള്ളവരിലേക്ക് ഒഴുകേണ്ടത്. എന്നാൽ ഇന്ന് ചെയ്തുവരുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ മനുഷ്യരിൽ നിന്നുള്ള മാനം ലഭിക്കേണ്ടതിനായി പരസ്യപ്പെടുത്തി ചെയ്യുന്നതിനാൽ എന്റെ പിതാവിന്റെ മുൻപാകെ സ്വീകാര്യം ആകുന്നില്ല എന്ന് തിരിച്ചറിയണം. രഹസ്യത്തിൽ കാണുന്ന എന്റെ പിതാവ് നിങ്ങൾക്ക് പ്രതിഫലം നൽകും.(മത്ത. 6.1:4). സ്നേഹമെന്ന ആന്തരിക ഭാവത്തിന്റെ പ്രകടിത ഭാവമാണ് കരുണ. (love and charity are two sides of a single coin). കരുണയില്ലാത്ത സ്നേഹ പ്രകടനവും സ്നേഹത്തോടെ അല്ലാത്ത കാരുണ്യപ്രവൃത്തികളും രണ്ടും സ്വർഗ്ഗ പിതാവിന് വെറുപ്പാണ്. ഇന്ന് നിങ്ങൾ ചെയ്യുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾ ഇപ്രകാരം ഫലശൂന്യം ആകാതെ ഇരിക്കാൻ സ്നേഹത്തോടെയും കരുണയോടെയും രഹസ്യമായി ചെയ്യുക. മനുഷ്യരുടെ മുൻപാകെ വലിയവൻ ആണെന്ന് കാണിക്കുവാനായി

നിങ്ങളിൽ ചിലർ എന്തെല്ലാം അഭ്യാസങ്ങളാണ് കാണിക്കുന്നത്! വലിയ ബംഗ്ലാവ്, മുന്തിയതരം കാറുകൾ, പ്രൗഡി കാണിക്കാനുള്ള ആഭരണ ങ്ങൾ, വേഷഭൂഷാദികൾ, കൈക്കൂലി കൊടുത്തു സമ്പാദിക്കുന്ന സ്ഥാനമാനങ്ങൾ, മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കാൻവേണ്ടി ചെയ്യുന്ന "വൻകാര്യങ്ങൾ" ഇവയൊക്കെ വ്യക്തികൾ ആയും സഭാസമൂഹങ്ങൾ ആയും ചെയ്യുമ്പോൾ നിങ്ങൾ ഓർക്കുക, നിങ്ങളെ ഓർത്ത് ഞാൻ സഹതപിക്കുന്നു എന്ന്.

എന്റെ സ്നേഹിതരെ, ഈ ദുഷിച്ച പ്രവണതകൾ നിങ്ങൾ വിട്ട് ഒഴിയുക. സ്വയം പ്രശംസ ലഭിക്കുവാൻ ഒരിക്കലും ആഗ്രഹിക്കാതിരിക്കുക. ആരുടെയും പ്രശംസ കേൾക്കുവാൻ ഇട വരുത്താതിരിക്കുക. പൊതുവിൽ ലഭിക്കാവുന്ന കയ്യടികൾ കഴിയുന്നതും ഒഴിവാക്കുക. നിങ്ങളുടെ കുറവുകൾ ചൂണ്ടിക്കാണിക്കുന്നവരെ അടുത്ത സ്നേഹിതരായി ചേർത്തു നിർത്തുക. രണ്ട് കാരണങ്ങളാലാണ് മനുഷ്യരിൽ നിന്നുള്ള പ്രശംസ നിങ്ങൾ നിരസിക്കണം എന്ന് ഞാൻ പറയുന്നത്.1) അഹങ്കാരത്തിന്റെ ആത്മാവിനെയാണ് നിങ്ങളിൽ പ്രവേശിക്കുവാൻ അനുവദിക്കുന്നത്. എല്ലാവരെക്കാളും വലിയവൻ എന്ന തോന്നൽ വീഴ്ചയുടെ ആരംഭമാണ്. "ദൈവം അഹങ്കാരികളോട് എതിർത്തു നിൽക്കുന്നു, താഴ്മ ഉള്ളവർക്ക് കൃപ നൽകുന്നു" (1 പത്രോസ് .5:5). ലൗകികമനുഷ്യനെ ബലപ്പെടുത്തുന്ന ഇത്തരം അഹങ്കാരപ്രവണത വിട്ടു മാറുക.ആരെങ്കിലും നിങ്ങളെ പ്രശംസിക്കുന്നു എങ്കിൽ കാര്യസാധ്യത്തിനുവേണ്ടി മുഖസ്തുതി പറയുന്നവർ ആകാം എന്ന് കരുതുക.

2) സത്യം കാണാനുള്ള നിങ്ങളുടെ കഴിവ് നഷ്ടപ്പെടും. പ്രശംസ ലഭിക്കാനുള്ള ആഗ്രഹം മനസ്സിൽ വച്ചുകൊണ്ട് നിങ്ങൾ മനുഷ്യരെ പ്രസാദിപ്പിക്കുന്ന ശീലമുള്ളവരായി തീരും. പരിശുദ്ധാത്മാവ് നൽകുന്ന സന്ദേശം ധൈര്യത്തോടെ മനുഷ്യരുടെ മുഖത്തുനോക്കി പറയാനുള്ള കഴിവ് നിങ്ങൾക്ക് ഇല്ലാതെ പോകും. ഞാൻ പരീശന്മാരുടെ മുഖത്ത് നോക്കി ധൈര്യത്തോടെ പറഞ്ഞത് ഇക്കാരണത്താലാണ്.

എന്റെ പ്രിയ കൂട്ടുകാരെ നിങ്ങൾ എന്നെ കണ്ടു പഠിക്കുക. ഞാനൊരിക്കലും മനുഷ്യരുടെ പ്രശംസ ആഗ്രഹിച്ചുകൊണ്ട് ഒന്നും പറഞ്ഞില്ല, ചെയ്തും ഇല്ല. അതുകൊണ്ടുതന്നെ സ്വർഗ്ഗപിതാവിന്റെ പ്രിയപുത്രൻ ആയി ഈ ലോകത്ത് ജീവിക്കാൻ എനിക്ക് കഴിഞ്ഞു. നിങ്ങൾക്കും അങ്ങനെ ജീവിക്കുവാൻ കഴിയും, കഴിയണം.

26-10-2020

## അദ്ധ്യായം 17

# എല്ലാ നിയമങ്ങളും മനുഷ്യനന്മയ്ക്ക് വേണ്ടിയുള്ളതാണ്

**(മത്തായി.12:1–13; മാർക്കോ. 2:23–28; ലൂക്കോ.6:1–5)**

ജെറുസലേമിലെ യഹൂദപ്രമാണിമാരും ആയുള്ള സംവാദം അവർക്ക് എന്നോടുള്ള വൈരാഗ്യം വർധിപ്പിച്ചത് നിങ്ങൾ കണ്ടുവല്ലോ. ആയതിനാൽ ഞാനും ശിഷ്യന്മാരും ഗലീലയിലേക്ക് മടങ്ങി. യാത്രയിൽ എന്നിൽ കുറ്റം കണ്ടുപിടിക്കാൻ തന്നെ ഒരു കൂട്ടം പരീശന്മാർ ഞങ്ങളെ അനുഗമിച്ചു. ശിഷ്യന്മാർക്ക് നല്ല വിശപ്പുണ്ടായിരുന്നു അവർക്ക് ഭക്ഷണം ലഭിക്കാതെ വന്നപ്പോൾ വയലിൽ വിളഞ്ഞു കിടന്നിരുന്ന കതിർമണികൾ പറിച്ചെടുത്ത് തിന്നുവാൻ തുടങ്ങി. അതുകൊണ്ട് പരീശന്മാർ എന്നോട് പരാതി പറഞ്ഞു: "നിന്റെ ശിഷ്യന്മാർ ശാബത് ലംഘിക്കുന്നു. നീ അവരെ വിലക്കാത്തത് എന്തുകൊണ്ടാണ്? ഞാൻ അവരോട് പറഞ്ഞു: "അവർ ചെയ്യുന്നതിൽ എന്താണ് തെറ്റുള്ളത്? വിശക്കുമ്പോൾ അന്യരുടെ വിളഭൂമിയിൽ നിന്ന് പോലും ആവശ്യത്തിന് ഫലം ശേഖരിച്ച് ഭക്ഷിക്കുവാൻ ന്യായപ്രമാണം അനുവദിക്കുന്നുണ്ട്. (ആവ.23:24–25). തന്നെയല്ല, ദാവീദ് രാജാവ് തനിക്കും കൂടെയുള്ളവർക്കും വിശന്നപ്പോൾ എന്താണ് ചെയ്തത് എന്ന് നിങ്ങൾ വായിച്ചിട്ടില്ലേ?(1ശമുവേൽ.21:1–7;പുറപ്പാട്29: 32.)പുരോഹിതന്മാർക്ക്മാത്രം ഭക്ഷിപ്പാൻ അനുവാദം ഉണ്ടായിരുന്ന ദേവാലയത്തിലെ കാഴ്ചയപ്പം ഭക്ഷിച്ച് വിശപ്പടക്കിയത് തെറ്റാണെന്ന് നിങ്ങൾ പറയുമോ? ദൈവാലയത്തിൽ വച്ചു രാജാവും പുരോഹിതന്മാരും നിയമം ലംഘിക്കുന്നത് നിങ്ങൾ ന്യായീകരിക്കുന്നു. എന്നാൽ ദൈവാലയത്തെകാൾ വലിയവനായ എന്റെ സാന്നിധ്യത്തിൽ ശിഷ്യന്മാർ വിശപ്പടക്കുവാൻ ചെയ്തത് ഒരിക്കലും തെറ്റല്ല. യാഗത്തിൽ അല്ല കരുണയിൽ ആണ് ദൈവം പ്രസാദിക്കുന്നത് എന്ന തിരുവെഴുത്ത് നിങ്ങൾ വായിച്ചിട്ടില്ലേ? (ഹോശയ.6:6). മനുഷ്യപുത്രൻ ശാപതിനും കർത്താവാകുന്നു എന്ന് നിങ്ങൾ അറിഞ്ഞു കൊള്ളണം. എല്ലാ നിയമങ്ങളും മനുഷ്യനന്മയ്ക്ക് വേണ്ടി ആണ് ദൈവം നൽകിയത്. നിയമം നടപ്പാക്കാൻ വേണ്ടി മനുഷ്യന്റെ ആവശ്യങ്ങൾ നിഷേധിക്കപ്പെടാൻ ഒരിക്കലും പാടില്ല. തന്നെയല്ല യഹൂദപുരോഹിതന്മാർ ശബ്ബത്തുദിനത്തിൽ തന്നെ ദൈവാലയത്തിൽ

ബലികർമങ്ങൾ നടത്തണമെന്ന നിർദേശം നിങ്ങൾ നടപ്പാക്കുന്നുണ്ട്. (സംഖ്യ 28:9). മനുഷ്യർക്ക് നന്മ വരുത്തുന്ന കാര്യങ്ങൾ നിയമത്തിന്റെ പേരിൽ നിഷേധിക്കുന്നതാണ് യഥാർത്ഥ നിയമ ലംഘനമായി ദൈവം കണക്ക് ഇടുന്നത്. നിങ്ങൾ നിയമത്തിന്റെ "അക്ഷരം" നോക്കി ആചരിക്കുന്നു; ഞാനോ നിയമത്തിന്റെ "ആത്മാവ്" അഥവാ ലക്ഷ്യം നടപ്പാക്കാനാണ് ശ്രമിക്കുന്നത്. ഞാൻ നിയമം നിഷേധിക്കുകയല്ല, ശരിയായി ആചരിച്ച് പൂർത്തീകരിക്കുകയാണ് ചെയ്യുന്നത്. ദൈവാലയത്തെകാൾ വലിയവൻ നിങ്ങളുടെ മുൻപിൽ നിൽക്കുന്നുണ്ട് എന്നുകൂടി ഓർത്തുകൊള്ളുക". ഇത്രയും പറഞ്ഞ് ഞാൻ അവരുടെ കണ്ണുകളിലേക്ക് സൂക്ഷിച്ച് നോക്കി, അവരുടെ ഉത്തരം പ്രതീക്ഷിച്ചുകൊണ്ട്. അവർക്കാർക്കും ഒരു ഉത്തരവും ഇല്ലാതെ പരസ്പരം നോക്കി നിന്നു.

യഥാർത്ഥ ദൈവാലയം മനുഷ്യശരീരം ആണെന്ന കാര്യം എല്ലാവരും മനസ്സിലാക്കണം ശരീരവും മനസ്സും ആത്മാവും വിശുദ്ധമായി സൂക്ഷിക്കുന്ന മനുഷ്യരിലൂടെ ആണ് യഥാർത്ഥ ആരാധന നടക്കേണ്ടത്. (1കൊരി 3:16,17; 6:19). ആയതിനാൽ മനുഷ്യൻ എന്ന ദേവാലയത്തെ പോഷിപ്പിച്ച് നിലനിർത്താനായി നിങ്ങൾ ഭക്ഷണം പാകംചെയ്ത് ഭക്ഷിക്കുന്നത് ഒരിക്കലും നിയമവിരുദ്ധമല്ല എന്ന് മാത്രമല്ല, അപ്രകാരം ചെയ്യാതിരിക്കുന്നത് ദൈവനിഷേധം കൂടിയാണ്. കാരണം നിങ്ങളുടെ ശരീരം ദൈവമന്ദിരമാണ്. ദൈവസന്നിധിയിൽ സമർപ്പിക്കപ്പെടുന്ന കാഴ്ച അപ്പങ്ങൾ ആണ് നിങ്ങളോരോരുത്തരും. മനുഷ്യന്റെ യഥാർത്ഥമായ സന്തോഷത്തിനും സമാധാനത്തിനും പ്രയോജനത്തിനും ആയിട്ടാണ് എല്ലാ നിയമങ്ങളും നൽകപ്പെട്ടിരിക്കുന്നത്. നിയമങ്ങളുടെ വേലിക്കെട്ടിനുള്ളിൽ ഞെരുങ്ങി ജീവിക്കുവാൻ അല്ല, പ്രത്യുത നിയമങ്ങൾ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തി മനുഷ്യജീവിതം സമാധാനവും സന്തോഷവും സംതൃപ്തിയും നിറഞ്ഞതാക്കുക എന്നതാണ് യഥാർത്ഥ ദൈവഭക്തരുടെ ചുമതല.

**"വരണ്ട കൈ സൗഖ്യമാക്കുന്നു"**

(മത്താ. 12:9–13).

വിളഭൂമിയിൽ വച്ച്നടന്ന സംവാദത്തിന് ശേഷം ഞാനും ശിഷ്യന്മാരും യാത്രതുടർന്നു. പരീശന്മാരിൽ ചിലർ തിരിച്ച് പോയെങ്കിലും അധികം പേരും ഞങ്ങളെ പിന്തുടർന്നു. ആ പ്രദേശത്തുള്ള ഒരു ആലയത്തിൽ കയറി ആരാധനയിൽ സംബന്ധിച്ചു. അവിടെ വരണ്ട കൈയുള്ള ഒരു മനുഷ്യനുണ്ടായിരുന്നു. (മർക്കോസ്.3: 1–6; ലൂക്കോസ്.6:6–11).ആരാധന കഴിഞ്ഞ് ഞാൻ ആ മനുഷ്യനെ എന്റെ അടുക്കലേക്ക് വിളിച്ചു. പരീശന്മാർ

ഉടനെ എന്നെ ചോദ്യം ചെയ്തു. ശബത്തിൽ സൗഖ്യമാക്കുന്നത് തെറ്റാണെന്ന് വാദിക്കുവാൻ തുടങ്ങി. ഞാൻ അവരോട് വളരെ ശാന്തമായി പറഞ്ഞു: "നിങ്ങളിൽ ഒരുത്തന് ഒരു ആട് ഉണ്ട് എന്നിരിക്കട്ടെ. അത് കുഴിയിൽ വീണാൽ അതിനെ പിടിച്ച് കയറ്റുക ഇല്ലയോ? എന്നാൽ മനുഷ്യൻ ആടിനേക്കാൾ എത്രയോ ശ്രേഷ്ഠതയുള്ള താണ്! ആകയാൽ ശബത്തിൽ നന്മ ചെയ്യുന്നത് വിഹിതം തന്നെ". പരീശന്മാരുടെ പ്രതികരണം വരുന്നതിനു മുൻപ് തന്നെ ഞാൻ ആ മനുഷ്യനെ അടുത്ത് നിർത്തി "നിന്റെ കൈ നീട്ടുക" എന്ന് ഞാൻ പറഞ്ഞ ഉടനെ അവന് പൂർണ്ണ സൗഖ്യം ലഭിച്ചു. ആദിയിൽ സൃഷ്ടികർമ്മം നടത്തിയതും ഇപ്രകാരമായിരുന്നു. "ഉണ്ടാകട്ടെ" എന്ന് പറഞ്ഞ ഉടനെ സകലതും ഉളവായി. ഇത് കണ്ട് അവിടെയുള്ള എല്ലാവരും അത്ഭുതപ്പെട്ട് ദൈവത്തെ മഹത്വപ്പെടുത്തി. എന്നാൽ പരീശന്മാർ ദേഷ്യപ്പെട്ട് പുറത്തിറങ്ങി എന്തൊക്കെയോ ഗൂഢാലോചന നടത്തുന്നത് ഞാൻ കണ്ടു. എന്നെ എങ്ങനെയും പിടികൂടി യെരുശലമിലേക്ക് തന്നെ മനപൂർവ്വം കൊണ്ടുപോകണം എന്നതായിരുന്നു അവരുടെ ലക്ഷ്യം. ഇത് ഞാൻ മനസ്സിലാക്കിയതിനാൽ പിന്നെ അവിടെ അധികം നേരം നിന്നില്ല. ശിഷ്യന്മാരെയും കൂട്ടി യാത്ര തുടങ്ങി. എന്നിൽ വിശ്വസിച്ച വലിയ പുരുഷാരം എന്നെ അനുഗമിച്ചതിനാൽ എതിരാളികള്ക്ക് ആർക്കും ഒന്നും ചെയ്യാൻ കഴിഞ്ഞില്ല.

ഈ കാര്യം പരസ്യപ്പെടുത്തരുതെന്ന് സൗഖ്യം പ്രാപിച്ച മനുഷ്യനോട് പ്രത്യേകം ഞാൻ പറഞ്ഞു. കാരണം എന്റെ അത്ഭുതപ്രവർത്തനങ്ങൾ കണ്ടു എന്നെ അനുഗമിക്കുന്നവർ അത്ഭുതങ്ങൾ കാണാതെ വരുന്ന സന്ദർഭത്തിൽ പിന്മാറി പോകാൻ ഇടയുള്ള കാര്യം എനിക്ക് അറിയാം. വിശ്വാസത്തിലേക്ക് വരുന്ന പ്രഥമഘട്ടത്തിൽ മാത്രമേ അത്ഭുതങ്ങൾക്ക് സ്ഥാനം ഉള്ളൂ. വിശ്വാസത്തിൽ വന്നു കഴിഞ്ഞവർക്ക് അത്ഭുതങ്ങൾ, അടയാളങ്ങൾ എന്നിവ ആവശ്യമില്ല ആയതിനാൽ വിശ്വാസികളായ നിങ്ങളോട് ഒരിക്കൽ കൂടി ഞാൻ പറയുന്നു, അത്ഭുതങ്ങൾ അവിശ്വാസികൾക്ക് വിശ്വാസത്തിലേക്ക് വരുവാനുള്ള അടയാളങ്ങളാണ്. വിശ്വാസത്തിൽ വന്നശേഷവും അത്ഭുതങ്ങളുടെ പുറകെ പോകുന്നു എങ്കിൽ നിങ്ങൾ വിശ്വാസത്തിൽ ഉറച്ചു വന്നിട്ടുള്ളവരല്ല.അവിശ്വാസവും കോട്ടവും ഉള്ള തലമുറയാണ് അടയാളങ്ങൾ അന്വേഷിക്കുന്നത് എന്ന് ഞാൻ നേരത്തെ പറഞ്ഞത് ഒരിക്കൽകൂടി പറയുന്നു.ദൈവാത്മാവിന്റെ ശക്തിയാൽ എന്റെ പിതാവിന്റെ അടുക്കലേക്ക് കൊണ്ടുപോകാൻ വേണ്ടി നിങ്ങളെ എല്ലാം ദൈവമക്കൾ ആക്കിതീർക്കുവാൻ ആയിട്ടാണ് എന്റെ എല്ലാ പ്രവൃത്തികളും ഞാൻ പൂർത്തിയാക്കുന്നത്. ഏശയ്യ പ്രവാചകൻ എന്നെപ്പറ്റി പറഞ്ഞിരിക്കുന്ന പ്രവചന പൂർത്തീകരണമാണ് എന്റെ പ്രവർത്തനങ്ങളുടെ ആത്യന്തിക ലക്ഷ്യം.(ഏശായ.42:1–9).

ശബതുനിയമങ്ങളെപ്പറ്റി ആണല്ലോ ഞാൻ പറഞ്ഞുവന്നത്. മോശ നൽകിയ 10കല്പനകൾ നിങ്ങൾക്കറിയാം.(പുറ. 20:1– 17).

അതിൽ നാലാമത്തെ കൽപ്പന "ശബ്ബത്തു നാളിനെ ശുദ്ധീകരിപ്പാൻ ഓർക്കുക" എന്നത് യഹൂദ റബ്ബിമാർ വളരെ വിപുലപ്പെടുത്തി 613 എണ്ണം ആക്കി ജനങ്ങളുടെ മേൽ അടിച്ചേൽപ്പിച്ചു. ആ നാളിൽ എന്തെല്ലാം ചെയ്യാം, എന്തെല്ലാം ചെയ്യരുത് എന്ന് തലനാരിഴ കീറി അക്ഷരം പ്രതി മനുഷ്യരുടെ മേൽ നിർബന്ധമാക്കി. ശാബത്ത്നാളിൽ എടുക്കാവുന്ന ഭാരം, നടക്കാവുന്ന ദൂരം, ചെയ്യാവുന്ന ജോലികൾ, എന്നിവയെല്ലാം കൃത്യമായി നിർണയിച്ചു ദൈവകൽപന എന്ന വിധം അവതരിപ്പിച്ചു. ശബത്ത് എന്ന പദത്തിന് വിശ്രമം എന്നാണ് അർത്ഥം. ദൈവം ആറു ദിവസം സൃഷ്ടി നടത്തി, ഏഴാം ദിവസം വിശ്രമിച്ചതിനെ സൂചിപ്പിച്ചുകൊണ്ടാണ് മോശ ഈ കല്പന നൽകിയത്. (ഉല്പത്തി. 2:2.) ദൈവം സൃഷ്ടി മുഴുവനും നോക്കി നല്ലത് എന്ന് കണ്ടു സന്തോഷിച്ചത് പോലെ ശാപതു ദിനം യഹൂദന്മാർക്ക് ദൈവസൃഷ്ടിയെ ഓർത്ത് സ്തുതിക്കുവാനും സന്തോഷിക്കാനും വിശ്രമിക്കാനുള്ള ദിവസമാണെന്ന വിധത്തിൽ ആചരിച്ചു വന്നിരുന്നു. എന്നാൽ പിൽക്കാലത്ത് ശാസ്ത്രിമാരും പ്രമാണിമാരും ശാപത് കേവലം ഒരു അനുഷ്ഠാനം ആക്കി. അതിനാൽ മനുഷ്യർക്ക് അത് ഭാരം ഏറിയ നുകമായി അനുഭവപ്പെട്ട്തുടങ്ങി. അവയെ പാലിക്കുവാൻ യഹൂദർ വളരെയേറെ പ്രയാസപ്പെടുന്നുണ്ടായിരുന്നു. അതുകൊണ്ട് ഞാൻ ഒരിക്കൽ പരസ്യമായിത്തന്നെ അവരോട് പറഞ്ഞു "അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം." (മത്തായി. 11:28–30). എന്റെ ആഹ്വാനംകേട്ട് കുറെയേറെ യഹൂദന്മാർ എന്റെ ശിഷ്യന്മാരായിട്ടുണ്ട്. യഹൂദന്മാർ ഏഴാം ദിവസമായ ശനിയാഴ്ചയാണ് ശബ്ബത്തു ആചരിച്ചിരുന്നത്. എന്നാൽ യഹൂദന്മാരിൽ നിന്നും എന്റെ ശിഷ്യരായി വന്നവർ എന്റെ പുനരുദ്ധാനദിനമായ ഞായർ ദിവസമാണ് വിശുദ്ധദിനം ആയി ആചരിച്ചത്. അവർക്ക് പഴയ പതിവുപോലെ ശനിയാഴ്ച ആചരണത്തിനും പ്രാധാന്യമുണ്ടായിരുന്നു. എന്നാൽ യഹൂദന്മാർ അല്ലാത്ത ക്രിസ്ത്യാനികൾ ഞായറാഴ്ച മാത്രമേ വിശുദ്ധ ദിനമായി ആചരിക്കുന്നുള്ളൂ.

യഹൂദൻമാരുടെ ശബ്ബത്തു ആചരണം ബാഹ്യമായ കാര്യങ്ങളിൽ ആയിരുന്നു ഉണ്ടായിരുന്നത്. ശബ്ബത്തുദിനത്തിൽ അനുവദിക്കാത്ത കാര്യങ്ങളുടെ വലിയ ഒരു പട്ടിക തയ്യാറാക്കിയത് കാണുമ്പോൾ എനിക്ക് ദുഃഖം തോന്നിയിട്ടുണ്ട്. കൃഷി സംബന്ധമായ പ്രവൃത്തികളിൽനിന്നും വിശ്രമിക്കുന്ന ഒരു അവസരമായിട്ടാണ് ശബ്ബത്തുദിനം വേർതിരിച്ച് ആചരിക്കുവാൻ മോശ മുഖാന്തരം കൽപ്പന നൽകിയത്. ആഴ്ചയിലൊരു ദിവസം സൃഷ്ടാവിനെ

പ്രത്യേകമായി അനുസ്മരിച്ചശേഷം ആത്മീയകാര്യങ്ങളിൽ പൂർണ്ണമായി മുഴുകി കഴിയുവാനുള്ള ഒരു ലക്ഷ്യം ആയിരുന്നു ഉണ്ടായിരുന്നത്. എന്നാൽ വളരെ നിസ്സാരമായ കാര്യങ്ങൾ പറഞ്ഞു കൊണ്ടായിരുന്നു ലംഘനങ്ങളുടെ പട്ടിക തയ്യാറാക്കിയത്. വിതയ്ക്കുക, കൊയ്യുക, മെതിക്കുക, പാറ്റുക, ഉണക്കുക,അടുപ്പ് കത്തിച്ച് അപ്പം ചുട്ടെടുക്കുക എന്നിവയെല്ലാം ശബത്ത് ലംഘനങ്ങളായിരുന്നു. രോമം വെട്ടുക, നൂല് നൂൽക്കുക, നെയ്ത്തു തയ്ക്കുക, കെട്ടുക, അഴിക്കുക, കീറുക, ചുരണ്ടുക, എഴുതുക, മായ്ക്കുക കെട്ടിടം പൊളിക്കുക,പണിയുക, സാധനങ്ങൾ കയറ്റുക, ഇറക്കുക, നീക്കുക,വെള്ളം ശുദ്ധീകരിക്കുക, പല്ലു തേക്കുക,വാഹനം ഓടിക്കുക, ഫോൺ ചെയ്യുക, ടിവി പരിപാടികൾ കാണുക തുടങ്ങിയ കാര്യങ്ങൾ ഒന്നും ശബത്ത് ദിനത്തിൽ പാടില്ല എന്ന നിയമങ്ങൾ ഈ ആധുനിക കാലത്ത് പോലും അവർ നിലനിർത്തുന്നു. യഹൂദ പരീശന്മാർ ഈ കാര്യങ്ങളിൽ നിർബന്ധം ഉള്ളവരാണ്. എന്നാൽ "സാദുക്കിയർ" എന്ന വിഭാഗം പുരോഗമനവാദികൾ ആയതിനാൽ ഇതൊന്നും അത്ര കാര്യമായി പാലിക്കാറില്ല. അതുകൊണ്ട് തന്നെ അവർ തമ്മിൽ എപ്പോഴും ആശയപരമായി സ്വരച്ചേർച്ച ഇല്ലാതെയാണ് കഴിയുന്നത്. എന്നാൽ മനുഷ്യജീവന് അപകടം വരുന്ന ഘട്ടത്തിൽ ഈ നിയമങ്ങളെല്ലാം ലംഘിക്കാനുള്ള അനുവാദം അവർക്ക് ഉണ്ട് താനും. ആറു ദിവസവും അധ്വാനിക്കുന്നവർക്ക് ഒരു ദിവസം വിശ്രമത്തിനും സന്തോഷത്തിനും ആരാധനയ്ക്കും ആത്മശരീര മനസ്സുകളുടെ പോഷണത്തിനും ആയി മാറ്റി വയ്ക്കുന്നത് നല്ല കാര്യം തന്നെയാണ്. ആരാധനയിലും വേദപഠനത്തിലും ആത്മീയകൂട്ടായ്മ സമ്മേളനങ്ങളിലും പൂർണ്ണമായും ലയിച്ചുചേരാൻ ആഴ്ചതോറും ഒരുദിവസം മാറ്റിവയ്ക്കുന്ന സാഹചര്യത്തിൽ, തുടർന്നുവരുന്ന ആഴ്ചയിൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ അവർക്ക് കൂടുതൽ സഹായകരം ആയിത്തീരും എന്നത് നല്ല കാര്യം തന്നെയാണ്. കേവലം നിയമങ്ങൾ പാലിക്കുക വഴി സമാധാനവും വിശ്രമവും ലഭിക്കുന്നു എന്ന ചിന്താഗതി യഹൂദന്മാർക്ക് ഉണ്ടായിരുന്നതാണ് അവർക്ക് പറ്റിയ തെറ്റ്. യഥാർത്ഥ സമാധാനവും സംതൃപ്തിയും എന്നിൽ കൂടി മാത്രമേ ലഭിക്കുകയുള്ളൂ എന്ന് അവർ ഗ്രഹിച്ചില്ല.

ഞാൻ നിങ്ങളോട് പ്രത്യേകമായി ഒരു കാര്യം പറയാൻ ശ്രമിക്കട്ടെ. നിയമം മനുഷ്യനെ ബലപ്പെടുത്തുവാൻ സഹായിക്കുന്ന ഉപാധി മാത്രമാണ്. കെട്ടിടം പണിയുമ്പോൾ വാർക്കുന്നതിന് മുൻപ് "തട്ടുകൾ" (scaffold) ഉപയോഗിക്കുന്നത് പോലെയാണ് നിയമത്തിന്റെ ആവശ്യം. കുറച്ച് ദിവസം കഴിഞ്ഞ് വാർത്തത് ബലപ്പെട്ടു കഴിഞ്ഞാൽ താങ്ങിനിർത്തുന്ന തട്ടുകൾ എടുത്തുമാറ്റും. അതുപോലെ നിങ്ങൾ വിശ്വാസത്തിൽ ബലപ്പെട്ട്ടുവരുന്നത് വരെ മാത്രമേ നിയമങ്ങൾ ആവശ്യമുള്ളൂ.നിങ്ങൾ വിശ്വാസത്തിൽ

എന്നെപ്പോലെ ബലം പ്രാപിച്ച വരുമ്പോൾ പിന്നീട് എഴുതപ്പെട്ട നിയമങ്ങളും പ്രമാണങ്ങളും അല്ല നിങ്ങളെ നിയന്ത്രിക്കേണ്ടത്. നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവിക വിശ്വാസവും സ്നേഹവും സമാധാനവും വിശുദ്ധിയും നിറഞ്ഞുവരുമ്പോൾ നിങ്ങളെ നയിക്കുന്നത് പരിശുദ്ധാത്മാവാണ്.എല്ലാ സാഹചര്യങ്ങൾക്കും അനുസരിച്ച് എല്ലാവരോടും വേണ്ടവിധം ഇടപെടുവാനും സ്നേഹബന്ധം നിലനിർത്തി ജീവിതം മുന്നോട്ട് കൊണ്ടുപോകാനും നിങ്ങളെ നയിക്കേണ്ടത് ആന്തരികമായ ഈ ആത്മീയ അനുഭവമാണ്. ഞാൻ തന്നെ നിങ്ങളുടെ ഉള്ളിൽ വസിച്ച നിങ്ങളെ നയിക്കുന്ന ഒരു അനുഭവമാണ് നിയമത്തെ അനുസരിക്കുക വഴി ഉണ്ടാകേണ്ടത്. അങ്ങനെയുള്ള ഒരു അവസ്ഥയിൽ എത്തി കഴിഞ്ഞാൽ, പിന്നീട് നിയമങ്ങൾ അല്ല നിങ്ങളെ നിയന്ത്രിക്കുന്നത്. ഞാൻ ഈ ലോകത്തിൽ മനുഷ്യനായി ജീവിച്ചപ്പോൾ ന്യായപ്രമാണങ്ങൾ ഒക്കെ പഠിക്കുവാനും പാലിക്കുവാനും ശ്രമിച്ചത് നിങ്ങൾക്ക്അറിയാമല്ലോ. ചിലപ്പോഴൊക്കെ ഞാൻ നിയമലംഘനം നടത്തുന്നതായി യഹൂദന്മാർ എന്നെ കുറ്റപ്പെടുത്തുന്നത് നിങ്ങൾ മനസ്സിലാക്കികാണും. എന്നാൽ ഞാൻ ഒരു നിയമവും ലംഘിച്ചിട്ടില്ല. എല്ലാ നിയമങ്ങളും പരിശുദ്ധാത്മ നിയന്ത്രണത്തിൽ ശരിയായവിധം പാലിച്ച കാണിക്കുകയായിരുന്നു. ഒരു ഉദാഹരണം കൂടി പറഞ്ഞാൽ നിങ്ങൾക്ക് കുറച്ചുകൂടി വ്യക്തമാകും. ഒരു "കത്തി" കയ്യിൽ കിട്ടിയാൽ അതുകൊണ്ട് മനുഷ്യജീവൻ രക്ഷിക്കാനായി ശസ്ത്രക്രിയ നടത്തി, വേണ്ടിവന്നാൽ രോഗബാധിതമായ ഭാഗം മുറിച്ച കളയാൻ ഡോക്ടർമാർക്ക് അത് ഉപയോഗിക്കാം. എന്നാൽ അപ്രകാരം അല്ലാതെ വൈരാഗ്യത്തോടെ മനുഷ്യനെ കുത്തി കൊല്ലാനും "കത്തി" തന്നെ ഉപയോഗിക്കാം. ഇവിടെ നിയമം കത്തിയുടെ സ്ഥാനത്താണ്. മനുഷ്യൻ വിവേകം ഉപയോഗിച്ച ആവശ്യാനുസരണം മനുഷ്യനന്മയ്ക്കായി നിയമം ഉപയോഗിക്കാൻ പരിശീലിക്കണം. നിയമത്തിന്റെ രണ്ട് വശങ്ങളുണ്ട്. "അക്ഷരവും ആത്മാവും" (ലെറ്റർ & സ്പിരിറ്റ്). ഈ കാര്യം നേരത്തെ പറഞ്ഞതാണ്. യഹൂദന്മാർ അക്ഷരം മാത്രം നോക്കി നിയമം ആചരിക്കാൻ പറഞ്ഞു. ഞാനോ നിയമത്തിന്റെ ആത്മാവ് കണ്ടെത്തി ആചരിച്ച കാണിച്ചുകൊടുത്തു. അതുകൊണ്ടാണ് ശബ്ബത്തു ദിനങ്ങളിലെ രോഗ സൗഖ്യങ്ങൾ മനുഷ്യർക്ക് പ്രയോജനപ്പെട്ടത്. നിങ്ങളും നിയമത്തിന്റെ ആത്മാവ് നഷ്ടപ്പെടാതെ പ്രയോഗിക്കുവാൻ പരിശ്രമിക്കണം.അതിന്റെ ആക്ഷരിക പ്രയോഗത്തിന് തുനിയരുത്. "അക്ഷരം കൊല്ലുന്നു ആത്മാവ് ജീവിപ്പിക്കുന്നു"എന്ന തത്വം മറക്കരുത്. പരിശുദ്ധാത്മാവ് ഉള്ളിൽ ഉള്ളവർക്ക് മാത്രമേ ശരിയായ നിയമം ശരിയായ രീതിയിൽ അനുസരിക്കാൻ കഴിയുകയുള്ളൂ.

നിയമങ്ങളെപ്പറ്റി ചില കാര്യങ്ങൾ അക്കമിട്ടു പറയാം. നിയമങ്ങൾ തന്നെ പല തരമുണ്ട്.

1) പ്രകൃതി നിയമം (natural law).(റോമ.2:14– 15) മനുഷ്യഹൃദയങ്ങളിൽ

ദൈവം തന്നെ എഴുതി വെച്ചിരിക്കുകയാണ്. മനസാക്ഷിയുടെ ശബ്ദം എന്ന് പറയാം.പരിശുദ്ധമായ ഹൃദയം ഉള്ളവർക്ക് മാത്രമേ ഇത് വേണ്ടവിധം ഉപയോഗിക്കാൻ കഴിയൂ.

2) മോശയുടെ ന്യായപ്രമാണങ്ങൾ (Thorah,Mosaic Law). (റോമ. 2: 12 –13, 2 കൊരി 3:3,7). മോശ നൽകിയ നിയമങ്ങൾ തെരഞ്ഞെടുക്കപ്പെട്ട ജനത്തെ എന്റെ മനുഷ്യാവതാരകാലം വരെ ശിക്ഷണത്തിൽ നിലനിർത്തുവാൻ ഞാൻ നൽകിയതാണ്. നന്മയും തിന്മയും തിരിച്ചറിയുവാനും തെറ്റിക്കുന്നവർക്ക് ന്യായവിധി നടത്തി ശിക്ഷയും, അനുസരിക്കുന്നവർക്ക് രക്ഷയും നൽകുന്ന ഒരു പദ്ധതിയായിരുന്നു അത്. (റോമ 3:19–20). ക്രിസ്തുവായ എന്നിലേക്ക് നയിക്കുന്ന ഒരു ശിശു പാലകൻ ആയിരുന്നു പഴയ ന്യായപ്രമാണങ്ങൾ. (ഗല.3:24). ദൈവകൃപയ്ക്ക് എതിരല്ല എങ്കിലും നിയമംമൂലം രക്ഷയിലേക്ക് നയിക്കുന്ന നീതികരണത്തിന് അവ സഹായകമായിരുന്നില്ല.

3) ന്യായപ്രമാണ പ്രവൃത്തി വഴി നീതികരണം ഉണ്ടെന്ന വാദം തെറ്റാണ്. (റോമാ.3:27) മനസ്സാക്ഷി പ്രകാരം ആയാലും മോശയുടെ ന്യായപ്രമാണ പ്രവൃത്തി വഴി ആയാലും മനുഷ്യന്റെ അധ്വാനം മൂലം മാത്രം നീതീകരണവും തേജസ്കരണവും പ്രാപിക്കുവാൻ കഴിയില്ലെന്ന തിരിച്ചറിവ് മനുഷ്യർക്കു നൽകാൻ മാത്രമേ ഈ നിയമങ്ങൾ കൊണ്ട് സാധിക്കുകയുള്ളൂ.

4) അതുകൊണ്ടാണ് വിശ്വാസം എന്ന അലിഖിത നിയമം ഞാൻ നിങ്ങളുടെ ഉള്ളിൽ നിക്ഷേപിക്കുവാൻ ശ്രമിക്കുന്നത്. വിശ്വാസത്തോടു കൂടിയ പ്രവൃത്തി ഉണ്ടെങ്കിലേ എന്നിലൂടെയുള്ള പൂർണ്ണരക്ഷ സാധ്യമാവുകയുള്ളൂ. വിശ്വാസം മാത്രം ആയാലും പ്രവൃത്തി മാത്രം ആയാലും രണ്ടും അപൂർണമാണ്. ഇത് രണ്ടും ഒരു നാണയത്തിന്റെ രണ്ട് വശങ്ങൾ പോലെ ചേർന്ന് ഇരിക്കേണ്ടതാണ്. അങ്ങനെയല്ലെങ്കിൽ അത് കള്ളനാണയം പോലെ ആർക്കും പ്രയോജനമില്ലാതെ വരും.

5) പഴയനിയമ പ്രമാണങ്ങൾ നിങ്ങൾക്ക് പാപബോധം വരുത്തും എങ്കിൽ നല്ലതാണ് (റോമ. 3: 27). പക്ഷേ പലപ്പോഴും പാപവികാരങ്ങൾ ഉണർത്തി നിങ്ങൾ ബലഹീനർ ആണെന്ന് ഭീഷണിപ്പെടുത്തി നന്മ ചെയ്യുന്നതിൽ നിന്നും നിങ്ങൾ തടയപ്പെടുക ആണ് ഫലത്തിൽ സംഭവിക്കുന്നത്. (റോമാ.7: 25, 8: 2).

6) ആത്മാവിന്റെ നിയമം (റോമാ 8:2), ക്രിസ്തുവിന്റെ നിയമം (ഗലാത്യർ. 6:2), സ്വാതന്ത്ര്യത്തിന്റെ നിയമം (യാക്കോബ് 1: 25;2:12) ഇവയാണ് നിങ്ങൾ സ്വന്തം ആക്കേണ്ടത്. ഇതേപറ്റി ഒക്കെ കൂടുതൽ ആയിട്ട് പിന്നീട് ഞാൻ നിങ്ങൾക്ക് പറഞ്ഞു തരാം.

27-10-2020

## അദ്ധ്യായം 18

# ദൈവരാജ്യ പ്രഭാഷണപരമ്പര പരസ്യമായി ആരംഭിച്ചു

**(മത്തായി. 5, 6, 7 അദ്ധ്യായങ്ങൾ)**

യഹൂദ പ്രമാണികൾവഴി എന്റെ സന്ദേശം ജനങ്ങളിലെത്തിക്കാൻ ഉള്ള എന്റെ പരിശ്രമം വേണ്ടത്പോലെ വിജയിക്കുന്നില്ല എന്ന് എനിക്ക് തോന്നി തുടങ്ങി. ഭവനങ്ങളിലും വഴിയോരത്തും കടൽത്തീരത്തും ഒക്കെയായി ചെറിയ ജന കൂട്ടങ്ങളെ ആണ് ഞാൻ സംബോധന ചെയ്ത് പ്രസംഗിച്ചിരുന്നത്. ദേവാലയത്തിലും സിനഗോഗുകളിലും എനിക്ക് ലഭിച്ചിരുന്ന സ്വീകാര്യത മിക്കവാറും നഷ്ടപ്പെട്ടുതുടങ്ങി. വിമർശിക്കാനും കുറ്റപ്പെടുത്തി എന്നെ അറസ്റ്റ് ചെയ്യാനും യഹൂദ മതതീവ്രവാദികളുടെ സംഘങ്ങൾ ശ്രമങ്ങൾ നടത്തിവരുന്ന കാര്യം ഞാൻ അറിയുന്നുണ്ടായിരുന്നു. ആയതിനാൽ പരസ്യമായി മൈതാനങ്ങളിലും മലമുകളിലും ഒക്കെയായി പ്രഭാഷണങ്ങൾ നടത്താൻ തീരുമാനിച്ചു.

ദൈവത്തെ അറിഞ്ഞും അനുസരിച്ചും ജീവിക്കുന്ന സ്വഭാവത്തിലേക്ക് നിങ്ങളെ രൂപാന്തരപ്പെടുത്തുക എന്നതാണ് എന്റെ മനുഷ്യാവതാര ലക്ഷ്യം. സ്വർഗ്ഗപിതാവിന്റെ രാജ്യത്തിലെ സന്തോഷവും സമൃദ്ധിയും നിങ്ങളെ ബോധ്യപ്പെടുത്തി ലോകജീവിത സാഹചര്യങ്ങളിൽ നിന്നും നിങ്ങളുടെ മനസ്സ് തിരിക്കുവാൻ ആണ് ഞാൻ ഈ കാര്യങ്ങളെല്ലാം പ്രവർത്തിച്ചു കാണിക്കുന്നത്. ഞാൻ നിങ്ങളെ എന്റെ അനുഗാമികൾ ആക്കി നിങ്ങളിൽക്കൂടെ എല്ലാ മനുഷ്യരെയും ദൈവമക്കൾ ആക്കാനുള്ള വലിയ ഒരു രക്ഷാപദ്ധതിയാണ് എനിക്ക് നിറവേറ്റാനുള്ളത്. ദൈവരാജ്യമർമ്മങ്ങൾ എന്താണെന്നും ദൈവരാജ്യപ്രമാണങ്ങൾ എന്തൊക്കെയാണെന്നും സ്വർഗ്ഗീയ പൗരന്മാർ എന്ന നിലയിൽ നിങ്ങൾക്ക് ലഭിക്കുന്ന അവകാശങ്ങൾ എന്തൊക്കെയാണ് എന്നും ആയതിനാൽ നിങ്ങൾ മനസ്സിലാക്കി അനുസരിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ് എന്നും എങ്ങനെ ഒക്കെ ആണെന്നും നിങ്ങളെ പറഞ്ഞ് ബോധ്യപ്പെടുത്താൻ മനുഷ്യാവതാര കാലത്ത് ഞാൻ

ചെയ്തതും പറഞ്ഞതുമായ കാര്യങ്ങൾ നിങ്ങളോട് നേരിട്ട് പറയണമെന്ന് ആഗ്രഹിച്ചാണ് ഈ ഒരു ആത്മകഥ അവതരിപ്പിക്കുന്നത്.

ഗലീലതടാകത്തിന്റെ വടക്കുഭാഗത്ത് കഫർന്നഹൂം പട്ടണത്തിനു സമീപമായി ഒരു ഉയർന്ന മലയിൽ ഇരുന്നാണ് ദീർഘമായ ഗിരിപ്രഭാഷണപരമ്പര നടത്തിയത്. മലമുകളിൽ ഞാൻ കയറി ഉച്ചത്തിൽ പ്രസംഗിച്ചപ്പോൾ ചുറ്റുമായി താഴ്വാരങ്ങളിൽ ഇരുന്നിരുന്ന പതിനായിരക്കണക്കിന് ജനങ്ങൾക്ക് ഞാൻ പറയുന്നത് കേൾക്കാൻ പ്രയാസം ഇല്ലായിരുന്നു. പട്ടണങ്ങളിലെ ശബ്ദകോലാഹലങ്ങൾ ശല്യം ചെയ്തിരുന്നില്ല. എല്ലാവരും വളരെ ശ്രദ്ധയോടും ഉത്സാഹത്തോടുകൂടി എന്നെ കേൾക്കുവാൻ മാത്രമായി ഒരുങ്ങി വന്നവരായിരുന്നു. നിങ്ങൾക്കിന്നുള്ള ഉച്ചഭാഷിണി സൗകര്യങ്ങൾ ഒന്നും ഇല്ലായിരുന്നു, എന്നിട്ടും എല്ലാവർക്കും ശ്രദ്ധയോടെ കേൾക്കുവാൻ തക്കവിധം സ്വർഗ്ഗപിതാവ് വേണ്ടവിധം എന്റെ ശബ്ദതരംഗങ്ങൾ നിയന്ത്രിച്ചിരുന്നത് ഒരുപക്ഷേ നിങ്ങൾക്ക് അത്ഭുതമായി തോന്നിയേക്കാം.

ഗിരിപ്രഭാഷണ പരമ്പരയിൽ ദൈവ രാജ്യത്തിന്റെ അടിസ്ഥാന കാര്യങ്ങൾ അവതരിപ്പിക്കുകയായിരുന്നു. സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുകയാണ് മാനസാന്തരപ്പെടുവിൻ എന്നതായിരുന്നു മുഖ്യസന്ദേശവിഷയം. പ്രഭാഷണങ്ങളിൽ ദൈവരാജ്യത്തിന്റെ വിവിധ വശങ്ങളെപ്പറ്റി 28 പ്രാവശ്യം പരാമർശിച്ചു, എന്റെ പ്രിയ ശിഷ്യൻ മത്തായി ശ്ലീഹ രേഖപ്പെടുത്തിയിട്ടുള്ളത് നിങ്ങൾ കണ്ടെത്തി വായിച്ചു പഠിക്കണം. (മത്തായി അഞ്ച് മുതൽ ഏഴ് വരെയുള്ള അധ്യായങ്ങൾ കാണുക). (മത്തായി. 3: 2,; 4:17–23 ;5:3–10; 19 –20;6.10,33;7: 21). ദൈവരാജ്യം എന്നത് ഒരു രാഷ്ട്രീയ സംവിധാനം അല്ല. അത് ലോകപ്രകാരമുള്ള സാമ്രാജ്യവും അല്ല. അത് ആന്തരിക അനുഭവമാണ്. ദൈവരാജ്യപ്രമാണങ്ങൾ നിങ്ങളുടെ ഉള്ളിലാണ് വളരേണ്ടത്. ഞാൻ പീലാത്തോസിനോട് പറഞ്ഞകാര്യം നിങ്ങൾ വായിച്ചിട്ട് ഉണ്ടല്ലോ. എന്റെ രാജ്യം ഐഹികമല്ല; ആയിരുന്നെങ്കിൽ നിങ്ങളുടെ കയ്യിൽ ഏൽപ്പിക്കാതെവണ്ണം എന്റെ ചേവകർ പോരാട്ടും ആയിരുന്നു. സ്വർഗ്ഗ രാജ്യത്തിന്റെ ലോകത്തിലുള്ള പ്രതീകമാണ് എന്റെ സഭ. ഞാൻ ആകുന്ന വിശ്വാസപാറമേൽ, വിശ്വസിക്കുന്നവരെ പാറകഷണങ്ങളാക്കി ബലപ്പെടുത്തി, ഞാൻ അടിസ്ഥാന ശിലയായി ഇരുന്നുകൊണ്ട്, എന്റെ സഭയെ പണിയുവാൻ ഞാൻ ആരംഭിച്ചത് ഇന്നും തുടർന്നുകൊണ്ടിരിക്കുകയാണ്. (മത്തായി 16:18). സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ സഭയെ ഏൽപ്പിച്ചിരിക്കുകയാണ്. സത്യ വിശ്വാസത്തോടെ എന്നെ സ്വീകരിക്കുന്നവരെ ദൈവരാജ്യത്തിന്റെ

വാതിൽതുറന്ന് പ്രവേശനം നൽകുവാനുള്ള അധികാരമാണ് ഈ താക്കോലുകൾ. സഭയിൽ കടന്നുകൂടിയിരിക്കുന്ന അവിശ്വാസികളെ പുറത്താക്കി വാതിൽ പൂട്ടുവാൻ ഉള്ള അധികാരം ആണ് ഞാൻ അപ്പോസ്തലൻമാർക്ക് ഇപ്രകാരം കൈവെപ്പ് അഥവാ പട്ടത്വനൽവരം വഴിയായി നൽകിയിട്ടുള്ളത്. ദൈവരാജ്യം ബാഹ്യമായി കാണപ്പെടുന്നതല്ല, ആന്തരികമായ ഒരു അനുഭവമാണ്. (1കൊരി 15 :24 –28). ദൈവം നിങ്ങളെ ഭരിക്കുന്നു എന്ന ആന്തരിക ഭാവത്തിലേക്ക് നിങ്ങളെ രൂപപ്പെടുത്തുകയാണ് എന്റെ പ്രവർത്തനലക്ഷ്യം. ഞാൻ തന്നെ നിങ്ങളുടെ ഹൃദയത്തിൽ കടന്നു വസിച്ചു നിങ്ങളെ പരിശുദ്ധാത്മശക്തിയാൽ നിയന്ത്രിച്ച് ദൈവമക്കൾ ആക്കി വളർത്തുക എന്നതാണ് ഞാൻ പ്രവർത്തിക്കുന്നതിന്റെ ഉദ്ദേശം.

ഞാൻ നിങ്ങളോട് ഉപദേശിക്കുന്ന കാര്യങ്ങൾ നിങ്ങൾക്ക് അനുസരിക്കാൻ പ്രയാസമാണെന്ന് ഒരു തോന്നൽ ഉണ്ടെങ്കിൽ സാത്താനാണ് അതിന്റെ പിറകിൽ പ്രവർത്തിക്കുന്നത് എന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾക്ക് യഥാർത്ഥ വിശ്വാസ അനുഭവം ഉണ്ടായാൽ ഞാൻ പറഞ്ഞ കാര്യങ്ങൾ എല്ലാം അനുസരിക്കുവാൻ പരിശുദ്ധാത്മാവു ശക്തി നൽകുമെന്ന് ഉറച്ച് വിശ്വസിക്കുക. "നിങ്ങൾ ന്യായ പ്രമാണത്തിന് അല്ല കൃപയ്ക്ക് അത്രേ കീഴ്പ്പെട്ട് ഇരിക്കയാൽ പാപം നിങ്ങളിൽ അധികാരം നടത്തുകയില്ല". (റോമ 6:14). പരിശുദ്ധാത്മസഹായത്തിൽ ലഭിക്കുന്ന കൃപാവരങ്ങൾ ആണ് നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് ശക്തി നൽകുന്നത്. അതുകൊണ്ട് നിങ്ങൾ വിശ്വാസത്തോടും വിശുദ്ധിയോടും വിനയത്തോടും കൂടി പരിശുദ്ധാത്മാവിനെ ശരണം തേടിയാൽ ഞാൻ പറഞ്ഞ എല്ലാ കാര്യങ്ങളും പൂർണ്ണമായി അനുസരിക്കാൻ നിങ്ങൾക്ക് കഴിയും എന്ന് ഞാൻ നിങ്ങൾക്ക് വാക്ക് തരുന്നു. ഇത് ഒരു വെല്ലുവിളി ആയി ഏറ്റെടുത്തു നടപ്പാക്കണം. ഞാൻ നിങ്ങളിലും നിങ്ങൾ എന്നിലും വസിച്ചുകൊണ്ട് എല്ലാ കാര്യങ്ങളിലും ദൈവഹിതമനുസരിച്ച് ജീവിക്കാനും നിങ്ങൾക്ക് കഴിയും. നിങ്ങൾ ബലഹീനർ ആണെന്ന തോന്നൽ ഉപേക്ഷിക്കുക. നിങ്ങൾ എന്നിൽ പൂർണ്ണമായി വിശ്വസിക്കുക വഴി പൂർണമായി പുതിയമനുഷ്യന്റെ സ്വഭാവത്തിലേക്ക് മാറ്റപ്പെടും. നിങ്ങൾ ഇതുവരെ പരിശീലിച്ച നീതിയും നിയമവും പഴയനിയമ കാലത്ത് യഹൂദന്മാർക്ക് നൽകപ്പെട്ടതാണ്. എന്നാൽ നിങ്ങളുടെ നീതിശാസ്ത്രം ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കുക ഇല്ല എന്ന് ഞാൻ നിങ്ങളോട് പറയുന്നു. (മത്തായി 5:20).നിങ്ങളും യഹൂദാപ്രമാണികളും തമ്മിലുള്ള താരതമ്യം മനസ്സിലാക്കണമെങ്കിൽ എന്റെ ഗിരിപ്രഭാഷണപരമ്പര ശ്രദ്ധയോടെ വായിച്ച് ഗ്രഹിക്കുക. (മത്തായി 5 : 21, 27, 31, 33 ,38, 43, 46,47 ; മത്തായി 6: 2; 7:15 ,21). ദൈവരാജ്യത്തിലെ

രാജാവായ ദൈവത്തിന്റെ ഉത്തമ പ്രജകളായി ദൈവരാജ്യപ്രമാണങ്ങൾ അനുസരിച്ച് ജീവിക്കുക എന്നതാണ് ഏറ്റവും പ്രധാനം. അതോടൊപ്പം ദൈവരാജ്യത്തിന്റെ മാന്യതയും ഉന്നത നിലവാരവും അനുസരിച്ച് നിങ്ങളുടെ മനോഭാവത്തിലും പെരുമാറ്റത്തിലും ആവശ്യമായ മാറ്റങ്ങൾ വരുത്തിയാൽ മതിയാകും. വിശ്വാസം മാത്രം പോരാ, അത് പ്രവർത്തിയിലൂടെ ജീവിച്ചു കാണിക്കണം.

എന്റെ പൊതുപ്രഭാഷണ പരമ്പരയിലെ ആദ്യഭാഗമായ ഗിരി പ്രഭാഷണത്തെപറ്റി പൊതുവായ ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ ആദ്യം കൊണ്ടു വരികയാണ്. അല്പംകൂടി വിശദമായി പിന്നീട് പറയാം. (മത്തായി. അഞ്ച്, ആറ്,ഏഴ് അദ്ധ്യായങ്ങൾ കാണുക). ദൈവരാജ്യത്തെപറ്റി അന്വേഷിക്കുന്നവർ പാലിക്കേണ്ട ജീവിത പ്രമാണങ്ങളെപറ്റിയാണ് ഞാൻ ഇവിടെ വിവരിക്കുന്നത്. ദൈവത്തിന്റെ രാജ്യവും നീതിയും പ്രമാണങ്ങളും ഒക്കെയാണ് ഇതിലൂടെ വിവരിക്കുന്നത്. മോശ നൽകിയ പഴയ ന്യായപ്രമാണങ്ങളുടെ ഒരു പുതിയ പതിപ്പാണ് ഇത്. ഒന്നാം ഭാഗത്തിൽ ഭാഗ്യ വർണ്ണനകൾ ആണ് നൽകുന്നത്. യഹൂദന്മാർക്ക് നൽകിയ അനുഗ്രഹങ്ങളുടെ ഒരു വിവരണം ആവർത്തന പുസ്തകത്തിൽ മോശ നൽകിയത് നിങ്ങൾ വച്ചിട്ടുണ്ടല്ലോ.(ആവ.28: 2 മുതൽ 14 വരെ) അവയെല്ലാം ഈ ലോകപ്രകാരമുള്ള ഭാഗ്യ അവസ്ഥകളാണ്. ഇവിടെ പറയുന്നത് ദൈവമക്കൾ ആയിത്തീരാനുള്ള അവസ്ഥയിലേക്ക് ആഗ്രഹിച്ചു ജീവിക്കുന്നവർക്ക്ലഭ്യമാകുന്നസൗഭാഗ്യങ്ങൾആണ്.കണ്ണുകണ്ടിട്ടില്ലാത്തതും ചെവി കേട്ടിട്ടില്ലാത്തതും ഹൃദയംകൊണ്ട് സങ്കൽപ്പിക്കാൻ പോലും കഴിയാത്ത തരത്തിലുള്ളതും ആയ ഉത്തമ സൗഭാഗ്യങ്ങൾ ആണ് സ്വർഗ്ഗത്തിൽ നിങ്ങൾക്കായി ഒരുക്കി വച്ചിട്ടുള്ളത്. പക്ഷേ അത് പ്രാപിക്കണമെങ്കിൽ ഇവിടെ പറയുന്ന ഭാഗ്യ അവസ്ഥയിലൂടെ കടന്നു പോകണം. അതിനുതക്ക വിശ്വാസവും സമർപ്പണവും അടിസ്ഥാനമാക്കിയുള്ള അനുസരണമുള്ള ജീവിതം എന്നെപ്പോലെ നിങ്ങൾ അവതരിപ്പിച്ചു വിജയിപ്പിക്കണമെന്ന് ഓർക്കുക.

രണ്ടാമതായി ഒരു പുതിയ ഉടമ്പടി നിയമങ്ങളാണ് നൽകുന്നത്. (new covenant or contract). മോശ നൽകിയ പഴയ ഉടമ്പടി ഇതുപോലെ ഒരു മലമേൽ കയറിയാണ് പ്രഖ്യാപിച്ചത്. ഈ ലോകത്തിൽ ദൈവത്തിന് വിധേയപ്പെട്ട് ജീവിക്കാൻ മാത്രം ലക്ഷ്യമാക്കിയിട്ടുള്ളത് ആയിരുന്നു അവ. സ്വർഗ്ഗരാജ്യം എന്ന പ്രതീക്ഷ ആ കാലത്ത് മനുഷ്യർക്ക് ഞങ്ങൾ നൽകിയിരുന്നില്ല. ഈ മൺ രാജ്യത്തുതന്നെ(Kingdom of earth) ദാവീദിന്റെ രാജ്യത്ത്വം നിത്യമായി നിലനിർത്തുമെന്ന ചിന്തയിലായിരുന്നു

അപ്രകാരമുള്ള നിയമസംഹിത ന്യായപ്രമാണങ്ങൾ ആയി അവർക്ക് നൽകിയത്. ഈജിപ്തിൽനിന്നും കനാൻ ദേശം മാത്രം വരെയുള്ള ഒരു രക്ഷാകര ചരിത്രമാണ് മോശയുടെ കാലത്ത് മനുഷ്യർക്ക് വെളിപ്പെടുത്തിയത്. ഭാഗം ഭാഗമായി പ്രവാചകന്മാർ വഴി നൽകിയ ദൈവീക വെളിപാടുകൾ പൂർണ്ണമായി മനസ്സിലാക്കുവാനും മനുഷ്യർക്ക് പറഞ്ഞു കൊടുക്കുവാനും പഴയനിയമകാലത്ത് പ്രവാചകന്മാർ കഴിവ് ഉള്ളവർ അല്ലായിരുന്നു. അവരെല്ലാം ഭാവിയിൽ അവതരിപ്പിക്കാനിരുന്ന മശിഹ എന്ന എന്നെപ്പറ്റി പ്രവചിച്ചിരുന്നെങ്കിൽ തന്നെ നേതാക്കന്മാർക്ക് അത് വേണ്ടവിധം മനസ്സിലാക്കാൻ കഴിഞ്ഞില്ല എന്ന് ഞാൻ നേരത്തെ പറഞ്ഞിട്ടുള്ളത് ഓർക്കുന്നുണ്ടല്ലോ. പഴയഉടമ്പടിയിൽ നൽകിയിരുന്ന വ്യവസ്ഥകളുടെ ശരിയായ വ്യാഖ്യാനവും അനുസരണവും എങ്ങനെയാണെന്ന് പഠിപ്പിക്കുകയാണ് ഈ പ്രഭാഷണങ്ങളിലൂടെ ഞാൻ ചെയ്യുന്നത്. മോശയെകാൾ വലിയവനായ ദൈവ പുത്രനായ ഞാൻ തന്നെയാണ് ഈ ലഘു പ്രമാണങ്ങൾ നിങ്ങൾക്ക് നൽകുന്നത്. (മത്തായി.5:17–48). ദൈവനീതിയെപ്പറ്റി മോശെയും പ്രവാചകന്മാരും സൂചന നൽകിയത് നിഴലായിരുന്നു.എന്നാൽ ഞാൻ നൽകുന്ന പ്രമാണങ്ങൾ യഥാർത്ഥ പൊരുളായി തന്നെ നിങ്ങൾ സ്വീകരിച്ചനുസരിക്കണം. പഴയനിയമ പ്രമാണങ്ങളുടെ ആഴത്തിലുള്ള അർത്ഥവും പ്രയോഗവും ശരിയായ രീതിയിൽ ദൈവജനത്തെ പഠിപ്പിക്കുകയാണ് എന്റെ ലക്ഷ്യം. ചില ഉദാഹരണങ്ങൾ എടുത്തു പറയാം.

1) "കൊല ചെയ്യരുത് " (മത്തായി 5:21–26). ഇതിന്റെ അർത്ഥം ഒരാളെ കൊല്ലുന്ന കാര്യമാണ് എന്നാണ് നിങ്ങൾ മനസ്സിലാക്കിയത്. എന്നാൽ കൊലയിലേക്ക് നയിക്കുന്ന കാരണങ്ങളായ കോപം, പക, വൈരാഗ്യം, പിണക്കം, വാശി, ക്ഷമിക്കാനും മറക്കാനും കഴിവില്ലായ്മ ഇവയെല്ലാം കൊലക്കുറ്റം എന്ന പേരിൽ സ്വർഗ്ഗപിതാവ് കണക്ക് എഴുതുമെന്ന് നിങ്ങൾമനസ്സിലാക്കുക.ചുരുക്കത്തിൽ ബാഹ്യമായ കൊല എന്ന ഒരു ക്രിയയെ അല്ല അതിലേക്ക് നയിക്കുന്ന ആന്തരികമായ മനോഭാവമാണ് തിരുത്തേണ്ടത് എന്നാണ് ഞാൻ പറയുന്നത്. അതുകൊണ്ടാണ് മാനസാന്തരം അഥവാ മനസ്സിന്റെയും ധാരണകളുടെയും സമ്പൂർണ്ണമായ മാറ്റം അനിവാര്യമാണെന്ന് ഞാൻ നിർബന്ധിക്കുന്നത്.

2) "നീ വ്യഭിചാരം ചെയ്യരുത് " (മത്തായി 5: 27). വിവാഹബന്ധത്തിന് പുറത്ത് ചെയ്യുന്ന ഒരു പ്രവൃത്തി മാത്രമായിട്ടാണ് വ്യഭിചാരത്തെ നിങ്ങൾ കാണുന്നത്. എന്നാൽ ആ പ്രവൃത്തിയിലേക്ക് നയിക്കുന്ന കാമം, മോഹം എന്നിവ മനസ്സിലുണ്ടാകുന്ന നിമിഷം മുതൽ വ്യഭിചാരം ആരംഭിച്ചു കഴിഞ്ഞു.

3)"വിവാഹമോചനം" പഴയനിയമത്തിൽ അനുവദിക്കുന്നതമായി കാണുന്നുണ്ടെങ്കിലും ജീവിതപങ്കാളിയിൽ ലൈംഗിക അശുദ്ധി തെളിയിക്കപ്പെടുന്നു എങ്കിൽ മാത്രമേ വിവാഹമോചനം അനുവദിക്കുക ഉള്ളൂ. തന്നെയുമല്ല അപ്രകാരം വിവാഹമോചനം പ്രാപിച്ച വ്യക്തികൾ ജീവിച്ചിരിപ്പുണ്ടെങ്കിൽ പുനർവിവാഹം ചെയ്യുന്നത് പാപമാണെന്ന നിബന്ധനയുണ്ട്. ഇന്ന് ഭാര്യഭർത്താക്കന്മാർ പലകാരണങ്ങളാൽ പിണങ്ങി ജീവിക്കുന്നുണ്ട്. വിവാഹേതരബന്ധങ്ങൾ വഴി സ്വന്തം ഇണയെ വെറുത്തു മറ്റു ഇണയിൽ താല്പര്യം ജനിക്കുന്ന സാഹചര്യം ആധുനിക സമൂഹത്തിൽ വർദ്ധിച്ചു വരുന്നുണ്ട്. പുനർവിവാഹസാധ്യത കണ്ടുകൊണ്ടാണ് വിവാഹമോചന നിരക്ക് വർദ്ധിച്ചുവരുന്നത്. യഥാർത്ഥ ക്രിസ്ത്യാനിക്ക് ഇപ്രകാരമുള്ള സമീപനം സ്വീകരിക്കാൻ അനുവാദമില്ല. (മത്തായി 5 :31 –32).

4) ആണ ഇടുന്നത് പഴയനിയമത്തിൽ നിങ്ങൾ കാണുന്നുണ്ട്. (Taking Oath). എന്നാൽ പുതിയ നിയമത്തിൽ വാക്കുകൾ ഉവ്വ് എന്നും ഇല്ല എന്നും മാത്രം ഉറപ്പിച്ചു പറയാനുള്ള വ്യക്തിത്വം വളർത്തിയെടുക്കണം എന്ന് ഉപദേശിക്കുന്നു.(മത്തായി .5: 33–37).

5) "കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്"എന്ന പഴയനിയമപ്രമാണം പുതിയ നിയമത്തിൽ ഒരിക്കലും സ്വീകാര്യമല്ല. ശത്രുക്കളെ സ്നേഹിക്കണമെന്നും ഒരു ചെകിടത്ത് അടിക്കുന്നവന് മറ്റേ ചെകിട്ടും കൂടി കാണിച്ചു കൊടുത്ത് അടി സ്വീകരിക്കണം എന്നാണ് പറയുന്നത്. ഒരുതരത്തിലും പ്രതികാരം പാടില്ല എന്ന് ചുരുക്കം. പക മറന്നാൽ മാത്രം പോരാ ദൈവസ്നേഹവും കരുണയും പ്രകടിപ്പിക്കുന്ന വിധത്തിൽ പെരുമാറുവാൻ ഉള്ള ഒരു മനോഭാവം കൂടി നിങ്ങൾ വളർത്തിയെടുക്കണം. (മത്തായി 5: 38– 45).

മൂന്നാമത്തെ ഭാഗത്തിൽആത്മീയ അച്ചടക്കത്തെ പറ്റിയാണ് ഞാൻ ഊന്നി പറഞ്ഞത്. (മത്തായി 6: 1– 7:12). ഞാൻ നിങ്ങളിൽ നിന്നും മൂന്ന് വിധത്തിലുള്ള അച്ചടക്കം പ്രതീക്ഷിക്കുന്നു. അവ മൂലം ശരിയായ ആയ ദൈവീകനീതീകരണം പ്രാപിക്കുവാനും (മത്തായി 6:1–18), ശരിയായ പരിജ്ഞാനം സിദ്ധിക്കുവാനും നിങ്ങൾക്ക് സാധിക്കും. ക്രിസ്തീയ ജീവിതത്തിന്റെ 3 അടിസ്ഥാനശിലകൾ ആണ് ഞാൻ താഴെ പറയുന്ന മൂന്ന് കാര്യങ്ങൾ.

A) ഭിക്ഷ കൊടുക്കുന്നത്. (മത്തായി 6:1–4). അർഹിക്കുന്ന ആളുകളെ കണ്ടെത്തി അവരെ സഹായിക്കുന്ന സ്നേഹത്തിന്റെ പ്രകടനം ആകണം അത്. ദൈവമുമ്പാകെ പ്രീതി ലഭിക്കണമെങ്കിൽ മനുഷ്യർ കാണാതെ ചെയ്യണം.

ഈ കാര്യം ഞാൻ നേരത്തെ നിങ്ങളോട് പറഞ്ഞിട്ടുള്ളത് ഓർക്കുന്നുണ്ടല്ലോ.

B) ഞാൻ നിങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചതുപോലെ എന്റെ സ്വർഗ്ഗപിതാവിനോട് രഹസ്യത്തിൽ പ്രാർത്ഥിക്കണം. പ്രാർത്ഥനയെ പറ്റി കൂടുതലായി ഞാൻ നിങ്ങളോട് പിന്നീട് പറയാം. (മത്തായി 6: 5 –15).

C) ഉപവാസം,അതും രഹസ്യത്തിൽ ദൈവപ്രീതിക്കായി ചെയ്യണം. മനുഷ്യർ കാണുവാനായി ചെയ്യുന്നത് കൊണ്ട് യാതൊരു പ്രയോജനവുമില്ല. (മത്തായി 6:16 –18). ഇപ്രകാരമുള്ള ശിക്ഷണ നടപടികൾ മൂലം നിങ്ങൾക്ക് യഥാർത്ഥ പരിജ്ഞാനം ലഭിക്കുന്നു അതുവഴി 1) നിങ്ങളിൽ ദൈവസ്നേഹം നിറഞ്ഞു സ്വർഗ്ഗത്തിൽ നല്ല നിക്ഷേപം ഉണ്ടാക്കുന്നു. (മത്തായി 6:19– 26). 2). നിങ്ങളുടെ ഭാരങ്ങളും ദുഃഖങ്ങളും പരിഹരിക്കപ്പെടുന്നു. (മത്തായി 6: 22 –7 :34).3) മറ്റുള്ളവരെ സ്നേഹിക്കാനും കരുതുവാനും മാത്രമല്ല ന്യായങ്ങളും അന്യായങ്ങളും തിരിച്ചറിയാനും ആത്മാക്കളെ വിവേചിച്ചറിയാനും നിങ്ങൾക്ക് കഴിവ് ലഭിക്കുന്നു.(മത്തായി 7: 7 –12). അങ്ങനെ നിങ്ങളുടെ സ്വഭാവം തന്നെ മാറി എന്റെ സ്വഭാവത്തിലേക്ക് നിങ്ങൾ രൂപാന്തരപ്പെടുകയും ദൈവ രാജ്യത്തിന്റെ നീതി അന്വേഷിക്കുന്നവർ ആയിത്തീരുകയും ചെയ്യും.(മത്തായി 6:33).

നാലാമത്തെ ഭാഗത്തിൽ ഞാൻ ഈ പ്രഭാഷണം അവസാനിപ്പിക്കുമ്പോൾ, രണ്ടു വഴികൾ, രണ്ടു വൃക്ഷങ്ങൾ, രണ്ട് ഭവനങ്ങൾ എന്നിങ്ങനെ എടുത്തു പറയുന്നത് നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.(മത്തായി 7 :13– 14).

A) **രണ്ട് വഴികൾ** (മത്തായി7:13 –14) ഇടുങ്ങിയ വഴി ഞെരുക്കം ആയതിനാൽ പലരും വിശാലവഴി അന്വേഷിച്ചു പോകുന്നു. പക്ഷേ ഒടുവിൽ അവർ നാശത്തിൽ എത്തിച്ചേരുന്നു. നിങ്ങൾ ഇടുങ്ങിയ വാതിലിലൂടെ പ്രവേശിച്ചശേഷം ഞെരുങ്ങിയ വഴികളിൽ കൂടി സഞ്ചരിച്ചാൽ മാത്രമേ സ്വർഗ്ഗത്തിൽ എത്തുകയുള്ളൂ. വിശാലമായ വഴി ആരംഭം സുഖകരമായി തോന്നും എന്നാൽ അതിന്റെ അവസാനം നരക ദുഃഖം ആണെന്ന് അറിയുക.

B) **രണ്ട് വൃക്ഷങ്ങൾ** (മത്തായി. 7: 15 –20). നല്ല ഫലങ്ങൾ കായ്ക്കുന്ന വൃക്ഷങ്ങൾ നിങ്ങൾ തിരിച്ചറിയണം. ആത്മാവിന്റെ ഫലങ്ങളാണ് നിങ്ങൾ അന്വേഷിക്കേണ്ടത്. (ഗല 5: 22 ).( Fruits and Gifts of the Spirit). നിങ്ങളിൽ പലരും ആത്മാവിന്റെ വരങ്ങളാണ് പ്രതീക്ഷിക്കുന്നത്. അത് എല്ലാവർക്കും ഉള്ളതല്ല. ആവശ്യാനുസരണം സ്വർഗ്ഗ പിതാവ് പ്രത്യേകം തെരഞ്ഞെടുക്കുന്നവർക്ക് മാത്രം പൊതുനന്മയ്ക്കായി നൽകുന്നതാണ് .

എന്നാൽ പലരും വ്യാജവരങ്ങൾ പിശാചിൽ നിന്ന് സ്വീകരിച്ച അത്ഭുതങ്ങൾ കാണിക്കാറുണ്ട്. അങ്ങനെയുള്ളവരെ നിങ്ങൾ തിരിച്ചറിഞ്ഞ് ഒഴിവാക്കണം. ഫലങ്ങൾ കൊണ്ടാണ് ഒരു വൃക്ഷത്തെ അറിയുന്നത്. അതുപോലെ ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവരെ മാത്രമേ നിങ്ങൾ സ്വീകരിക്കാവൂ. ക്രിസ്മസ് മരങ്ങൾക്ക് വേരില്ലാത്തതിനാൽ ഫലം കായ്ക്കുന്നില്ല. എന്നാൽ സമ്മാനപ്പൊതികൾ കാണിച്ച് കുട്ടികളെ ആകർഷിക്കാറുണ്ട്. അപ്രകാരം വ്യാജമായ വരങ്ങൾ കൊണ്ടുവരുന്നവരെ നിങ്ങൾ ഉപേക്ഷിക്കണം.

C) **രണ്ടു ഭവനങ്ങൾ** (മത്തായി. 7: 24 –29). ആഴത്തിൽ കുഴിച്ച പാറ ആകുന്ന എന്റെ മേൽ വീട് പണിയുന്നവനാണ് ബുദ്ധിമാൻ. ആ ഭവനം എന്നാളും ഉറച്ചുനിൽക്കും. ഞാൻ നിങ്ങളെ പറഞ്ഞു പഠിപ്പിച്ച ജീവിച്ച കാണിച്ച തരുന്ന കാര്യങ്ങളൊക്കെ ഇപ്രകാരം ആഴത്തിൽ കുഴിച്ച ഉറപ്പുള്ള പാറ കണ്ടെത്തുന്നതുവരെ അധ്വാനിച്ച് അടിസ്ഥാനം ഇടുവാൻ നിങ്ങൾക്ക് സാധിക്കുന്നതിന് വേണ്ടിയാണ്. എന്റെ വചനങ്ങൾ അവഗണിച്ച് പോകുന്ന ഭോഷൻമാർ ഉറപ്പില്ലാത്ത മണൽ കുഴിച്ച എളുപ്പത്തിൽ വീട് പണിയുന്നവരെ പോലെയാണ്. പൈശാചികമായ പ്രലോഭനങ്ങളും കഷ്ടതകൾ ആകുന്ന കൊടുങ്കാറ്റ അടിക്കുമ്പോൾ എന്നിലും എന്റെ ഉപദേശങ്ങളിലും വിശ്വസിച്ച അടിസ്ഥാനത്തിൽ ഉറപ്പായി പണി പണിയപ്പെടാത്തവർ വീണു പോകും,അവരുടെ വീഴ്ച വളരെ വലുതായിരിക്കും. ഈ കാര്യം ഞാൻ വളരെ ഗൗരവത്തോടെ പറയുന്നതാണെന്ന് നിങ്ങൾക്ക് മനസ്സിലായി കാണുമല്ലോ.

28-10-2020

## അദ്ധ്യായം 19

# സ്വർഗ്ഗ സൗഭാഗ്യങ്ങൾ ഞാൻ നിങ്ങൾക്ക് കാണിച്ച തരാം

**(മത്തായി. 5: 1 –; ലൂക്കോസ് 6: 20 –49)**

ലോക പ്രകാരം ചിന്തിക്കുമ്പോൾ ഞാൻ പറയുന്ന കാര്യങ്ങൾ ഒന്നും ഭാഗ്യങ്ങൾ ആയി നിങ്ങൾക്ക് കാണാൻ കഴിയില്ല.പഴയനിയമകാലത്ത് ഭാഗ്യങ്ങൾ ആയും അനുഗ്രഹങ്ങൾ ആയും കരുതിയിരുന്നത് ഈ ലോകപ്രകാരമുള്ള സമ്പത്തും സമൃദ്ധിയും വിജയങ്ങളും ഒക്കെയാണ്. (ആവർത്തനം.28:2 –14 ) ഒരു പക്ഷെ നിങ്ങളും പ്രതീക്ഷിക്കുന്നത് അതൊക്കെ തന്നെയായിരിക്കും.എന്നാൽ സ്വർഗീയ അനുഗ്രഹങ്ങൾ സമൃദ്ധിയായി നിങ്ങൾക്ക് ലഭിക്കണമെങ്കിൽ ഞാനിവിടെ പറയുന്ന ഭാഗ്യങ്ങൾക്ക് നിങ്ങൾ അർഹരായി തീരണം. കാരണം  അവ മാത്രമാണ് യഥാർത്ഥ ഭാഗ്യ അവസ്ഥ എന്ന് എനിക്കറിയാം. സ്വർഗ്ഗപിതാവ് നൽകുന്ന എല്ലാ കഷ്ടതകളും പരിശോധനകളും തരണം ചെയ്യാൻ  നിങ്ങൾക്ക് സാധിക്കണം എങ്കിൽ ഈ അവസ്ഥകളും അനുഭവങ്ങളും സന്തോഷത്തോടെ സ്വീകരിച്ച് ജീവിക്കുവാൻ കഴിയണം.  സൽഗുണ പൂർണ്ണരാകുവാൻ നിങ്ങൾ അവയെ അഭിമുഖീകരിച്ചേ മതിയാകു. നിങ്ങളെ ശക്തിപ്പെടുത്തി സഹായിക്കാനായി പരിശുദ്ധാത്മ സഹായം നൽകുവാൻ ഞാൻ എന്നാളും നിങ്ങളോടൊപ്പമുണ്ട്. നമുക്ക് ഓരോ ഭാഗ്യഅവസ്ഥയെപ്പറ്റി ചുരുക്കമായി മനസ്സിലാക്കാൻ ശ്രമിക്കാം.

1) **ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം നിങ്ങൾക്കുള്ളതാണ്** (മത്തായി 5:3)

ഭിക്ഷയാചിക്കുന്നവർ ദാരിദ്ര്യം ഉള്ളവരാണ് എന്ന് പൊതുവെ പറയാറുണ്ട്. അന്നത്തേക്ക് ഉള്ള കാര്യങ്ങൾ നടന്നുപോകാൻ ദിനംപ്രതി അവർ പലരോടും യാചിക്കുന്നു. അതുപോലെ ആത്മീയ ജീവിതത്തിൽ നിലനിൽക്കുവാൻ ആവശ്യമായ കാര്യങ്ങൾ നിങ്ങൾ എന്നോട് ചോദിക്കുമ്പോൾ ഞാൻ തരുന്ന ആത്മീയദാനങ്ങൾ ഉപയോഗിച്ച അനുദിനം വളർന്നുകൊണ്ടേയിരിക്കും. ഞാൻ നൽകുന്ന ദാനങ്ങൾ ഓരോ ദിവസവും

നിങ്ങൾക്ക് ലഭിച്ചത് ഉപയോഗിച്ച് കഴിയുമ്പോഴേ നിങ്ങൾക്ക് ആത്മീയമായ വിശപ്പും ദാരിദ്ര്യവും അനുഭവപ്പെടുകയുള്ളൂ. ഞാൻ നൽകുന്നവ നിങ്ങൾ അനുഭവിച്ച ശേഷവും വളർച്ച പ്രാപിക്കുന്നില്ല എങ്കിൽ നിങ്ങൾക്ക് എന്തോ കാര്യമായ തകരാറുണ്ട്. അതിന് പരിഹാരമായി നിങ്ങളുടെ മനുഷ്യസഹജമായ ഇഷ്ടങ്ങൾ പൂർണമായി ഉപേക്ഷിച്ച് എന്റെ ഇഷ്ടത്തിന് കീഴ്പ്പെടുമ്പോൾ മാത്രമേ പരിശുദ്ധാത്മ ദാനങ്ങൾ നൽകി നിങ്ങളെ സമ്പന്നമാക്കാൻ എനിക്ക് കഴിയുകയുള്ളൂ. പരിശുദ്ധാത്മാവ് നിങ്ങളുടെ മനുഷ്യ ആത്മാവുമായി സഹകരിച്ച് പ്രവർത്തിക്കുമ്പോഴാണ് നിങ്ങളിൽ ആത്മീയ വളർച്ച നടക്കുന്നത്. നിങ്ങളിലുള്ള മനുഷ്യാത്മാവ് പാപചിന്തകൾ മൂലവും തിന്മപ്രവർത്തികൾ മൂലവും മരവിച്ച് മൃതപ്രായമാകുമ്പോൾ നിങ്ങൾക്ക് ആത്മീയദാരിദ്ര്യം ഒരിക്കലും അനുഭവപ്പെടുകയില്ല, മാത്രമല്ല അഹങ്കാരം ഉണ്ടാകുകയും ചെയ്യും. നിങ്ങൾ പാപാവസ്ഥയിൽ വീണു പോകാതെ സ്വയം കാത്തു സൂക്ഷിക്കുന്നു എങ്കിൽ മാത്രമേ ആത്മീയ വിശപ്പും ദാരിദ്ര്യവും നിങ്ങൾക്ക് അനുഭവപ്പെടുകയുള്ളൂ. വിശുദ്ധിയിലേക്ക് അടുത്തു വരുവാൻ ശ്രമിക്കുമ്പോൾ മാത്രമേ നിങ്ങളുടെ കുറവുകളും ദാരിദ്ര്യവും നിങ്ങൾക്ക് ബോധ്യമാകുകയുള്ളൂ. ചുരുക്കത്തിൽ, ആത്മാവിൽ നിങ്ങൾ ദരിദ്രന്മാർ ആണെന്ന് ബോധ്യം നിങ്ങൾക്കുണ്ടെങ്കിൽ നിങ്ങൾ ഭാഗ്യവാന്മാരാണ്. അങ്ങനെ വരുമ്പോൾ ദിനംതോറും പരിശുദ്ധാത്മദാനങ്ങൾ നൽകുവാൻ ഞാൻ തയ്യാറാണ്. ഇതാണ് യഥാർത്ഥ ഭാഗ്യ അവസ്ഥ.

2) **ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ, അവർക്ക് ആശ്വാസം ലഭിക്കും** (മത്താ.5:4)

ദുഃഖങ്ങൾ പലതരമുണ്ട്. എന്തെങ്കിലും നഷ്ടപ്പെടുമ്പോഴാണ് അല്ലെങ്കിൽ ആഗ്രഹിച്ചത് കിട്ടാതെവരുമ്പോൾ ഉണ്ടാകുന്ന ദുഃഖം നിങ്ങൾക്ക് സാധാരണമാണ്. എന്നാൽ അത്തരം ദുഃഖത്തെ പറ്റി അല്ല ഞാൻ പറയുന്നത്. നിങ്ങളുടെ പാപ അവസ്ഥയെപ്പറ്റി ദുഃഖിക്കുവാൻ നിങ്ങൾക്ക് കഴിയാറുണ്ടോ? ദുഃഖത്തിൽ കഴിയുന്ന ഒട്ടേറെ പേരെ എനിക്കറിയാം. അവർ മാനസാന്തരത്തിനായി കാത്തിരിക്കുന്നവരാണ്. പത്രോസ് എന്നെ തള്ളിപറഞ്ഞ ശേഷം ദുഃഖിച്ച് കരയുന്നതായി നിങ്ങൾ കണ്ടതാണല്ലോ. അപ്രകാരം പാപം ചെയ്യാൻ ഇടയായതിൽ ദുഃഖിച്ച് കരയുന്നവരെ ആശ്വസിപ്പിക്കുവാൻ ഞാൻ എപ്പോഴും ശ്രദ്ധിക്കാറുണ്ട്. എന്നെ ഒറ്റുകൊടുത്ത യൂദയും ദുഃഖിച്ചു എങ്കിലും അവന് ഞാൻ രക്ഷിക്കുമെന്ന പ്രത്യാശ ഇല്ലാതെ പോയതിനാൽ നിരാശനായി ആത്മഹത്യ ചെയ്തു. പാപജീവിതത്തിന്റെ ഭാരം പേറി കൊണ്ട് ദുഃഖിക്കുന്നവർ ആണെങ്കിൽ ഞാൻ അവർക്ക് ആശ്വാസവും സമാധാനവും നൽകും. ദൈവീക മർമങ്ങൾ ഗ്രഹിക്കാനും

ഗ്രഹിച്ച കാര്യങ്ങൾ ജീവിതത്തിൽ പാലിക്കാനും കഴിയാതെ സാത്താന്റെ പ്രലോഭനത്തിൽ അകപ്പെട്ടു വിഷമിക്കുന്നവർ ആണെങ്കിൽ അവരെ പരിശുദ്ധാത്മ സഹായത്താൽ ശക്തമാക്കുവാൻ എനിക്ക് കഴിയും.

നിങ്ങൾ ദുഃഖിച്ച് കരയുന്നത് കൊണ്ട് മാത്രം ഒരു പ്രയോജനവുമില്ല. അതുമൂലം എന്റെ കരുണയിൽ ഉള്ള പ്രത്യാശയും മറ്റുള്ളവരോട് കരുണചെയ്തു സഹായിക്കാനുള്ള സന്നദ്ധതയും നിങ്ങൾക്ക് ഉണ്ടാകുന്നുവെങ്കിൽ മാത്രമേ നിങ്ങളുടെ ദുഃഖം ആശ്വാസകാരണം ആകുന്നുള്ളൂ. ഞാൻ തന്നെ സ്വർഗ്ഗപിതാവിന്റെ സ്നേഹവും സമാധാനവും കൊണ്ട് നിങ്ങളുടെ ഹൃദയങ്ങളിൽ കടന്നു സകല ദുഃഖവും മാറ്റി തരും. നിങ്ങൾ അനുവദിക്കുമെങ്കിൽ ഞാൻ നിങ്ങളിലും നിങ്ങൾ എന്നിലും വസിക്കുന്ന വിധം ഒരു ആത്മബന്ധം സ്ഥാപിക്കുവാൻ ഞാൻ തയ്യാറാണെന്ന് അറിയുക. (യോഹന്നാൻ14:23). നിങ്ങളിലുള്ള ദുശീലങ്ങൾ, താഴക്കദോഷങ്ങൾ എന്നിവ നിങ്ങളെ ദുഃഖിപ്പിക്കുന്നു എങ്കിൽ എന്നിൽ വസിച്ച് എന്റെ വിശുദ്ധി സമ്പാദിക്കുവാൻ പരിശ്രമിക്കുക. എന്റെ സാദൃശ്യത്തിൽ വളരുവാൻ കഴിയാത്തതിലുള്ള ദുഃഖം നിങ്ങൾക്ക് ഉണ്ടാകാറുണ്ടോ? ഇല്ലെങ്കിൽ അപ്രകാരമുള്ള ദുഃഖം നിങ്ങളെ യഥാർത്ഥ ആശ്വാസത്തിലേക്ക് നയിക്കും, കാരണം നിങ്ങളുടെ അധ്വാനം മുഴുവനും എന്റെ സാദൃശ്യത്തിലേക്ക് വളരുന്നതിന് വേണ്ടി ആയിരിക്കണം.അതിനുള്ള പരിശ്രമത്തിൽ നിങ്ങൾ പരാജയപ്പെടുമ്പോൾ നിങ്ങൾക്ക് ദുഃഖമുണ്ടാകുന്നു എങ്കിൽ നിങ്ങൾ യഥാർത്ഥ ഭാഗ്യവാന്മാർ തന്നെയാണ്.ദുഃഖം മൂലം നിങ്ങളുടെ ഹൃദയം തകർന്നു ഇരിക്കുമ്പോൾ ഈ ലോക പ്രകാരമുള്ള കാര്യങ്ങൾ നിങ്ങളെ വശീകരിക്കാൻ ഇടയില്ല. നുറുങ്ങിയ ഹൃദയം മാനസാന്തരത്തിന് ഒരുങ്ങുന്നതിന്റെ ലക്ഷണമാണ്. അതും ഒരു ഭാഗ്യ അവസ്ഥയാണ്. ദുഃഖം ഭാഗ്യ അവസ്ഥ ആകുന്നത് എങ്ങനെ എന്ന് നിങ്ങൾക്ക് മനസ്സിലായി കാണുമല്ലോ.

3). **സൗമ്യത ഉള്ളവർ ഭാഗ്യവാന്മാർ,അവർ ഭൂമിയെ അവകാശമാക്കും** (മത്തായി.5:5).

സൗമ്യത, താഴ്മ (gentleness, humility) ഇവ രണ്ടും ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണ്. താഴ്മയാണ് ഹൃദയത്തിൽ ഒന്നാമത് ഉണ്ടാകേണ്ടത്. അത് ദൈവ ഇഷ്ടത്തിന് വിധേയപ്പെടുന്ന മനോഭാവമാണ്. സ്വന്ത ഇഷ്ടം നടത്തണമെന്ന് ആഗ്രഹിക്കുന്നവർക്ക് താഴ്മ ഒരിക്കലും ലഭിക്കുകയില്ല. എന്റെ അമ്മയ്ക്കും എനിക്കും ഈ ആന്തരിക ഭാവം ഉണ്ടായിരുന്നു. എന്നാൽ സൗമ്യത അഥവാ വിനയം പുറമേ മനുഷ്യരോട് കാണിക്കുന്ന സ്വഭാവവിശേഷമാണ്. യഥാർത്ഥ താഴ്മ ഉള്ളവർക്ക് മാത്രമേ

യഥാർത്ഥ സൗമ്യത അഥവാ വിനയം സ്വാഭാവികമായി പ്രകടിപ്പിക്കുവാൻ കഴിയൂ. താഴ്മ എന്ന ആന്തരിക ഭാവം ഇല്ലാത്തവരും സൗമ്യത ബാഹ്യമായി അഭിനയിച്ചു കാണിക്കാറുണ്ട്.

ദൈവമുൻപാകെ താഴ്മ കാണിക്കുവാൻ ശ്രമിക്കുമ്പോൾ അത് മനുഷ്യരുടെ മുമ്പാകെ ചിലപ്പോൾ അഹങ്കാരമായി തോന്നാനിടയുണ്ട്. ഞാൻ ദൈവഹിതമനുസരിച്ച് ചില കാര്യങ്ങൾ ചെയ്യുമ്പോൾ യഹൂദപ്രമാണികൾ എന്നെ പലപ്പോഴും കുറ്റപ്പെടുത്തിയിട്ടുണ്ട്. എന്തെല്ലാം എതിർപ്പുകൾ നേരിടേണ്ടി വന്നാലും ദൈവഹിതം മാത്രം നടപ്പാക്കാൻ ശ്രമിക്കുന്നത് എന്റെ താഴ്മയുടെ ലക്ഷണമാണ്. മനുഷ്യഹിതം നടപ്പാക്കുവാൻ ആഗ്രഹിക്കുന്നവരുടെ മുൻപിൽ അത് അഹങ്കാരമായി തോന്നിയേക്കാം. മനുഷ്യരെ പ്രസാദിപ്പിക്കുവാൻ വേണ്ടി നിങ്ങൾ താഴ്മസ്വഭാവം ഉപേക്ഷിക്കരുത്. അതേസമയം മനുഷ്യരുമായി തർക്കിക്കാൻ ഇടയാകാതെ സൗമ്യമായി പെരുമാറാൻ വിനയം ആവശ്യമാണ്. എന്നാൽ സാത്താനോട് ഇടപെടുമ്പോൾ വിനയവും സൗമ്യതയും താഴ്മയും ഒന്നും ഒരുകാരണവശാലും കാണിക്കാതെ അവനെ എതിർത്തു തോൽപ്പിക്കണം. മനുഷ്യരോട് വഴക്കിടാൻ പോകരുത്. എന്നാൽ വഴക്കിന് കാരണക്കാരനായ സാത്താനെ നിങ്ങൾ ശക്തിയോടെ എതിർത്തു ഓടിക്കണം.

വിനയ ഭാവം ഒരുതരം ബലഹീനതയോ പേടിയോ ആയി കരുതി നിങ്ങളെ കളിപ്പിക്കാൻ നിങ്ങൾ ആരെയും അനുവദിക്കരുത്. സത്യം ധൈര്യമായി ആരോടും മുഖത്തുനോക്കി പറയുന്നത് താഴ്മയുടെയും വിനയത്തിന്റെയും ലക്ഷണമാണ് എന്ന് മനസ്സിലാക്കുക. മനുഷ്യരുടെ മുമ്പാകെ മാന്യനും സൗമ്യമായി ഇടപെടുന്നവനുമായി അറിയപ്പെടുവാൻ ആഗ്രഹിച്ചു സത്യം പറയുവാൻ വിമുഖത കാണിച്ചാൽ നിങ്ങൾ ദൈവമുമ്പാകെ കുറ്റക്കാരനാകും എന്ന് ഓർക്കുക. "ദൈവം അഹങ്കാരികളോട് എതിർത്തു നിൽക്കുന്നു, വിനയം ഉള്ളവരോട് ദയ കാണിക്കുന്നു" (1പത്രോസ് 5 :5). ഞാൻ വിനയവും താഴ്മയും ഉള്ളവരെയാണ് ചുമതലകളും അധികാരങ്ങളും ഏൽപ്പിക്കുന്നത്. "സൗമ്യത ഉള്ളവർ ഭൂമിയെ അവകാശമാക്കും"(സങ്കി. 37:11) എന്ന് അറിയുക. സൗമ്യത ഉള്ളവൻ വലിയവൻ ആകാൻ ആഗ്രഹിക്കാത്ത തിനാൽ ആന്തരികമായി സമാധാനം ഉള്ളവരായിരിക്കും. ദൈവം നൽകിയതിൽ സംതൃപ്തൻ ആയതുകൊണ്ട് എന്നും ദൈവത്തോട് നന്ദി ഉള്ളവനും ആയിരിക്കും. സൗമ്യത ഉള്ളവൻ പ്രതിസന്ധിഘട്ടത്തിൽ സ്വന്തം കഴിവിൽ ആശ്രയിക്കാതെ ദൈവശക്തിയിൽ ആശ്രയിക്കാൻ പരിശ്രമിക്കും. സൗമ്യത ഉള്ളവർ ഭാഗ്യവാന്മാർ ആകുന്നത് എങ്ങനെയാണെന്ന് ഇപ്പോൾ നിങ്ങൾക്ക് അൽപ്പമെങ്കിലും മനസ്സിലായിക്കാണുമല്ലോ.

4). **നീതിക്ക് വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ, അവർക്ക് തൃപ്തി വരും** (മത്തായി 5 :6)

ഈ ലോകത്തിൽ നിങ്ങൾക്ക് ജീവിക്കുവാൻ പ്രാണവായു ആവശ്യമാണല്ലോ.അതുപോലെ ആത്മീയ ജീവൻ നിലനിർത്താൻ നിങ്ങൾക്ക് അത്യാവശ്യമായ കാര്യമാണ് ദൈവരാജ്യ നീതിക്കുവേണ്ടിയുള്ള വിശപ്പും ദാഹവും. അതില്ലാതെ വരുമ്പോൾ നിങ്ങൾക്ക് ശ്വാസംമുട്ടുന്ന അനുഭവം ഉണ്ടാകണം. ദൈവരാജ്യനീതി എന്നത് ലോകപ്രകാരം, നിങ്ങൾ നിങ്ങളുടെ താൽപര്യപ്രകാരം എഴുതി ഉണ്ടാക്കുന്ന നീതി നിയമങ്ങളല്ല, പിതാവിന്റെ സ്വർഗ്ഗരാജ്യ അനുഭവത്തിലൂടെ നിങ്ങളുടെ ഉള്ളിൽ വളർത്തിയെടുക്കേണ്ട ഒരു നീതിബോധമാണ്. എന്റെ തന്നെ മനോഭാവമാണ് ദൈവികനീതി എന്നത്. അത് നിങ്ങൾ സ്വന്തമാക്കിയാൽ മാത്രമേ നിങ്ങൾക്ക് സംതൃപ്തി ലഭിക്കുകയുള്ളൂ. ലോകനീതിയുടെ പിറകെ പോയാൽ എന്നും വിശപ്പും ദാഹവും അസംതൃപ്തിയും അനുഭവപ്പെടും. എന്നിൽ നിന്നും ലഭിക്കുന്ന ദൈവീക നീതിക്കുവേണ്ടി മറ്റെല്ലാം ഉപേക്ഷിക്കുന്നവർക്ക് മാത്രമേ യഥാർത്ഥ സംതൃപ്തിയും പൂർണതയും ലഭിക്കുകയുള്ളൂ. അപ്രകാരം സംതൃപ്തി നിറഞ്ഞ അനുഭവത്തിൽ മാത്രമേ യഥാർത്ഥ ദൈവഭക്തി നിലനിർത്തുവാൻ നിങ്ങൾക്ക് കഴിയൂ. സംതൃപ്തിയോടു കൂടിയ ദൈവഭക്തി വലിയ പ്രയോജനം ചെയ്യും എന്ന് എന്റെ പ്രിയശിഷ്യൻ പൗലോസ് നിങ്ങളെ പഠിപ്പിച്ചിട്ടുണ്ട്. (1 തിമോത്തി 6:6). മനുഷ്യരായ നിങ്ങളുടെ രക്ഷയ്ക്ക് വേണ്ടി യാതൊരു തെറ്റും ചെയ്യാതിരുന്ന എന്നെ മരണത്തിന് വിട്ടുകൊടുത്ത മനോഭാവമാണ് ദൈവ നീതിയുടെ മാനദണ്ഡം. നിങ്ങളുടെ ലോക നീതിബോധത്തിന് അത് അന്യായമായി തോന്നിയേക്കാം. അത് ശരിയായ അളവിൽ മനസ്സിലാകണമെങ്കിൽ നിങ്ങൾ എന്റെ മനോഭാവം ധരിക്കണം.

ഇപ്രകാരം എന്റെ മനോഭാവം ഉൾക്കൊള്ളുന്നവർക്ക് മാത്രമേ എന്നോടൊപ്പം പ്രവർത്തിക്കാൻ കഴിയൂ. എനിക്കുവേണ്ടി തനിയെ പ്രവർത്തിക്കുവാൻ ആണ് നിങ്ങൾ അധ്വാനിക്കുന്നത്. എന്നോടൊപ്പം പ്രവർത്തിക്കാനാണ് ഞാൻ നിങ്ങളെ കാത്തിരിക്കുന്നത്. പക്ഷേ നിങ്ങൾ നിങ്ങളുടെ സ്വന്തം പദ്ധതിപ്രകാരം പ്രവർത്തിച്ചു മുന്നോട്ട് പോകുന്നതിനാൽ ദൈവരാജ്യനീതി തിരിച്ചറിയാൻ കഴിയാതെ നട്ടം തിരിഞ്ഞു എന്തൊക്കെയോ ചെയ്തു കൂട്ടുകയാണ്.എന്നോടൊപ്പം അല്ലാതെ നിങ്ങൾ ചെയ്യുന്ന ഒരു പ്രവൃത്തിയും ഉം ദൈവരാജ്യത്തിന്റെ നീതിക്ക് നിരക്കുന്നതല്ല. എഫെസ്യ സഭ പോലെ എന്നോടുള്ള ആദ്യ സ്നേഹം വിട്ടു കളഞ്ഞ വരാണ് നിങ്ങളിൽ അധികപങ്കും. (വെളി 2: 2– 4). എന്നോടൊപ്പം ഇരുന്ന് ആലോചിച്ച് നാം ഒന്നിച്ച് പ്രവർത്തിക്കുന്നവരായി നിങ്ങളോരോരുത്തരും ആയിരിക്കണം.

എന്നെ അറിയുംതോറും നീതിക്കുവേണ്ടിയുള്ള നിങ്ങളുടെ വിശപ്പും ദാഹവും വർദ്ധിക്കുകയും എന്നിൽനിന്നും അനുദിനം പോഷണം പ്രാപിച്ച് വളരുകയും അങ്ങനെ എന്നോടൊപ്പം പ്രവർത്തിച്ച നിങ്ങളെ ഞാൻ സംതൃപ്തരാക്കുകയും ചെയ്യും. എന്നോട് ചേർന്നിരിക്കും തോറും നിങ്ങൾ എന്നെപോലെ ആയി കൊണ്ടേയിരിക്കും. എന്റെ ശിഷ്യന്മാരായ പത്രോസിനേയും യോഹന്നാനെയും കണ്ടപ്പോൾ അവർ എന്നോട് കൂടെ ഉള്ളവരാണെന്ന് ജനം തിരിച്ചറിഞ്ഞു.(അ. പ്ര. 4: 13). ഇപ്രകാരമുള്ള ഒരു "മുഖശോഭ" നിങ്ങൾ എന്നോട് കൂടെയിരുന്ന് പ്രാപിച്ചെങ്കിൽ മാത്രമേ നിങ്ങളുടെ ദൈവരാജ്യപ്രവർത്തനങ്ങൾ വിജയിക്കുകയുള്ളൂ. ദൈവ രാജ്യത്തിന്റെ നീതിക്കുവേണ്ടി വിശന്നും ദാഹിച്ചും ഇരിക്കുന്നവർക്ക് മാത്രമേ പരിശുദ്ധാത്മ നിറവിൽ യഥാർത്ഥ സംതൃപ്തി ലഭിക്കുകയുള്ളൂ. (എഫെ.1:23; 1കൊരി15: 28). ഈ പ്രപഞ്ചസൃഷ്ടിയിൽ ഞങ്ങൾ മൂന്നുപേരും (വിശുദ്ധ ത്രിത്വം) ഒന്നിച്ച് പ്രവർത്തിച്ചത് പോലെ, പുതിയ ആകാശവും പുതിയ ഭൂമിയും ആകുന്ന ദൈവരാജ്യ സൃഷ്ടികർമ്മത്തിൽ നിങ്ങൾക്കും പങ്കുചേരാം, നിങ്ങൾ നിരന്തരം നീതിക്കായി വിശന്നും ദാഹിച്ചും എന്നോടൊപ്പം പ്രവർത്തിക്കാൻ കഴിയുമെങ്കിൽ!

5). **കരുണയുള്ളവർ ഭാഗ്യവാന്മാർ അവർക്കു കരുണ ലഭിക്കും.** (മത്താ. 5: 7).

നിങ്ങളുടെ അന്ത്യന്യായവിധിയെ ബാധിക്കുന്ന ഏറ്റവും വലിയ കാര്യമാണ് കരുണ ലഭിക്കുക എന്നത്. "കരുണ കാണിക്കാത്തവനു കരുണയില്ലാത്ത ന്യായവിധി ഉണ്ടാകും കരുണ, ന്യായവിധിയെ ജയിച്ച് പ്രശംസിക്കുന്നു" (യാക്കോ 2: 13). നിങ്ങൾ ആയിരിക്കുന്നതും ആകാൻ ഇരിക്കുന്നതും ആയ എല്ലാം തന്നെ എന്റെ കരുണയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. മറ്റുള്ളവരുമായി താരതമ്യപ്പെടുത്തുമ്പോൾ നിങ്ങൾ ഒരു നല്ല ജീവിതം നയിക്കുന്നതായി നിങ്ങൾക്ക് തോന്നാം, പരീശ പ്രമാണിമാരെ പോലെ. ചുങ്കക്കാരൻ പ്രാർത്ഥിച്ച തുപോലെ "പാപിയായ എന്നോട് കരുണ ചെയ്യണം" എന്ന് നിങ്ങൾക്ക് പ്രാർത്ഥിക്കുവാൻ കഴിയുന്നില്ലെങ്കിൽ വലിയ പാപിയായി എന്റെ സന്നിധിയിൽ നിന്നും പരീശനെപോലെ നിങ്ങൾക്കും ഇറങ്ങിപ്പോകേണ്ടിവരും. നിങ്ങൾ മറ്റുള്ളവരോട് കരുണ കാണിക്കുന്ന അതേ അളവിലാണ് നിങ്ങൾക്കും കരുണ തിരിച്ച് ലഭിക്കുന്നത് എന്ന് മറക്കരുത്. (മത്താ.7: 2).

യഥാർത്ഥ കരുണ, സ്നേഹം എന്ന നാമരൂപത്തിന്റെ ക്രിയരൂപമാണ്. ഐസ്കട്ട ഉരുകി വെള്ളവും നീരാവിയും ഒക്കെ ആകുന്നതുപോലെ സ്നേഹത്തിന്റെ നീർച്ചാലുകൾ കവിഞ്ഞൊഴുകി വരുന്നതാണ് കാരുണ്യ പ്രവൃത്തികൾ.

നിങ്ങൾ നടത്തുന്ന ജീവകാരുണ്യ പ്രവൃത്തികളും ഇപ്രകാരം സ്നേഹം ഒഴുകിവരുന്നതായിരിക്കണം. സ്നേഹത്തിൽ നിന്ന് ഉളവാകാത്ത ഒന്നും എനിക്ക് സ്വീകാര്യമല്ല. ദൈവിക സ്നേഹത്തിന്റെ സ്വഭാവം എന്താണെന്ന് പൗലോസ്ശ്ലീഹാ വർണിക്കുന്നുണ്ടല്ലോ. (1 കോരി. അദ്ധ്യായം13.). അപ്രകാരമുള്ള സ്നേഹം നിങ്ങളിൽ നിറഞ്ഞു വരുമ്പോൾ മാത്രമേ കരുണ നിങ്ങൾക്ക് നൽകാൻ കഴിയൂ. സ്നേഹം നിങ്ങളെ നിർബന്ധിച്ചാൽ മാത്രമേ യഥാർത്ഥ കരുണ പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ.കാരണം "ഞാൻ തന്നെ സ്നേഹമാകുന്നു"(1 യോഹ. 4: 8).

6) **ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും** (മത്തായി 5: 8)

ദൈവത്തെ കാണാനുള്ള ഭാഗ്യം ഹൃദയശുദ്ധിയുള്ളവർക്ക് മാത്രമേ ലഭിക്കൂ (സങ്കീ24:3). ദൈവരാജ്യമർമ്മങ്ങൾ പരിശുദ്ധാത്മാവ് വെളിപ്പെടുത്തുന്നത് ഹൃദയവിശുദ്ധി ഉള്ളവർക്കാണ്. എന്നെപ്പറ്റി, എന്റെ വഴികളെപ്പറ്റി ശരിയായ കാഴ്ച്ചപ്പാട് നിങ്ങൾക്ക് ലഭിക്കണമെങ്കിൽ ശുദ്ധഹൃദയവും നിഷ്കളങ്കമനസ്സും ഉണ്ടായിരിക്കണം. ഉയർത്തെഴുന്നേറ്റ ശേഷം ഞാൻ ശിഷ്യന്മാർക്ക് ശരീര പ്രകാരം പ്രത്യക്ഷനായപ്പോൾ ഞാനവർക്ക് കാണപ്പെട്ടു എങ്കിൽ, ഹൃദയത്തിൽ എന്നെ കാണുന്നവരാണ് കൂടുതൽ ഭാഗ്യവാന്മാർ എന്ന് ഞാൻ അന്നേ പറഞ്ഞിട്ടുണ്ട്. (യോഹ. 20:29).

ഹൃദയവിശുദ്ധി ഇല്ലെങ്കിൽ എന്നെ ശരിയായ മനസ്സിലാക്കാൻ കഴിയില്ലെന്ന്മാത്രമല്ല എന്നെ തെറ്റിദ്ധരിച്ച്പരിശുദ്ധാത്മാവിനെ ദുഃഖിക്കുന്ന പ്രവൃത്തികളിൽ നിങ്ങൾ ഏർപ്പെട്ടു സ്വയം നശിച്ചു പോകാൻ ഇടയാകും. (2കോരി. 13:5 ; തീത്തൂസ് 1:16). നിങ്ങളുടെ ലംഘനങ്ങളും പാപങ്ങളും നമുക്ക് ഇടയിൽ ഒരു മറയായി നിൽക്കുന്നതിനാൽ ഹൃദയ വിശുദ്ധീകരണം പ്രാപിക്കാതെ നമുക്ക് ഒന്നിച്ച് ആലോചിക്കാനും പ്രവർത്തിക്കുവാനും കഴിയാതെ വരുന്നു. ഞാൻ നിങ്ങളെ സ്നേഹിക്കുന്നതിനാൽ നിങ്ങളുടെ ശുദ്ധീകരണത്തിനായി കുറേ കഷ്ടതകളും പ്രതിസന്ധികളും അയക്കുന്നത് നിങ്ങളുടെ നൻമയ്ക്ക് വേണ്ടിയാണ് എന്ന് നിങ്ങൾ തിരിച്ചറിയണമെങ്കിൽ, ഹൃദയ ശുദ്ധീകരണത്തിലേക്ക് നിങ്ങളെ നയിക്കുന്ന അനുതാപം മാനസാന്തരം എന്നിവ നിങ്ങൾക്ക് ഉണ്ടാകണം. പാപബോധം വരുത്തി സകല സത്യത്തിലേക്കും നിങ്ങളെ വഴി നടത്തുന്ന പരിശുദ്ധാത്മാവിന്റെ സഹായം നിങ്ങൾ അടിയന്തരമായി തേടണം. കഷ്ടങ്ങൾ നിങ്ങൾക്ക് ദൈവരാജ്യ പ്രവേശനത്തിന് യോഗ്യരാകുവാൻ ശുദ്ധീകരിക്കുന്നതിന് ആയിട്ട് ഞാൻ നൽകുന്നതാണെന്ന് തിരിച്ചറിയുക. (2 തെസ്സ 1: 5). ഞാൻ

കൽപ്പിക്കുന്ന എല്ലാറ്റിന്റെയും ലക്ഷ്യം നിങ്ങളുടെ ശുദ്ധീകരണം തന്നെയാണ് (1തിമോ. 1:5). സത്യമാർഗ്ഗത്തെ അനുസരിച്ച് പരിശുദ്ധാത്മ ശക്തിയാൽ ജീവിക്കുവാൻ മനസ്സ് വെക്കുന്നവർക്ക് മാത്രമേ ശുദ്ധഹൃദയം ലഭിക്കൂ. (1 പത്രോ. 1: 22).

7) **സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും** (മത്തായി 5: 9).

ദൈവീക സമാധാനവും ലോകസമാധാനവും നിങ്ങൾ തിരിച്ചറിയണം. എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു, ലോകം തരുന്നത് പോലെ അല്ല. അതേ സമയം സമാധാനം അല്ല വാൾ അത്രയേ ഞാൻ കൊണ്ടുവരുന്നത് എന്നും ഞാൻ പറഞ്ഞിട്ടുള്ളത് അറിയാമല്ലോ. സമാധാനം എന്ന വിഷയത്തെപ്പറ്റി ഞാൻ പറഞ്ഞ കാര്യങ്ങൾ ശിഷ്യന്മാർ എഴുതിവച്ചത് നിങ്ങൾ തന്നെ വായിച്ചു നോക്കി മനസ്സിലാക്കുക: (മത്തായി.10:13, 34; മർക്കോസ് 4.39,9:50; ലൂക്കോസ് 1: 79, 2: 14;10: 6; 12: 51; 14:32; 19: 38; യോഹന്നാൻ 14:27; 16: 33.)

സമാധാനത്തിന് അടിസ്ഥാനം സ്നേഹവും ക്ഷമയും ആണ്. ദൈവിക സന്നിധിയിൽ ക്ഷമ ലഭിച്ചവർക്ക് മാത്രമേ മനുഷ്യരുമായി പരസ്പരം ക്ഷമിച്ച് രമ്യമായി സമാധാനപൂർവ്വം ജീവിക്കാൻ കഴിയൂ. ദൈവമായി അനുരഞ്ജനം സാധിക്കാത്തതുകൊണ്ടാണ് നിങ്ങൾ പരസ്പരം കലഹിച്ച് കഴിയുന്നത്. മനുഷ്യർ തമ്മിൽ അല്ല ദുഷ്ടാത്മാക്കൾ ആയ സാത്താന്റെ സൈന്യങ്ങ ളോടാണ് നിങ്ങൾ പോരാടി ജയിക്കേണ്ടത്. നിങ്ങൾ മനുഷ്യർ തമ്മിൽ തമ്മിൽ പിണക്കവും വൈരാഗ്യവും വർദ്ധിപ്പിക്കുന്ന സാത്താന്യ സൈന്യങ്ങളുടെ പ്രവർത്തനങ്ങളെ തിരിച്ചറിഞ്ഞ് അതിനെ നേരിടാൻ എന്നിൽ ആശ്രയിച്ചാൽ പരിശുദ്ധാത്മ ശക്തി നൽകി നിങ്ങളെ ഞാൻ വിജയിപ്പിക്കാമെന്ന് ഉറപ്പുതരുന്നു. ആയതിലേക്ക് ആദ്യം നിങ്ങൾ എന്നോട് നിരപ്പാകണം.

എന്റെ സ്നേഹം നിങ്ങളിൽ നിറയണം. അപ്പോൾ നിങ്ങൾക്ക് ആരെയും നിരോധിക്കുവാൻ കഴിയില്ല. സ്നേഹിക്കാൻ കഴിഞ്ഞാൽ പിന്നെ നിങ്ങൾക്ക് ശത്രുക്കളില്ല ,എല്ലാവരും മിത്രങ്ങളാണ്. ഞാൻ പറയുന്നത് നിങ്ങൾക്ക് ഗ്രഹിക്കാൻ പ്രയാസം ആകും എന്ന് എനിക്കറിയാം. പക്ഷേ ഇവ ഗ്രഹിച്ചാൽ മാത്രമേ നിങ്ങൾക്ക് സ്വർഗ്ഗത്തിലേക്ക് പ്രവേശനം ലഭിക്കുകയുള്ളൂ. ആദ്യം ഞാനും നിങ്ങളുമായി സമാധാനം ഉണ്ടാക്കണം. എങ്കിൽ മാത്രമേ നിങ്ങൾക്ക് പരസ്പരം സമാധാനം ഉണ്ടാക്കുന്ന ഭാഗ്യവാന്മാർ ആയിത്തീരാൻ കഴിയൂ.ദൈവത്തെ അറിയാത്തവരെയും അനുസരിക്കാത്തവരെയും

അനുരഞ്ജിപ്പിക്കുവാൻശ്രമിക്കുന്നത്‌വിഡ്ഢിത്തമാണ്.അതുകൊണ്ടാണ്ആദ്യം നിങ്ങളെ ദൈവവിശ്വാസികൾ ആക്കുവാൻ ഞാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ദൈവഹിതത്തിന് വഴങ്ങാൻ മനസ്സില്ലാത്തവരെ അനു രഞ്ജിപ്പിക്കുവാൻ ശ്രമിക്കുന്നത് പാഴ് വേലയാണ് എന്ന് നിങ്ങൾ തിരിച്ചറിയുക. ഞാനും എന്റെ സ്വർഗപിതാവും ഒന്നായിരിക്കുന്നതുപോലെ നിങ്ങളും എന്റെ പിതാവുമായി ഒന്നായിത്തീരുന്ന അനുഭവത്തിൽ മാത്രമേ നിങ്ങൾക്കും പരസ്പരം ഒന്നാകുവാൻ കഴിയൂ. ദൈവവുമായി ഒന്നാകുക എന്നതാണ് പരസ്പരം യോജിക്കുന്നതിന്റെ പ്രധാന വ്യവസ്ഥ. ഇന്ന് വ്യക്തികൾ തമ്മിലും സമുദായങ്ങൾ തമ്മിലും കലാപങ്ങൾ നിലനിൽക്കുന്നത് നിങ്ങളീ കാര്യം വേണ്ടതുപോലെ മനസ്സിലാക്കാതെ പ്രവർത്തിക്കുന്നതുകൊണ്ടാണ്. സമാധാനം ഉണ്ടാക്കുവാൻ ആരംഭിക്കേണ്ടത് നിങ്ങളുടെ ഹൃദയത്തിൽ നിന്നാണ്. അതായത്, നിങ്ങൾക്ക് ആരോടെങ്കിലും പിണക്കം ഉണ്ടെങ്കിലോ ആർക്കെങ്കിലും നിങ്ങളോട് പിണക്കം ഉണ്ടെങ്കിലോ അത് പരിഹരിച്ച് രമ്യമായി മാത്രം സമാധാനം ഉണ്ടാക്കാൻ ശ്രമിക്കുക. പരസ്പരം പിണക്കം വെച്ചുകൊണ്ട് നിങ്ങൾ നടത്തുന്ന പ്രാർഥനകളും ആരാധനകളും ബലികളും ഞാൻ സ്വീകരിക്കുന്നതല്ല. ഇത് നിങ്ങൾ അറിഞ്ഞുകൊണ്ടുതന്നെ ബാഹ്യമായ ആരാധനകൾ നടത്തുന്നത് മനുഷ്യരെ ബോധിപ്പിക്കാൻ വേണ്ടി ആണെങ്കിലും അത് എന്നെ അപമാനിക്കുകയാണ് എന്നോർക്കുക.

8) **നീതി നിമിത്തം ഉപദ്രവിക്കപെടുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്.** (മത്തായി 1:10.)

ഈ ലോക വ്യവസ്ഥിതികൾ ദൈവരാജ്യപ്രമാണങ്ങൾക്ക് എതിരു ആകയാൽ ദൈവനീതിക്ക് വേണ്ടി നിലകൊള്ളുന്നവർക്ക് ഞാൻ സഹിച്ചത് പോലെ കഠിനമായ ഉപദ്രവങ്ങളും പരിഹാസങ്ങളും പീഡനങ്ങളും സഹിക്കേണ്ടി വരുന്നത് സ്വാഭാവികമാണ് .ഈ ലോകത്തിൽ അധികാരവും അംഗീകാരവും മഹത്വവും സുഖവും അന്വേഷിക്കുന്നവർ വലിയ ദുരിതങ്ങൾ ഒന്നുമില്ലാതെ ജീവിക്കുന്നത് കാണുമ്പോൾ അപ്രകാരമുള്ള ലൗകിക മാർഗങ്ങൾ സ്വീകരിക്കാൻ നിങ്ങളും ഇഷ്ടപ്പെടുവാൻ ഇടയുണ്ട്. മരുഭൂമിയിലെ പ്രലോഭന വേളയിൽ സാത്താൻ പല എളുപ്പവഴിയും എന്നെ കാണിച്ചു തന്ന കാര്യം നിങ്ങൾ ഓർക്കുന്നുണ്ടല്ലോ. കഷ്ടതകളും ദുരിതങ്ങളും നിറഞ്ഞ ജീവന്റെ വഴി നിങ്ങൾക്ക് ഞാൻ കാണിച്ചു തന്നത് ഞാൻ ആ വഴിയിൽ കൂടി സഞ്ചരിച്ച് വിജയിച്ചതിന് ശേഷമാണ്. പൂർണ്ണ വിശ്വാസവും സമർപ്പണവും ഉണ്ടെങ്കിൽ നിങ്ങൾക്കും എന്റെ വഴിയിൽ കൂടി യാത്ര ചെയ്തു പീഡനങ്ങളും എതിർപ്പുകളും സഹിച്ചുകൊണ്ട് തന്നെ പരിശുദ്ധാത്മ സഹായത്താൽ നിങ്ങളുടെ കൈപിടിച്ചുകൊണ്ട് സ്വർഗ്ഗരാജ്യത്തിൽ എത്തിക്കാമെന്ന് വിശ്വസിച്ച്

ധൈര്യപൂർവ്വം എന്റെ പിന്നാലെ വരിക. എന്റെ അനുഭവത്തിൽ നിന്നാണ് ഞാൻ ഈ കാര്യങ്ങളൊക്കെ നിങ്ങളോട് പറയുന്നത്.

9) **എന്റെ നിമിത്തം നിങ്ങളെ പഴിക്കുകയും ഉപദ്രവിക്കുകയും നിങ്ങളെ കൊണ്ട് എല്ലാ തിന്മയും കളവായി പറയുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ, സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ട് നിങ്ങൾ സന്തോഷിച്ചു ഉല്ലസിക്കുവിൻ** (മത്തായി 5:11, 12)

നിങ്ങൾ പീഡിപ്പിക്കപ്പെടുമ്പോൾ സന്തോഷിക്കണം എന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. കാരണം നിങ്ങൾക്ക് സ്വർഗ്ഗരാജ്യപ്രവേശനമാണ് അതുമൂലം സാധ്യമായിവരുന്നത്. ഉന്നത പരീക്ഷകൾ എഴുതുവാൻ നിങ്ങൾക്ക് യോഗ്യത ലഭിക്കുന്നത് തന്നെ ലോക പ്രകാരമുള്ള ഭാഗ്യ അവസരമായി നിങ്ങൾ കാണാറുണ്ടല്ലോ. ദൈവരാജ്യനീതി നടപ്പാക്കാൻ ഉള്ള ശ്രമത്തിൽ ഞാൻ സഹിച്ച കഷ്ടപ്പാടുകൾ നിങ്ങൾക്ക് അറിയാവുന്നതുപോലെ നിങ്ങൾക്കും അവ നേരിടേണ്ടിവരും. ഒരു കാര്യം വീണ്ടും ഞാൻ നിങ്ങൾക്ക് ഉറപ്പു തരുന്നു: ഞാൻ ഇരിക്കുന്നിടത്ത്, എന്റെ സ്വർഗ്ഗപിതാവിന്റെ സന്നിധിയിൽ തന്നെ ഞാൻ നിങ്ങളെയും ഇരുത്തും" (യോഹ. 12:26). ലോകം മുഴുവനും രക്ഷ പ്രാപിക്കണം എങ്കിൽ ഞാൻ കാണിച്ചു തന്ന ക്രൂശിന്റെ മാർഗ്ഗം നിങ്ങളും ക്രൂശ് ചുമന്നുകൊണ്ട് തന്നെ നിങ്ങൾ ചുറ്റുപാടുള്ളവർക്ക് ജീവിച്ചു കാണിച്ചു കൊടുക്കണം. ഞാൻ രണ്ടായിരം വർഷങ്ങൾക്കു മുൻപ് തുടങ്ങിവച്ച രക്ഷാപ്രവർത്തനം നിങ്ങളിൽ കൂടിയാണ് ഇനിയും പൂർത്തിയാക്കേണ്ടത്. (എബ്രാ.2:10). എനിക്കുവേണ്ടി എന്റെ കുരിശ് നിങ്ങൾ നിങ്ങളുടെ സാഹചര്യത്തിൽ ചുമക്കുവാൻ നിങ്ങൾക്ക് കഴിയുന്നുണ്ടെങ്കിൽ അതൊരു മഹാഭാഗ്യമായി നിങ്ങൾ കരുതണം. കാരണം എന്റെ കുരിശു ചുമന്ന് എനിക്ക് സാക്ഷികളായി ജീവിക്കുവാൻ കഴിവുള്ളവരെ മാത്രമേ ഞാൻ ആ ഭാരം ഏൽപ്പിക്കുകയുള്ളൂ. വിശ്വാസപൂർവ്വം എന്റെ മനസ്സോടു ചേർന്ന് കുരിശ് വഹിക്കും എങ്കിൽ എന്റെ കുരിശ് ഒരിക്കലും നിങ്ങൾക്ക് ഭാരം ആകുകയില്ല, മറിച്ച് നിങ്ങൾക്ക് അത് ഒരു "ചുമടുതാങ്ങി" ആയി അനുഭവപ്പെടും. ഈ കുരിശിന്റെ മാർഗ്ഗത്തിലൂടെ മാത്രമേ നിങ്ങൾ സ്വർഗ്ഗരാജ്യ കവാടത്തിൽ എത്തുകയുള്ളൂ. സ്വർഗ്ഗീയ യാത്രയിലേക്കുള്ള സംഘത്തിൽ ചേർന്ന് എന്നോടൊപ്പമുള്ള തീർത്ഥാടനത്തിൽ സന്തോഷത്തോടെ നിങ്ങളും പങ്കുചേരുക. ഞാനും എന്റെ സ്വർഗ്ഗപിതാവും പരിശുദ്ധാത്മാവും എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. വിശ്വാസപൂർവ്വം ധൈര്യമായി സന്തോഷത്തോടെ എന്നെ പിന്തുടരുക. സകല സ്വർഗ്ഗ സൗഭാഗ്യങ്ങളും ഞാൻ നിങ്ങൾക്കായി ഒരുക്കിവെച്ചു കാത്തിരിക്കുകയാണ്.

30-10-2020

## അദ്ധ്യായം 20

# "നിങ്ങൾ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവും ആകുന്നു"

(മത്തായി 5:13–16)

ഇസ്രായേൽജനം എന്റെ "ഉപ്പ്" ആയിരുന്നു. ലോകജനതകളിൽ നിന്നും പല ഘട്ടങ്ങളിലൂടെ നടത്തി ശുദ്ധീകരിച്ച് എടുത്ത എന്റെ സ്വന്തം ജനം! ലോകത്തിന് മുഴുവനും ഒരു മാതൃകയാക്കാൻ ഞാൻ പ്രതീക്ഷ വെച്ച വിശുദ്ധജനം. അതുകൊണ്ടുതന്നെ മറ്റു എല്ലാവരെക്കാളും അധികമായി ഞാൻ അവരെ സ്നേഹിച്ചു, സഹായിച്ചു വഴിനടത്തി. എന്നാൽ ഞാൻ ഈ ലോകത്തിൽ അവതരിച്ചപ്പോൾ അവരുടെ ജീവിതരീതികൾ ഉപ്പ് ഇല്ലാത്ത അവസ്ഥയിലേക്ക് തരം താഴ്ന്നതിനാൽ അരോചകവും ജീർണ്ണത നിറഞ്ഞതും ആയിതീർന്നു. ഞാൻ അവർക്ക് നൽകിയിരുന്ന വിശുദ്ധിയും സൗന്ദര്യവും അവർ നഷ്ടപ്പെടുത്തികളഞ്ഞു. ഗിരി പ്രഭാഷണങ്ങൾ അവർക്ക് വേണ്ടിയാണ് ഞാൻ നടത്തിയത്. ദൈവനീതിയും സ്നേഹവും വീണ്ടും അവരെ ഓർമ്മിപ്പിച്ച് എങ്കലേക്കു ചേർക്കാനാണ് ഞാനാദ്യം പരിശ്രമിച്ചത്. എന്റെ പുനരുദ്ധാനശേഷം ഞാൻ സ്ഥാപിച്ച എന്റെ സഭയിലെ ആളുകളെ അല്ല ഞാൻ ഗിരിപ്രഭാഷണം വഴി ഉന്നം വെച്ചത്. എന്നാൽ എന്റെ പ്രഭാഷണങ്ങൾ ലോകത്തിലെ എല്ലാവർക്കും പ്രയോജനപ്പെടുന്നവ തന്നെയാണ്. പഴയനിയമവും പുതിയ നിയമവും തമ്മിൽ ബന്ധിപ്പിക്കുന്ന "പാലമാണ്" എന്റെ ഗിരിപ്രഭാഷണം. ലോകത്തിൽ ഇന്ന് അറിയപ്പെടുന്ന എല്ലാ ദൈവവിശ്വാസികൾക്കും, അവർ ഏത് മതവിഭാഗത്തിൽ പെട്ടവർ ആയിരുന്നാലും, സ്വീകരിക്കാവുന്നതും അനുസരിക്കുന്നതും ആയ കാര്യങ്ങളാണ് ഞാൻ പഠിപ്പിച്ച ഉപദേശങ്ങൾ എല്ലാംതന്നെ. മറ്റു ജാതികളിൽ പെട്ടവർ എല്ലാം എന്നോട് ഒട്ടിച്ചു ചേർക്കപ്പെട്ടവർ ആകയാൽ (റോമ.11:24) എല്ലാവരും എനിക്ക് പ്രിയപ്പെട്ടവരും സ്വന്തക്കാരും ആയിത്തീർന്നു. (1 പത്രോസ്.2:9.)

## A) **നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു** (മത്തായി:5 :13)

ഞാൻ ഉപ്പിന്റെ കാര്യം പറയുന്നത് ഒരുപക്ഷേ നിസ്സാരമായി നിങ്ങൾക്ക് തോന്നിയേക്കാം. എന്നാൽ കാര്യം വളരെ ഗൗരവമുള്ളതാണ്. ഉപ്പിന്റെ ഗുണങ്ങൾ നഷ്ടപ്പെട്ടാൽ ഇസ്രായേൽ ജനത തകർന്നടിഞ്ഞതുപോലെ നിങ്ങളും നിലനിൽക്കുവാൻ കഴിയാത്തവരായി അധപ്പതിച്ചുപോകും. ഇന്ന് വ്യക്തികളും കുടുംബങ്ങളും സംഘടനകളും സഭകളും രാഷ്ട്രങ്ങളും ഉപ്പില്ലാത്ത അവസ്ഥയിൽ എത്തികൊണ്ടിരിക്കുന്നതിനാൽ അവയൊക്കെ ജീർണ്ണിച്ച് അധപതിച്ചു കൊണ്ടിരിക്കുകയാണ് എന്ന് ഞാൻ മനസ്സിലാക്കുന്നു.

ഉപ്പിന്റെസ്വഭാവഗുണങ്ങൾ നിങ്ങൾക്ക് അറിയാമല്ലോ.

1) **ഉപ്പ് രുചിനൽകുന്നു.** (ഇയ്യോബ് 6: 6)

ഏത് സമൂഹവും, അത് കുടുംബം ആയാലും സഭ ആയാലും സംഘടന ആയാലും രാജ്യം ആയാലും ശരിയായി നിലനിൽക്കണമെങ്കിൽ അന്തർലീനമായി രുചിനൽകുന്ന സംവിധാനം അവയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കണം. ലവണം ചേർന്ന വാക്കുകളും പെരുമാറ്റങ്ങളും സമൂഹത്തിൽ രുചികരമായ അനുഭവങ്ങൾ സ്വാഭാവികമായ നിലയിൽ ഉണ്ടാക്കും. ഭക്ഷ്യവസ്തുക്കളിൽ ഉപ്പ് പാകത്തിന് ചേർക്കുന്നത് കൊണ്ട് ഉണ്ടാകുന്ന വ്യത്യാസം നിങ്ങൾക്കറിയാം. അത്യാഗ്രഹ പ്രവണത മൂലം ഉപ്പ് കൂടുതൽ ചേർക്കുന്നത് അപകടമാണെന്ന് മനസ്സിലാക്കുക. നിങ്ങൾ എവിടെ പ്രവർത്തിച്ചാലും അവിടെ രുചി പകരുന്നവരായിതീർന്നു, എല്ലാ അരുചികളും നീങ്ങി പോകുവാൻ നിങ്ങളുടെ സാന്നിധ്യം മൂലം ഇടയാകട്ടെ.

2) **ഉപ്പ് ജീർണ്ണത ഒഴിവാക്കുന്നു,** മത്സ്യമാംസങ്ങൾ ഒക്കെ കേടുകൂടാതെ സംരക്ഷിക്കുന്നതിന് ഉപ്പിട്ടു സൂക്ഷിക്കുന്ന പതിവ് നിങ്ങൾക്ക് ഉണ്ടല്ലോ. സമൂഹത്തിലെ ജീർണ്ണത നീക്കുവാനും ഒന്നും വരാതെ ഇരിക്കുവാനും ഉപ്പു നൽകുന്ന സേവനം ആണ് നിങ്ങളിൽ നിന്നു ഞാനും പ്രതീക്ഷിക്കുന്നത്. പലവിധ ജീർണതയിലേക്ക് മനുഷ്യസമൂഹം വീണു പോകുന്നത് ഞാൻ കാണുന്നുണ്ട്. എന്നാൽ എന്റെ ശിഷ്യരായ നിങ്ങളുടെ ഇടപെടലുകളും സാന്നിധ്യവും സമൂഹത്തെ ജീർണ്ണതയിൽ നിന്നും സംരക്ഷിക്കുമെന്നു ഞാൻ കരുതുന്നു.

3) **ഉപ്പിന്റെ ഔഷധഗുണം.** ഇസ്രായേലിൽ ചാവു കടലിലെ ഉപ്പിന് ഔഷധഗുണം ഉള്ളതിനാൽ ശരീരമാസകലം കടലിലെ മണ്ണ് പൂശുന്ന പതിവ് ഇന്നും നിലവിലുണ്ട്. നിങ്ങളുടെ ശരീരത്തെ ആരോഗ്യകരമായി

നിലനിർത്തുന്നതിന് ഉപ്പിന്റെ പങ്ക് വളരെ വലുതാണ്. ഉപ്പ് കുറഞ്ഞു പോയാലും കൂടി പോയാലും നിങ്ങളെ അത് രോഗാവസ്ഥയിൽ എത്തിക്കും. ബാഹ്യമായ വ്രണങ്ങൾ ശമിപ്പിക്കുന്നതിനും നീര് കുറയ്ക്കുന്നതിനും ഉപ്പു ചികിത്സ പ്രയോജനപ്പെടുന്നുണ്ട്. പല ഔഷധങ്ങളിലും ഉപ്പ് ഒരു പ്രധാന ഘടകം തന്നെയാണ്.

4) **ശുദ്ധീകരണത്തിന് ഉപയോഗിക്കുന്നു.** കറകളും അഴുക്കുകളും നീക്കുന്നതിന് പ്രത്യേകമായ ഒരു കഴിവ് ഉപ്പിനുണ്ട്. പാത്രങ്ങൾ, വസ്ത്രങ്ങൾ, പല്ലുകൾ, പ്രതലങ്ങൾ തുടങ്ങിയവ ശുദ്ധീകരിക്കുവാൻ ഉപ്പ് ഉപയോഗിക്കുന്നു. ചില പാശ്ചാത്യരാജ്യങ്ങളിൽ ഐസുകട്ടകൾ മാർഗ്ഗതടസ്സം ഉണ്ടാകുമ്പോൾ ഉപ്പു വിതറി റോഡുകൾ ശുദ്ധീകരിക്കുന്നത് നിങ്ങൾക്ക് അറിയാമല്ലോ. ഉഷ്ണരാജ്യങ്ങളിൽ തണുപ്പ് ലഭിക്കാനായി ശരീരത്തിൽ ഉപ്പ് ശീല നനച്ച് ഇടാറുണ്ട്.

5) **മതപരമായ അനുഷ്ഠാനങ്ങൾക്ക്** ഉപ്പ് ഉപയോഗിക്കുന്നത് സാധാരണമാണ്. (ലേവ്യ.2:13; എസ്രാ. 6:9; എസക്കി. 43:24)

6) **ഉടമ്പടി എടുക്കുന്ന സന്ദർഭങ്ങളിൽ** ഉപ്പ് ഒരു പ്രതീകമായി ഉപയോഗിക്കാറുണ്ട്. വിശ്വസ്തതയുടെ അടയാളമായി പരിഗണിക്കപ്പെടുന്നു. രാജാവിനോടുള്ള വിശ്വസ്തത കാണിക്കുവാൻ രാജ മുൻപാകെ ഉപ്പ് തിന്നുന്ന പതിവുണ്ടായിരുന്നു. സ്നേഹിതന്മാർ തമ്മിലുള്ള സൗഹൃദം പുതുക്കുന്നതിനും ഉപ്പു ചേർത്ത അപ്പം ഒന്നിച്ചിരുന്ന് ഭക്ഷിക്കുന്ന രീതിയും നിലനിന്നിരുന്നു. ഉപ്പും ചോറും തിന്നു വളർന്നവർ എന്ന പ്രയോഗം സാധാരണമാണല്ലോ. (ലേവ്യ. 2:13;സംഖ്യ.18:19;2ദിന.13:5).

ഉപ്പു അലിഞ്ഞലിഞ്ഞ് തീരുമ്പോൾ മാത്രമേ മേൽപ്പറഞ്ഞ ഗുണങ്ങൾ നൽകുവാൻ അതിനു കഴിയുകയുള്ളൂ. അലിഞ്ഞ് ഇല്ലാതാക്കുവാൻ തയ്യാറാകാത്ത ഉപ്പ് വെറും കാരം ഇല്ലാത്ത കല്ലുകളായി അവശേഷിച്ചു പുറത്ത് ചവിട്ടപ്പെടുവാൻ ആയി, സമൂഹത്തിലെ അവഗണിക്കപ്പെട്ടവർ ആയി, കഴിയുന്ന അവസ്ഥയിലായിതീരും എന്ന് ഞാൻ നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നു. നിങ്ങൾ ഉൾപ്പെടുന്ന ഏത് സമൂഹത്തിലായാലും അവഗണിക്കപ്പെടുന്ന അനുഭവം ഉള്ളവരാണെങ്കിൽ നിങ്ങൾ തിരിച്ചറിയുക, നിങ്ങളുടെ ഉപ്പ് കാരമില്ലാത്ത വെറും കല്ലുകൾ ആയി മാറിക്കൊണ്ടിരിക്കുന്നു എന്ന്. നിങ്ങൾക്ക് എല്ലാ ഗുണങ്ങളും തിരിച്ചുപിടിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ എന്നിലേക്ക് തിരിച്ചു വന്ന് എന്റെ ഉപദേശങ്ങൾ കേട്ട് അനുസരിക്കുവാൻ മനസ്സു വയ്ക്കുക.

തിരുവെഴുത്തുകൾ പരിശോധിച്ച് ഉപ്പിന്റെ സവിശേഷതകൾ കണ്ടെത്തി നിങ്ങളുടെ ജീവിതത്തിൽ അവ സ്വന്തമാക്കുവാൻ സഹായിക്കുന്നതിനായി താഴെ ചേർക്കുന്ന വേദഭാഗങ്ങൾ കൂടി പരിശോധിക്കുക.

(ഉല്പത്തി 19:26; ലേവ്യ 2: 13; ആവ. 29:23; യോശു. 15:62; ന്യായ.9: 45; 2 ശമു. 8: 13; 2 രാജ 2:20;1ദിന 18: 12;2 ദിന 25: 11; എസ്രാ 6: 9, 7: 22; ഈ യോബ്. 6:6; യിരമ്യ 17:6 ; എസക്കിയേൽ 43:24, 47:11; സെഫ. 2 9; മത്തായി 5:13; മർക്കോസ് 9: 49, 50; ലൂക്കോസ് 14: 34; കൊലോസ്യ 4: 6; യാക്കോബ് 3:12).

## B) നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു

(മത്തായി 5:14 –16).

എന്റെ സ്വന്തം ജനമായ ഇസ്രായേൽ ലോകത്തിനു മുഴുവൻ വെളിച്ചം ആകേണ്ട തിനായി ഞാനവരെ തെരഞ്ഞെടുത്തു.ഞാൻ അവരുടെ കാര്യത്തിൽ വ്യക്തിപരമായ നിലയിൽ ഇടപെട്ടു. കാലാകാലങ്ങളായി അവരെ പ്രത്യേകം വേർതിരിച്ചു, ഒരുക്കി, പരിശീലിപ്പിച്ചു, പഠിപ്പിച്ചു എന്റെ വരവിനെ കാത്തിരുന്നു സ്വീകരിക്കാനായി തയ്യാറാക്കുവാൻ ഞാൻ ശ്രമിച്ചു. പല പ്രാവശ്യം ഞാൻ അവർക്ക് ദൂതന്മാർ വഴി പ്രത്യക്ഷം ആയിട്ടുണ്ട്. പ്രവാചകന്മാർ വഴി അവരെ പഠിപ്പിച്ചിട്ടുണ്ട്, പുരോഹിതന്മാർ വഴി അവരെ ആത്മീയ വഴിയിൽ നയിച്ചിട്ടുണ്ട്, രാജാക്കന്മാർ വഴി സംരക്ഷിച്ചിട്ടുണ്ട്. അവരിൽ നിന്നാണ് എബ്രഹാമിന്റെ സന്തതി ആയി ഞാൻ ഈ ഭൂമിയിൽ ജനിക്കുമെന്ന് പദ്ധതിയിട്ടത്. (ഉല്പത്തി 12: 1 മുതൽ). ഇസ്രായേൽജനം ലോകത്തിന് മുഴുവനും പ്രകാശം ആയിരിക്കുന്നതുപോലെ പുതിയ ഇസ്രായേൽ ആകുന്ന നിങ്ങളും ലോകത്തിന് മുഴുവനും പ്രകാശമായി ശോഭിച്ചു നിങ്ങൾ എല്ലാവിധ തിന്മകളുടെ അന്ധകാരത്തെയും മുഴുവനായി ലോകത്തിൽ നിന്നും നീക്കി കളയണം.

എന്റെ പ്രിയശിഷ്യൻ പത്രോസ് എഴുതിയത് നിങ്ങൾ വായിച്ചിട്ട് ഉണ്ടല്ലോ. "നിങ്ങളോ അന്ധകാരത്തിൽ നിന്നും തന്റെ അത്ഭുത പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സദ്ഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധ വംശവും സ്വന്തജനവും ആകുന്നു. (1 പത്രോസ് 2: 9).

"അവർക്ക് പാപമോചനവും...

അവരുടെ കണ്ണ് തുറക്കാനും അവരെ ഇരുളിൽ നിന്ന് വെളിച്ചത്തിലേക്ക്

സാത്താന്റെ അധികാരത്തിൽനിന്ന് ദൈവത്തിങ്കലേക്ക് ഒരുക്കാനും ഞാനിപ്പോൾ നിന്നെ അവരുടെ അടുക്കൽ അയക്കുന്നു"എന്ന് ഞാൻ പൗലോസ് ശ്ലീഹയോട് പറഞ്ഞിരുന്നത് നിങ്ങൾ വായിച്ചു കാണുമല്ലോ. (അ.പ്ര. 26:18). അന്ന് എന്റെ ശിഷ്യന്മാരായവരെ നശിപ്പിക്കുവാൻ ദമാസ്കസിലേക്ക് പോവുകയായിരുന്ന അവനു ഞാൻ പ്രത്യക്ഷനായി. എന്റെ പ്രകാശം അവന്റെ കണ്ണുകളിൽ അടിച്ചപ്പോൾ അവന്റെ കണ്ണുകൾ മഞ്ഞളിച്ചു പോയി. എന്റെ സത്യപ്രകാശം അവന് കാണിച്ചുകൊടുക്കാൻ ആയിരുന്നു ഞാൻ അവന്റെ കാഴ്ച നഷ്ടപ്പെടുത്തിയത്. ലോകത്തിന് മുഴുവൻ വെളിച്ചമായി ശോഭിക്കുന്ന നീതി സൂര്യനായ എന്റെ പ്രകാശനം ലഭിച്ചപ്പോൾ പിന്നീട് അവന്റെ കണ്ണ് തുറന്നു എന്റെ മാർഗ്ഗങ്ങൾ മനസ്സിലാക്കി ദൈവരാജ്യത്തിന്റെ വളർച്ചക്കായി ജീവിതം മുഴുവനും ചെലവഴിച്ചു. എന്നിൽ നിന്നും പ്രകാശം പ്രാപിച്ച ശേഷം ലോകം മുഴുവനും എന്റെ സുവിശേഷപ്രകാശം പരത്തുന്നതിനായിട്ടാണ് ഞാൻ നിങ്ങളെയും വിളിച്ചിരിക്കുന്നത്. അന്നത്തെ സഹോദരന്മാരോട് പറഞ്ഞു "നിങ്ങൾ സത്യ വചനത്തെ ഉപേക്ഷിച്ചു നിങ്ങൾ തന്നെ നിത്യജീവന് അയോഗ്യൻ എന്നു വിധിച്ചു വളരുന്നതിനാൽ ഇതാ നിങ്ങൾ ജാതിയിലേക്ക്, ഭൂമിയുടെ അറ്റത്തോളം രക്ഷ അറിയേണ്ടതിന് ഞാൻ ജാതികളുടെ വെളിച്ചം ആക്കി വച്ചിരിക്കുന്നു (അപ്പൊ.പ്രവ.13:46– 47).

ഇവിടെ ഒരു കാര്യം ഞാൻ വ്യക്തമാക്കട്ടെ. ഞാൻ ഈ ലോകത്തിൽ എനിക്ക് ജനിക്കുവാനായി തെരഞ്ഞെടുത്ത യഹൂദജനത വഴിതെറ്റി എങ്കിലും, അതിന്റെ തന്നെ വേരിൽ നിന്ന് പൊട്ടിമുളച്ചതല്ല എങ്കിലും, ആ വൃക്ഷത്തോട് ഒട്ടിച്ചു ചേർത്തപെട്ടവരാണ് പുതിയ ഇസ്രായേൽ ആകുന്ന എന്റെ സഭയിൽ ഉൾപ്പെട്ട നിങ്ങൾ എല്ലാവരും തന്നെ. (റോമ. 11: 17 –24). യഹൂദജനത ആകുന്ന ഇസ്രായേലിനെ പാടെ ഉപേക്ഷിക്കുവാൻ ഞാൻ പറയുന്നില്ല. അവരുടെ വീഴ്ചകളും കുറവുകളും ഉണ്ടാകാതെ നിങ്ങൾ സൂക്ഷിക്കണമെന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. വേരുകൾ വലിച്ചെടുക്കുന്ന പോഷകങ്ങൾ ആണല്ലോ തടിയിൽ കൂടി ശാഖകളിൽ എത്തിച്ചു ഫലം പുറപ്പെടുവിക്കുന്നത്. അതുകൊണ്ട് പഴയനിയമ ചരിത്രപശ്ചാത്തലവും പാരമ്പര്യങ്ങളും വിവേകപൂർവ്വം വിലയിരുത്തി ദൈവത്തോടുള്ള വിധേയത്വവും അനുസരണയും കാത്തുസൂക്ഷിക്കുവാൻ പുതിയ ഇസ്രായേൽ എന്ന നിലയിൽ നിങ്ങൾക്ക് ചുമതലയുണ്ട്. മോശ നൽകിയ ഉടമ്പടി നിങ്ങൾക്ക് ബാധകമല്ല. അത് ഈ ലോക രാജ്യത്തിന്റെ ക്രമീകരണങ്ങൾക്ക് വേണ്ടി മാത്രം നൽകിയതാണ്. എന്നാൽ സ്വർഗരാജ്യത്തിലേക്ക് പ്രവേശിക്കുവാൻ ആവശ്യമായ സ്നേഹപ്രമാണങ്ങളാണ് പുതിയനിയമം വഴി നിങ്ങളെ ഞാൻ പഠിപ്പിക്കുന്നത്. യഹൂദന്മാരുടെ ആചാരാനുഷ്ഠാനങ്ങൾ ഒന്നും അതുപോലെ നിങ്ങൾ അന്വേഷിക്കേണ്ടതില്ല. എന്നാൽ ന്യായപ്രമാണങ്ങൾ അവർ ശരിയായ

വിധം അനുഷ്ഠിച്ചിരുന്നതുപോലെ അവർക്ക് എന്നോട് ഉണ്ടായിരുന്ന ആത്മബന്ധവും അനുസരണബോധവും ദൈവഭയവും നിങ്ങൾക്ക് വേണ്ടത്ര ഇല്ലാതെ പോകുന്നത് ആയി കാണുന്നു. ഞാൻ നിയമങ്ങൾ നീക്കിക്കളയാൻ വന്നു എന്ന് ആരോപിച്ച് യാതൊരു നിയമങ്ങളും പ്രമാണങ്ങളും അനുസരിക്കാത്തവരായി നിങ്ങൾ തീരുമെങ്കിൽ യഹൂദന്മാരെകാൾ കൂടുതൽ അന്ധകാരത്തിൽ ജീവിക്കുന്നവരായി കണക്കാക്കി ഞാൻ നിങ്ങളെയും പുറംതള്ളേണ്ടി വരും എന്ന് അറിയുക. ഈ കാര്യം മറ്റൊരു അവസരത്തിൽ കൂടുതൽ വ്യക്തമാക്കി തരാം. പൗലോസ് പറയുന്നതുപോലെ യഹൂദന്മാർ അവിശ്വാസത്താലാണ് ഒടിഞ്ഞു പോയതെന്നും വിശ്വാസത്തിൽ നില നിൽക്കുന്നില്ലെങ്കിൽ നിങ്ങളും ഒടിഞ്ഞുപോകും എന്നും ആയതിനാൽ ഞെളിയാതെ ദൈവത്തെ ഭയപ്പെട്ട് അനുസരിച്ച് ജീവിക്കണം എന്നും മുന്നറിയിപ്പ് നൽകുന്നത് ഗൗരവമായിത്തന്നെ നിങ്ങൾ കാണണം. (റോമാ.11:20–22).

പ്രകാശത്തെ പറ്റി ആണല്ലോ നാം പറഞ്ഞുകൊണ്ടിരുന്നത്. സൃഷ്ടിക്കുന്നതിന് മുൻപ് തന്നെ സൃഷ്ടിതം അല്ലാത്ത സ്വർഗ്ഗീയവെളിച്ചം എന്നാളും നിലനിന്നിരുന്നു. ആ സ്വർഗ്ഗീയ വെളിച്ചമാണ് എന്നിലൂടെ നിങ്ങൾക്ക് തരുവാൻ ആഗ്രഹിക്കുന്നത്. ഈ വെളിച്ചത്തിൽ മാത്രമേ നിത്യമായി ജീവിക്കുവാൻ നിങ്ങൾക്ക് കഴിയൂ. യോഹന്നാൻ ശ്ലീഹാ ഈ കാര്യം എടുത്തു പറയുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? (യോഹന്നാൻ 1:4–9) "അവനിൽ ജീവനുണ്ടായിരുന്നു, ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു. ഇരുൾ അതിനെ പിടിച്ചടക്കി ഇല്ല. ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്ക് വന്നുകൊണ്ടിരുന്നു. "ഈ വെളിച്ചം ഞാൻ തന്നെയാണ്." എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ വെളിച്ചം ഉള്ളവൻ ആകും" (യോഹ 8:12)അങ്ങനെ നിങ്ങൾ സ്വർഗ്ഗീയ വെളിച്ചത്തിന്റെ മക്കളായി തീരും. (യോഹ. 12: 36) മോശ എന്റെ ഈ പ്രകാശത്തെ മുൾപ്പടർപ്പിൽ ദർശിച്ചു. (പുറ 3 :2). യശയ്യ സ്വർഗീയ വെളിപ്പാടിൽ ഈ വെളിച്ചം കണ്ടു. (യശയ്യ.6:1–5) പത്രോസും യാക്കോബും യോഹന്നാനും താബോർ മലയിൽവച്ച് മറുരൂപ അനുഭവത്തിൽ സ്വർഗീയപ്രകാശം കണ്ടു. (മത്തായി 17:2–). ഈ പ്രകാശം ഒരിക്കലും തീർന്നു പോകാത്തതാണ്. ഈ പ്രകാശത്തിന് ഇന്ധനം ആവശ്യമില്ല ഈ പ്രകാശം തന്നെയാണ് നിത്യജീവൻ.

നിങ്ങൾ കാണുന്ന സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും നൽകുന്ന പ്രകാശം താൽക്കാലികമായി ചരിത്രത്തിനുള്ളിൽ മാത്രം ഒതുങ്ങി കഴിയുന്നതാണ്. പ്രപഞ്ചത്തിൽ നിറഞ്ഞുനിന്നിരുന്ന അന്ധകാരത്തെ

നീക്കാനായി നിർമ്മിച്ച താൽക്കാലിക ഗോളങ്ങൾ ആണ് അവ. പ്രകൃതിയിൽ നിന്ന് ഉണ്ടാക്കുന്ന വെളിച്ചം ആരംഭവും അവസാനവും ഉള്ളതാണ്. വൈദ്യുതി മൂലവും മറ്റു വിധത്തിലും ഉണ്ടാകുന്ന ഇത്തരം താൽക്കാലിക പ്രകാശം വഴി പൈശാചിക അന്ധകാരത്തെ ഇല്ലാതാക്കാൻ കഴിയുകയില്ല. ഏദൻതോട്ടത്തിൽ ആദാമിനും ഹവ്വയ്ക്കും ഈ "പ്രകാശ വസ്ത്രം" ധരിക്കുവാൻ നൽകിയിരുന്നതിനാൽ അവർക്ക് ശാരീരികമായ ദാഹവും ക്ഷീണവും മോഹവും ലജ്ജയും ഒന്നും അനുഭവപ്പെട്ടിരുന്നില്ല. ഈ ലോക പ്രകാരമുള്ള ഇരുട്ടിനെ അകറ്റാൻ തൽക്കാലത്തേക്ക് ഉള്ള "നിർമ്മിത' പ്രകാശം സഹായകമാകും. എന്നാൽ സാക്ഷാൽ നിത്യജീവൻ തന്നെ ആകുന്ന ദൈവിക പ്രകാശം പാപ അന്ധകാരത്തെയും ദുഷ്ട ആത്മ ശക്തിയേയും ഇല്ലാതാക്കാൻ ശക്തിയുള്ളതാണ്. അതുകൊണ്ടാണ് എന്റെ അടുക്കലെത്തി എന്റെ പ്രകാശ വലയത്തിൽ വസിക്കുവാൻ ഞാൻ നിങ്ങളെ നിർബന്ധിക്കുന്നത്.

**പ്രകാശത്തെപറ്റി കൂടുതൽ അറിയണമെങ്കിൽ താഴെ കുറിക്കുന്ന വേദഭാഗങ്ങൾ നിങ്ങൾ പരിശോധിച്ച് മനസ്സിലാക്കുക.**

A) **പഴയ നിയമം.** ഉല്പത്തി 1: 3– 16;പുറപ്പാട് 10:23; ലേവ്യ 24: 2; സംഖ്യ 4:16 ;1 സമു. 29: 10; 2 സമു. 21: 17; 1 രാജ 7 :4– 5; നെഹ. 9:19; എസ്റ്റർ. 8: 16 ; ജോബ് 3: 4; 18: 5; സങ്കീർത്ത 4:16 , 27: 1, 97:11; 119:105;, സദൃശ. 4: 18; 13:9; സഭാപ്രസംഗി 11: 7; എശയ്യ 5: 20; 9: 2; യിരമ്യ 4: 23;25:10; ഡാനിയേൽ 2: 22; ഹോശ .6 :5 ; മീഖ 7:9; ഹബക്കുക് 3: 4– 11; സഫനിയ 3:5 ; സക്കറിയാ 14: 6 .

B) **പുതിയ നിയമം.** മത്തായി 4:16 ;5 :14; 6 :22; 17 :2; ലൂക്കോസ് 2:32; 8: 16; 16 :8; യോഹന്നാൻ 1: 4 ,7,8, 9; 3:19–21; 8 :12 ;9 :5; 11: 9; 12:35– 46; അപ്പൊ .പ്ര .9:3; 12: 7;13: 47; 22: 6, 26: 13 23 റോമ 2 19 13 12 1 കൊരി 4 5 5 2 കോരി 4 4 11 14 എഫെസ്യ 5 8 കൊലോസ്യ 1 12 2 1 തെസ്സ.5 5 ഒന്ന് തിമോ 6 16 രണ്ട് തിമോ ഒന്ന് 10 1 പത്രോസ് 2 9 2 പത്രോസ് 1 19 അത് 1 യോഹന്നാൻ 1 5 വെളിപ്പാട് 18 23 21 11 22 5

പ്രകാശത്തെപറ്റി വായിച്ച് അറിഞ്ഞതുകൊണ്ട് മാത്രം നിങ്ങൾ തൃപ്തി ഉള്ളവർ ആകരുത്. നിങ്ങൾ മറ്റുള്ളവർക്ക് പ്രകാശം പകർന്നു കൊടുക്കുന്നവരായി തീരണം. എന്റെ മുഖത്തെ പ്രകാശം സ്വാംശീകരിച്ച് മറ്റുള്ളവരുടെ ഹൃദയങ്ങളിലേക്ക് പ്രതിഫലിപ്പിക്കുന്ന കണ്ണാടികൾ ആയി തീരണം നിങ്ങൾ. ചന്ദ്രനും നക്ഷത്രങ്ങളും സൂര്യപ്രകാശം സംഭരിച്ച് അന്ധകാരത്തിൽ പ്രകാശം പരത്തുന്നത് പോലെ, നിങ്ങളുടെ മുഖം

എന്നിലേക്ക് തിരിച്ച് ജീവിച്ചാൽ നിങ്ങൾക്കും ചുറ്റുമുള്ള അന്ധകാരം നീക്കുവാനും, എന്റെ ജീവപ്രകാശം പരത്തുവാനും കഴിയും. മോശയുടെ കാലത്ത് യഹൂദന്മാർ മിശ്രേം നാട്ടിൽ നിന്നും കനാൻ നാട്ടിലേക്കുള്ള യാത്രയിൽ ഞാൻ ദീപസ്തംഭംവഴി പ്രകാശം നൽകിയത് നിങ്ങൾക്കറിയാമല്ലോ. വിളക്ക് കത്തിച്ച് തണ്ടിന്മേൽ വെച്ചാൽ മാത്രമേ എല്ലാവർക്കും പ്രകാശം ലഭിക്കുകയുള്ളൂ. അതുപോലെ പ്രകാശം പരത്തുന്ന വിളക്കുകൾ നിങ്ങൾ ഓരോരുത്തരും ആയി തീരണം. അന്ധകാരത്തിൽ ഒരു ചെറുമെഴുകുതിരി ആയാലും ആവശ്യത്തിന് പ്രകാശം നൽകുവാൻ കഴിയുന്നതുപോലെ എത്ര ചെറിയ പ്രകാശം ആയാലും അത് കെട്ടുപോകാതെ സൂക്ഷിക്കണം. പരിശുദ്ധാത്മാവ് ആകുന്ന എണ്ണ നിങ്ങൾ ആവശ്യത്തിന് ശേഖരിച്ചു വെക്കണം. കത്തി തീരുമ്പോഴേ പ്രകാശം പൂർണ്ണമായി നൽകുവാൻ കഴിയുകയുള്ളൂ. അതുപോലെ നിങ്ങളും എരിഞ്ഞു തീരുവാൻ സന്നദ്ധരാകണം.

പരിജ്ഞാനം അഥവാ ദിവ്യജ്ഞാനം എന്ന അറിവിന്റെ വെളിച്ചം സമ്പാദിച്ചു അജ്ഞാനം എന്ന അന്ധകാരത്തെ നീക്കി കളയാൻ നിങ്ങൾ ഉത്സാഹിക്കണം. നിങ്ങൾ എന്നോടൊപ്പം വന്നാൽ പ്രകാശം കൊണ്ട് ഞാൻ നിങ്ങളെ നിറയ്ക്കാം. പ്രകാശത്തിൽ നടക്കുന്നു എന്ന് പറയുകയും സഹോദരനെ ഇഷ്ടപ്പെടാതെ ഇരിക്കുകയും ചെയ്യുന്നവൻ കള്ളൻ ആകുന്നു എന്ന് അറിയുക. (1 യോഹന്നാൻ 2:10). രക്ഷയുടെ പാതയിൽ സഞ്ചരിക്കുന്നവർ എന്റെ പ്രകാശത്തിൽ വസിക്കും. (വെളിപാട് 21: 24) ദൈവീക പ്രകാശത്തിൽ മാത്രമേ നിങ്ങൾക്ക് സത്യപ്രകാശം കാണുവാൻ കഴിയൂ. (സങ്കീർത്തനങ്ങൾ 36:9). നിങ്ങൾ എന്നോട് ചോദിച്ചാൽ സത്യപ്രകാശം ഞാൻ നിങ്ങൾക്ക് അയച്ചുതരാം (സങ്കീർത്തനങ്ങൾ43:3). യഥാർത്ഥ അനുതാപത്തോടെ ഉപവാസത്തോടു കൂടി എന്നോട് പ്രാർത്ഥിച്ചാൽ നിങ്ങളുടെ വെളിച്ചം ഉഷസ്സ്പോലെ ശോഭിച്ചു ഉയർന്നുവരും. (ഏശയ്യാ58:8, 10). അപ്പോൾ നിങ്ങൾക്ക് എഴുന്നേറ്റ് പ്രകാശിക്കാൻ കഴിയും. (യെശയ്യ 60:1,3,19,20).

നിങ്ങൾ വെളിച്ചത്തിൽ തന്നെ എപ്പോഴും നടക്കുന്ന സ്വഭാവം ഉള്ളവരായി തീരണം. സത്യപ്രകാശം ആയ എന്നിൽ നിങ്ങൾ വസിക്കും എങ്കിൽ നിങ്ങൾക്ക് ഒരിക്കലും പ്രകാശിക്കാതെ ഇരിക്കാൻ കഴിയില്ല, കാരണം എന്നിലുള്ള പ്രകാശം നിർമ്മിതം അല്ല. അത് സാക്ഷാൽ ജീവൻ തന്നെയാണ്. എന്റെ പ്രകാശത്തിൽ വസിക്കുന്നവരെ ഒരു അന്ധകാര ശക്തികളും സ്വാധീനിക്കാതെ ഞാൻ സംരക്ഷിക്കും. കഷ്ടതകളും പ്രതിസന്ധികളും പ്രലോഭനങ്ങളും എല്ലാം നിങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിവരും. എങ്കിലും അപ്പോഴൊക്കെ നിങ്ങൾക്ക് ശക്തിനൽകി താങ്ങിനിർത്തുന്ന പരിശുദ്ധാത്മാവിനെ ഞാൻ നിങ്ങളുടെ സഹായത്തിനായി അയച്ചു തരും.

എന്റെ സ്നേഹത്തിനും കരുതലിനും വിധേയമായി വസിക്കുവാൻ നിങ്ങൾ മനസ്സുവെച്ചാൽ നിങ്ങളെ തോൽപ്പിക്കാൻ ഒരു ശക്തിക്കും സാധ്യമല്ല. നിങ്ങൾ സാധാരണക്കാർ അല്ല. അസാധാരണമായ ദൈവീകശക്തി പ്രാപിച്ച എന്നോട് ചേർന്ന് പ്രവർത്തിക്കുവാൻ പ്രത്യേകം തെരഞ്ഞെടുത്ത് വിളിച്ചുചേർക്കപ്പെട്ടവരാണ് എന്നകാര്യം ഒരിക്കലും മറക്കരുത്. കേവലം മനുഷ്യരായിതന്നെയാണ് നിങ്ങൾ ഭൂമിയിൽ ജീവിക്കുന്നത് എങ്കിലും ദൈവമക്കളായി വളർന്നു സ്വർഗ്ഗരാജ്യത്തിൽ എന്നോടൊപ്പം സത്യപ്രകാശത്തിൽ നിത്യജീവന്റെ അനുഭവത്തിൽ ജീവിതം ആരംഭിച്ചു കഴിഞ്ഞവരാണ് എന്ന ഓർമ ഒരിക്കലും നഷ്ടപ്പെടാതെ സൂക്ഷിക്കുക. എന്റെ പ്രിയ ശിഷ്യന്മാരായ പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവർക്ക് ഞാൻ നൽകിയ സ്വർഗ്ഗീയപ്രകാശത്തിന്റെ രൂപന്തരഅനുഭവം നിങ്ങൾക്കും കാണിച്ചുതരുവാൻ ആയി ഞാൻ കാത്തിരിക്കുകയാണ്. സ്വർഗീയ ശോഭയാൽ ആണ് അവരുടെ മുഖം പ്രകാശിച്ചത്. അതുപോലെ നിങ്ങൾക്കും "മുഖപ്രകാശം" നൽകുമെന്ന് ഞാൻ വാക്ക് തരുന്നു,നിങ്ങൾ എന്നോടൊപ്പം വസിക്കുക യാണെങ്കിൽ! നിങ്ങളുടെ ഹൃദയ അന്തരംഗത്തെ വിശ്വാസവും പ്രത്യാശയും സ്നേഹവും നിങ്ങളുടെ മുഖങ്ങളിൽ പ്രകാശിക്കുവാൻ തക്ക ഹൃദയവിശുദ്ധി എന്നും നിങ്ങൾ കാത്തുസൂക്ഷിക്കുക. എന്റെ സ്വർഗ്ഗപിതാവിന്റെ സൽഗുണസമ്പൂർണ്ണത എന്നിലൂടെ നിങ്ങൾക്ക് കാണുവാൻ കഴിഞ്ഞത് പോലെ, എന്റെ പൂർണ്ണതയും മറ്റുള്ളവർക്ക് നിങ്ങളിലൂടെ കാണുവാൻ ഇടയാകട്ടെ എന്ന് ഞാൻ ആശയോടെ പ്രതീക്ഷിച്ചു കാത്തിരിക്കുന്നു എന്നകാര്യം നിങ്ങൾ ഒരിക്കലും മറന്നു പോകരുത്.

01-11-2020

## അദ്ധ്യായം 21

# എന്റെ ഉപദേശങ്ങൾക്ക് നിങ്ങൾ കാതോർക്കുക

**(മത്തായി. 5: 17– 48)**

ഗിരിപ്രഭാഷണങ്ങൾ വഴി ഞാൻ നൽകിയ സന്ദേശങ്ങൾക്ക് കൂടുതൽ വിശദീകരണം നൽകേണ്ടതുണ്ടെന്ന് എനിക്ക് തോന്നുന്നു. നിങ്ങൾക്കും അങ്ങനെ ചിലപ്പോൾ തോന്നികാണും. ഏതായാലും ചിലകാര്യങ്ങൾ ഞാൻ ഒന്നുകൂടി വ്യക്തമാക്കാൻ ശ്രമിക്കാം.

1) **ന്യായപ്രമാണങ്ങൾ അനുസരിക്കുവാൻ എന്റെ ദിവ്യസ്നേഹം നിങ്ങളെ പ്രാപ്തരാക്കും.** (മത്തായി 5: 17 –20).

ഞാൻ ന്യായപ്രമാണങ്ങൾ പാടെ നീക്കിക്കളഞ്ഞു എന്ന ഒരു ആരോപണം ചിലർ പറയുന്നത് ശരിയല്ല. നിയമങ്ങൾ നൽകിയ ഞാൻ തന്നെ അവ ലംഘിക്കുകയല്ല; എന്നാൽ ശരിയായ വിധത്തിൽ പൂർത്തീകരിക്കുയാണ് ചെയ്തത്. പഴയനിയമകാലഘട്ടത്തിൽ കാണുന്ന എല്ലാ നിയമങ്ങളും ആചാരാനുഷ്ഠാനങ്ങളും എന്നിലേക്ക് വിരൽചൂണ്ടുന്നവയാണ്. എല്ലാ ബലികളും എന്റെ കാൽവരി ബലിയുടെ മുൻ കുറികൾ ആണ്. സ്വർഗ്ഗപിതാവ് മോശ മുഖാന്തരം നൽകിയ എല്ലാ പ്രമാണങ്ങളും, നിങ്ങൾ ദൈവത്തോടും പരസ്പരവും സ്നേഹത്തിലും വിശുദ്ധിയിലും സമാധാനത്തിലും ജീവിക്കുവാൻ വേണ്ടി നൽകിയവ ആയിരുന്നു. നിങ്ങൾ ശ്രദ്ധ വെച്ച് പഠിച്ചാൽ പത്തുകൽപനകളും ഞാൻ നൽകിയ സ്നേഹം എന്ന ഏക കൽപനയെ അടിസ്ഥാനമാക്കി ഉള്ളതാണെന്ന് നിങ്ങൾക്ക് മനസ്സിലാകും. ഈ അടിസ്ഥാന സ്നേഹമില്ലാതെ 10 കല്പനകൾ ബാഹ്യമായി മാത്രം യഹൂദർ അനുഷ്ഠിക്കുന്നതിനെ തിരുത്തുകയാണ് ഞാൻ ചെയ്തത്. നിയമത്തിന്റെ അക്ഷരത്തിൽ മാത്രം ഊന്നൽ നൽകി അവയുടെ ആത്മാവായ "സ്നേഹം" നഷ്ടപ്പെടുത്തുന്ന പ്രവണതയെ ആണ് ഞാൻ കുറ്റപ്പെടുത്തുന്നത്. ചുരുക്കത്തിൽ മനുഷ്യർക്ക് സ്നേഹവും സമാധാനവും നൽകാതെ നിയമം നടപ്പാക്കുന്ന പരീശ മനോഭാവം ഉപേക്ഷിക്കണമെന്ന് ആണ് ഞാൻ

നിങ്ങളോട് പറയുന്നത്.

ഞാൻ നിയമത്തെ മുഴുവൻ നീക്കിക്കളഞ്ഞു എന്നും അതിനാൽ എന്റെ പുതിയ നിയമ സഭയിൽ യാതൊരു നിയമവും വേണ്ട എന്നാവിധത്തിൽ ജീവിക്കുവാൻ ആഹ്വാനം ചെയ്യുന്ന ചിലരുടെ ഉപദേശത്തെ നിങ്ങൾ സ്വീകരിക്കരുത്.സ്നേഹം എന്ന ആത്മീയ ആന്തരിക മനോഭാവം എല്ലാ നിയമങ്ങൾക്കും ഉപരി നിങ്ങളെ ഭരിക്കണം എന്നാണ് ഞാൻ പറയുന്നത്. അതായത് സ്നേഹിക്കുക എന്നത് നിയമം പറയുന്നത് കൊണ്ടല്ല; നിങ്ങളുടെ സ്വഭാവം അങ്ങനെ ആയതുകൊണ്ട് ആയിരിക്കണം. ഓരോ സന്ദർഭങ്ങളിൽ മനുഷ്യനന്മയ്ക്ക് വേണ്ടി പ്രവർത്തിക്കുവാൻ നിങ്ങൾ ഒരു നിയമത്തെയും പരിഗണിക്കേണ്ടതില്ല; സ്നേഹം നടപ്പാക്കുന്നതിന് തടസ്സം നിൽക്കുന്ന എല്ലാ നിയമങ്ങളെയും നിങ്ങൾ സന്ദർഭാനുസരണം ലംഘിക്കുന്നതാണ് ഉചിതം. എന്താണ് ഞാൻ പറയുന്നത് എന്ന് ഇപ്പോൾ മനസ്സിലായോ?ദൈവത്തോടുള്ള വിശ്വസ്തതയും മനുഷ്യരോടുള്ള കരുണയും സ്നേഹവും കാത്തുസൂക്ഷിക്കുവാൻ നിങ്ങൾക്ക് കഴിയണം.ഇപ്രകാരം ഒരു ആന്തരിക മനോഭാവം നിങ്ങൾ സമ്പാദിച്ചാൽ നിങ്ങൾക്ക് യാതൊരു നിയമങ്ങളും ചട്ടങ്ങളും ലംഘിക്കേണ്ടി വരുകയില്ല; എന്ന് മാത്രമല്ല ദൈവത്തെയും മനുഷ്യരെയും പ്രീതിപ്പെടുത്തുന്ന വിധത്തിൽ എല്ലാ നിയമങ്ങളും ശരിയായി അനുസരിക്കാൻ നിങ്ങൾ പ്രാപ്തരാക്കുകയും ചെയ്യും. പൗലോസ്ശ്ലീഹ ഈ കാര്യം മനസ്സിലാക്കി കൊണ്ട് എഴുതി: "അന്യോന്യം സ്നേഹിക്കുന്നത് അല്ലാതെ ആരോടും ഒന്നും കടപ്പെട്ടിരിക്കരുത്. അന്യനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവൃത്തിച്ചിരിക്കുന്നു. ആകയാൽ സ്നേഹം ന്യായപ്രമാണത്തിന്റെ പൂർത്തി തന്നെ. (റോമ 13:10). സ്നേഹപ്രവൃത്തികൾ വഴിയായി സമൂഹത്തിൽ നിയമവാഴ്ച നിലനിർത്തുവാൻ നമുക്ക് കടപ്പാടുണ്ട് (യോഹന്നാൻ 3: 21; 1കൊരി10: 31; പത്രോ 2 12).

ഒന്നുകൂടിഞാൻവ്യക്തമാക്കട്ടെ: എന്റെവാക്കിലും പ്രവൃത്തിയിലും ഞാൻ നിയമങ്ങൾ പൂർത്തിയാക്കിയത് താഴെ പറയുന്ന നാല് വിധത്തിലായിരുന്നു:

a) ദൈവഹിതം എല്ലാ അർത്ഥത്തിലും പൂർണതോതിൽ അനുസരിച്ച് നടപ്പാക്കി. (യോഹന്നാൻ 6: 38; മത്തായി 3: 15).

b) ന്യായപ്രമാണങ്ങൾ യാതൊന്നും യഥാർത്ഥ അർത്ഥത്തിൽ ലംഘിച്ചില്ല.(യോഹന്നാൻ 8: 46; 14:30)

c) ന്യായപ്രമാണം സ്നേഹത്തോടും കരുണയോടും കൂടി എപ്രകാരം നടപ്പാക്കണമെന്നു ഞാൻ നിങ്ങൾക്ക് പ്രവർത്തിച്ചു കാണിച്ചുതന്നു.

d) ന്യായപ്രമാണത്തിന്റെ ലക്ഷ്യമായ ദൈവികനീതീകരണം പ്രഖ്യാപിക്കുക മാത്രമല്ല പ്രവാചകന്മാർ എന്നെക്കുറിച്ച് മുൻകൂട്ടി പറഞ്ഞിരുന്നത്പോലെ മരണത്തിലൂടെ പൂർത്തിയാക്കുകയും ചെയ്തു. (റോമ 3: 31; 8:3,10: 4; യോഹന്നാൻ 17: 4; 19:30).

2) **കോപം നിങ്ങളുടെ ആത്മാവിനെ ദ്രവിപ്പിക്കും.**
(മത്തായി5:21,22).

നിങ്ങളുടെ ശത്രുക്കളോടു പോലും കോപം മനസ്സിൽ വളർന്നുവരുവാൻ ഇടയാകാതെ സൂക്ഷിക്കണം. കാരണം അതു നിങ്ങളെ തന്നെയാണ് ആസിഡ് എന്നപോലെ ദ്രവിപ്പിക്കുന്നത്. നിങ്ങളുടെ മനസ്സിനെ വിഷമയം ആക്കി നിങ്ങളുടെ സന്തോഷവും സ്വസ്ഥതയും ആരോഗ്യവും ക്ഷയിപ്പിക്കും. കൊലപാതകം വരെ വളർന്നു വലുതാകുവാൻ പ്രാപ്തിയുള്ള ഒരു ചെറിയ വിത്ത് ആണ് കോപം. അതിനെ മുളച്ചുവരുവാൻ അനുവദിക്കാതെ നിങ്ങളുടെ മനസ്സിൽ ദൈവ സ്നേഹത്തിന്റെ വിത്തുകൾ സമൃദ്ധിയായി പാകി വളർത്തുക. നിങ്ങൾക്ക് കോപം തോന്നുന്ന സന്ദർഭങ്ങൾ ഉണ്ടാകുമ്പോൾ ആ പ്രശ്നം എന്നോട് പറയുക. നിങ്ങൾക്ക് ഞാൻ പരിഹാരം ഉണ്ടാക്കിത്തരാം. നിങ്ങൾ നേരിട്ട് കോപം കൈകാര്യം ചെയ്താൽ, സാഹചര്യങ്ങൾ ശരിയായി വിലയിരുത്താനുള്ള നിങ്ങളുടെ കഴിവ് നഷ്ടപ്പെടും എന്നതിനാൽ അത് നിങ്ങളുടെ തന്നെ ആത്മനാശത്തിന് ഇടവരുത്തും. നീതിയായി മാത്രമേ ഞാൻ കോപിക്കുകയുള്ളൂ. അതുകൊണ്ട് ആർക്കും പ്രയാസം വരുത്താതെ നിങ്ങളുടെ പ്രശ്നങ്ങൾ ഞാൻ പരിഹരിച്ച് തരാം. കോപമടക്കി സ്നേഹം മനസ്സിൽ നിറയ്ക്കുവാൻ നിങ്ങൾ എന്റെ അടുത്ത് വരിക. കോപം മൂലമുണ്ടാകുന്ന കൊടുങ്കാറ്റ് ശമിപ്പിക്കുവാൻ എനിക്ക് കഴിയും. നിങ്ങൾ എന്റെ ഹൃദയത്തോട് ചേർന്ന് ചിന്തിക്കാനും പ്രവർത്തിക്കാനും മനസ്സു വെക്കുക. കോപം മനസ്സിൽ വെച്ചുകൊണ്ട് നടക്കുന്നവർ സ്വയം നശിക്കുന്നു എന്ന് മാത്രമല്ല അവരുമായി ബന്ധപ്പെട്ട എല്ലാവർക്കും അസ്വസ്ഥതയും ഇടർച്ചയും പകർന്നുകൊടുക്കുകയാണ് ആണ്, ചില പകർച്ചവ്യാധികളെ പോലെ.

കോപത്തിന് ഒരു മറുവശം കൂടിയുണ്ട് വാസ്തവത്തിൽ അതു നന്മയ്ക്കു വേണ്ടിയുള്ള വാശി, വൈരാഗ്യം, തീക്ഷ്ണത എന്നിവയുടെ മറ്റൊരു രൂപമാണ്. "കോപിക്കുവിൻ അഥവാ നടുങ്ങുവിൻ, പാപം ചെയ്യാതിരിപ്പിൻ"(സങ്കീർത്തനങ്ങൾ 4:4; എഫെസ്യർ 4: 26). യെരുശലേം ദേവാലയത്തിൽ ഞാൻ പോയി കോപിച്ചു ചാട്ടവാർ എടുത്തു ശുദ്ധീകരണം നടത്തിയ കാര്യം പിന്നീട് അവസാനം വിശദമായി പറയാം (മത്തായി 23: 12–; മർക്കോസ് 11: 15–17; ലൂക്കോസ് 19: 45, 46; യോഹന്നാൻ 2: 13, 17).

നീതിയും നന്മയും എന്താണെന്ന് തിരിച്ചറിയാൻ കഴിയുന്നവർക്ക് മാത്രമേ ഇപ്രകാരം തീക്ഷണതയും എരിവും മനസ്സിൽ കാത്തുസൂക്ഷിച്ച് ശരിയായി പ്രവർത്തിക്കുവാൻ പ്രാപ്തി ലഭിക്കുകയുള്ളൂ. പാപം ആകാത്ത വിധത്തിൽ തന്നെ കോപിക്കുന്നത് എങ്ങനെയെന്ന് നിങ്ങൾ എന്നോട് പഠിച്ച് മനസ്സിലാക്കണം. അതേസമയം, ഞാൻ കോപിച്ചത് പോലെ നിങ്ങൾക്കും എപ്പോൾ എങ്ങനെ വേണമെങ്കിലും കോപിക്കാം എന്ന തെറ്റായ ഉപദേശം നൽകി പിശാച് നിങ്ങളെ പ്രലോഭിപ്പിക്കാൻ ഇടയുള്ളതിനാൽ ഏറെ ജാഗ്രതയോടെ ഇരിക്കുക.

3) **നിങ്ങളുടെ മനോഭാവം ശരിപ്പെടുത്തുക**
**(**മത്തായി 5:23,24)

കോപവും പകയും നിറഞ്ഞ മനസ്സ് വച്ചുകൊണ്ട് എന്നെ അനുസരിച്ച് ജീവിക്കാൻ നിങ്ങൾക്ക് കഴിയില്ല. നിങ്ങളുടെ ക്രിസ്തീയ ശുശ്രൂഷകളെ കൂടി ദോഷമായി ബാധിക്കും. നിങ്ങളുടെ ആത്മീയ ജീവിതം പുഷ്ടിപ്പെടുത്തുവാൻ കഴിയാതെ വരും. അതുകൊണ്ടാണ് അനുരഞ്ജന മനോഭാവത്തിന്റെ കാര്യം ഗൗരവമായി ഞാൻ നിങ്ങളോട് പറയുന്നത്. "ആകയാൽ വഴിപാട് യാഗപീഠത്തിന്മേൽ കൊണ്ടുവരുമ്പോൾ സഹോദരനു നിന്റെനേരെ വല്ലതും ഉണ്ടെന്നു അവിടെവെച്ചു ഓർമവന്നാൽ, നിന്റെ വഴിപാട് അവിടെ ബലിപീഠത്തിന്റെ മുമ്പിൽവെച്ച് ഒന്നാമതു ചെന്നു സഹോദരനോടു നിരന്നു കൊള്ളുക. പിന്നെ വന്നു നിന്റെ വഴിപാട് കഴിക്കുക". (മത്തായി 5: 23 ,24). ഈ കാര്യം മറന്നുകൊണ്ടോ അവഗണിച്ചു കൊണ്ടോ ആണ് നിങ്ങൾ എന്റെ മുൻപാകെ ബലിയർപ്പിക്കാൻ വരുന്നതെങ്കിൽ അത് ഞാൻ സ്വീകരിക്കുകയില്ല.ഇത് അറിഞ്ഞു കൊണ്ട് തന്നെ നിങ്ങൾ അത് ചെയ്യുന്നതിനാൽ എന്നെ അവഗണിക്കുകയും ധിക്കരിക്കുകയും ആണെന്ന് നിങ്ങൾ മനസ്സിലാക്കുക. കാണപ്പെടുന്ന സഹോദരങ്ങളെ സ്നേഹിക്കാതെ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ എങ്ങനെ നിങ്ങൾക്ക് കഴിയും? ഇത്രയും അലക്ഷ്യം ആയും അശ്രദ്ധായോടെയും ചെയ്യുന്ന നിങ്ങളുടെ ആത്മാവില്ലാത്ത ഇത്തരം ആരാധനകൾ ഞാൻ വെറുക്കുന്നു എന്നുകൂടി നിങ്ങൾ അറിഞ്ഞു കൊള്ളണം.

പല സാഹചര്യങ്ങളിൽ മനുഷ്യർ തമ്മിൽ പിണങ്ങുന്ന അവസരങ്ങൾ സാത്താൻ ഒരുക്കും എന്ന് എനിക്കറിയാം. എന്നാൽ അങ്ങനെ പിണങ്ങി കഴിയാതെ ഇരിക്കാൻ എന്താണ് ചെയ്യേണ്ടത് എന്ന് ഞാൻ ശിഷ്യരോട് പറയുന്നത് നിങ്ങൾ അറിഞ്ഞില്ലേ? "നിന്റെ സഹോദരൻ നിന്നോട് പിഴച്ചാൽ നീ ചെന്ന് നീയും അവനും മാത്രമുള്ളപ്പോൾ കുറ്റം അവനെ ബോധം

വരുത്തുക; അവൻ നിന്റെ വാക്ക് കേട്ടാൽ നീ സഹോദരനെ നേടി. കേൾക്കാൻ വിസമ്മതിച്ചാൽ രണ്ടുമൂന്ന് സാക്ഷികളുടെ വായാൽ സകല കാര്യവും ഉറപ്പാക്കേണ്ടതിനായി ഒന്ന് രണ്ടു പേരെ കൂട്ടിക്കൊണ്ടു ചെല്ലുക. അവരെയും അനുസരിക്കാതെ വന്നാൽ സഭയെ അറിയിക്കുക. സഭയേയും അനുസരിക്കുന്നില്ലെങ്കിൽ അവൻ നിനക്ക് ചുങ്കക്കാരനും പുറജാതിക്കാരനും എന്ന പോലെഇരിക്കട്ടെ. (മത്തായി18:15–18). ഇത്രയും വ്യക്തമായി ഞാൻ പറഞ്ഞിട്ടും നിങ്ങൾ അത് ഗണ്യമാക്കാതെ ഈ ലോക രാജ്യത്തിന്റെ കോടതികളിൽ വ്യവഹാരത്തിന് പോകുന്നത് കഷ്ടമാണ്. പൗലോസ്ശ്ലീഹ ഈ കാര്യത്തെപ്പറ്റി കുറച്ചുകൂടി വ്യക്തമായി പറയുന്നത് നിങ്ങൾ വായിച്ചു നോക്കുക. (1കൊരി 6:1– 11).

ഇതിനു മറ്റൊരു വശം കൂടിയുണ്ട് ലോകത്തിലുള്ള എല്ലാവരുമായി എപ്പോഴും നിരപ്പായി ജീവിക്കുവാൻ നിങ്ങൾക്ക് കഴിയില്ല. എനിക്കുപോലും അപ്രകാരം കഴിയാത്ത നിരവധി സന്ദർഭങ്ങൾ എന്റെ മനുഷ്യാവതാരകാലത്ത് ഉണ്ടായിട്ടുണ്ട്. അത് വ്യക്തിപരമായ പിണക്കം അല്ല ആശയപരമായ സംഘട്ടനങ്ങൾ ആണ്; അത് സ്വാഭാവികമാണ്. ഞാൻ യഹൂദ പ്രമാണികളും ആയി പലപ്പോഴും ആശയപരമായി ഏറ്റുമുട്ടിയിട്ടുണ്ട്; കഠിന വാക്കുകൾ ഉപയോഗിച്ച് അവരെ ബോധ്യപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. സാധാരണക്കാരായ നിഷ്കളങ്ക മനസ്സുള്ള എല്ലാവർക്കും അത് മനസ്സിലായി. എന്നാൽ എല്ലാം അറിയുന്നവരാണ് എന്ന് അഹങ്കരിച്ച പ്രമാണിമാർ എന്നോടുള്ള ആശയപരമായ അഭിപ്രായവ്യത്യാസത്തെ അപ്രകാരം കാണാതെ വ്യക്തിപരമായി പകയും പ്രതികാരവും നടത്തിയതിനാലാണ് സ്വർഗ്ഗപിതാവിന്റെ പദ്ധതിപ്രകാരം നിങ്ങൾക്ക് രക്ഷ ലഭിക്കേണ്ടതിന് ഞാൻ ക്രൂശുമരണം പ്രാപിക്കേണ്ടി വന്നത്. മനുഷ്യരായ നിങ്ങൾ ചെയ്യുന്ന തെറ്റുകളിൽ കൂടിയും മനുഷ്യ നന്മയ്ക്കുവേണ്ടി പദ്ധതി ഉണ്ടാക്കി പ്രവർത്തിക്കുവാൻ ഞങ്ങൾക്ക് കഴിയും എന്ന് നിങ്ങൾ മനസ്സിലാക്കുക. എന്നെ ബോധപൂർവ്വം ഉപേക്ഷിക്കുന്നവരോട് അനുരഞ്ജനപെടുവാൻ ഞാൻ ശ്രമിക്കാറില്ല. എന്നാൽ അവരോട് വൈരാഗ്യം വെച്ചുകൊണ്ട് ഞാൻ ചിന്തിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യിട്ടില്ല. തന്നെയല്ല, എപ്പോൾ എന്നോട് അടുത്ത് വന്നാലും ഞാൻ അവരെ സ്വീകരിക്കുവാൻ മനസ്സുകൊണ്ട് തയ്യാറാണ്. ഈ കാര്യം നിങ്ങൾ ശരിയായ വിധം ഗ്രഹിച്ച് എന്റെ മനോഭാവം സ്വീകരിച്ചു ജീവിക്കണം.പ്രതികാര ചിന്തയോടെ നിങ്ങൾ എന്ത് പറഞ്ഞാലും പ്രവർത്തിച്ചാലും അത് നിങ്ങൾക്കും നിങ്ങളുമായി ബന്ധപ്പെടുന്നവർക്കും അസ്വസ്ഥത വരുത്തും.

കോപചിന്തകൾ വച്ചുകൊണ്ട് സംഗീതരചന നടത്തിയാലും

പാടിയാലും അത് സമൂഹത്തെ തിന്മയിലേക്ക് വശീകരിക്കും. അതുപോലെ കോപിച്ചു കൊണ്ട് ചിത്രം വരച്ചാൽ അത് കാണുന്നവർക്ക് ആത്മനൊമ്പരം ഉണ്ടാകും. കോപം മനസ്സിൽ വച്ചുകൊണ്ട് നടത്തുന്ന പ്രസംഗങ്ങൾ മൂലം കേൾക്കുന്നവർക്ക് ആത്മികവർദ്ധന ഉണ്ടാകുകയില്ല. അപ്രകാരം എഴുതുന്ന ലേഖനങ്ങളും പ്രബന്ധങ്ങളും ഗ്രന്ഥങ്ങളും ആത്മീയ പക്വതക്ക് പര്യാപ്തമായി തീരുകയില്ല. ആകയാൽ കോപഭാവം പൂർണമായി മാറികിട്ടുവാൻ ആദ്യമായി പരസ്പരം രമ്യമായി എന്റെ ബലിപീഠത്തിനു മുൻപാകെ വരിക. അപ്പോൾ ഞാൻ എന്റെ സമാധാനം കൊണ്ട് നിങ്ങളുടെ മനസ്സ് നിറച്ച് സന്തോഷത്തോടെ തിരിച്ച് അയക്കാം.

4) **എത്രയും വേഗം രമ്യമായി അനുരഞ്ജനപ്പെടുക**
(മത്തായി 5: 25, 26; 18:21– 35 ; ലൂക്കോസ്.12: 57, 59).

ഭൂമിയിൽ വെച്ച് അപ്പഴപ്പോൾ തന്നെ രമ്യപെടാതെ വന്നാൽ എന്റെ മുമ്പാകെ നിങ്ങൾ നിശ്ചയമായും ന്യായം വിധിക്കപ്പെടുന്ന ഒരു ദിവസം ഉണ്ടെന്ന് ഓർത്തിരിക്കുക. ഈ ലോക ജീവിതത്തിൽ നിങ്ങൾ കരുണ യാചിച്ചാൽ നിങ്ങൾക്ക് ലഭിക്കും. എന്നാൽ ന്യായവിധിനാളിൽ കരുണ അല്ല നീതിയാണ് നടപ്പാക്കുന്നത് എന്ന് മനസ്സിലാക്കുക. നിങ്ങളാണ് കുറ്റം ചെയ്തത് എന്ന് നിങ്ങൾക്ക് ബോധ്യപ്പെടണമെങ്കിൽ എതിരാളിയുടെ വശത്തുനിന്ന് കാര്യങ്ങൾ വിലയിരുത്താൻ നിങ്ങൾ ശ്രമിക്കണം. യോജിക്കാവുന്ന മേഖലകൾ കണ്ടെത്തി കഴിഞ്ഞാൽ യോജിക്കാൻ ആകാത്ത കാര്യങ്ങൾ നിസ്സാരമാണെന്ന് നിങ്ങൾക്ക് മനസ്സിലാകും. കോപം മാറ്റിവെച്ച് സ്നേഹഭാവത്തോടെ ഇടപെടണം എന്ന് മാത്രം. ചിലപ്പോൾ നിങ്ങളുടെ ഒരു ശത്രു നിങ്ങളെ നശിപ്പിക്കുവാൻ ശ്രമിക്കുന്നതായി നിങ്ങൾക്ക് തോന്നിയാലും ദൈവം നിങ്ങളുടെ നന്മയ്ക്ക് വേണ്ടിയാണ് എതിരാളിയെ അനുവദിക്കുന്നത് എന്ന് നിങ്ങൾ മനസ്സിലാക്കണം. ഇസ്രായേലിനെ ശപിക്കാൻ ആയി പണം മോഹിച്ച് പോയ ബിലെയാമിന്റെ കഥ നിങ്ങൾ വായിച്ചിട്ടുണ്ടാവും(സംഖ്യ 22 : 22–) നിങ്ങളുടെ വഴിയാണ് ശരി എന്ന് ചിന്തിക്കാതെ അതിനെപ്പറ്റി മറ്റുള്ളവരുടെ അഭിപ്രായങ്ങളെ ക്രിയാത്മകമായി, ദൈവിക കാഴ്ചപ്പാടിൽ വിലയിരുത്തുവാൻ ശ്രമിക്കണം. നിങ്ങൾക്ക് വ്യക്തമായ ഒരു കാഴ്ചപ്പാട് ലഭിക്കുന്നില്ലെങ്കിൽ എന്നോട് മനസ്സുതുറന്ന് ആലോചിക്കുവാൻ സമയമെടുക്കുക.ഒരു വാതിൽ നിങ്ങൾക്ക് ഞാൻ അടച്ചു കളയുന്നത് കുറേക്കൂടി നല്ല അനുഭവത്തിലേക്ക് നിങ്ങളെ നയിക്കാനുള്ള പുതിയ വാതിൽ തുറക്കുവാൻ ആണെന്ന് വിശ്വസിക്കുക.

നിങ്ങളുടെ എതിരാളിയോട് ക്ഷമിക്കുന്നത് വളരെ പ്രധാനപ്പെട്ട

കാര്യമാണ്. അങ്ങനെ ചെയ്യില്ലെങ്കിൽ സ്വർഗ്ഗപിതാവ് നിങ്ങളോടും ക്ഷമിക്കുകയില്ല. എന്നുമാത്രമല്ല നേരത്തെ ക്ഷമിച്ചതുപോലും നിങ്ങൾക്ക് വീണ്ടും കടമായി ശിക്ഷ ചുമത്തും. ഞാൻ വലിയ പലിശ ഇളവ്കൊടുത്ത ദാസൻ കൂട്ടുകാരനോട് ചെയ്ത അന്യായം കണ്ടു, നേരത്തെ ഇളച്ചു കൊടുത്ത വലിയ കടം അവന്റെ മേൽ വീണ്ടും ചുമത്തി അവനെ കാരാഗ്രഹത്തിൽ ആക്കിയ കാര്യം നിങ്ങൾക്കും ബാധകമാകും എന്നോർക്കുക. (മത്തായി 18: 34,35). അനുരഞ്ജനം നീട്ടിവച്ചാൽ കൂടുതൽ കഠിന അനുഭവത്തിൽ അകപ്പെടും എന്നതിനാൽ ഉടൻതന്നെ രമ്യം ആകാൻ ശ്രമിക്കുക.

5) **പ്രവർത്തിക്കുന്നതിനു മുമ്പ് പാപം ഹൃദയത്തിലാണ് മോഹമായി രൂപംകൊള്ളുന്നത്** (മത്തായി 5: 27– 32)

സ്ത്രീ പുരുഷന്മാർ തമ്മിലുള്ള ബന്ധത്തിൽ കടന്നുകൂടുന്ന ലൈംഗിക അശുദ്ധി ആണ് ഇവിടെ ഞാൻ നിങ്ങളുമായി ചർച്ച ചെയ്യുന്നത്. ഞാൻ മനുഷ്യാവതാരം ചെയ്തപ്പോൾ ഒന്നാം ആദം വീണു പോകുന്നതിനു മുൻപു പാപത്തിൻ മേലുള്ള സ്വാതന്ത്ര്യം അനുഭവിച്ചിരുന്ന അവന്റെ പ്രകൃതമാണ് ഞാൻ സ്വീകരിച്ചത്. ശരീര പ്രകാരം ജനിക്കുന്നവർക്ക് അവരുടെ തലമുറ രക്ഷാകാലതികവ് വരെ നിലനിർത്താനായി സ്വർഗ്ഗീയ പിതാവ് സൃഷ്ടി സമയത്ത് തന്നെ അവർക്ക് നൽകിയ ഒരു അനുഗ്രഹമായിരുന്നു ലൈംഗികത.

അനുസരണക്കേട് ആയിരുന്നല്ലോ ആദ്യപാപം. ദൈവഇഷ്ടം അനുസരിക്കുന്നതിനു പകരം ദൈവം നൽകിയ സ്വാതന്ത്ര്യം ദുർവിനിയോഗം ചെയ്തു തന്നിഷ്ടപ്രകാരം പഞ്ചേന്ദ്രിയങ്ങളുടെ മോഹങ്ങൾക്ക് അടിമപ്പെട്ടു സാത്താന്റെ വാക്ക് വിശ്വസിച്ചു അവൻ പ്രവർത്തിച്ചു. അതിനു പരിഹാരമായി ഒരു സമാന്തര ജന്മമെടുത്തു ദൈവത്തെ മാത്രം അനുസരിക്കുന്നത് എങ്ങനെയെന്ന് നിങ്ങളെ ജീവിച്ചു കാണിക്കാൻ ആയി മനുഷ്യനായി പിറന്ന എനിക്ക് നിങ്ങളെ പോലെ "മര്ത്യത" ഇല്ലാത്തതിനാൽ ജനനപ്രക്രിയയുടെ ഭാഗമായ ലൈംഗികത ആവശ്യം വന്നില്ല. എന്നാൽ ആദാമ്യപാപം മൂലം മർത്ത്യർ അഥവാ മരണവിധേയർ ആയി തീർന്ന നിങ്ങളുടെ അപൂർണമനുഷ്യത്വത്തെ വീണ്ടെടുപ്പു മൂലം നിങ്ങളിൽ ഞാൻ പുനഃസ്ഥാപിച്ചതിനാൽ മാമോദിസ വഴിയായി നിങ്ങളും എന്റെ അവസ്ഥയിലേക്ക് വളർന്നുവരുവാനുള്ള സ്വരൂപവും സാദൃശ്യവും വീണ്ടും ജനനം വഴി നിങ്ങൾക്ക് പുതുക്കി നൽകിയിരിക്കുകയാണ്. അപ്രകാരം നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന വിശുദ്ധിയിൽ വളരുംതോറും ലൈംഗികമോഹം ഉൾപ്പെടെ എല്ലാ പാപചിന്തകളെയും അതിജീവിക്കുവാൻ നിങ്ങൾക്ക്

പരിശുദ്ധാത്മശക്തിമൂലം  കഴിവു ലഭിച്ചിട്ടുണ്ട്. പരിശുദ്ധാത്മശക്തിയാൽ പ്രാപിച്ചിരിക്കുന്ന ദൈവകൃപയാൽ  നിങ്ങളുടെമേൽ പാപം അധീശത്വം നടത്തുകയില്ല. (റോമ6:14). ഈ യാഥാർത്ഥ്യം നിങ്ങൾ വേണ്ടത്ര മനസ്സിലാക്കിയിട്ടില്ലാത്തതിനാലാണ് പഴയമനുഷ്യസ്വഭാവത്തിലേക്ക് ഉള്ള സാത്താന്റെ വശീകരണ കെണികളിൽ നിങ്ങൾ അകപ്പെട്ട് പോകുന്നത്.

ഈ കാര്യം അല്പം കൂടി വിശദീകരിക്കാൻ ശ്രമിക്കട്ടെ. ഞാൻ മനുഷ്യാവതാരം ചെയ്തപ്പോൾ യഹൂദന്മാരുടെ ഇടയിൽ നടപ്പിലിരുന്ന "ഭാര്യ –ഭർത്താവ്" തമ്മിലുള്ള ബന്ധം അത്ര നല്ലതായിരുന്നില്ല. പുരുഷന്റെ വാരിയെല്ലിൽ നിന്നും എടുത്തതിനാൽ സ്ത്രീയെ ഒരു  ദാസിയെ പോലെ അവഗണിക്കുന്നതായി ഞാൻ കണ്ടിരുന്നു. യഹോവ എനിക്ക് "തുണ" ആകുന്നു എന്ന് പറയുന്നതുപോലെ  അത്രയും ഉന്നതമായ  ഒരു സ്ഥാനമാണ് "തുണ" എന്ന പദവിയിലൂടെ സ്ത്രീകൾക്ക് സ്വർഗ്ഗപിതാവ് കൽപ്പിച്ച് നൽകിയത്.(ഉല്പത്തി 2: 18; സങ്കീ 27:9).  യഹൂദൻമാരായ  പുരുഷന്മാർ അവരുടെ സ്ത്രീകളോട് ദാസികളെ പോലെയാണ് പെരുമാറിയിരുന്നത്. എന്തെങ്കിലും അനിഷ്ടം തോന്നിയാൽ വിവാഹമോചനം നൽകുന്ന നിയമങ്ങളും അവർ എഴുതി ഉണ്ടാക്കി.  വിവാഹമോചനം ഒരിക്കലും ദൈവം അംഗീകരിക്കുന്നില്ല എന്ന് മാത്രമല്ല വെറുക്കുന്നു എന്നുകൂടി പ്രവാചകൻ പറഞ്ഞിട്ടുണ്ട്.  (മലാക്കി 2:16). ഉപേക്ഷണപത്രം നൽകാൻ മോശ അനുവദിച്ചത് സ്ത്രീകൾ നിരാശ്രയരായി അലഞ്ഞു നടക്കുവാൻ ഇടയാകാതെ ഇരിക്കാനും വേണ്ടി മാത്രമായിരുന്നു. വിവാഹമോചനത്തിന് ആവശ്യപ്പെടാൻ യഹൂദപുരുഷന് മാത്രമേ അവകാശം നൽകിയിരുന്നുള്ളൂ. ആയതിനാൽ  വിവാഹമോചനം, പരസംഗ കുറ്റത്താൽ അല്ലാതെ  പാടില്ലെന്ന് പറയുക മാത്രമല്ല , സ്ത്രീകൾക്കും ഭർത്താക്കന്മാരിൽ വ്യഭിചാരക്കുറ്റം കണ്ടാൽ വിവാഹമോചനം ആവശ്യപ്പെടാനും, വ്യഭിചാരക്കുറ്റം സ്ത്രീക്കും പുരുഷനും ഒരുപോലെ ബാധകമാണെന്നും ഞാൻ വ്യക്തമാക്കി. തന്നെയല്ല,  ജീവിതപങ്കാളി ജീവിച്ചിരിക്കുമ്പോൾ വിവാഹമോചിതർ വിവാഹം ചെയ്യുന്നതും വ്യഭിചാരം തന്നെയാണെന്നും ഞാൻ വിധിയെഴുതി.  (മത്തായി 5: 3, 32; 19: 8,9; മർക്കോസ് 10:  2– 9;ലൂക്കോസ് 16: 18).

മോഹത്തോടെ അല്ലാതെ സ്ത്രീപുരുഷന്മാർ പരസ്പരം ഇടപെടുവാൻ പക്വത പ്രാപിക്കുവാൻ ഹൃദയ ശുദ്ധീകരണം നിങ്ങൾ പരിശീലിക്കണം. കണ്ണ് ചൂഴ്ന്ന് കളയുന്നതും  കൈ വെട്ടി കളയുന്നതും  ആക്ഷരികമായി നടപ്പാക്കുവാൻ ഞാൻ പറഞ്ഞതല്ല എന്ന് അറിയാമല്ലോ. തിന്മ ചെയ്യാനുള്ള സാഹചര്യങ്ങളിൽ നിന്നും എത്രയും വേഗം ഒഴിഞ്ഞുമാറണം എന്നാണ് ഞാൻ പറഞ്ഞത്. നിങ്ങൾ ചെയ്യുന്ന പ്രവൃത്തിയെക്കാൾ നിങ്ങളുടെ

മനോവികാരങ്ങളെ ആണ് കൂടുതലായി ഞാൻ ശ്രദ്ധിച്ച് വിലയിരുത്തുന്നത്. ആകയാൽ പുരുഷന്മാരെ വശീകരിക്കുന്നതിനുള്ള ദുഷ്ട ലക്ഷ്യത്തോടെ സ്ത്രീകൾ അണിഞ്ഞൊരുങ്ങി സ്വയം പ്രദർശിപ്പിക്കുന്നത് ഒഴിവാക്കണം. സ്ത്രീകളുടെ സൗന്ദര്യം അവരുടെ ഭർത്താക്കന്മാർക്ക് മാത്രമുള്ളതാണ്. അതുപോലെ പുരുഷന്മാരും സ്ത്രീകളെ ദുഷ്ടലാക്കോടെ നോക്കുന്ന പ്രവണത ഒഴിവാക്കണം. നിങ്ങൾ എന്നെപോലെ ആകാൻ ശ്രമിച്ചാൽ നിങ്ങൾക്ക് അതിന് കഴിയും.

6) **ആണ ഇടുന്നതും ഉടമ്പടി ലഭിക്കുന്നതും പാപമാണ്.**
(മത്തായി 5: 33– 37).

ദൈവനാമം വൃഥാ എടുക്കരുത് എന്ന കാര്യം നിങ്ങൾ മറന്നുകൊണ്ട് "ആണ" ഇടുന്നത് തെറ്റാണ്. നിങ്ങൾ എന്തെങ്കിലും പറയുന്നതിന് മുൻപ് ധൃതി വെക്കാതെ ആലോചിച്ച് ഉറപ്പിച്ച ശേഷം ഉവ്വ് എന്നോ ഇല്ല എന്നോ മാത്രം പറഞ്ഞാൽ മതി. നിങ്ങൾ എന്നെ വിശ്വസിച്ച് ജീവിക്കുമ്പോൾ മാത്രമേ നിങ്ങളുടെ വാക്ക് ദൈവവും മനുഷ്യരും വിശ്വസിക്കൂ. എപ്പോഴും സത്യം മാത്രം സംസാരിച്ചാൽ പിന്നെ വാക്ക് മാറ്റി പറയേണ്ടി വരികയില്ല. ഒരു നുണ ഒരിക്കൽ പറഞ്ഞാൽ,എത്ര പ്രാവശ്യം മാറ്റി പറഞ്ഞാലും അത് സത്യം ആകുകയില്ല. എന്നോട് ചേർന്ന് നിൽക്കുന്നവർക്ക് കള്ളം പറയേണ്ടി വരികയും ഇല്ല, കാരണം ഞാൻ തന്നെയാകുന്നുസത്യം. അതിവേഗത്തിൽ ഒന്നും പറയാതെ വാക്ക് പറഞ്ഞിട്ട്, അതുപോലെ നേർച്ച നേർന്നു കഴിഞ്ഞു നടപ്പാക്കാതെ ഇരിക്കുന്നതിനേക്കാൾ പറയാതെയും, നേരാതെയും ഇരിക്കുന്നതാണ് നല്ലത്. (സഭാപ്രസംഗി 5: 2 –7).

7) **വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതാണ് നല്ലത്**
(മത്തായി 5: 42)

എപ്പോഴും മറ്റുള്ളവർക്ക് സഹായം നൽകുവാൻ നിങ്ങൾ തയ്യാറായിരിക്കുക. നിങ്ങൾ മറ്റുള്ളവർക്ക് ചെയ്യുന്നതെല്ലാം എനിക്കുവേണ്ടി ചെയ്യുന്നതായി കണക്കിട്ടു ഞാൻ നിങ്ങൾക്ക് പ്രതിഫലം തരും. മറ്റുള്ളവർ നിങ്ങൾക്ക് ചെയ്യണം എന്ന് നിങ്ങൾ ആഗ്രഹിക്കുന്ന നന്മകൾ ഒക്കെ നിങ്ങൾ മറ്റുള്ളവർക്കും ചെയ്യുക. അപ്പോൾ നിങ്ങൾക്ക് സ്വർഗ്ഗത്തിൽ വലിയ നിക്ഷേപം ഉണ്ടാകും. എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവരെല്ലാം സ്വന്തം എന്ന് കരുതുന്ന എല്ലാം തന്നെ വിറ്റ് ആവശ്യക്കാർക്ക് കൊടുക്കുന്നവർ ആകണം. എല്ലാവരും അങ്ങനെ ചെയ്താൽ നിങ്ങളിൽ ആർക്കും ഒരു കാര്യത്തിനും കുറവുണ്ടാകില്ല.

8) **നിങ്ങൾ പ്രതികാരത്തിന് തുനിയരുത്**
(മത്തായി5: 41)

ശത്രുക്കളെ സ്നേഹിക്കാൻ നിങ്ങൾക്ക് കഴിഞ്ഞാൽ പിന്നെ നിങ്ങൾക്ക് സ്നേഹിതന്മാർ മാത്രമേ ഉണ്ടാകൂ. അപ്രകാരമുള്ള ദൈവിക സ്നേഹം നിങ്ങളുടെ ഹൃദയങ്ങളിൽ നിറഞ്ഞു വരുവാൻ ആണ് ത്യാഗം സഹിച്ചും സ്നേഹിക്കുവാൻ ഞാൻ നിങ്ങളെ പഠിപ്പിച്ചത്. (ലൂക്കോസ് 6: 27 –36 ; റോമ12: 17; 1 കോരി 6: 7).

ഞാൻ പറഞ്ഞ കാര്യങ്ങളൊക്കെ കേട്ട് ഗ്രഹിക്കുന്നവർ ആയാൽ എന്നാലും നിങ്ങൾക്ക് എന്റെ സ്നേഹിതരായി ജീവിക്കാൻ കഴിയും. ഗ്രഹിച്ചാൽ മാത്രം പോരാ അനുസരിച്ച് ജീവിക്കുകയും ചെയ്യണം കേട്ടോ.

02-11-2020

## അദ്ധ്യായം 22

# "മൂന്ന് പ്രധാന രഹസ്യ പ്രമാണങ്ങൾ"

## (ദാനധർമ്മം, പ്രാർത്ഥന, ഉപവാസം)

**(മത്തായി. 6: 1 – 4;6:5 –7 ;6 :16 –18)**

ഇന്ന് ഞാൻ നിങ്ങളോട് പറയുന്ന കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടവ ആകയാൽ അതീവശ്രദ്ധയോടെ നിങ്ങൾ കേട്ട് മനസ്സിലാക്കണം. പ്രത്യക്ഷത്തിൽ വളരെ ലളിതമായി തോന്നുമെങ്കിലും നിങ്ങളുടെ ആത്മീയ തീർത്ഥാടനത്തിൽ പാലിക്കേണ്ട വിലയേറിയ പ്രമാണങ്ങളാണ് ഇവ മൂന്നും. ഏറ്റവും പ്രധാനം ഇതിന്റെ രഹസ്യസ്വഭാവം ആണ്. ഞാൻ രോഗശാന്തി നൽകിയ സമയത്ത് ഈ പ്രമാണം പാലിക്കുവാൻ ശ്രദ്ധിച്ചിരുന്നു. നിങ്ങളുടെ ഈ പ്രവൃത്തികൾ പലരുടെയും ശ്രദ്ധയിൽ പെട്ടു കഴിഞ്ഞാൽ എല്ലാ പൈശാചിക ശക്തികളും നിങ്ങൾക്ക് എതിരായി വന്നു നിങ്ങളുടെ ആത്മീയ ജീവിതത്തെ തകർക്കാനായി ശ്രമിക്കും.അപ്പോൾ കഠിനമായ പോരാട്ടം തന്നെ നിങ്ങൾക്ക് അതിജീവിക്കേണ്ടിവരും. തന്നെയുമല്ല നിങ്ങൾ അറിയാതെതന്നെ നിങ്ങൾക്ക് അഹങ്കാരം കടന്നുകൂടി ദൈവ കൃപാവരങ്ങൾ നഷ്ടപ്പെടുവാൻ ഇടയാകും. ( 1 പത്രോ 5:5.). കൂടാതെ മനുഷ്യരിൽ നിന്നുള്ള പുകഴ്ച്ച ആണ് നിങ്ങൾ പ്രതീക്ഷിക്കുന്നതെങ്കിൽ സ്വർഗീയ പ്രതിഫലം നഷ്ടമാകുകയും ചെയ്യും. സ്വർഗ്ഗീയപ്രതിഫലമാണ് എന്നാളും നിലനിൽക്കുന്നത് എന്ന് അറിഞ്ഞുകൊണ്ട് മാനുഷിക പ്രശംസകൾ പ്രതീക്ഷിക്കാതെ പ്രവർത്തിക്കുക. മനുഷ്യർ നിങ്ങളെ പ്രശംസിച്ചാലും പരിഹസിച്ചാലും അത് നിങ്ങളുടെ ഹൃദയത്തിലേക്ക് കടക്കാനും മനസ്സിൽ സൂക്ഷിക്കുവാനും ഇട ആകാതിരിക്കട്ടെ. കഴിയുന്നിടത്തോളം മനുഷ്യർ നിങ്ങളെ പുകഴ്ത്തുവാൻ ഉള്ള അവസരം ഉണ്ടാകാതെ നോക്കണം. എന്നോട് ചേർന്ന്നടന്ന് എന്റെ വിനയഭാവം നിങ്ങൾ കരസ്ഥമാക്കുക. നിങ്ങളെപ്പറ്റി ഞാൻ ചിന്തിക്കുന്നതും മനസ്സിലാക്കുന്നതും അതുപോലെ എന്റെ സ്വർഗ്ഗപിതാവും അംഗീകരിച്ചുകൊണ്ട് നിങ്ങൾക്ക് സമൃദ്ധിയായി പ്രതിഫലം നൽകും. മറ്റുള്ളവർ നിങ്ങളെപറ്റി എന്ത് പറയുന്നു എന്ന് സ്വർഗ്ഗപിതാവ്

ഗൗനിക്കാറില്ല; നിങ്ങൾ നിങ്ങളെപറ്റി എന്ത് കരുതുന്നു എന്നും എന്റെ പിതാവിന് വിഷയമല്ല.നിങ്ങൾ അന്തരാത്മാവിൽ ആരാണ്, നിങ്ങളുടെ ലക്ഷ്യങ്ങളും പ്രതീക്ഷകളും എന്തൊക്കെയാണ്, നിങ്ങളുടെ പ്രവൃത്തികൾ കാപട്യം നിറഞ്ഞതാണോ എന്നിങ്ങനെയുള്ള കാര്യങ്ങളാണ് ദൈവം നോക്കി നിങ്ങളെ വിലയിരുത്തുന്നത്. മനുഷ്യരുടെ മുൻപിൽ മുഖംമൂടി ധരിച്ച് നല്ലവനായി അഭിനയിക്കാം. എന്നാൽ അപ്രകാരമുള്ള കപടഭക്തി ആണ് ദൈവപിതാവ് ഏറ്റവും വെറുക്കുന്നത്. ചുങ്കക്കാരും പാപികളും കപടഭക്തരായ പരീശന്മാരെക്കാൾ മുന്നമേ സ്വർഗ്ഗരാജ്യത്തിൽ കടക്കുമെന്ന് ഞാൻ പറഞ്ഞത് അതുകൊണ്ടാണ്. കപടഭക്തി പാപപ്രവൃത്തികളെകാൾ കൂടുതലായി നിങ്ങളെ നശിപ്പിക്കും.കാരണം നിങ്ങൾ എപ്പോഴും മറ്റുള്ളവരുടെ മുൻപിൽ നല്ലവരായി കാണപ്പെടുന്നതിനാൽ അവർ നിങ്ങളെ പുകഴ്ത്തി കൊണ്ടിരിക്കുക വഴി നിങ്ങളുടെ അഹങ്കാരം വർദ്ധിച്ചുവരും എന്ന് മാത്രമല്ല നിങ്ങളുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കാൻ അനുവദിക്കാതെ മറച്ചു വെക്കുന്നതിനാൽ ഒരിക്കലും മാനസാന്തരപ്പെടുവാനോ തെറ്റുതിരുത്താനോ സാധ്യമല്ലാത്തവിധം നിങ്ങൾ സാത്താന്റെ കെണിയിൽ അകപ്പെടും. ആകയാൽ താഴെപ്പറയുന്ന മൂന്ന് പ്രമാണങ്ങളും രഹസ്യമായി ചെയ്യുമ്പോൾ മാത്രമേ യഥാർത്ഥ പ്രതിഫലം നിങ്ങൾക്ക് ലഭിക്കു എന്ന് ഓർത്തിരിക്കുക.

### 1) ദാനധർമ്മം (Charity).

(മത്തായി 6:1– 4).

"മനുഷ്യർ കാണേണ്ടതെന്ന് നിങ്ങളുടെ നീതിയെ അവരുടെ മുൻപിൽ ചെയ്യാതിരിക്കാൻ സൂക്ഷിക്കുവിൻ. ഇല്ലെങ്കിൽ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിന്റെ പക്കൽ നിങ്ങൾക്ക് പ്രതിഫലം ഇല്ല. ആകയാൽ നിങ്ങൾ ഭിക്ഷ കൊടുക്കുമ്പോൾ മനുഷ്യരാൽ മാനം ലഭിക്കാനായി പള്ളികളിലും വീടുകളിലും ചെയ്യുന്നതുപോലെ നിന്റെ മുൻപിൽ കാഹളം മുഴക്കരുത്. അവർക്ക് പ്രതിഫലം കിട്ടിപ്പോയി എന്ന് ഞാൻ നിങ്ങളോട് പറയുന്നു. നീയോ ഭിക്ഷകൊടുക്കുമ്പോൾ നിന്റെ ഭിക്ഷ രഹസ്യത്തിൽ ആയിരിക്കേണ്ടത് വലംകൈ ചെയ്യുന്നത് എന്തെന്ന് ഇടംകൈ അറിയരുത്.രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം തരും". അന്ന് ഞാൻ യഹൂദരോട് പറഞ്ഞ ഈ വാക്കുകൾ നിങ്ങൾ വായിച്ചു കാണുമല്ലോ.

ഇന്ന് നിങ്ങൾ ഒരുപക്ഷേ കാഹളം മുഴക്കാതെയും വഴിയരികിൽ പ്രദർശിപ്പിക്കാതെയും നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ വഴി നിങ്ങൾക്ക് മനുഷ്യരുടെ പ്രശംസ മാത്രമല്ല അവരുടെ സംഭാവനകളും കൂടുതൽ ലഭിക്കുന്നുണ്ടാകും. പത്രങ്ങളിലും മറ്റ് സാമൂഹ്യ മാധ്യമങ്ങളിലും

മുൻകൂട്ടി പ്രചരിപ്പിച്ച് ചെയ്യുന്ന ഈ പ്രവണത യഹൂദന്മാർ ചെയ്തതിനെക്കാൾ മോശമായിട്ടാണ് ഞാൻ കാണുന്നത്. വ്യക്തികൾ ആയും സമൂഹങ്ങൾ ആയും പ്രസ്ഥാനങ്ങൾ ആയും ചെയ്യുന്ന ഇത്തരം പരസ്യ ജീവകാരുണ്യപ്രവർത്തനങ്ങളുടെ മറവിൽ വളരെയേറെ വഞ്ചനകളും തട്ടിപ്പുകളും പലയിടങ്ങളിലും നടക്കുന്നുണ്ടെന്നും എനിക്കറിയാം. ആകയാൽ അങ്ങനെ ചെയ്യുന്നവർക്ക് പ്രതിഫലത്തിന് പകരം ശിക്ഷ ലഭിക്കുമെന്നാണ് അത്തരം പരസ്യപ്പെടുത്തി നടത്തുന്ന ജീവകാരുണ്യ പ്രവർത്തകരോട് എനിക്ക് മുന്നറിയിപ്പ് നൽകാനുള്ളത്. ആർക്കെങ്കിലും നിങ്ങൾ സഹായം ചെയ്യുന്നു എങ്കിൽ അത് നിങ്ങളുടെ എന്ന് കരുതുന്ന സമ്പാദ്യത്തിൽനിന്ന് ആണെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? ഞാൻ നൽകിയത് അല്ലാതെ നിങ്ങൾക്കൊന്നും സ്വന്തം എന്ന് അവകാശപ്പെടാൻ ഇല്ലല്ലോ. ഞാൻ നിങ്ങൾക്ക് ആവശ്യമുള്ളതിൽ അധികം നൽകിയിട്ടുള്ളതിനാൽ അതിൽനിന്ന് നിങ്ങളുടെ അത്യാവശ്യം കഴിഞ്ഞ ബാക്കിയെല്ലാം എന്റെ സ്വന്തം ജനമായ മറ്റുള്ളവർക്ക് വേണ്ടി നിങ്ങളെ വിശ്വസിച്ച് ഏൽപ്പിച്ചിട്ടുള്ളതാണ്. അതുകൊണ്ട് എന്തെങ്കിലും സഹായം ആർക്കെങ്കിലും നിങ്ങൾ ചെയ്യുന്നുണ്ടെങ്കിൽ അത് നിങ്ങളുടെ ഉത്തരവാദിത്വം വിശ്വസ്തതയോടെ ചെയ്യുക മാത്രമാണ്. അതിനുള്ള പ്രശംസ നിങ്ങൾ എടുത്താൽ എല്ലാ ദാനങ്ങളും നിങ്ങൾക്ക് നൽകുന്ന സ്വർഗ്ഗപിതാവിനോടുള്ള നന്ദികേട് ആയി തീരും എന്ന് നിങ്ങൾ ഓർക്കുക. സഹായം അർഹിക്കുന്നവരെ അന്വേഷിച്ച് രഹസ്യമായി കണ്ടെത്തി അവരുടെ ആവശ്യങ്ങളെ മറ്റാരെയും അറിയിക്കാതെ അവർക്കു എത്തിച്ചു കൊടുക്കുന്ന ശീലം നിങ്ങൾ സമ്പാദിക്കണം. ദാനം പരസ്യമായി നൽകുമ്പോൾ അതു സ്വീകരിക്കുന്നവരെ പരസ്യമായി അവഹേളിക്കുകയാണ് നിങ്ങൾ ചെയ്യുന്നത് എന്നുകൂടി ഓർത്തിരിക്കുക.

## 2) **പ്രാർത്ഥന, യാചന ( Prayer.)**

(മത്തായി 6: 5– 8).

പ്രാർത്ഥനയെപറ്റി ഗിരി പ്രഭാഷണത്തിൽ ഞാൻ അന്ന് പറഞ്ഞത് നിങ്ങൾ വായിച്ചുകാണുമല്ലോ. "നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടഭക്തികാരെ പോലെ ആകരുത്. അവർ മനുഷ്യർക്ക് വിളങ്ങേതിന് പള്ളികളിലും തെരു കോണുകളിലും പോയി നിന്നുകൊണ്ട് പ്രാർത്ഥിപ്പാൻ ഇഷ്ടപ്പെടുന്നു. അവർക്ക് പ്രതിഫലം കിട്ടിപ്പോയി എന്ന് ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. നീയോ, പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്ന് വാതിൽ അടച്ച് രഹസ്യത്തിൽ ഉള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്ക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം തരും. പ്രാർത്ഥിക്കുമ്പോൾ നിങ്ങൾ ജാതികളെ പോലെ ജൽപനം ചെയ്യരുത്, അതിഭാഷണത്താൽ ഉത്തരം കിട്ടും

എന്നാണല്ലോ അവർക്ക് തോന്നുന്നത്. അവരോട് തുല്യർ ആകരുത്. നിങ്ങൾക്ക് ആവശ്യമുള്ളത് ഇന്നതെന്ന് നിങ്ങൾ യാചിക്കുന്നതിന് മുൻപേ നിങ്ങളുടെ പിതാവ് അറിയുന്നുവല്ലോ."

അന്ന് ഞാൻ ഇത്രയും പറഞ്ഞതിൽ നിന്നും കുറെ കാര്യങ്ങൾ നിങ്ങൾ ഗ്രഹിച്ചു കാണും. എന്നിരുന്നാലും പ്രാർത്ഥനയെ പറ്റി കുറേക്കൂടി കാര്യങ്ങൾ നിങ്ങൾ അറിയേണ്ടതുണ്ട്.

1). **"എന്താണ് പ്രാർത്ഥന?".**

നിങ്ങളുടെ ശരീരത്തിൽ ജീവൻ നിലനിർത്തുവാൻ പ്രാണവായു ശ്വസിക്കുന്നതുപോലെ ആത്മീയ ജീവൻ നിലനിർത്തുന്നതിന് പ്രാർത്ഥന നിരന്തരം ഉയരണം.അതുകൊണ്ടാണ് നിരന്തരമായി ഇടവിടാതെ പ്രാർത്ഥിക്കണമെന്ന് എന്റെ പ്രിയ ശിഷ്യന്മാർ നിങ്ങളോട് പറയുന്നത്. ശ്വാസോച്ഛ്വാസം നടക്കുന്നത് നിങ്ങൾ ഒന്നും പ്രത്യേകം ചെയ്യാതെ തന്നെ നിങ്ങളുടെ ശരീരത്തിൽ ജീവന്റെ ലക്ഷണമായി സ്വയം നടക്കുന്ന ഒരു പ്രക്രിയയാണ്. അതുവഴി അശുദ്ധവായു പുറത്തുവിട്ടു ശുദ്ധവായു അകത്താക്കി കൊണ്ടിരിക്കുകയാണല്ലോ. അതുപോലെ പ്രാർത്ഥനയിലൂടെ വിശുദ്ധചിന്തകൾ നിങ്ങളുടെ ഉള്ളിലേക്ക് കയറ്റുവാനും അ ശുദ്ധചിന്തകൾ പുറത്തേക്ക് തള്ളി കളയുവാനും സാധിക്കണം. അത് ചെയ്യുവാൻ നിങ്ങൾക്ക് സ്വയം കഴിയുകയില്ല. അതിനാൽ നിരന്തരമായി ഞാനുമായി പരിശുദ്ധാത്മസഹായത്താൽ ആത്മബന്ധം പുലർത്തികൊണ്ടിരിക്കണം. പാപചിന്തകളും പ്രവൃത്തികളുമാണ് നമ്മൾ തമ്മിലുള്ള ബന്ധത്തിന് തടസ്സം നിൽക്കുന്നത് എന്ന് ഞാൻ നേരത്തെ പറഞ്ഞത് നിങ്ങൾ ഓർക്കുന്നുണ്ടല്ലോ. ചുരുക്കത്തിൽ, ദൈവവുമായ സജീവ സംസർഗ്ഗത്തിൽ എപ്പോഴും കഴിയുന്ന ഒരു അവസ്ഥയാണ് പ്രാർത്ഥന എന്നത്. കുറേ സമയം നിങ്ങൾ എന്നോടും അതിലേറെ സമയം ഞാൻ നിങ്ങളോടും സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ അത് നിരന്തരമായ ഒരു പ്രാർത്ഥന അനുഭവമായി തീരും. നിർഭാഗ്യവശാൽ നിങ്ങളുടെ പ്രാർത്ഥന എന്നോട് കുറെ ആവശ്യങ്ങളും ആവലാതികളും സമർപ്പിക്കുന്ന ഒരു അവസരം മാത്രം ആയിട്ടാണ് നിങ്ങൾ കാണുന്നത്. ഞാൻ പറയുന്ന കാര്യങ്ങൾ നേരിട്ടും തിരുവെഴുത്തുകൾ വഴിയും ശ്രദ്ധയോടെ കേൾക്കുവാനും അതനുസരിച്ചുള്ള പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുവാനും നിങ്ങൾ ശ്രമിക്കുമ്പോൾ, അതെല്ലാം പ്രാർത്ഥന തന്നെയായി ഞാൻ കണക്കാക്കുന്നു എന്ന് നിങ്ങൾ മനസ്സിലാക്കുക. എന്നോട് ചേർന്ന് എന്റെ ഹൃദയപ്രകാരമുള്ള നിങ്ങളുടെ എല്ലാ പ്രവൃത്തികളും പ്രാർത്ഥനയായി, ആരാധനയായി, കാഴ്ചസമർപ്പണമായി ഞാൻ സ്വീകരിക്കും എന്ന് അറിയുക.

സ്നേഹിതരും ആയി സംസാരിക്കുമ്പോഴും അവരുമായി പ്രവർത്തിക്കുമ്പോഴും സമയം പോകുന്നത് നിങ്ങൾ അറിയാറില്ലല്ലോ. നിങ്ങളെ സ്നേഹിതരായി ഞാൻ കരുതുന്നത് പോലെ നിങ്ങളും എന്റെ സ്നേഹത്തിൽ വസിച്ച് എന്നോട് ചേർന്നു പ്രവർത്തിക്കുവാൻ ശ്രമിക്കുക. എന്റെ സ്നേഹത്തിൽ വസിക്കുന്നതിനാൽ നിങ്ങൾക്ക് എന്നിലുള്ള വിശ്വാസം വർദ്ധിക്കുകയും ചെയ്യും.

2) **"പ്രാർത്ഥനയുടെ ആവശ്യമെന്താണ്?"**

നിങ്ങൾ എന്നോട് പ്രാർത്ഥിക്കുന്നത് എന്നിലുള്ള നിങ്ങളുടെ വിശ്വാസവും നിങ്ങളുടെ ആവശ്യങ്ങളും ആവലാതികളും എന്നോട് അറിയിക്കുവാൻ ആണെന്ന് നിങ്ങൾ പറഞ്ഞേക്കാം. യഥാർത്ഥത്തിൽ നിങ്ങളുടെ ആവശ്യങ്ങളും പ്രയാസങ്ങളും എല്ലാം നിങ്ങൾ പറയാതെതന്നെ അറിഞ്ഞു പരിഹരിക്കുവാൻ ഞാൻ സന്നദ്ധനാണ്, നിങ്ങൾ എന്നിൽ പൂർണ്ണവിശ്വാസമർപ്പിച്ച് അനുസരിച്ച് ജീവിക്കുന്നു എങ്കിൽ,എന്നോട് ചോദിക്കണം എന്ന് തന്നെ ഞാൻ ഒരിക്കൽ പറഞ്ഞിട്ടുണ്ട്. (ലൂക്കോസ്. 11: 8 –11). ആവശ്യമില്ലാത്ത കാര്യങ്ങൾ നിങ്ങൾ യാചിച്ചാൽ ഞാൻ അത് നിങ്ങൾക്ക് നൽകുകയില്ല. നിങ്ങൾ യഥാർത്ഥത്തിൽ പ്രാർത്ഥിക്കേണ്ടത് നിങ്ങൾക്ക് ആവശ്യമുള്ള എല്ലാ നല്ല ദാനങ്ങളും നൽകുന്ന പരിശുദ്ധാത്മാവിനെ ലഭിക്കാൻ വേണ്ടിയാണ്. സ്വർഗരാജ്യത്തിലേക്ക് നിങ്ങളെ നയിക്കുവാൻ ആവശ്യമായ എല്ലാ കാര്യങ്ങളിലും നിങ്ങളെ സഹായിക്കുന്ന പരിശുദ്ധാത്മാവിനെ ലഭിക്കുവാനായി നിങ്ങൾ പ്രാർത്ഥിക്കണം.വിശുദ്ധ മാമോദിസയിലൂടെ "വീണ്ടും ജനനം" വഴി നിങ്ങൾക്ക് പരിശുദ്ധ ആത്മഅഭിഷേകം ലഭിച്ചിട്ടുണ്ടെങ്കിലും നിങ്ങളുടെ ദുഷ്പ്രവർത്തികൾ മൂലം പരിശുദ്ധാത്മാവിനെ കെടുത്തിക്കളയുന്ന അനുഭവം നിങ്ങൾക്ക് ഉണ്ടാകാറുണ്ട്. കത്തിക്കൊണ്ടിരിക്കുന്ന വിറക് ഓക്സിജൻ കിട്ടാതെ വരുമ്പോൾ കെട്ടുപോയി ചാരം പിടിച്ചിരിക്കുന്നത് പോലെ നിങ്ങളുടെ മനുഷ്യാത്മാവ് പലപ്പോഴും മൃതപ്രായ അവസ്ഥയിലായി തീരാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ നിങ്ങൾക്ക് പാപബോധം വരുത്തി നിങ്ങളുടെ ആത്മീയജീവിതത്തിൽ ജ്വലിപ്പിക്കുന്ന അനുഭവം ഉണ്ടാക്കുന്നത് പരിശുദ്ധാത്മാവാണ്.ആയതിനാൽ പരിശുദ്ധാത്മാവിനെ സമൃദ്ധിയായി സ്വീകരിക്കാവുന്നവിധത്തിൽ നിങ്ങളുടെ ആന്തരികവും ബാഹ്യവുമായ എല്ലാ ചിന്തകളെയും പ്രവൃത്തികളെയും വിശുദ്ധമായി സൂക്ഷിക്കുക.

നിങ്ങൾ ജാതികളെ പോലെ ജൽപനം ചെയ്യരുത് എന്ന് പറഞ്ഞത് എന്താണെന്ന് മനസ്സിലായോ? ഒരു കാര്യം തന്നെ പല പ്രാവശ്യം ആവർത്തിച്ച് ആവശ്യപ്പെടുന്നതുകൊണ്ട് എന്താണ് പ്രയോജനം? അർത്ഥമറിയാതെ കുറെ

വാക്കുകൾ ഉരുവിട്ടു കൊണ്ട് പ്രാർത്ഥന നീട്ടിക്കൊണ്ടുപോകുന്നത്കൊണ്ട് നിങ്ങൾക്ക് ഒരു പ്രയോജനവുമില്ല.മനസ്സും ഹൃദയവും സ്പർശിക്കാത്ത വിധത്തിലുള്ള ഒരു പ്രാർത്ഥനയും സ്വർഗ്ഗപിതാവിന്റെ അടുക്കൽ എത്തുന്നില്ല എന്ന് നിങ്ങൾ മനസ്സിലാക്കുക.എനിക്ക് ഇഷ്ടമില്ലാത്ത കാര്യങ്ങൾക്കു വേണ്ടിയും, നിങ്ങൾക്ക് ആവശ്യമില്ല എന്ന് എനിക്ക് തോന്നുന്ന കാര്യങ്ങൾക്കു വേണ്ടിയും നിങ്ങൾ എത്രവട്ടം പ്രാർത്ഥിച്ചാലും ഞാൻ കേൾക്കുകയില്ല, മറുപടി നൽകുകയും ഇല്ല എന്ന് അറിയുക. അതേസമയം ദൈവം നിങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്ന നന്മകളെ തിരിച്ചറിഞ്ഞ് സ്വർഗ്ഗപിതാവിന് നന്ദിയും സ്തോത്രവും അറിയിക്കുന്നതും, ദൈവമഹത്വം ദർശിച്ചു സ്തുതി അർപ്പിക്കുന്നതും, അത് എത്രമാത്രം ആവർത്തിച്ചാലും ദീർഘിപ്പിച്ച് ആയാലും ദൈവപ്രസാദം ലഭിക്കുമെന്ന് അറിയുക. അപ്രകാരം നിരന്തരമായ സ്തുതികളും സ്തോത്രങ്ങളും ആണ് സ്വർഗ്ഗത്തിലും നിങ്ങൾ തുടർച്ചയായി അർപ്പിക്കേണ്ടത്. ആയതിനുള്ള പരിശീലനം ഈ ലോകത്തിൽവച്ച് തന്നെ ആരാധനയിലൂടെ സ്വായത്തമാക്കി തീർക്കേണ്ടത് അത്യാവശ്യം തന്നെയാണ്.

മറ്റൊരു കാര്യം കൂടി ശ്രദ്ധിക്കുക. അറയിൽ കടന്നു വാതിലടച്ച് രഹസ്യത്തിൽ പ്രാർത്ഥിക്കണം എന്ന് ഞാൻ പറഞ്ഞതിന്റെ പൊരുൾ നിങ്ങൾക്ക് മനസ്സിലായോ?കേവലം ഒരു മുറിയിൽ കയറി വാതിലടച്ച് ഏകാന്തമായി പ്രാർത്ഥിക്കുന്ന കാര്യമാണെന്ന് നിങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കാറുണ്ട്.എന്നാൽ അതുകൊണ്ട് മാത്രം ആയില്ല. നിങ്ങളുടെ ശരീരത്തിന്റെ  വാതിലുകൾ ആകുന്ന  മനസ്സും ചിന്തയും കണ്ണും കാതും വയറും എല്ലാം അടച്ചു പൂർണ്ണ ഏകാഗ്രതയോടെ പ്രാർത്ഥിക്കുന്ന കാര്യമാണ് ഞാൻ കൂടുതലായി നിങ്ങളെ മനസ്സിലാക്കി തരുവാൻ ആഗ്രഹിക്കുന്നത്. മുറിയിൽ കയറി രഹസ്യമായി നിങ്ങൾ പ്രാർത്ഥിക്കും. അപ്പോഴും നിങ്ങളുടെ മനസ്സ് ലൗകിക കാര്യങ്ങളിൽ മുഴുകി ഇരിക്കുകയാണെങ്കിൽ നിങ്ങൾ പ്രാർത്ഥിക്കുന്നതു  ഞാനും, ഞാൻ പറയുന്നതൊന്നും നിങ്ങളും കേൾക്കാതെ പോകും. അപ്പോൾ നിങ്ങൾ അങ്ങനെ ചെയ്യുന്ന പ്രാർത്ഥനയും ആരാധനയും വ്യർത്ഥം ആയിത്തീരുകയും ചെയ്യും.

വ്യക്തിപരമായ പ്രാർത്ഥനയെ പറ്റിയാണ് ഇതുവരെ ഞാൻ പറഞ്ഞത്. എന്നാൽ കുടുംബത്തിലും ദേവാലയത്തിലും നടത്തുന്ന പൊതു ആരാധന നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ കൂടി പറയാം. സൂര്യനുദിക്കുന്നതിനു മുന്പ് പ്രഭാതത്തിലും അസ്തമിക്കുന്ന സമയം സന്ധ്യയ്ക്കും ആരാധനാ സമയം നിശ്ചയിക്കുന്നതാണ് നല്ലത്. രാവിലെ ഇരുട്ട് ഉള്ളപ്പോൾ തുടങ്ങി  പകലിലേക്ക് പ്രവേശിക്കുകയും സന്ധ്യയ്ക്ക് വെളിച്ചം ഉള്ളപ്പോൾ തുടങ്ങി രാത്രിയിലേക്ക് പ്രാർത്ഥന പൂർവ്വം പ്രവേശിക്കുകയും ചെയ്യുന്ന  നല്ല

ഒരു പതിവ് നിങ്ങൾ ശീലിക്കുക.ഇരുളും വെളിച്ചവും തമ്മിൽ രാവിലെയും വൈകിട്ടും പ്രാർത്ഥനയോടെ ബന്ധിപ്പിക്കുക. കുടുംബത്തിൽ എല്ലാവരും ചേർന്ന് പൊതുവായി അംഗീകരിക്കപ്പെട്ട നിശ്ചിത സമയത്ത് പ്രാർത്ഥനകൾ പൊതുവായി എല്ലാ ഭവനങ്ങളിലും നിങ്ങൾ നടത്തണം.കുടുംബത്തിൽ അപ്പോൾ ഉള്ള എല്ലാവരും ചേർന്ന് പൊതുവായി അംഗീകരിക്കപ്പെട്ട ലിഖിതപ്രാർത്ഥനകൾ തന്നെ പൊതു ആരാധനയിൽ നടത്തണം. അപ്പോഴപ്പോൾ മനസ്സിൽ തോന്നുന്ന പ്രാർത്ഥനകൾ സ്വകാര്യമായി നടത്തുന്നതാണ് ഉചിതം. സ്വാർത്ഥത നിറഞ്ഞ കാര്യങ്ങൾക്കായി സ്വയം പ്രാർത്ഥിക്കുന്ന പ്രവണത പൊതു ആരാധനയിൽ ഉൾപ്പെടുത്താതെ ഇരിക്കുന്നതാണ് ഉത്തമം. ചില പൊതുവിഷയങ്ങൾ സാന്ദർഭികമായി ആരാധനയിൽ ഉപയോഗിക്കുന്നത് പൊതു അംഗീകാരത്തോടെ ആയിരിക്കുന്നതാണ് നല്ലത്.മനുഷ്യരെ പ്രീതിപെടുത്തുവാൻ വേണ്ടി ഗഹനമായ വാക്കുകൾ ഉപയോഗിച്ച് കൃത്രിമമായി ചിലർ പ്രാർത്ഥിക്കുന്നത് കേൾക്കുന്നത് എനിക്ക് വെറുപ്പാണ്. എനിക്ക് നിങ്ങളുടെ ഒക്കെ ഹൃദയ വിചാരങ്ങൾ അറിയാം.മൗനമായിരുന്നു പോലും ദീർഘസമയം നമുക്ക് തമ്മിൽ സംസാരിക്കാൻ സാധ്യമാണ്, നിങ്ങൾ ഒരുങ്ങി വരുമെങ്കിൽ. പരീശന്മാർ കപടഭക്തി അഭിനയിച്ചു പ്രാർത്ഥിക്കുന്നത് പോലെ നിങ്ങൾ ആകരുത്.ചിലരുടെ പ്രാർത്ഥന എന്നോടുള്ള വലിയ ഒരു പ്രഭാഷണം ആയും നിർബന്ധിച്ചുള്ള നിർദേശങ്ങളായും ചിലപ്പോഴെങ്കിലും കൽപനകൾ ആയും എനിക്ക്തോന്നിപോകാറുണ്ട്.എനിക്ക്പലകാര്യങ്ങളുംഅറിവില്ലാത്തതിനാൽ എന്നെ പറഞ്ഞു ബോധ്യപ്പെടുത്തുന്നതിനായി പ്രാർത്ഥിക്കുന്നവരും ഉണ്ട്. ചിലരുടെ പ്രാർത്ഥന മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങൾ വെളിപ്പെടുത്തുന്നവ ആകാറുണ്ട്. എന്റെ ശിഷ്യരായ നിങ്ങൾ ഇപ്രകാരം ഒന്നും പ്രാർത്ഥിക്കരുത് എന്ന് പറയാനാണ് ഞാൻ ഇത്രയും വിശദമായി പറഞ്ഞത്.

പ്രാർത്ഥനയുടെ അക്ഷരമല്ല ആത്മാവാണ് പ്രധാനം. പരസ്പരം അറിയുന്ന ഹൃദയങ്ങൾ തമ്മിലുള്ള അർഥപൂർണമായ സംഭാഷണം ആണ് യഥാർത്ഥ പ്രാർത്ഥന. ദൈവമഹത്വം ദർശിച്ച സ്തുതി അർപ്പിക്കുന്നത് ആണ് പ്രധാനം.(1കൊരി2:9). ഇപ്രകാരം ഒരു ആത്മബന്ധം സ്ഥാപിക്കണമെങ്കിൽ വിനയവും താഴ്മയും അനുതാപവും നിറഞ്ഞ ഒരു ഹൃദയമനോഭാവം നിങ്ങൾക്ക് ഉണ്ടാകണം.അപ്പോൾ വാക്കുകളും നിശബ്ദതയും ഒരുപോലെ ഫലപ്രദമായും മിതമായും ലളിതമായും ഉപയോഗിക്കുവാൻ നിങ്ങൾക്ക് കഴിയും. ആത്മാവിലും സത്യത്തിലും പ്രാർത്ഥിക്കേണ്ടത് എങ്ങനെ എന്ന് നിങ്ങൾ ആത്മാർത്ഥമായി അന്വേഷിച്ച് എന്നിൽനിന്ന് പഠിക്കണം. (യോഹന്നാൻ4:2) ആരാധനയിലെ ഒരു വാക്കും ഒരു അനുഷ്ഠാനവും ആത്മാവ് നിറഞ്ഞതല്ലാതെ ആയിരിക്കരുത്.

നിങ്ങൾ എങ്ങനെ പ്രാർത്ഥിക്കണം എന്ന് വിശദമായി നിങ്ങൾക്ക് പിന്നീട് പറഞ്ഞു തരുന്നതാണ്. ഇപ്പോൾ ഇത്രയും പറഞ്ഞ കാര്യങ്ങൾ ശരിയായി ഗ്രഹിച്ച് പ്രാർത്ഥിക്കുവാൻ പരിശ്രമിക്കുക.

## 3). നിങ്ങൾ ഉപവസിക്കേണ്ടത് എങ്ങനെ?

(മത്തായി 6: 16 –18)

"ഉപവസിക്കുമ്പോൾ നിങ്ങൾ കപടഭക്തികാരെ പോലെ വാടിയമുഖം കാണിക്കരുത്. അവർ ഉപവസിക്കുന്നത് മനുഷ്യർക്ക് ബോധ്യപ്പെടേണ്ടതിന് ആണെന്ന് കരുതി തങ്ങളുടെ മുഖം വിരൂപം ആക്കുന്നു; അവർക്ക് പ്രതിഫലം കിട്ടി പോയി എന്ന് സത്യമായിട്ടും ഞാൻ നിങ്ങളോട് പറയുന്നു. നീയോ ഉപവസിക്കുമ്പോൾ നിങ്ങളുടെ ഉപവാസം മനുഷ്യർക്ക് അല്ല, രഹസ്യത്തിൽ ഉള്ള നിന്റെ പിതാവിന് ബോധ്യപ്പെടേണ്ടതിന് തലയിൽ എണ്ണതേച്ച് മുഖം കഴുകുക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം തരും"

ഉപവസിക്കുന്നത് മനുഷ്യരെ കാണിക്കുവാൻ വേണ്ടി ആകരുത് എന്നതാണ് പ്രധാന കാര്യം. ഭക്തിപ്രകടനം ആയിട്ടാണ് ഉപവസിക്കുന്നത് എങ്കിൽ അത് തികച്ചും കാപട്യമാണ്. അതിലൂടെ അനുഗ്രഹത്തെക്കാൾ കൂടുതലായി ദൈവകോപം വിളിച്ചുവരുത്തുന്നതു ആണെന്ന് ഓർക്കുക. ദൈവമഹത്വം ദർശിക്കുമ്പോൾ ശാരീരികമായ വിശപ്പും ദാഹവും മറന്നു പോകുന്ന അനുഭവമാണ് യഥാർത്ഥ ഉപവാസത്തിൽ സംഭവിക്കുന്നത്. ഭക്ഷണം ലഭിക്കാൻ വേണ്ടി, അല്ലെങ്കിൽ അതിനുള്ള വരുമാന മാർഗ്ഗത്തിനുവേണ്ടി ദൈവസന്നിധിയിൽ ഇരിക്കുന്നവരാണ് നിങ്ങളിൽ അധികം പേരും; എന്നാൽ ദൈവീകകാര്യങ്ങൾ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ഭക്ഷണകാര്യം മറന്നു പോകുന്ന അനുഭവമാണ് ഉപവാസത്തിലൂടെ ഉണ്ടാകേണ്ടത്. സമരിയക്കാരിയുമായി ഞാൻ സംസാരിച്ചപ്പോൾ എന്റെ വിശപ്പും ദാഹവും മാറിപ്പോയി പോയി. ആഹാരം കൊണ്ടുവന്ന ശിഷ്യന്മാരോട് "നിങ്ങൾ അറിയാത്ത ആഹാരം എനിക്കുണ്ട്" എന്ന് പറഞ്ഞത് നിങ്ങൾ ഓർക്കുന്നുണ്ടല്ലോ. ദൈവഹിതം പരിശീലിക്കേണ്ടതിന് ദൈവവചനം തന്നെ ആഹാരമായി ശീലിക്കുന്നതാണ് ഉപവാസത്തിന് പ്രധാന വശം. "ഉപവാസം"എന്ന പദംതന്നെ എന്റെ കൂടെ വസിക്കുക എന്നതാണ്എന്നകാര്യംമറന്ന്പലരുംഈപേരിൽപട്ടിണികിടന്ന് സമരം ചെയ്യാറുണ്ട്. അവരുടെ അറിവില്ലായ്മയിൽ ഞാൻ ദുഃഖിക്കുന്നു. ലൗകികനേട്ടങ്ങൾക്ക് വേണ്ടി ചെയ്യുന്ന ഇത്തരം ദുഷ്പ്രവണതകൾ സഭയുടെ ആഭിമുഖ്യത്തിലും നേതൃത്വത്തിലും പ്രേരണ നൽകി ചെയ്യുന്നത് കാണുമ്പോൾ സ്വർഗ്ഗപിതാവ് ഏറെകോപിക്കുന്നുണ്ടെന്ന്നിങ്ങൾമനസ്സിലാക്കുക. നിഷ്ഠയോടെ രഹസ്യത്തിൽ മാത്രം ആത്മാർത്ഥമായി മനുഷ്യരെ കാണിക്കാതെ ഉപവാസം അനുഷ്ഠിക്കും എങ്കിൽ എന്റെ സ്വർഗ്ഗപിതാവ് നിങ്ങൾക്ക് സമൃദ്ധിയായി പ്രതിഫലം നൽകും.

A) ഉപവാസത്തിന്റെ ലക്ഷ്യങ്ങൾ.

1) ദൈവീകസംരക്ഷണത്തിനും ശാന്തിക്കും ആയി.

2) വൈകാരിക പിരിമുറുക്കം ഒഴിവാക്കാൻ.

3) ദൈവീക നടത്തിപ്പിനായി.

4) ദൈവത്തിൽ നിന്ന് ക്ഷമ ലഭിക്കാനായി.

B. ഉപവാസത്തിന്റെ പ്രയോജനങ്ങൾ

1) ആത്മാവിൽ സ്വാതന്ത്ര്യം പ്രാപിക്കുന്നു.

2) ദൈവീക മാർഗനിർദേശം ലഭിക്കുന്നു.

3) ദൈവകൃപയിലൂടെ വളർച്ച പ്രാപിക്കുന്നു.

4) ദൈവവിശ്വാസത്തിൽ വർദ്ധിച്ചുവരുന്നു.

5) പൈശാചിക ശക്തികൾമേൽ വിജയം നേടുന്നു.

6) മാനസിക ഉല്ലാസം ലഭിക്കുന്നു.

7) ചിന്താശക്തിയും ഇച്ഛാശക്തിയും വർദ്ധിക്കുന്നു.

8) ആത്മധൈര്യം ബലപ്പെടുന്നു.

9) ഭക്ഷണമോഹത്തെ അതിജീവിക്കുവാൻ സഹായിക്കുന്നു.

10) ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവാൻ സഹായിക്കുന്നു.

11) യഥാർത്ഥമായി ദൈവത്തെ മഹത്വപ്പെടുത്തി ആരാധിക്കുവാൻ പ്രാപ്തരാക്കുന്നു.

12) പ്രതിസന്ധികളെ ഫലപ്രദമായി അഭിമുഖീകരിച്ച് തരണം ചെയ്യുവാൻ സഹായിക്കുന്നു.

C. ഉപവാസത്തിൽ ഉണ്ടാകാവുന്ന ദുഷ്പ്രവണതകൾ.

1) തെറ്റിദ്ധാരണകൾക്കുള്ള സാധ്യത.

2) ബാഹ്യമായ ഭക്തിപ്രകടനങ്ങൾ.

3) ശരീരം തിന്മയാണ് എന്ന വിധത്തിലുള്ള പീഡനങ്ങൾ.

4) സ്വാർത്ഥത ലക്ഷ്യമാക്കുന്ന പ്രവണത.

5) അതികഠിനമായ നിഷ്ഠകൾ.

6) അത്ഭുതവരങ്ങളും വീര്യ പ്രവർത്തികളും പ്രതീക്ഷിക്കുന്ന സമീപനം.

7) അഹങ്കാരം ഉളവാക്കുന്ന വ്യാജ ആത്മീയത.

D. ഉപവാസത്തിൽ ഉണ്ടാകാവുന്ന അപകടസാദ്ധ്യതകൾ.

1) ഭക്ഷണം തിന്മയാണെന്ന തെറ്റായ ഉപദേശം.

2) അനുഷ്ഠാനങ്ങൾ ചടങ്ങുകളായി മാത്രം നടത്തപ്പെടുന്ന അനുഭവം.

3) അന്ധവിശ്വാസം എന്നുള്ള പ്രചരണം.

4) നിർബന്ധമെന്ന അപകടം.

5) ലാഘവത്വം എന്ന പ്രവണത.

(കൂടുതൽ പഠനം ആഗ്രഹിക്കുന്നവർ ഗ്രന്ഥ കർത്താവിന്റെ ഉപവാസം എന്ത്, എന്തിന്, എങ്ങനെ? എന്ന ഗ്രന്ഥം കാണുക, എം. ഓ.സി. പബ്ലിക്കേഷൻസ്, ദേവലോകം കോട്ടയം ).

മനുഷ്യർക്ക് പ്രകൃതി നൽകുന്നത് സസ്യാഹാരമാണ്. (ഉല്പത്തി 2: 16) പാപം ചെയ്ത മനുഷ്യൻ തോട്ടത്തിൽ നിന്ന് പുറത്താക്കപ്പെട്ട ശേഷം, പിന്നീട് നോഹയുടെ കാലത്തെ പ്രളയത്തിനു ശേഷമാണ് , സസ്യാഹാരം ലഭിക്കാതെ വന്ന സാഹചര്യത്തിൽ ദൈവം മാംസാഹാരം മനുഷ്യർക്ക് താൽക്കാലികമായി അനുവദിക്കുന്നത്. (ഉല്പത്തി9:3). അശുദ്ധി വരുത്തുന്നത് അകത്തേക്ക് ഭക്ഷിക്കുന്നത് അല്ല അകത്തുനിന്ന് വായിൽ കൂടി പുറത്തുവരുന്ന വാക്കുകളാണെന്ന് ഞാൻ പറഞ്ഞിട്ടുള്ളത് നിങ്ങൾ ഓർക്കുന്നുണ്ടല്ലോ. (മത്തായി 5: 11). ഹൃദയശുദ്ധീകരണം ആണ് നല്ല കാര്യങ്ങൾ നിങ്ങളിൽനിന്ന് പുറത്തു വരുവാൻ നിങ്ങളെ ഒരുക്കുന്നത്. കാരണം ഹൃദയം നിറഞ്ഞു കവിയുന്നതാണ് വായ് സംസാരിക്കുന്നത്. ഇക്കാരണത്താൽ ആത്മനിയന്ത്രണത്തോടെ ജീവിക്കുവാൻ ഉപവാസം വളരെയേറെ ഫലപ്രദമാണ് എന്ന് ഒന്നുകൂടി നിങ്ങളെ ഓർമിപ്പിക്കുന്നു.

03-11-2020

## അദ്ധ്യായം 23

# "ശിഷ്യപ്രാർത്ഥന" നിങ്ങൾ ഇങ്ങനെ പ്രാർത്ഥിക്കുക.

**(മത്തായി: 6:9- 15; ലൂക്കോസ് 11:1- 4)**

പ്രാർത്ഥനയെപറ്റി ചില കാര്യങ്ങൾ ഞാൻ നിങ്ങളോട് പറഞ്ഞത് ഓർക്കുന്നുണ്ടല്ലോ. ഇനിയും ചില പ്രധാന കാര്യങ്ങൾ നിങ്ങളെ അറിയിക്കേണ്ടതുണ്ട്.പൊതുവേ പലതരം ആവശ്യങ്ങളും അപേക്ഷകളും ആയിട്ടാണ് നിങ്ങൾ എന്നെ സമീപിക്കുന്നത്. അതുകൊണ്ട്തന്നെ പ്രാർത്ഥന നടത്തുമ്പോൾ കുറേ അപേക്ഷകളാണ് എന്റെ മുൻപിൽ ലഭിക്കാറുള്ളത്നി. ങ്ങൾ എന്നെ യഥാർത്ഥമായി സ്നേഹിക്കുന്നെങ്കിൽ നിങ്ങളുടെ എല്ലാ ആവശ്യങ്ങളും സ്വർഗ്ഗപിതാവ് നിങ്ങൾക്ക് നൽകുമെന്ന് പൂർണ്ണമായും നിങ്ങൾ വിശ്വസിക്കുന്നില്ല എന്ന് എനിക്ക് തോന്നുന്നു. നിങ്ങളുടെ നമസ്കാരവും ആരാധനയും ആണ് സ്വർഗ്ഗപിതാവിന്റെ സന്നിധിയിൽ വരുമ്പോൾ നിങ്ങൾ അർപ്പിക്കേണ്ടത്. നിങ്ങളുടെ സ്വന്തം താൽപര്യങ്ങൾ ഒക്കെ മറന്നുകൊണ്ട് ദൈവരാജ്യത്തിന്റെ നീതിപ്രമാണങ്ങൾ അന്വേഷിച്ച്, അത് നിങ്ങളുടെ ജീവിതത്തിൽക്കൂടി നടപ്പാക്കാനുള്ള ദൈവകൃപ ലഭിക്കുവാൻ ആയിട്ടാണ് നിങ്ങൾ സ്വർഗ്ഗപിതാവിനെ വിളിച്ച് അപേക്ഷിക്കേണ്ടത്. അങ്ങനെ നിങ്ങൾ ചെയ്താൽ നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം ലഭിക്കുമെന്ന് ഞാൻ വാഗ്ദാനം ചെയ്തത് നിങ്ങൾ മറന്നുപോകരുത്. (മത്തായി.6: 33.). ദൈവരാജ്യപ്രമാണങ്ങളെപ്പറ്റി കുറേ കാര്യങ്ങൾ നിങ്ങളോട് നേരത്തെ പറഞ്ഞത് ഓർക്കുന്നുണ്ടാകും എന്ന് ഞാൻ കരുതുന്നു.

പ്രാർത്ഥനയെപറ്റി പറയുമ്പോൾ നാല് പ്രധാന ഘടകങ്ങൾ നിങ്ങൾ ശ്രദ്ധിക്കണം. (P,R,A,Y).

**1) P. Praise.- സ്തുതിപ്പ്:-**

ദൈവനാമത്തിന് മഹത്വം ഉദ്ഘോഷിക്കുന്ന മനോഭാവം നിങ്ങൾക്ക് ഉണ്ടാകുന്നതിന് ദൈവത്തിന്റെ സൃഷ്ടി, പരിപാലന സംഗതികളെക്കുറിച്ച് ആഴത്തിലുള്ള പരിജ്ഞാനവും അത്ഭുതപൂർവ്വമായ ആദരവും നിങ്ങൾക്ക്

ഉണ്ടാകണം. എങ്കിൽ മാത്രമേ യഥാർത്ഥ ആരാധന മനോഭാവത്തോടെ ദൈവത്തെ സ്തുതിച്ച് പുകഴ്ത്തുവാൻ നിങ്ങൾക്ക് കഴിയൂ.

2) R. Repentance.-മാനസാന്തരം:-

ദൈവമഹത്വം ദർശിച്ചാൽ ഉടനെ നിങ്ങളുടെ കുറവുകളെപറ്റി നിങ്ങൾക്ക് ബോധ്യം വരികയും, ക്ഷമിച്ചു കിട്ടാനായി ദൈവമുമ്പാകെ വിനയപെടുകയും ചെയ്യും. ഈ അനുതാപചിന്തയും താഴ്മ സ്വഭാവവും ഇല്ലാതെ ആരാധന സാധ്യമാവുകയില്ല എന്ന് തിരിച്ചറിയണം.

3) A. Asking:- യാചന..:-

ദൈവത്തെ സ്തുതിക്കുക വഴി നിങ്ങൾക്ക് മനസാന്തരമനോഭാവം വന്നശേഷം മാത്രമേ എന്തെങ്കിലും യാചിക്കുവാൻ യോഗ്യത ലഭിക്കുകയുള്ളൂ. നിങ്ങളുടെ യാചനകൾക്ക് ഉത്തരം കിട്ടാതെ പോകുന്നത് മേൽപ്പറഞ്ഞ യോഗ്യതയില്ലാതെ "വല്ലാതെ" യാചിക്കുന്നത് കൊണ്ടാണ്.

4) Y. Yielding-സമർപ്പണം :-

ദൈവഹിതത്തിന് കീഴ്പ്പെടുന്ന അനുഭവമാണ് പ്രാർത്ഥനയുടെ ഈ അവസരത്തിൽ നിങ്ങൾക്ക് ഉണ്ടാകേണ്ടത്. തന്നിഷ്ടസ്വഭാവം പൂർണമായും നിങ്ങളിൽ നിന്നും നീങ്ങിപോകുന്ന ഒരു അനുഭവം പ്രാർത്ഥനയുടെ ഫലമായി നിങ്ങൾക്ക് ലഭിക്കണം. അത് സാധിക്കാതെ തുടർന്നും നിങ്ങളുടെ സ്വന്തം ഇഷ്ടം നടപ്പാക്കുന്നതിന്നാണ് നിങ്ങൾ ശ്രമിക്കുന്നതെങ്കിൽ നിങ്ങൾക്ക് സ്വർഗ്ഗ പിതാവിന്റെ നിയന്ത്രണത്തിൽ ജീവിക്കുവാൻ താൽപര്യമില്ലെന്ന് ഞാൻ വിലയിരുത്തും എന്ന് ഓർക്കുക. നിങ്ങളുടെ സമർപ്പണം പൂർണമാണ് എങ്കിൽ നിങ്ങൾക്ക് ആവശ്യമായ എല്ലാ വരങ്ങളും നൽകി നിങ്ങളിൽനിന്നും പരിശുദ്ധാത്മഫലങ്ങൾ പുറപ്പെടുവാൻ, സമൃദ്ധമായ വിളവ് (yield) നൽകുവാൻ നിങ്ങളെ പ്രാപ്തരാക്കും. പ്രാർത്ഥന എന്നത് വെറും അഭ്യർത്ഥനകൾ മാത്രമാകാതെ സ്തുതിപ്പുകളും സ്തോത്രങ്ങളും നിറഞ്ഞ, ദൈവഹിതത്തിനു പൂർണമായി സമർപ്പിതമായ അനുതാപ മനസ്സോടുകൂടി നിർവഹിക്കുവാൻ തീരുമാനിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്യുക.

എങ്ങനെയാണ് നിങ്ങൾ പ്രാർത്ഥിക്കേണ്ടത് എന്നതിന് ഇനിയും ഒരു മാതൃക ഞാൻ പറഞ്ഞുതരാം. എന്റെ യഥാർത്ഥ ശിഷ്യന്മാർ ആകുന്നവർക്ക് വേണ്ടിയാണ് ഈ പ്രാർത്ഥന പഠിപ്പിക്കുന്നത്. "കർത്തൃപ്രാർത്ഥന" എന്ന് ഇതിനെ വിളിക്കുന്നത് ശരിയല്ല. യഥാർത്ഥത്തിൽ ഇത് "ശിഷ്യ പ്രാർത്ഥനയാണ്". (Disciple's Prayer). എന്റെ ശിഷ്യന്മാർ ആകുന്നവർക്ക്

വേണ്ടി പ്രത്യേകം പഠിപ്പിക്കുന്നതാണ്. എന്റെ ശിഷ്യത്വം എന്താണെന്ന് യഥാർത്ഥമായി മനസ്സിലാക്കാത്തവർക്കും അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കാത്തവർക്കും ഈ പ്രാർത്ഥന നടത്തുവാൻ ഞാൻ അനുവദിക്കുന്നില്ല. അതിന്റെ കാരണം ഈ പ്രാർത്ഥനയുടെ വിവിധ ഘട്ടങ്ങൾ പഠിക്കുമ്പോൾ നിങ്ങൾക്ക് മനസ്സിലാകും. കർത്തൃപ്രാർത്ഥന (Lord's Prayer) എന്ന് പറയാവുന്ന ഒരു പ്രാർത്ഥന നിങ്ങളുടെ കർത്താവായ ഞാൻ എന്റെ മരണത്തിന്റെ തലേദിവസം തോട്ടത്തിൽ വച്ച് നടത്തിയിട്ടുണ്ട്. അതേപ്പറ്റി എന്റെ ഈ ആത്മകഥയുടെ ഒടുവിൽ പറഞ്ഞുതരാം. എന്റെ സാദൃശ്യത്തിൽ നിങ്ങൾ വളർന്നു എത്തുമ്പോൾ അതുപോലെ നിങ്ങൾക്കും പ്രാർത്ഥിക്കാൻ കഴിയണം എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. (യോഹന്നാൻ 17 അദ്ധ്യായം).

"ശിഷ്യപ്രാർത്ഥന" എന്ന് പേരിടാവുന്ന ഈ പ്രാർത്ഥനയെ മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ, ചിലകാര്യങ്ങൾ ആമുഖമായി നിങ്ങളോട് പറയട്ടെ. ഇത് ഒരു മാതൃക മാത്രമാണ്. ചിലർ ചിന്തിക്കും ഇതു മാത്രം പ്രാർത്ഥിച്ചാൽ പോരെ എന്ന്. നിങ്ങളുടെ ഏല്ലാ പ്രാർത്ഥനകളിലും ഈ ഘടകങ്ങൾ ഉണ്ടായിരിക്കാൻ വേണ്ടി ഒരു മാതൃകാപ്രാർത്ഥന ചൂണ്ടിക്കാണിക്കുകയാണ് ഇവിടെ.

ഈ പ്രാർത്ഥനയുടെ ആരംഭത്തിൽ ഒരു അഭിസംബോധനയും അവസാനത്തിൽ ഒരു സമാപനസമർപ്പണവും ഉണ്ട്. യഥാർത്ഥത്തിൽ ഈ പ്രാർത്ഥനയിൽ പ്രധാനമായും ആറ് അപേക്ഷകളാണ് ഉള്ളത്. അവയിൽ ഒന്നുപോലും നിങ്ങളുടെ ഈ ലോക ആവശ്യങ്ങൾക്കു വേണ്ടി ഉള്ളതല്ല എന്ന് തിരിച്ചറിയുക. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ മുന്നമേ ദൈവരാജ്യനീതി അന്വേഷിക്കുക എന്നതിനാൽ ആദ്യത്തെ മൂന്ന് അപേക്ഷകളും ദൈവത്തെ സംബന്ധിച്ചുള്ളതാണ്: ദൈവനാമം മഹത്വപെടണം , ദൈവരാജ്യം വരണം, ദൈവഹിതം നിറവേറ്റണം.

രണ്ടാം ഭാഗത്തിൽ, മനുഷ്യനുമായി ബന്ധപ്പെട്ട മൂന്ന് കാര്യങ്ങളാണ് അപേക്ഷിക്കുന്നത്: നിങ്ങൾക്ക് ആവശ്യമുള്ള അപ്പം നൽകണം, നിങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കണം, നിങ്ങളെ ദുഷ്ടനിൽ നിന്നും രക്ഷിക്കണം. ആദ്യത്തെ മൂന്ന് അപേക്ഷകൾ വഴി ദൈവവുമായി ബന്ധം ശരിപ്പെടുത്തി കഴിഞ്ഞാൽ, പരസ്പരസ്നേഹബന്ധം നിലനിർത്താൻ നിങ്ങൾക്ക് സാധിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇനിയും ഈ "ശിഷ്യപ്രാർത്ഥ"നയുടെ വിവിധഘട്ടങ്ങൾ പരിശോധിക്കാം.

## അഭിസംബോധന: "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ"

നിങ്ങൾ ആരോടാണ് പ്രാർത്ഥിക്കുന്നത് എന്ന ഉത്തമബോധ്യം നിങ്ങൾക്ക് ആദ്യമേ ഉണ്ടാകണം.

### A) "സ്വർഗ്ഗസ്ഥനായ" പിതാവിനോട് ആണ് പ്രാർത്ഥിക്കുന്നത്. :–

ഭൂമിയിൽ നിങ്ങൾക്കെല്ലാം ഓരോരോ പിതാക്കന്മാർ ഉണ്ട്. നിങ്ങളുടെ സംരക്ഷണത്തിന് വേണ്ടി അവർ പലകാര്യങ്ങൾ ചെയ്യുന്നുണ്ടാകും. അവരോടുള്ള ബഹുമാനം കുറഞ്ഞു പോകരുത്. എന്നാൽ നിങ്ങൾക്ക് എല്ലാവർക്കുംകൂടി ഏകപിതാവ് മാത്രമേയുള്ളൂ. ആ പിതാവ് സ്വർഗ്ഗീയ അനുഗ്രഹങ്ങൾ നൽകി നിങ്ങളെ സംരക്ഷിക്കുന്നവനാണ്. പ്രാർത്ഥന ആരംഭിക്കുമ്പോൾ തന്നെ ഈ ബോധം നിങ്ങൾക്ക് ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ഈ ലോകചിന്തകളിൽ നിന്നും പൂർണമായി നിങ്ങളുടെ ബോധങ്ങളും വിചാരങ്ങളും മേലുള്ള ഉയരങ്ങളിൽ ആയിരിക്കണം.ഈ ലോകകാര്യങ്ങളിൽനിന്ന് സ്വർഗ്ഗീയ കാര്യങ്ങളിലേക്ക് മനസ്സ തിരിക്കുന്നതിനാണ് മാനസാന്തരം എന്ന് പറയുന്നത്. പ്രാർത്ഥന ആരംഭിക്കുന്നതിനു മുമ്പ് അറയിൽ കടന്ന് പഞ്ചേന്ദ്രിയങ്ങൾ ആകുന്ന വാതിലുകൾ അടക്കുന്ന കാര്യം നേരത്തെ പറഞ്ഞത് ഓർക്കുന്നുണ്ടല്ലോ.

### B) "ഞങ്ങളുടെ"പിതാവാണ്.:–

എന്റെ സ്വർഗ്ഗപിതാവ് എന്ന് ഞാൻ പറയുന്നതുപോലെ നിങ്ങൾക്ക് പറയുവാൻ ഭൂമിയിലെ പിതാവ് ഉണ്ടല്ലോ. ഞാൻ പിതാവിന്റെ ഏകപുത്രൻ ആയതിനാൽ എന്റെ പിതാവാണ് സ്വർഗ്ഗത്തിലെ നിങ്ങളുടെ പിതാവ്. എന്നാൽ നിങ്ങളെല്ലാവരും എന്റെ സ്വന്തം പിതാവിനെ "ഞങ്ങളുടെ" പിതാവ് എന്ന് വിളിക്കണം എന്ന് പറയാനുള്ള കാരണം, നിങ്ങളെല്ലാവരും വിശുദ്ധ മാമ്മോദീസാ വഴിയായി എന്റെ "സഹോദരങ്ങൾ" ആയതുകൊണ്ടാണ്. അതുകൊണ്ടുതന്നെ നിങ്ങൾ എല്ലാവരും പരസ്പരം സഹോദരങ്ങളാണ്. ഈ പരസ്പര സഹോദരഭാവമില്ലാതെ പ്രാർത്ഥിക്കാൻ സ്വർഗ്ഗപിതാവിന്റെ സന്നിധിയിൽ പോകരുത്. സഹോദര–സ്നേഹബന്ധം നിലനിർത്തിക്കൊണ്ട് മാത്രമേ പ്രാർത്ഥനയ്ക്ക് നിൽക്കാൻ അനുവാദമുള്ളൂ.

### C) "പിതാവേ":–

എന്ന സംബോധനയുടെ പ്രാധാന്യം ഇവിടെയാണ് കാണുന്നത്. നിങ്ങൾക്ക് "ദൈവമക്കൾ" എന്ന പദവി നൽകുവാൻ ആണ് ഞാൻ മനുഷ്യനായി അവതരിച്ചത് എന്നകാര്യം നിങ്ങൾ ഒരിക്കലും മറന്നുപോകരുത്.

ദൈവ പിതാവിന്റെ മക്കൾ എന്ന പദവിയിൽ നിലനിൽക്കുന്നു എങ്കിൽ മാത്രമേ യഥാർത്ഥ സാഹോദര്യം നിലനിർത്തുവാൻ നിങ്ങൾക്ക് കഴിയുകയുള്ളൂ.

**ആദ്യത്തെ 3 അപേക്ഷകൾ** ദൈവമായി ബന്ധപ്പെട്ടതാണെന്ന് പറഞ്ഞു. നമുക്ക് അവ ഓരോന്നായി മനസ്സിലാക്കാൻ ശ്രമിക്കാം.

**1) നിന്റെ നാമം വിശുദ്ധീകരിക്കപ്പെടണമേ**

ദൈവനാമം എപ്പോഴും വിശുദ്ധമാണ്, എന്നാൽപിന്നെ നിങ്ങൾ എന്തിനാണ് ഇങ്ങനെ പ്രാർത്ഥിക്കുന്നത്? നിങ്ങൾ പ്രാർത്ഥിച്ചില്ലെങ്കിൽ ദൈവനാമംഅശുദ്ധമായിതീരുമോ? ഇങ്ങനെയുള്ളസംശയങ്ങൾനിങ്ങൾക്ക് തോന്നിയിട്ടുണ്ടോ? ദൈവനാമം നിങ്ങൾ പ്രാർത്ഥിച്ചാലും ഇല്ലെങ്കിലും എന്നേക്കും വിശുദ്ധം തന്നെയാണ്. എന്നാൽ ഈ ലോക സാഹചര്യങ്ങളിൽ ദൈവമക്കൾ എന്ന പേരിൽ നിങ്ങൾ ചെയ്യുന്ന ദുഷ്ട പ്രവൃത്തികൾ മൂലം ദൈവനാമം ദുഷി ക്കപ്പെടുവാൻ ഇടയാക്കും. നിങ്ങളുടെ നല്ല പ്രവൃത്തികൾ മൂലം മനുഷ്യരുടെ ഇടയിൽ പുകഴ്ത്തപെടുവാനും സാധ്യതയുണ്ട്. ഈ പ്രാർത്ഥനയിലൂടെ നിങ്ങളുടെ സ്വന്തം ബലഹീനത നിങ്ങൾ ഓർത്തുകൊണ്ട് യാതൊരുവിധത്തിലും ദൈവനാമം ദുഷിക്കപ്പെടുവാൻ ഇടയാകരുത് എന്നാണ് നിങ്ങൾ പ്രാർത്ഥിക്കേണ്ടത്. അപ്രകാരം പ്രാർത്ഥിച്ചാൽ മാത്രം പോരാ, ദൈവനാമം മഹത്വപ്പെടുത്താൻ സൽപ്രവർത്തികൾ ചെയ്തുകൊണ്ടിരിക്കണം. ചുരുക്കത്തിൽ, ദൈവം പരിശുദ്ധൻ ആണെന്ന് വാക്കുകളിലൂടെ പറഞ്ഞാൽ മാത്രം പോരാ, ദൈവനാമം ദുഷിക്കപ്പെടാതെ ഇരിക്കണം. അതിനായി നിങ്ങളുടെ വാക്കുകളും പ്രവൃത്തികളും ശ്രദ്ധിക്കുകയും അതോടൊപ്പം ദൈവത്തെ മഹത്വപ്പെടുത്തുന്ന നല്ല പ്രവർത്തികളിൽ സദാ വ്യാപരിക്കുകയും ചെയ്യണം. ഈ ചെറിയ പ്രാർത്ഥനയിലൂടെ വലിയ ഉത്തരവാദിത്തമാണ് നിങ്ങൾ ഏറ്റെടുക്കുന്നത് എന്ന് ഓർക്കുക.ദൈവനാമം പുകഴ്ത്തപ്പെടണം എന്ന് പ്രാർത്ഥിക്കുന്ന നിങ്ങൾക്ക് അതിനെതിരായി പ്രവർത്തിക്കുവാൻ സാധ്യമല്ല. നിങ്ങൾ നിങ്ങളുടെ ഭൂമിയിലെ പിതാവിന്റെ മാനം കളയുന്ന പ്രവർത്തികൾ ചെയ്യാറില്ലല്ലോ. അതുപോലെ നിങ്ങളുടെ എല്ലാം ആയിരിക്കുന്ന സ്വർഗ്ഗപിതാവിന്റെ നാമം നിങ്ങൾ മൂലം ഒരിക്കലും ദുഷിക്കപ്പെടുവാൻ ഇട ആകാതിരിക്കട്ടെ.

**2) നിന്റെ രാജ്യം വരേണമേ**

എന്നെന്നേക്കും നിലനിൽക്കുന്ന രാജ്യം വരേണമേ എന്ന് നിങ്ങൾ പ്രാർത്ഥിക്കുന്നത് വിരോധാഭാസമായി ചിലർക്കെങ്കിലും തോന്നിയേക്കാം. എന്നാൽ ദൈവരാജ്യം അഥവാ ദൈവം ഭരിക്കുന്ന സംവിധാനം

നിങ്ങളിൽ കൂടി ഈ ഭൂമിയിൽ നടപ്പാക്കണമെന്ന ആഗ്രഹം ആണ് നിങ്ങൾ പ്രാർത്ഥനയിലൂടെ പ്രകടിപ്പിക്കുന്നത്. ഒന്നുകൂടി വ്യക്തമാക്കാം. ഞാൻ നേരത്തെ ദൈവരാജ്യത്തെ പറ്റി കുറെ കാര്യങ്ങൾ പറഞ്ഞത് ഓർക്കുന്നുണ്ടല്ലോ. പഴയനിയമത്തിലെ ദൈവവരാജ്യ സങ്കല്പം ഈ ലോകത്തിൽ മാത്രം നിലനിൽക്കുന്നതാണെന്നും പഴയനിയമ കൽപ്പനകൾ മോശ നൽകിയപ്പോൾ ഈ ലോകരാജ്യത്തെ ഒരു "മൺരാജ്യ"മെന്ന വിധത്തിൽ (Kingdom of Earth) നിലനിർത്തും എന്നാണ് യഹൂദന്മാർ മനസ്സിലാക്കിയിരുന്നത്. മോശ നൽകിയ കൽപ്പനകൾ ഈ ലോകസംബന്ധമായ സംവിധാനങ്ങൾ നടത്തിക്കൊണ്ടുപോകാൻ മാത്രമുള്ളതായിരുന്നു. വരുവാനിരിക്കുന്ന സ്വർഗ്ഗരാജ്യത്തെപറ്റി ഞാൻ നേരിട്ട് വന്ന് പറഞ്ഞപ്പോൾ നിങ്ങൾക്ക് ഒരു പുതിയ കാഴ്ചപ്പാട് ലഭിച്ചു കാണും. ഈ കാണുന്ന ആകാശവും ഭൂമിയും അവയെ നിലനിർത്തുന്ന എല്ലാ നിയമങ്ങളും സംവിധാനങ്ങളും കഴിഞ്ഞു പോകുമെന്നും നിത്യമായ സ്വർഗ്ഗരാജ്യത്തിന്റെ മഹത്വം നിങ്ങളെ കാണിച്ചുതരും എന്നും വിശ്വസിച്ചു പ്രത്യാശയോടെ കാത്തിരിക്കുന്ന എന്റെ സഭ തന്നെ ആണ് സ്വർഗ്ഗത്തിലേക്കുള്ള പ്രവേശനകവാടം എന്ന് നിങ്ങൾ മനസ്സിലാക്കണം. ഈ ലോക ജീവിതത്തിൽ വച്ച്തന്നെ സ്വർഗ്ഗരാജ്യ പ്രമാണങ്ങൾ തിരിച്ചറിഞ്ഞ് പാലിക്കുന്നവർ ആയി പരിശീലിപ്പിക്കപ്പെടുന്ന അനുഭവമാണ് സഭയിലെ ജീവിതത്തിൽ കൂടി നിങ്ങൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്നത്. അങ്ങനെയായാൽ നിങ്ങൾവഴി സ്വർഗ്ഗരാജ്യവ്യവസ്ഥിതി ഈ ഭൂമിയിൽതന്നെ ആരംഭിച്ചു, ഞാൻ രണ്ടാമത് വന്നു ന്യായം വിധിച്ചശേഷം നിത്യമായ സ്വർഗ്ഗത്തിലേക്ക് ഞാൻ നിങ്ങളെ കൊണ്ടുപോകാൻ ആയി നിങ്ങൾ ഒരുങ്ങി കാത്തിരിക്കണം. സ്വർഗ്ഗത്തെ പറ്റിയും സ്വർഗ്ഗരാജ്യ അനുഭവത്തെ പറ്റിയും വിശ്വാസത്തോടെ പ്രതീക്ഷിച്ചു കാത്തിരിക്കുന്നവർക്ക് മാത്രമേ ഈ പ്രാർത്ഥനയുടെ യഥാർത്ഥ അർത്ഥം അറിഞ്ഞു ചെല്ലാൻ കഴിയൂ. സ്വർഗരാജ്യം വരേണമേ എന്ന് പ്രാർത്ഥിക്കുന്ന ഒരാൾക്ക് അതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞ് മാറിനിൽക്കാൻ കഴിയില്ല.

### 3). നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

സ്വർഗ്ഗത്തിൽ നിന്നും പുറത്താക്കപ്പെട്ട അനുഭവം ആദത്തിന് എന്നപോലെ നിങ്ങൾക്കും വരാതിരിക്കണമെങ്കിൽ നിങ്ങളുടെ സ്വന്തം ഇഷ്ടം മാറ്റിവെച്ച് ദൈവഹിതത്തിനു പൂർണമായി കീഴ്പ്പെട്ട് ജീവിക്കണം. "ഞാൻ എന്റെ ഇഷ്ടമല്ല എന്നെ അയച്ച പിതാവിന്റെ ഇഷ്ടം ചെയ്യാനാണ് വന്നിരിക്കുന്നത്" (യോഹന്നാൻ 6:38) എന്ന് ഞാൻ പ്രഖ്യാപിച്ചത് നിങ്ങൾ കേട്ടുകാണും.എന്റെ മരണസമയം അടുത്തപ്പോൾ ഗെത്സമന

തോട്ടത്തിൽവെച്ച് അവസാനത്തെ പ്രാർത്ഥന നടത്തിയപ്പോഴും എന്റെ പ്രാർത്ഥന ഇത് തന്നെ ആയിരുന്നു. ഈ സ്വഭാവം എന്റെ അമ്മയിൽ നിന്ന് ഞാൻ പഠിച്ചതാണ്. ദൈവഹിതത്തിന് പൂർണമായി വിധേയപ്പെടുന്ന സ്വഭാവം ഇല്ലാതെ നിങ്ങളുടെ ഓരോരുത്തരുടെയും സ്വന്തം ഇഷ്ടങ്ങളും ആഗ്രഹങ്ങളും സാധിച്ചു കിട്ടുവാൻ നിങ്ങൾ നടത്തുന്ന പ്രാർത്ഥനകൾ പിതാവിന്റെ അടുക്കൽ എത്തുക പോലുമില്ല എന്ന് അറിയുക.

ദൈവരാജ്യം വരുവാനും ദൈവനാമം മഹത്വപ്പെടുവാനും ദൈവഹിതം സ്വർഗ്ഗത്തിലെപോലെ ഭൂമിയിലും നടപ്പാക്കുവാനും നിങ്ങളിലൂടെ ഇട ആകണം എന്നാണ് നിങ്ങൾ പ്രാർത്ഥിക്കുന്നത്. ദൈവരാജ്യത്തിൽ ദൈവഹിതം മാത്രമേ നടപ്പാക്കുകയുള്ളൂ. ആയതിനാൽ അവിടെ പ്രവേശിക്കണമെങ്കിൽ നിങ്ങൾക്കും ഈ ശീലം ഉണ്ടായേ മതിയാകൂ. അത് പരിശീലിക്കാൻ വേണ്ടി ഞങ്ങൾ നിങ്ങൾക്ക് നൽകുന്ന അവസരമാണ് ഈ ലോകജീവിതം. നന്മയും തിന്മയും കലർന്നുള്ള ഈ ലോകത്തിൽ നന്മ തെരഞ്ഞെടുത്തു ജീവിക്കുകയാണ് നിങ്ങളുടെ ഉത്തരവാദിത്വം. ഞാൻ നേരത്തെ പറഞ്ഞതുപോലെ ദൈവഹിതം ഈ ലോകത്തിൽ നടപ്പാക്കണമെങ്കിൽ നിങ്ങളുടെ പൂർണ സഹകരണം ആവശ്യമാണ്. വിശുദ്ധിയിലേക്ക് വളരാനുള്ള ഈ മാർഗം നിങ്ങൾ തന്നെ തിരഞ്ഞെടുക്കണം. സ്വയത്തെ അഥവാ സ്വന്തഇഷ്ടത്തെ നശിപ്പിക്കുവാൻ നിങ്ങളെ തയ്യാറാക്കുക എന്നതാണ് ക്രൂശീകരണത്തിന്റെ അർത്ഥം. മാമോദിസയിൽ കൂടി ദൈവമക്കൾ എന്ന പദവി നിങ്ങൾക്കു ലഭിച്ചതിനാൽ നിങ്ങൾ സ്വന്തം ഇഷ്ടപ്രകാരം എന്തും ചെയ്യുവാൻ കഴിവുള്ളവരാണെന്ന് സാത്താൻ ഒരുപക്ഷേ നിങ്ങളെ തെറ്റിദ്ധരിപ്പിച്ച്, ദൈവഹിതത്തിന് വിധേയപെടാതെ പ്രവർത്തിക്കുവാൻ നിങ്ങളെ പ്രേരിപ്പിക്കാൻ സാധ്യത ഉണ്ടെന്ന് അറിയുക.

ഇവിടെ ദൈവത്തെ സംബന്ധിച്ച മൂന്ന് കാര്യങ്ങൾ നടപ്പാക്കാൻ ആയിട്ടാണ് നിങ്ങൾ പ്രാർത്ഥിച്ചത്. അവ മൂന്നും പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന ഒരു കാര്യം തന്നെയാണ്. അതായത് ദൈവഹിതം പൂർണമായി നടപ്പാക്കിയാൽ മാത്രമേ ദൈവരാജ്യ പ്രമാണങ്ങൾ പൂർണമായി നിലനിർത്താൻ സാധിക്കൂ. അപ്പോൾ മാത്രമേ ദൈവനാമം പൂർണമായി മഹത്വപ്പെടുപെടുക ഉള്ളൂ.ഒരു രാജാവിന്റെ പ്രശസ്തി വർധിക്കുന്നതു പ്രജകളെല്ലാം അദ്ദേഹത്തിന്റെ ഹിതമനുസരിച്ച് പ്രവർത്തിക്കുമ്പോൾ ആണല്ലോ.അതുപോലെ തന്നെയാണ് ഈ ദൈവരാജ്യത്തിന്റെ അവസ്ഥയും. ഈ മൂന്ന് കാര്യങ്ങളും നിങ്ങൾ ഓരോരുത്തരിലൂടെയും പൂർത്തീകരിക്ക പ്പെടുന്നില്ലെങ്കിൽ നിങ്ങൾ ഒരുവിധത്തിൽ രാജ്യദ്രോഹികളായി മുദ്രകുത്തപെട്ടു പുറന്തള്ളപ്പെടും.

ഇനിയും രണ്ടാമത്തെ ഭാഗത്തേക്ക് പ്രവേശിക്കാം. ഈ ഭാഗത്ത് മനുഷ്യരായ നിങ്ങളുടെ മൂന്ന് ആവശ്യങ്ങളാണ് ദൈവ മുൻപാകെ സമർപ്പിക്കുന്നത്. ഓർക്കുക: ദൈവത്തിന്റെ 3 താൽപര്യങ്ങൾ പൂർണമായി പൂർത്തിയാക്കുവാൻ ശ്രമിക്കുന്നവർക്ക് മാത്രമേ അടുത്ത മൂന്ന് ആവശ്യങ്ങൾ പ്രാർത്ഥിക്കുവാൻ അർഹതയുള്ളൂ. ദൈവീകതാൽപര്യങ്ങൾ രണ്ടാം സ്ഥാനത്ത് ആക്കി നിങ്ങൾ ആദ്യം കയറി ആവശ്യപ്പെട്ടാൽ നിങ്ങളുടെ ആവശ്യങ്ങൾ സ്വാഭാവികമായും നിരസി ക്കപ്പെടും. യോഗ്യതയില്ലാതെ നിങ്ങൾ എന്തെങ്കിലും കാര്യത്തിന് അപേക്ഷ അയച്ചാൽ ആദ്യഘട്ടത്തിൽത്തന്നെ പുറം തള്ളപ്പെടും. അതുപോലെ തന്നെയാണ് ഇവിടെയും സംഭവിക്കുന്നത്. ഇനിയും നിങ്ങളുടെ മൂന്ന് ആവശ്യങ്ങളെപ്പറ്റി ചില കാര്യങ്ങൾ ഞാൻ പറഞ്ഞു തരാം.

### 4) ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം എന്നും ഞങ്ങൾക്ക് തരേണമേ

ഇവിടെ ചിലപ്പോൾ അപ്പം എന്നതിനു പകരം "ആഹാരം" എന്ന് തെറ്റായി പ്രാർത്ഥിക്കാറുണ്ട്. ശരീരത്തിന് ആഹാരമാണ് വേണ്ടതെന്ന് ചിലർ വാദിക്കാറുണ്ട്. എന്നാൽ അപ്പം മാത്രം മതിയോ? വെള്ളം ,വായു എന്നിവ കൂടി അത്യാവശ്യമല്ലേ? അവയെല്ലാം ഞാൻ നിങ്ങൾക്ക് സൗജന്യമായി നിങ്ങൾ ചോദിക്കാതെതന്നെ തരുന്നുണ്ടല്ലോ. അവയെല്ലാം സ്വീകരിച്ച് നിങ്ങളുടെ മരണംവരെ ജീവിക്കുവാനുള്ള എല്ലാ ക്രമീകരണങ്ങളും നിങ്ങളുടെ ശരീരത്തിൽ ഞാൻ ചെയ്തിട്ടുണ്ട് എന്ന കാര്യം നിങ്ങൾ തിരിച്ചറിയണം. നിങ്ങളുടെ ആന്തരിക അവയവങ്ങൾ ആകുന്ന ഹൃദയം, ശ്വാസകോശം, കിഡ്നി തുടങ്ങിയവരുടെ നിരന്തരമായ പ്രവർത്തനം, നിങ്ങൾക്ക് വിശപ്പ്, ദാഹം എന്നിവ ഉണ്ടാക്കുകയും അതനുസരിച്ച് ആവശ്യമായ ആഹാരം കഴിക്കുമ്പോൾ യഥാസമയം ദഹിപ്പിച്ച് പോഷകാംശങ്ങൾ ആവശ്യാനുസരണം അത് അവയവങ്ങൾക്ക് എത്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന, നിങ്ങൾ ഒന്നും പ്രത്യേകമായി ചെയ്യാതെ തന്നെ നിങ്ങളിൽ നടക്കുന്ന പ്രവർത്തനത്തെ വേണ്ടവിധം മനസ്സിലാക്കാതെയാണ്, ആഹാരം മാത്രം തരണേ എന്ന് നിങ്ങൾ പ്രാർത്ഥിക്കുന്നത്. ഈ സമീപനം എത്ര ബാലിശമാണ്!

ഞാൻ നിങ്ങളെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചത് നിങ്ങൾക്ക് ആവശ്യമായ "അപ്പം" തരേണമേ എന്ന് തന്നെയാണ്. പണ്ട് മോശയുടെ കാലത്ത് ഇസ്രായേൽ ജനത്തിന് മരുഭൂപ്രയാണത്തിൽ "മന്ന" നൽകിയത് പോലെ പുതിയ ഇസ്രായേൽ ആകുന്ന നിങ്ങൾക്ക് സ്വർഗ്ഗീയകനാൻ ദേശത്തേക്കുള്ള വഴിആഹാരമായി ഞാൻ നിങ്ങൾക്ക് നൽകുന്നത് " ജീവന്റെ അപ്പമായ എന്റെ "ശരീരരക്തങ്ങൾ" തന്നെയാണ്. നിങ്ങളുടെ ഞായർ

ദിന ആരാധനയിലും "അപ്പം മുറിക്കുന്നതിന്റെ" പ്രാധാന്യം അതാണ്. (1 കോരി. 11: 23 –30). ഈ "ആവശ്യമുള്ള അപ്പ" ത്തിനു വേണ്ടിയാണ് നിങ്ങൾ പ്രാർത്ഥിക്കേണ്ടത്.

ഒരിക്കൽ കഫർന്നഹൂം പട്ടണത്തിന്റെ അടുത്തുള്ള ഒരു മലയിൽ വെച്ച്, എന്നെ അനുഗമിച്ച ആയിരക്കണക്കിന് ജനങ്ങൾക്ക് അത്ഭുതകരമായ വിധത്തിൽ അപ്പം വർധിപ്പിച്ചു കൊടുത്തത്, ഈ നിത്യജീവൻ നൽകുന്ന അപ്പത്തിന്റെ സന്ദേശം അവരെ അറിയിക്കാൻ വേണ്ടി ആയിരുന്നു. പക്ഷേ ഞാൻ ആ കാര്യം അവരോട് പറയാൻ ശ്രമിച്ചപ്പോൾ "കഠിന വാക്ക്" ആണെന്ന് പറഞ്ഞു എന്നെ വിട്ടുപോയി. യോഹന്നാൻ ഇക്കാര്യം വിശദമായി എഴുതിവച്ചത് നിങ്ങൾ ഒന്ന് കൂടി ശാന്തമായി വായിച്ചുനോക്കുക. (ആറാം അധ്യായം). ഈലോക ആവശ്യങ്ങൾക്കായി നിങ്ങൾ ചോദിച്ചില്ലേങ്കിലും നിങ്ങളെന്നെ അനുസരിച്ച് ജീവിക്കുന്നവർ ആണെങ്കിൽ നിങ്ങളുടെ ആഗ്രഹങ്ങൾ അല്ല, ഓരോ ദിവസത്തേക്കും ഉള്ള ആവശ്യങ്ങൾ ഞാൻ നിവർത്തിച്ചു തരും.എങ്കിൽ മാത്രമേ നിങ്ങൾ എല്ലാദിവസവും എന്നിൽ ആശ്രയം വെക്കുകയുള്ളൂ. നിത്യമായ ജീവൻ നൽക്കുന്ന ഈ അപ്പം നൽകുവാനാണ് ഞാൻ നിങ്ങളുടെ അടുക്കൽ ഇറങ്ങി വന്നത്. (യോഹന്നാൻ 6: 27).

**5) ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതു പോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിക്കേണമേ**

ഈ പ്രാർത്ഥന കുറെക്കൂടി ഗൗരവമുള്ളതാണ്, കാരണം നിങ്ങളുടെ കടങ്ങളും പാപങ്ങളും ആണ് നമുക്ക് തമ്മിൽ തടസ്സമായി നിൽക്കുന്നത്. ആത്മീയ വളർച്ച സാധിക്കണമെങ്കിൽ ഈ തടസ്സം എത്രയുംവേഗം നീക്കി കളഞ്ഞേ മതിയാകൂ. ഇവിടെ കടങ്ങൾ എന്ന് പറയുന്നത് നിങ്ങൾ ചെയ്യണമെന്ന് ഞാൻ പറഞ്ഞ കാര്യങ്ങൾ ചെയ്യാതെ കടമായി കിടക്കുന്ന അവസ്ഥയാണ്. പാപങ്ങൾ എന്നത് ഞാൻ നൽകിയ കല്പനകൾ അനുസരിക്കാതെ നിൽക്കുന്ന ലംഘനങ്ങളുടെ അവസ്ഥയാണ്. ഇവരണ്ടും നീക്കി തരണമേ എന്നാണ് ഈ അപേക്ഷയിൽ കൂടി നിങ്ങൾ ആവശ്യപ്പെടുന്നത്. വാസ്തവത്തിൽ നിങ്ങൾ പരസ്പരം ക്ഷമിച്ചു കഴിഞ്ഞാൽ പിന്നെ എനിക്ക് നിങ്ങളോട് ക്ഷമിക്കുവാൻ എളുപ്പമാണ്. നിങ്ങൾ മറ്റുള്ളവരുടെ കടങ്ങൾ ക്ഷമിക്കുന്നില്ലെങ്കിൽ നിങ്ങളോട് ഞാനും ക്ഷമിക്കില്ലെന്ന് മാത്രമല്ല, നേരത്തെ ഇളച്ചു നൽകിയ കടങ്ങൾ കൂടി നിങ്ങളിൽ വീണ്ടും ചുമത്തി ശിക്ഷ നൽകുമെന്ന് ഓർക്കുക. (മത്തായി 18: 32 –35).നിങ്ങളുടെ ആത്മീയ വളർച്ച മുരടിച്ചു പോകുന്നത് ബാഹ്യമായി അറിയപ്പെടാത്തത് കൊണ്ട്, നിങ്ങൾ

ആ കാര്യം അവഗണിച്ച് നിത്യമായ നാശത്തിന് ഇടയാക്കുന്നു. നിങ്ങളുടെ പല പ്രാർത്ഥനകളും ഈ വ്യവസ്ഥ പാലിക്കാതെ ചെയ്യുന്നതിനാലാണ് നിങ്ങൾക്ക് ഉത്തരം ലഭിക്കാതെ ഇരിക്കുന്നത്. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാൻ കഴിയുന്നില്ലെങ്കിൽ നിങ്ങൾക്ക് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ കഴിയില്ല. നിങ്ങൾ പരസ്പരം പാപങ്ങൾ ക്ഷമിക്കുന്നില്ലെങ്കിൽ സ്വർഗ്ഗപിതാവ് നിങ്ങളുടെ പാപങ്ങളും ക്ഷമിക്കുകയില്ല എന്ന് ഞാൻ പറഞ്ഞത് മറന്നു പോകരുത്. (മത്തായി 6: 15). കൂട്ടുകാരൻ നിന്നോട് ക്ഷമിച്ചില്ലെങ്കിലും അവനു നിന്നോട് പിണക്കം ഉണ്ടോ എന്ന് തോന്നിയാൽ നീ അങ്ങോട്ട് ചെന്ന് ക്ഷമ ചോദിക്കണം. അപ്രകാരം അനുരഞ്ജനത്തിന് ശ്രമിക്കാതെ നിങ്ങൾ നടത്തുന്ന അപേക്ഷകളും ആരാധനകളും ബലിഅനുഷ്ഠാനങ്ങളും സ്വർഗ്ഗപിതാവ് സ്വീകരിക്കുന്നില്ല. അവ ദൈവസന്നിധിയിൽ എത്തുന്നുപോലുമില്ല എന്നറിയുക. ആയതിനാൽ ഈ അപേക്ഷയുടെ ഗൗരവം മനസ്സിലാക്കി എത്രയും വേഗം പരസ്പരം രമ്യം ആക്കാൻ ശ്രമിക്കുക.

**6) പ്രലോഭനത്തിൽ അകപ്പെടുത്താതെ ദുഷ്ടനിൽ നിന്നും ഞങ്ങളെ വിടുവിക്കേണമേ**

ഇത് ശരിയായ വിധത്തിൽ നിങ്ങൾ മനസ്സിലാക്കണം. പരീക്ഷ അഥവാ പരിശോധന (Test) നിങ്ങളുടെ വളർച്ചയ്ക്കുവേണ്ടി ഞാൻ നൽകുന്നവയാണ്. പരിശോധനയിൽ നിങ്ങൾ പരാജയപ്പെട്ടാലും വീണ്ടും പരിശീലനം നൽകി നിങ്ങളെ പരിശുദ്ധാത്മാവ് സഹായിച്ച് ബലപ്പെടുത്തും. എന്നാൽ ഇവിടെ ദുഷ്ടനായ സാത്താൻ നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നത് പ്രലോഭനങ്ങളാണ് (Temptation). നിങ്ങളെ കെണിയിൽ പെടുത്തി ബലഹീനർ ആക്കി പരാജയപ്പെടുത്തുകയാണ് സാത്താന്റെ ലക്ഷ്യം. മോഹനവാഗ്ദാനങ്ങൾ നൽകി അവൻ നിങ്ങളെ കബളിപ്പിക്കും എന്ന് തിരിച്ചറിയണം. ഈ ലോക സമൃദ്ധിയും ആർഭാടങ്ങളും അഭിലാഷങ്ങളും നൽകി നിങ്ങളെ ദൈവമായ കർത്താവിന്റെ കല്പനകളെ മറക്കുന്നവരും നിഷേധിക്കുന്ന വരും ആക്കിത്തീർത്തു, സാവധാനം തിന്മയിൽ വീഴ്ത്തി നശിപ്പിക്കുന്നതാണ് സാത്താന്റെ തന്ത്രം. മരുഭൂമിയിൽ എന്നെ പ്രലോഭിപ്പിച്ച വിധങ്ങൾ, ശാരീരികമായും മാനസികമായും ആത്മീയമായും എന്നെ വീഴ്ത്തുവാൻ അവൻ വശീകരിച്ച് പരാജയപ്പെട്ട കാര്യം നിങ്ങള്ക്ക് അറിയാമല്ലോ.ദൈവവചനത്തെ മാത്രം വിശ്വസിച്ച്, അനുസരിച്ച് ജീവിക്കാൻ നിങ്ങൾ ധൈര്യപൂർവ്വം നിലകൊണ്ടാൽ മാത്രമേ സാത്താന്റെ കെണികളിൽ വീഴാതെ സൂക്ഷിച്ചു ജീവിക്കുവാൻ നിങ്ങൾക്ക് കഴിയൂ. നിങ്ങൾ ആത്മാർത്ഥമായി എന്നോട് ചേർന്നു നിന്ന് എന്നെ അനുസരിച്ച് ജീവിക്കാൻ മനസ്സ് വയ്ക്കും എങ്കിൽ നിങ്ങൾക്ക് ആവശ്യമായ സംരക്ഷണവും ശക്തിയും നൽകാൻ പരിശുദ്ധാത്മാവിനെ സഹായകനായി ഞാൻ നിങ്ങൾക്ക് അയച്ചു തരും. തീരുമാനം നിങ്ങളുടേതാണ്.

### സമാപന സമർപ്പണവാക്യം "രാജ്യവും ശക്തിയും മഹത്വവും നിനക്കുള്ളതല്ലോ"

ഈ പ്രാർത്ഥനവാചകം യഹൂദ പ്രാർത്ഥനകളുടെ അവസാനത്തിൽ ചൊല്ലുന്നതാണ്. ലൂക്കോസ് പുറജാതികൾക്ക് എഴുതിയ സുവിശേഷത്തിൽ ഈ വാചകം കാണുകയില്ല.എന്തായാലും പ്രാർത്ഥനയുടെ ഒടുവിൽ ഇപ്രകാരമൊരു സമർപ്പണഅനുഭവം നിങ്ങൾക്ക് ഉണ്ടാകണം. രാജ്യവും ശക്തിയും മഹത്വവും എല്ലാം ദൈവത്തിന്റെ ആകുന്നു എന്ന ഓർമ്മ എപ്പോഴും നിങ്ങളുടെ മനസ്സിൽ നിറഞ്ഞു നിൽക്കട്ടെ.

സർവ്വവും സ്വർഗ്ഗപിതാവിന്റെ സന്നിധിയിൽ സമർപ്പിച്ച് നിങ്ങളുടെ ശരീര, ആത്മ, ദേഹികളെ ദൈവ സേവനത്തിനായി സാഷ്ടാംഗപ്രണാമം നടത്തി സമർപ്പിക്കുന്ന ഒരു അനുഭവമായി തീരണം നിങ്ങളുടെ പ്രാർത്ഥനയുടെ അവസാനഘട്ടം. അപ്പോഴാണ് യഥാർത്ഥ ആരാധനാ അനുഭവത്തിൽ നിങ്ങൾ എത്തിച്ചേരുക ഉള്ളൂ. അങ്ങനെയുള്ള ഒരു അവസ്ഥയിൽ എത്തിക്കഴിഞ്ഞാൽ നിങ്ങളുടെ പൂർണനിയന്ത്രണം പരിശുദ്ധാത്മാവ് ഏറ്റെടുത്തു ദൈവഹിതമനുസരിച്ച് ജീവിക്കുവാൻ നിങ്ങളെ പ്രാപ്തരാക്കും. ഈ സമർപ്പണം ആണ് നിങ്ങളെ പടിപടിയായി മേലോട്ടുയർത്തി ദൈവനാമ മഹത്വത്തിനായി പ്രവർത്തിക്കുവാൻ ശക്തമാക്കുന്നത്. സമർപ്പണം മുഖാന്തരം ദുഷ്ടനിൽ നിന്നുള്ള പൂർണ്ണജയം, അതുവഴി പരസ്പരം ക്ഷമ പ്രാപിച്ചു കൊണ്ടുള്ള പാപമോചനം, തുടർന്ന് എന്റെ "ശരീരരക്തങ്ങൾ" അനുഭവിക്കുക എന്നതിലൂടെ ലഭിക്കുന്ന നിത്യജീവന്റെ അനുഭവം, തന്മൂലം ദൈവഹിതം പൂർണ്ണമായി അനുസരിക്കാനുള്ള ആന്തരിക ബലം, തൽഫലമായി ദൈവരാജ്യവളർച്ച നിങ്ങൾ മുഖാന്തരം ആയി സംഭവിക്കുന്നതോടൊപ്പം ദൈവനാമം മഹത്വപ്പെടുത്തുന്ന മഹനീയമായ അനുഭവം! മുകളിൽനിന്ന് താഴോട്ടും താഴെനിന്ന് മുകളിലോട്ടും പരിശുദ്ധാത്മ ശക്തിയാൽ പൂർത്തീകരിക്കപ്പെട്ടു കൊണ്ടിരിക്കുന്ന ആത്മീയ അനുഭവം നിങ്ങൾക്കു ലഭിക്കും, ലളിതമായ ഈ "ശിഷ്യപ്രാർത്ഥന" മൂലം!

ഒറ്റവാചകത്തിൽ പറഞ്ഞാൽ നിങ്ങളുടെ ശരീരം, മനസ്സ്, ആത്മാവ് എന്ന നിലകളിലുള്ള എല്ലാ ആവശ്യങ്ങളും വർത്തമാനം, ഭൂതം, ഭാവി കാലക്രമത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ത്രീയേകദൈവ നിയന്ത്രണത്തിന് വിധേയമാക്കപ്പെട്ട അനുഭവത്തിൽ എത്തി ചേരാൻ ഉള്ള വലിയ ഒരു മാർഗ്ഗരേഖയാണ് ഈ ചെറിയ പ്രാർത്ഥന വഴിയായി ഞാൻ നിങ്ങളെ പഠിപ്പിക്കുവാൻ ആഗ്രഹിച്ചത്. ഈ കാര്യം പൂർണമായി നിങ്ങൾക്ക് ഗ്രഹിക്കുവാൻ പരിശുദ്ധാത്മ സഹായം നിരന്തരം നിങ്ങൾ തേടുക. ഭയപ്പെടേണ്ട ഞാനും എപ്പോഴും എന്നേക്കും നിങ്ങളോടൊപ്പം തന്നെയുണ്ട്.

04-11-2020

## അദ്ധ്യായം 24

# "ഗിരിപ്രഭാഷണ വിചിന്തനങ്ങൾ"

**(മത്തായി 6:24 –7:6)**

എന്റെ ശിഷ്യന്മാർ എന്ന നിലയിൽ എങ്ങനെ പ്രാർത്ഥിക്കണം എന്ന് ഞാൻ പറഞ്ഞുതന്ന കാര്യങ്ങൾ നിങ്ങൾ ശരിയായി ഗ്രഹിച്ചനുസരിക്കും എന്ന് പ്രതീക്ഷിക്കുന്നു. ഇനിയും കുറച്ച് ചെറിയ ചെറിയ കാര്യങ്ങൾ കൂടി ചുരുക്കമായി നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തട്ടെ. ചെറിയ കാര്യങ്ങൾ ആയി നിങ്ങൾക്ക് തോന്നുമെങ്കിലും വലിയ നിലയിൽ നിങ്ങളെ അവ സ്വാധീനിച്ച് ശിഷ്യത്വത്തിൽ നിർത്തുന്നതിനാൽ തികഞ്ഞ ശ്രദ്ധയോടെ തന്നെ ഈ കാര്യങ്ങൾ മനസ്സിലാക്കുവാൻ ശ്രമിക്കുക.

1) **"നിങ്ങൾക്ക് ഒരുപോലെ 2 യജമാനന്മാരെ സേവിക്കാൻ കഴിയില്ല."** (മത്തായി 6: 24)

നിങ്ങൾക്ക് രണ്ടിലധികം മേലധികാരികളുടെ കീഴിൽ ജോലി ചെയ്യാൻ കഴിഞ്ഞേക്കും.ഒരുപക്ഷെ രണ്ട് സേവനങ്ങളിൽ മാറിമാറി പ്രവർത്തിക്കാനും സാധിക്കും. എന്നാൽ രണ്ടു യജമാനന്മാരുടെ കീഴിൽ വിശ്വസ്തതയോടെ സത്യസന്ധമായി ഒരേസമയം പ്രവർത്തിക്കാൻ നിങ്ങൾക്ക് കഴിയില്ല. എന്റെ മനുഷ്യാവതാരകാലത്ത് അടിമസമ്പ്രദായം നിലനിന്നിരുന്നു. അത് നിർത്തൽ ചെയ്യാനുള്ള സമയം വന്നിട്ടില്ല ആയിരുന്നതിനാൽ അതിനു എതിരെ ഒന്നും ഞാൻ സംസാരിച്ചില്ല. എന്നാൽ അടിമകൾ യജമാനന്മാരുടെ അടുക്കൽ വിശ്വസ്തത പുലർത്തുവാൻ അടിമകളോട് പറയുമായിരുന്നു. സ്നേഹത്തോടും കരുണയോടും കൂടി അടിമകളോട് പെരുമാറുവാൻ അവരുടെ യജമാനന്മാരെ ഞാൻ ഉപദേശിച്ചിരുന്നു. അതിന്റെ ഫലമായി യജമാനന്മാരും അടിമകളും തമ്മിലുണ്ടായിരുന്ന ബന്ധം കൂടുതൽ സന്തോഷകരമായി വരുന്നത് ഞാൻ കണ്ടു. പല യജമാനന്മാരും അവരുടെ അടിമകൾക്ക് സ്വാതന്ത്ര്യം നൽകി വിട്ടയക്കുവാനും ഇടയായത് സന്തോഷത്തോടെ ഓർക്കുന്നു.

ഞാൻ പറഞ്ഞുവരുന്നത്, ഈ ലോകത്തിലെ വ്യവസ്ഥിതികപ്പുറത്ത് ദൈവരാജ്യസന്ദേശത്തിന്റെ വെളിച്ചത്തിലുള്ള യജമാനന്മാരെ പറ്റിയാണ്.

സാധാരണനിലയിൽ ദൈവവും സാത്താനും ആണ് ഈ രണ്ട് യജമാനന്മാർ എന്ന് നിങ്ങൾ കരുതുന്നുണ്ടാവാം. അങ്ങനെയല്ല, ഇവിടുത്തെ രണ്ടാമത്തെ യജമാനൻ മാമോൻ അഥവാ ധനമാണ്. ദൈവരാജ്യ മൂല്യങ്ങൾക്ക് എതിരെ പ്രവർത്തിക്കുവാൻ നിങ്ങളെ പ്രേരിപ്പിക്കുന്നത് സമ്പത്താണ്. സ്വർഗ്ഗപിതാവിനെ വിശ്വസിച്ച് അനുസരിച്ച് ജീവിക്കുമ്പോൾ ലഭിക്കാവുന്ന സ്വർഗ്ഗധനത്തേക്കാൾ ഉത്തമമായി ഈ ലോകസമ്പത്ത് സ്വരൂപിച്ച ശേഷം അതിനു അടിമയായി ജീവിക്കുന്ന പ്രവണത നിങ്ങളുടെ ഇടയിൽ ധാരാളം ഉണ്ട്.നിങ്ങൾ ആരോടാണ് കൂറും വിശ്വസ്തതയും പുലർത്തുന്നത് എന്നതിനെ ആശ്രയിച്ചാണ് നിങ്ങളുടെ ഭാവി നിശ്ചയിക്കപ്പെടുന്നത്.എന്റെ ശിഷ്യന്മാരിൽ ഒരാളായിരുന്ന യൂദാ എന്റെ കൂടെ ആണെന്ന് മറ്റുള്ളവർ കരുതിയെങ്കിലും അവന്റെ ആഗ്രഹം ലോകപ്രകാരമുള്ള ഒരു സാമ്രാജ്യനിർമ്മാണമായിരുന്നു. അതിനാൽ എന്നോട് വിശ്വസ്തത പുലർത്താതെ ഈ ലോകത്തിന്റെ ദൈവമായ സാത്താന്റെ ആലോചന സ്വീകരിച്ച് പണം കൊതിച്ചു കൊണ്ട് എന്നെ ഒറ്റുകൊടുത്തു.

ധനം ഒരിക്കലും നിങ്ങളുടെ യജമാനൻ ആകുവാൻ നിങ്ങൾ അനുവദിക്കരുത്. ദാസനായി മാത്രം പ്രവർത്തിക്കുന്ന സ്ഥാനത്തേക്ക് മാറ്റി നിർത്തുവാൻ നിങ്ങൾക്ക് കഴിയണം. ധനം അതിൽ തന്നെ തിന്മയല്ല; അതിനെ ശരിയായ വിധത്തിൽ സമ്പാദിക്കുവാനും വിനിയോഗിക്കുവാനും നിങ്ങൾ പഠിക്കണം. ദൈവത്തോട് വിശ്വസ്തത പുലർത്തണമെങ്കിൽ ധനത്തോടുള്ള ആസക്തി ഉണ്ടാകരുത്. "ദ്രവ്യാഗ്രഹം" നിങ്ങളുടെ മനസ്സിൽ കയറി കൂടിയാൽ "ദൈവാഗ്രഹം" കുറഞ്ഞുപോകും. ധനത്തെ രണ്ടാം സ്ഥാനത്തേക്ക് മാറ്റി സാവകാശം ധനമോഹം പൂർണമായി ഉപേക്ഷിക്കുവാനും നിങ്ങൾക്ക് കഴിയുന്നില്ലെങ്കിൽ നിങ്ങൾക്ക് എന്നെ പിൻതുടരുവാൻ സാധിക്കുകയില്ല. അപ്രകാരം എന്നെ അന്വേഷിച്ചു വന്ന്പലരും നിരാശരായി എന്നെ വിട്ടു പോയിട്ടുണ്ട്. എന്നെ യജമാനൻ ആയും കർത്താവായും നിങ്ങൾ സ്വീകരിക്കുന്നതെങ്കിൽ പൂർണ്ണ വിശ്വസ്തത എന്നോട് തന്നെ കാണിക്കണം. ( 1 കോരി 4: 2). നിങ്ങളിൽ പലരും ധനം സമ്പാദിക്കുവാൻ വേണ്ടി ആർത്തിയോടെ സകല അധ്വാനവും ചെയ്തു, ചിലപ്പോൾ അന്യായമായിപോലും, ധനത്തിന്റെ പിറകെ പോകുന്നത് കാണുമ്പോൾ നിങ്ങളുടെ ആത്മാവ് നഷ്ടപ്പെടുമെന്ന കാര്യം ഓർത്ത് ഞാൻ സഹതപിക്കുന്നു. (മർക്കോസ് 8:36). നിങ്ങൾ ഒരിക്കലും ധനത്തിന്റെ പിന്നാലെ പോകരുത്. എന്നെ മാത്രം അനുഗമിച്ചാൽ നിങ്ങൾക്ക് ആവശ്യമുള്ള ധനം മാത്രമല്ല എല്ലാം തന്നെ നിങ്ങൾക്ക് ലഭിക്കും എന്ന് ഞാൻ ഉറപ്പു തരുന്നു. ദൈവരാജ്യത്തിന്റെ നീതി പ്രമാണങ്ങൾ അനുസരിച്ച് ജീവിച്ചാൽ എല്ലാം നിങ്ങൾക്ക് ലഭിക്കും എന്ന് നേരത്തെ ഞാൻ പറഞ്ഞത്

നിങ്ങൾ മറക്കരുത്. (മത്തായി 6: 33).

2) **"ഒന്നിനെപ്പറ്റിയും ആകുലപെടരുത്"**
(മത്തായി 6: 25– 32).

നിങ്ങളുടെ ആത്മാവിനു നിത്യജീവൻ വാഗ്ദാനം നൽകിയ എന്റെ സ്വർഗ്ഗ പിതാവ് ലോകജീവിതത്തിലെ നിങ്ങളുടെ താൽക്കാലികമായ എല്ലാ ആവശ്യങ്ങളും അറിഞ്ഞു നടത്തിതരും എന്ന് പൂർണ്ണമായി വിശ്വസിക്കുക. നിത്യതയേപ്പറ്റി നിങ്ങൾക്ക് ആശങ്കയില്ലാതെ ഈ താൽക്കാലിക ജീവിതത്തെപ്പറ്റി ആകുലർ ആകുന്നത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല.ഞാൻ നിങ്ങൾക്ക് സ്വർഗ്ഗത്തിൽ വാസസ്ഥലം ഒരുക്കുന്നുണ്ട് എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടെങ്കിൽ, ഈ ലോകത്തിൽ നിങ്ങളെ സംരക്ഷിക്കേണ്ടത്തിനായി ഞാൻ പ്രവർത്തിക്കുന്ന കാര്യം എന്തുകൊണ്ടാണ് നിങ്ങൾക്ക് ബോധ്യം വരാത്തത്? (യോഹ 14:2). സ്വർഗ്ഗത്തിൽ മാത്രമല്ല ഭൂമിയിലും നിങ്ങൾക്ക് ആവശ്യമായ എല്ലാ കാര്യങ്ങളും ക്രമീകരിക്കാനുള്ള ഉത്തരവാദിത്വം ഞാൻ ഏറ്റെടുത്തിട്ടുണ്ട് എന്ന് നിങ്ങൾ വിശ്വസിക്കുക.

അനാവശ്യമായ ആകുലചിന്ത നിങ്ങളെ അലട്ടുവാൻ അനുവദിക്കരുത്. നിങ്ങളുടെ ക്രിയാത്മകമായ കഴിവുകൾ ചോർന്നു പോകാൻ ഇടയാകാതെ നിങ്ങളുടെ മനസ്സ് പൂർണമായ സമാധാനവും ധൈര്യവും നിറഞ്ഞതായി തീരുവാൻ എന്റെ സംരക്ഷണയിലുള്ള വിശ്വാസംകൊണ്ട് നിങ്ങളുടെ മനസ്സ് നിറയ്ക്കുക.ഭയം പിശാചിന്റെ തന്ത്രമാണ്. ഞാൻ കൂടെ ഉള്ളപ്പോൾ നിങ്ങൾ എന്തിനാണ് ഭയപ്പെടുന്നത്? എന്നെ പൂർണമായി വിശ്വസിക്കാതെ സാത്താൻ കാണിക്കുന്ന ലൗകികകാര്യങ്ങളിൽ മോഹിതരായി തീരുന്നതിനാലാണ് നിങ്ങൾക്ക് ആകുലചിന്ത ഉണ്ടാകുന്നത്. എന്റെ സ്നേഹത്തിൽ വസിക്കുന്നവർക്ക് ഭയത്തിന് ഒരു സ്ഥാനവുമില്ല.(1 യോഹ. 4: 18) .എന്റെ ശിഷ്യന്മാരെ അയക്കുമ്പോൾ ഞാൻ അവരോട് പറഞ്ഞത് എന്താണെന്ന് നിങ്ങൾക്കറിയാമോ? യാത്രയിൽ യാതൊന്നും കൂടെ എടുക്കരുതെന്ന്! അവർ കേട്ട് അനുസരിച്ച് വളരെ സന്തോഷത്തോടെ ദൗത്യം പൂർത്തീകരിച്ചു. (യോഹന്നാൻ 10: 10) നിങ്ങൾ പ്രകൃതിയിലേയ്ക്ക് ഒന്നു നോക്കുക.അവയെല്ലാം തനിയെ എത്ര മനോഹരമായി നിലനിൽക്കുന്നു. മൃഗങ്ങളെയും പക്ഷികളെയും സസ്യങ്ങളെയും പരിപാലിച്ചുവരുന്ന സ്വർഗ്ഗ പിതാവിന്റെ അതുപോലെയുള്ള സംരക്ഷണം നിങ്ങൾക്ക് എത്രയേറെ ലഭിച്ചുകൊണ്ടിരിക്കുന്നു എന്ന് നിങ്ങൾ അറിയാത്തതുകൊണ്ടാണ് നിങ്ങൾ ആകുലചിത്തരാകുന്നത്. മോശയുടെ കാലത്ത് എല്ലായിടത്തും ഭക്ഷണം

കിട്ടാതെ വന്നപ്പോൾ 40വർഷം മരുഭൂമിയിൽ അനേകലക്ഷം ജനങ്ങൾക്ക് ഞാൻ സ്വർഗ്ഗത്തിൽനിന്നും ദിനംതോറും "മന്നാ" അയച്ചുകൊടുത്തത് നിങ്ങൾക്കറിയാമല്ലോ? അത് എന്തുകൊണ്ടാണെന്ന് അറിയാമോ? അന്ന് അവർ എന്റെ സ്വന്തം ജനം ആയിരുന്നു. എന്നാൽ ഇന്ന് നിങ്ങൾ ആകുന്നു എന്റെ സ്വന്തം ജനം. അതിനാൽ സർവലോക നിയമങ്ങൾക്കും അപ്പുറത്ത് ഞാൻ നിങ്ങളെ പരിപാലിക്കുന്ന കാര്യം ഉറച്ചുവിശ്വസിച്ച് ആകുലചിന്ത ഉപേക്ഷിച്ച് സന്തോഷമായിരിക്കുക.

ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം. ഭാവിയെക്കുറിച്ച് കരുതലുള്ള ഒരു സ്വഭാവം നിങ്ങൾക്ക് ഉണ്ടാകണം. ആകുലചിന്ത പാടില്ല എന്ന് പറഞ്ഞപ്പോൾ, ഭാവിയെപ്പറ്റി കരുതാതെയും വേണ്ടത്ര ആലോചനയും ആസൂത്രണം ചെയ്യാതെയും ഇരിക്കരുത്. നിങ്ങളാൽ കഴിയുന്നവിധം എല്ലാ പരിശ്രമങ്ങളും എന്നിൽ ആശ്രയിച്ച് പ്രവർത്തിക്കണം.

മടിയൻമാരെ ഞാൻ സഹായിക്കുകയില്ല എന്ന് അറിയുക. ഒരു സംഭവം പറയട്ടെ. ഞാൻ ഒരിക്കൽ ചൂണ്ടഇട്ട് മീൻപിടിച്ചു കൊണ്ടിരിക്കുകയായിരുന്നു. ആരോഗ്യമുള്ള ഒരു ചെറുപ്പക്കാരൻ എന്റെ അടുക്കൽ വന്നു ഞാൻ പിടിച്ച മീൻ തരുമോ എന്ന് ചോദിച്ചു. ഞാൻ തിരഞ്ഞ് അവന്റെ മുഖത്ത് നോക്കിയപ്പോൾ അവൻ ഒരു മടിയൻ ആണെന്ന് എനിക്ക് തോന്നി. ഞാൻ അവനോട് പറഞ്ഞു: "നീ തന്നെ ചൂണ്ടയിട്ട് മത്സ്യത്തെ പിടിക്കണം. ചൂണ്ട ഞാൻ നിനക്ക് തരാം". നിങ്ങൾക്ക് കേൾക്കണോ? അവൻ ഒന്നും മിണ്ടാതെ തിരിഞ്ഞു നടന്നു പോയി. അധ്വാനിക്കാൻ മനസ്സില്ലാത്ത അങ്ങനെയുള്ളവരെ ഞാൻ സഹായിക്കുകയില്ല.

നിങ്ങൾ പരിശ്രമിക്കുമ്പോൾ എന്നെ കൂട്ടിന് വിളിക്കുക. നമുക്ക് ഒന്നിച്ചു പ്രവർത്തിക്കാം. ഓരോ ദിവസത്തെയും ജയാപജയങ്ങൾ അടുത്ത ദിവസത്തെ പ്രവർത്തനത്തെ ബാധിക്കാതെ സൂക്ഷിച്ചു, നിങ്ങളുടെ പ്രവർത്തനങ്ങൾ വിശ്വസ്തതയോടെ, ഉത്തരവാദിത്വത്തോടെ ചെയ്തുകൊണ്ടിരിക്കണം. ഓരോ ദിവസവും ആവശ്യമായ ആലോചനകളും അവ നടപ്പിലാക്കാനുള്ള ഊർജ്ജവും പരിശുദ്ധാത്മ കൃപമൂലം ഞാൻ നിങ്ങൾക്ക് നൽകുന്നതാണ്. നിങ്ങൾ ഭാവിയെകുറിച്ച് ആശങ്ക ഇല്ലാതെ പ്രവർത്തിക്കാൻ കഴിയാത്തവർ ആണെങ്കിൽ ഞാൻ പറയുന്നത് ഗ്രഹിക്കാത്തവരും അവഗണിക്കുന്നവരും ആണെന്ന് ഞാൻ കരുതുന്നു. നിങ്ങളെന്നെ അടുത്തറിയാൻ ശ്രമിക്കുമ്പോൾ വിശ്വാസത്തോടും വിശുദ്ധിയോടും വിനയത്തോടും കൂടി എന്നെ അന്വേഷിച്ച് കണ്ടെത്തണം. നിങ്ങളെകുറിച്ച് സ്വർഗ്ഗപിതാവിന് നല്ല പദ്ധതിയുണ്ട്. അത് നിങ്ങളുടെ നാശത്തിന് അല്ല നന്മയ്ക്ക് ആയിട്ടാണ് എന്ന് ഉറച്ചു വിശ്വസിക്കുക.

(യിരമ്യ 29:11). നിങ്ങളെ കുറിച്ചുള്ള ദൈവികപദ്ധതി പൂർത്തിയാക്കി സ്വർഗ്ഗപിതാവിന്റെ സന്നിധിയിലേക്ക് ഞാൻ നിങ്ങളുടെ കൈപിടിച്ച് കൂട്ടിക്കൊണ്ടു പോകാം.

3) **"നിങ്ങൾ മറ്റുള്ളവരോട് ചെയ്യുന്നതുപോലെ നിങ്ങൾക്കും തിരിച്ചു കിട്ടും"** (മത്തായി 7:1–2;12; ലൂക്കോസ് 6:31).

മുൻവിധിയോടുകൂടി നിങ്ങൾ ഒരു കാര്യവും ചെയ്യരുത്. നിങ്ങൾ മറ്റുള്ളവരെ വിധിക്കുന്നതിനു മുന്പ് നിങ്ങളെ തന്നെ ശരിയായി വിധിനടത്തുക. എന്റെ ഉപദേശം കേട്ടു അനുസരിച്ചു ജീവിക്കുന്ന നിങ്ങൾക്ക് മറ്റുള്ളവരുടെ നന്മ കണ്ട് അവരെ അഭിനന്ദിക്കാൻ കഴിയേണ്ടതാണ്. ഒരുപക്ഷേ മറ്റുള്ളവർക്ക് എന്നിൽനിന്നും നിങ്ങൾക്ക് ലഭിച്ചതുപോലെ ഉള്ള സംരക്ഷണവും ഉപദേശങ്ങളും കിട്ടി കാണുകയില്ല. അവരുടെ സാഹചര്യങ്ങൾ നിങ്ങളുടെ അനുഭവങ്ങളിൽ നിന്നും ഏറെ വ്യത്യസ്തമായിരിക്കാം. അതുകൊണ്ട് തന്നെ ആരെയും വിധിക്കാക്കാതിരിക്കുക. നന്മ മാത്രം കാണാൻ ശ്രമിക്കുകയും അവരോട് സ്നേഹത്തോടെ പെരുമാറുകയും അവരുടെ ആവശ്യങ്ങൾ കണ്ടു കഴിയാവുന്ന സഹായങ്ങൾ നൽകുകയും ചെയ്യുക. നിങ്ങൾ കരുണയോടെ മറ്റുള്ളവരോട് പ്രവർത്തിക്കുമ്പോൾ അതുപോലെയുള്ള പെരുമാറ്റം അവരിൽ നിന്നും ദൈവത്തിൽ നിന്നും നിങ്ങൾക്ക് ലഭിക്കും. ചില സാഹചര്യങ്ങളിൽ നിങ്ങൾക്ക് മറ്റുള്ളവരെ വിലയിരുത്തേണ്ട സന്ദർഭങ്ങൾ വരുമ്പോൾ, പ്രത്യേകിച്ചും നിങ്ങൾ അധികാരസ്ഥാനത്ത് പ്രവർത്തിക്കുന്ന വ്യക്തിയാണെങ്കിൽ, വിനയത്തോടും ദയയോടും കൂടി പെരുമാറാൻ ശ്രദ്ധിക്കണം.(ഗലാത്യ. 6:1). വിശാല ഹൃദയത്തോടെ മനുഷ്യരുമായി ഇടപെടാൻ പരിശീലിക്കുക. നിങ്ങൾ കൊടുത്തു കൊണ്ടേയിരിക്കുന്നത് നന്മയായാലും തിന്മയായാലും അതേ അളവിൽ നിങ്ങൾക്ക് തിരിച്ചുകിട്ടി കൊണ്ടേയിരിക്കും. അതാണ് ദൈവനീതി. നന്മ മാത്രം കരുണയോടെ മറ്റുള്ളവർക്ക് നൽകികൊണ്ടിരുന്നാൽ അതിനെല്ലാം പ്രതിഫലം അന്ത്യന്യായവിധി നാളിൽ സ്വർഗ്ഗ പിതാവ് നിശ്ചയമായും നിങ്ങൾക്ക് നൽകും. നേരെമറിച്ച് ആയാൽ വളരെ ദയനീയ അന്ത്യത്തിലേക്ക് നിങ്ങളെ തള്ളിയിടും.ആകയാൽ മറ്റുള്ളവരോടുള്ള നിങ്ങളുടെ എല്ലാ ഇടപാടുകളും ശരിയായ രീതിയിൽ തന്നെ നിർവഹിക്കുക.

നിങ്ങൾ മറ്റുള്ളവരെ വിമർശിക്കുന്നതിനു മുൻപ് നിങ്ങളുടെ അവസ്ഥ പരിശോധിക്കുക. സ്വന്തം കണ്ണിലെ കോൽ എടുത്തു കളയാതെ സഹോദരന്റെ കണ്ണിലെ കരട് കാണുവാൻ നിങ്ങൾക്ക് കഴിയില്ല. (മത്തായി 7:3–5) പലപ്പോഴും നിങ്ങളുടെ മനസ്സിൽ പാപ ചിന്തകൾ ഉള്ളതുകൊണ്ടാണ് മറ്റുള്ളവരിൽ പാപമുണ്ടെന്ന് വിധിക്കാനും കുറ്റപ്പെടുത്താനും ഇടയാക്കുന്നത്.

നിങ്ങളുടെ മനസ്സിൽ നന്മനിറഞ്ഞ അനുഭവത്തിലാണെങ്കിൽ മറ്റുള്ളവരിലും നന്മ കാണുവാൻ മാത്രമേ നിങ്ങൾക്ക് കഴിയൂ.(റോമ 2: 1; യോഹന്നാൻ 8:7;2പത്രോസ് 1: 9).നിങ്ങളുടെ അറിവുകൾ അവ സ്വീകരിക്കുവാൻ മനസ്സ് ഉള്ളവരുടെ മുൻപാകെ മാത്രം അവതരിപ്പിക്കുക.പന്നികളെ പോലെ അശുദ്ധിയിൽ ജീവിക്കുന്നവരുടെ മുൻപാകെ വിശുദ്ധ വചനമുത്തുകൾ അവതരിപ്പിക്കുന്നത് നിരർത്ഥകമാണ്. (മത്തായി 7: 6;1കോരി 2:14).

പ്രാർത്ഥനയെപറ്റി പലപ്പോഴായി ഞാൻ നിങ്ങളോട് പറഞ്ഞിട്ടുണ്ട്. എങ്കിലും ഈ ഒരു കാര്യം കൂടി നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തട്ടെ. യാചിക്കുവാനും അന്വേഷിക്കുവാനും മുട്ടുവാനും ഞാൻ പ്രത്യേകം എടുത്തു പറയുന്നത് നിങ്ങൾ ശ്രദ്ധിക്കുക. "യാചിച്ചാൽ" നിങ്ങൾക്ക് ആവശ്യമുള്ളത് ആണെങ്കിൽ ഉടനെ ലഭിക്കും. ലഭിക്കാതെ വന്നാൽ അതിന്റെ കാരണങ്ങൾ "അന്വേഷിച്ചു" കൊണ്ടിരിക്കണം. സത്യനിഷേധം, പ്രത്യാശ ഇല്ലായ്മ, വിശ്വാസക്കുറവ്, തെറ്റായ ലക്ഷ്യം, അത്യാഗ്രഹം, സ്നേഹക്കുറവ്, ലൗകിക കാര്യങ്ങൾ തുടങ്ങി പല കാരണങ്ങൾ നിങ്ങളുടെ പ്രാർത്ഥനയിൽ ഉണ്ടോ എന്ന് അന്വേഷിച്ചു കണ്ടെത്തിയാൽ, അവ എല്ലാം തിരുത്തി വീണ്ടും നിങ്ങൾ അപേക്ഷിച്ചു കൊണ്ടിരിക്കണം. പിന്നെയും കാര്യം സാധിക്കാതെ വന്നാൽ സ്വർഗ്ഗ വാതിൽക്കലെത്തി "മുട്ടി കൊണ്ടേയിരിക്കണം." സ്വർഗ്ഗപിതാവ് തീർച്ചയായും ഉത്തരം പറയുന്നുണ്ട്. ഒരുപക്ഷേ നിങ്ങൾക്ക് കേൾക്കാൻ കഴിയാത്തവിധം നിങ്ങളുടെ കണ്ണും കാതും ഹൃദയവും മനസ്സും ലൗകിക ചിന്തകൾ കൊണ്ട് നിറഞ്ഞിരിക്കുകയാണ്. ദൈവം നിങ്ങളോട് പറഞ്ഞ കാര്യങ്ങൾ നിങ്ങൾ ഗ്രഹിച്ച് അനുസരിച്ച് ചോദിക്കാനാണ് ദൈവപിതാവ് നിങ്ങളോട് ആവശ്യപ്പെടുന്നത്. ദൈവഹിതത്തിന് എതിരായിട്ടുള്ള എല്ലാ കാര്യങ്ങളും നിങ്ങൾക്ക് ദോഷം ചെയ്യുന്നതിനാൽ നിങ്ങളുടെ പിതാവ് നിങ്ങൾക്ക് നൽകുകയില്ല. ആയതിനാൽ നിങ്ങളുടെ ആവശ്യങ്ങളെ ഒന്നുകൂടെ പരിശോധിച്ച് നല്ല കാര്യങ്ങൾക്കായി യാചിക്കുക.

നിങ്ങൾ യാചിക്കുന്നതോടൊപ്പം പ്രവർത്തിക്കുകയും വേണം. എന്റെ സഹകാരികൾ ആയി പ്രവർത്തിക്കുമ്പോൾ മാത്രമേ നിങ്ങളുടെ ആവശ്യങ്ങൾ പൂർത്തിയാകുകയുള്ളൂ. പ്രാർത്ഥനയിലൂടെ "യാചിക്കുവാനും" ദൈവവചന പഠനത്തിലൂടെ "അന്വേഷിച്ചുകൊണ്ടിരിക്കു വാനും" ദൈവഹിതം അനുസരിച്ച് "മുട്ടി കൊണ്ടിരിക്കുന്ന" അനുഭവത്തിൽ പ്രവർത്തിക്കുവാനും നിങ്ങൾക്ക് സാധിക്കണമെങ്കിൽ പരിശുദ്ധാത്മ സഹായം അത്യാവശ്യമാണ്. എല്ലാ നന്മകളുടെയും ഉറവിടമായ പരിശുദ്ധാത്മാവിനെ ആണ് സ്വർഗ്ഗപിതാവ് സ്നേഹിക്കുന്ന തന്റെ മക്കൾക്കു നൽകുന്നത്.ആ പരിശുദ്ധാത്മാവിനെ ലഭിക്കുവാനായി നിങ്ങൾ മുട്ടിപ്പായി യാചിക്കുക.

എങ്കിൽ നിങ്ങൾക്ക് ലഭിക്കും.(ലൂക്കോസ് 11: 13).പരിശുദ്ധാത്മാവിനെ ലഭിച്ചുകഴിഞ്ഞാൽ നിങ്ങളെ സന്തോഷിപ്പിക്കാനും ആശ്വസിപ്പിക്കാനും സഹായിക്കാനും പ്രബോധിപ്പിക്കാനും പ്രോത്സാഹിപ്പിക്കുവാനും തിരുത്തുവാനും ബലപ്പെടുത്തുവാനും സംരക്ഷിക്കുവാനും ഉപദേശിക്കുവാനും വഴിനടത്തുവാനും നിങ്ങളുടെ ജീവിതകാലം മുഴുവൻ നന്മയിൽ വളർന്നു നിങ്ങളുടെ ലക്ഷ്യസ്ഥാനമായ സ്വർഗ്ഗപിതാവിന്റെ സന്നിധിയിൽ എത്തിക്കുവാനും അവൻ നിങ്ങളെ സഹായിക്കും. ആയതിനാൽ എപ്പോഴും പരിശുദ്ധാത്മ ദാനങ്ങൾക്കുവേണ്ടി യാചിക്കുക.സാത്താൻ ഇതിനെതിരെ യഥാർത്ഥ ദൈവമക്കളെ വ്യാജകാര്യങ്ങൾ അവതരിപ്പിച്ച് വഴിതെറ്റിക്കാൻ സാധ്യതയുണ്ടെന്ന് അറിഞ്ഞു നിങ്ങൾ ജാഗ്രതയോടെ പ്രവർത്തിക്കണം. വിശുദ്ധിയും വിനയവും ദൈവനടത്തിപ്പിൽ പൂർണവിശ്വാസവും ഉള്ളവരായി ജീവിക്കുന്നവരാണ് നിങ്ങൾ എങ്കിൽ നിങ്ങളെ സാത്താൻ വഞ്ചിക്കാതിരിക്കാൻ ഞാൻ നിങ്ങൾക്ക് കാവലായി പരിശുദ്ധാത്മാവിനെ അയച്ചുതരാം.

4) **"കള്ള പ്രവാചകന്മാരെയും വ്യാജ അത്ഭുതപ്രവർത്തകരെയും സൂക്ഷിച്ച് ഒഴിഞ്ഞു കൊള്ളുക"**
(മത്തായി 7:15, 24: 4,10:16; സെഫ. 3: 3; യോഹന്നാൻ 10:12; അപ്പോ. പ്ര. 20: 29).

"കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളുവിൻ. അവർ ആടുകളുടെ വേഷംകെട്ടി നിങ്ങളുടെ അടുക്കൽ വരുന്നു. അകമേയോ കടിച്ചു കീറുന്ന ചെന്നായ്ക്കൾ ആകുന്നു. അവരുടെ ഫലങ്ങളാൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാം".(മത്തായി 7:15– 20, 24: 24)

നിങ്ങളെ വഴിതെറ്റിക്കാൻ ആയി ക്രിസ്തു എന്ന പേരിൽ തന്നെ പലരും വന്ന് സത്യവിശ്വാസികളെ വഞ്ചിക്കും (മത്തായി. 24: 4– 12). ഇത് അന്ത്യകാലത്തെ ലക്ഷണങ്ങളാണ്.യുദ്ധങ്ങളും ഭൂകമ്പങ്ങളും ക്ഷാമവും ഒക്കെ സംഭവിക്കാനുള്ളത് ആണെങ്കിലും നിങ്ങൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കണം. അതിനുവേണ്ടിയാണ് ഈ കാര്യങ്ങൾ ഞാൻ മുൻകൂട്ടി തന്നെ നിങ്ങളോട് പറയുന്നത്. ആ കാലത്ത് അനേകരുടെയും വിശ്വാസവും സ്നേഹവും തണുത്തു പോകും. എന്നാൽ അവസാനത്തോളം സഹിച്ചു നിൽക്കുന്നവർ രക്ഷിക്കപ്പെടും. (മത്തായി 24: 13). "കർത്താവേ കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്ന് പലരും ആ നാളിൽ എന്നോടു പറയും. ഞാൻ അവരോട് "ഒരു നാളും നിങ്ങളെ ഞാൻ അറിഞ്ഞിട്ടില്ല; അധർമ്മം

പ്രവർത്തിക്കുന്നവരെ എന്നെ വിട്ടു പോകുവിൻ" എന്ന് തീർത്തു പറയും. (മത്തായി 7: 21 –23).

കള്ളപ്രവാചകരെയും വ്യാജ സുവിശേഷപ്രവർത്തകരെയും നിങ്ങളുടെ സാധാരണ കണ്ണുകൾകൊണ്ട് നോക്കുമ്പോൾ എന്റെ കൂട്ടത്തിൽ ഉൾപ്പെട്ട കുഞ്ഞാടുകൾ ആയി നിങ്ങൾക്ക് തോന്നും. എന്നാൽ പരിശുദ്ധാത്മ സഹായത്തോടെ കാണുവാൻ കഴിഞ്ഞാൽ അവർ കടിച്ചുകീറുന്ന ചെന്നായ്ക്കൾ ആണെന്ന് മനസ്സിലാകും. ചെന്നായ്ക്കളുടെ നടുവിൽ നിങ്ങൾ അകപ്പെട്ടുപോകരുത്.(മത്തായി 10: 16). അവർ ഗംഭീരമായ ഭാഷയിൽ പ്രസംഗിക്കും , മധുരമായി പാടും, ആടും, എന്റെ പേര് പറഞ്ഞു തന്നെ അത്ഭുതങ്ങൾ കാണിക്കും, സത്യഉപദേശം ആണെന്ന് വിദഗ്ധമായി തെളിയിക്കും, നീതിക്കും ന്യായത്തിനും വേണ്ടി പോരാടുന്നവർ ആണെന്ന് തോന്നിപ്പിക്കും. ലോകപ്രകാരം നോക്കുമ്പോൾ ഇങ്ങനെയുള്ളവർ ബാഹ്യമായി വളരെ നല്ലവർ ആണെന്ന് നിങ്ങൾക്ക് തോന്നും. എന്നാൽ അവരുടെ ഉദ്ദേശം നിങ്ങളെ കവർച്ച ചെയ്യുക എന്നതാണ്. (മത്തായി 1: 8 –10).

അവരുടെ ഫലത്താൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാൻ കഴിയും (മത്തായി 7: 16). പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവരിൽ മാത്രമേ നല്ല ഫലങ്ങൾ (Fruits) ആകുന്ന സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത,ആത്മനിയന്ത്രണം എന്നീ പരിശുദ്ധാത്മഫലങ്ങൾ കാണുകയുള്ളൂ. (ഗലാത്യർ. 5: 22). ഇപ്രകാരമുള്ള ആത്മീയഫലങ്ങൾ നിങ്ങൾ അവരിൽ കാണുന്നില്ലെങ്കിൽ അവർ കള്ള പ്രവാചകരും വ്യാജസുവിശേഷകരും ആണെന്ന് നിശ്ചയിക്കുക, അവരെ ഒഴിവാക്കുക. പരിശുദ്ധാത്മാവിന്റെ ഫല ങ്ങൾക്കു പകരം വ്യാജ ആത്മാക്കൾ വഴി "വ്യാജവരങ്ങൾ" ഉപയോഗിച്ച് ജനങ്ങളെ കാണിക്കാനാണ് അങ്ങനെയുള്ളവർക്ക് കൂടുതൽ താല്പര്യം. മരുഭൂമിയിലെ 40 ദിവസത്തെ എന്റെ ഉപവാസകാലത്തും സാത്താനെന്നെ പ്രലോഭിപ്പിച്ചത്

ഇപ്രകാരമായിരുന്നു. യഥാർത്ഥമായ പരിശുദ്ധാത്മാവരങ്ങൾ എന്റെ വിശ്വസ്ത ശിഷ്യന്മാർക്ക് ഞാൻ നൽകുന്നുണ്ട്. (ഒന്നു കൊരിന്ത്യർ പന്ത്രണ്ടാം അധ്യായം). അതിന് യോഗ്യതയുള്ളവരെ ഞാൻതന്നെ കണ്ടുപിടിച്ചശേഷം അവർക്ക് അഭിഷേകം നൽകാറുണ്ട്. അവിശ്വാസികളുടെ മുമ്പാകെ എന്റെ നാമത്തിന് ഉള്ള ശക്തി അവതരിപ്പിക്കാനായി അടയാളങ്ങളായി കാണിക്കുവാൻ ആ നല്ലവരങ്ങൾ (Gifts of the Holy Spirit) ഉപയോഗിക്കുവാനായി ഞാൻ അവരെ അനുവദിച്ചിട്ടുണ്ട്. എന്നാൽ വിശ്വാസത്തിൽ വന്നവർക്ക് അത്ഭുതങ്ങൾ ആവശ്യമില്ല.

അവിശ്വാസവും കോട്ടവും ഉള്ള തലമുറയാണ് അത്ഭുതങ്ങൾ അന്വേഷിച്ച് പോകുന്നത്. അത്ഭുതങ്ങൾ ഇല്ലാത്തത്കൊണ്ട് ദൈവശക്തി ഇല്ല എന്ന വിധം ജനത്തെ തെറ്റിദ്ധരിപ്പിക്കുന്ന തിനാലാണ് അത്ഭുതങ്ങൾ കാണിച്ച് സുവിശേഷപ്രവർത്തനം പാടില്ല എന്ന് ഞാൻ പറയുന്നത്. എന്റെ പരസ്യ ശുശ്രൂഷയിലും വിശ്വാസികളുടെ ഇടയിൽ മാത്രമേ ഞാൻ അടയാളങ്ങളായി അത്ഭുതപ്രവർത്തികൾ കാണിച്ചിട്ടുള്ളൂ.എന്നിൽ വിശ്വസിച്ച് മാമോദിസ സ്വീകരിച്ച കൂടിവരുന്ന സമൂഹങ്ങളിൽ ഒന്നും ഞാൻ അത്ഭുതങ്ങൾ കാണിക്കേണ്ടി വന്നിട്ടില്ല. എന്റെ ശിഷ്യന്മാരും ആ കാര്യം പ്രത്യേകം ശ്രദ്ധിച്ചിരുന്നു.എപ്പോഴെങ്കിലും അത്ഭുത പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിൽ മനുഷ്യനോടുള്ള എന്റെ മനസ്സലിവ് മൂലം മാത്രമായിരുന്നു. തന്നെയുമല്ല വിശ്വാസപൂർവ്വം ആയ അവരുടെ സഹകരണവും ഞാൻ അതിന് ആവശ്യപ്പെട്ടുമായിരുന്നു. വിശ്വാസം ഇല്ലാത്ത സാഹചര്യത്തിൽ ഞാൻ പോലും അത്ഭുതം പ്രവർത്തിക്കാതെ ഇരുന്നിട്ടുണ്ട്. (മാർക്കോസ് 6: 6; മത്തായി 13: 58).

ഇങ്ങനെയുള്ള കള്ള പ്രവാചകന്മാരെയും വ്യാജസുവിശേഷ പ്രവർത്തകരെയും ഞാൻ ശിക്ഷിക്കാതെ വിടുകയില്ല. കാരണം ഇവർ എന്റെ നാമം ഉച്ചരിച്ചുകൊണ്ട് വ്യാജം പറയുന്നതിനാൽ എന്റെ നാമത്തെ ദുഷിക്കുക മാത്രമല്ല, ദൈവരാജ്യപ്രവർത്തനത്തെ തടസ്സം സൃഷ്ടിക്കുക കൂടിയാണ് ചെയ്യുന്നത്. അവർ എന്റെപേരിൽ കള്ളം പറഞ്ഞു സാധുമനുഷ്യരെ കബളിപ്പിക്കുക വഴി എന്നെ അവരുടെ ഒരു ഉപജീവന മാർഗമായി കരുതുന്നു. എന്നാൽ സത്യമായി എന്നെ അനുസരിച്ച് പ്രവർത്തിക്കുന്നവരെ ഞാൻ ഉപയോഗിച്ച് ദൈവരാജ്യപ്രവർത്തനം വ്യാപിപ്പിച്ച കൊണ്ടിരിക്കുന്നുണ്ട്. കള്ളപ്രവാചകന്മാർ എന്റെ ശക്തി എന്ന പേരിൽ പൈശാചിക പ്രവൃത്തി നടത്തുമ്പോൾ, നല്ല സുവിശേഷകന്മാരുടെ ശക്തി ഞാൻ സ്വീകരിച്ചുകൊണ്ട് അവരിൽകൂടി ദൈവരാജ്യവളർച്ചക്കായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ആകയാൽ എന്നെ അറിഞ്ഞു വിശ്വസിച്ച് അനുസരിക്കുന്ന എല്ലാവരും വ്യാജപ്രവാചകന്മാരെ തിരിച്ചറിയുകയും ഒഴിവാക്കുകയും ചെയ്യണം. അതോടൊപ്പം നിങ്ങളും എന്റെ നല്ല സുവിശേഷകർ ആയി ദൈവരാജ്യ വ്യാപനത്തിനുവേണ്ടി, നിങ്ങൾ ആയിരിക്കുന്ന സമൂഹത്തിൽ നല്ല സാക്ഷികളായി ജീവിതം നയിച്ച എന്റെ മാതൃക കാണിച്ച കൊടുക്കുവാൻ ശ്രമിക്കുകയും മറ്റുള്ളവരെ അതിനായി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. ഞാനും എന്റെ പിതാവും പരിശുദ്ധാത്മാവും എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടെന്നറിഞ്ഞു ധൈര്യമായി മുന്നോട്ട് പോവുക.

05-11-2020

## അദ്ധ്യായം 25

# "എന്റെ ചില ജീവിത പ്രമാണങ്ങൾ", സ്നേഹിക്കണം, കരുണകാണിക്കണം, വിധിക്കരുത്, ദാനം ചെയ്യണം

**(ലൂക്കോസ്. 6:31 –38)**

എന്റെ പ്രിയ ശിഷ്യന്മാർ എന്ന നിലയിൽ എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടത് എന്ന് ഞാൻ പഠിപ്പിച്ചത് നിങ്ങൾ ഗ്രഹിച്ചാൽ മാത്രം പോരാ, അതിനോട് ചേർന്നുവരുന്ന ജീവിതക്രമങ്ങൾ നിങ്ങൾ പരിശീലിച്ച് നിങ്ങളുടെ ജീവിതത്തിൽ പാലിക്കുകയും വേണം. പ്രാർത്ഥന മാത്രമായാൽ പോരാ,ഒപ്പം പ്രവൃത്തിയും ഒരുപോലെ ചേർന്ന്പോകണം എന്നുള്ളതാണ് പ്രധാനം. പ്രവൃത്തി ഇല്ലാത്ത പ്രാർത്ഥനയും പ്രാർത്ഥന ഇല്ലാത്ത പ്രവൃത്തിയും ഒരുപോലെ പോരായ്മ ഉള്ളതാണ്. നിങ്ങളുടെ പ്രവൃത്തികളിൽ പാലിക്കേണ്ട ചില പ്രധാന പ്രമാണങ്ങളെ കുറിച്ചാണ് ഞാൻ പറയുന്നത്.

### 1) സ്നേഹിക്കണം.

എല്ലാവർക്കും കേൾക്കാനും അനുഭവിക്കുവാനും ഏറെ ഇഷ്ടമുള്ള വാക്കാണ് സ്നേഹമെന്നത്.എന്നാൽ യഥാർഥസ്നേഹം എന്താണെന്ന് നിങ്ങൾ വേണ്ടത്ര മനസ്സിലാക്കി കാണുകയില്ല. നിങ്ങളിൽ പലരും "ഇഷ്ടത്തെ" ആണ് സ്നേഹം എന്ന് തെറ്റിദ്ധരിക്കുന്നത്. നിങ്ങളുടെ ഇഷ്ടത്തിന് അനുസരിച്ച് പ്രവർത്തിക്കുന്നവരെയാണ് സ്നേഹിതരായി നിങ്ങൾ കണക്കാക്കുന്നത്. അത് അത്ര ശരിയല്ല കാരണം ഇഷ്ടങ്ങൾ സാഹചര്യങ്ങൾക്ക് അനുസരിച്ച് മാറിമറിഞ്ഞു പോകുന്നതാണ്. ഇഷ്ടക്കാർ താൽക്കാലിക ബന്ധം ഉള്ളവർ മാത്രമായി തീരും.

സ്നേഹം എന്ന പദത്തിന്റെ വിവിധ പ്രയോഗങ്ങൾ നോക്കാം. ഇംഗ്ലീഷ് ഭാഷയിൽ Love എന്ന് ഒറ്റവാക്കിൽ പറയുമ്പോൾ, ഗ്രീക്ക് ഭാഷയിൽ പ്രധാനമായി നാല് വാക്കുകൾ ഉണ്ട്. ബന്ധുക്കൾ തമ്മിലുള്ള സ്നേഹത്തിന് Storge (പ്രിയം,വാത്സല്യം) എന്നും, സ്നേഹിതർ തമ്മിലുള്ള സ്നേഹത്തിന് philia (സൗഹൃദം) എന്നും, കാമുകി കാമുകന്മാരും ഭാര്യഭർത്താക്കന്മാരും തമ്മിലുള്ള സ്നേഹത്തിന് eros (കാമം, പ്രേമം) എന്നും, ദൈവികമായ സ്നേഹത്തിന്

Agape (ത്യാഗം) എന്നും തരംതിരിച്ച് പറയാറുണ്ട്. ശത്രുക്കളെ പോലും സഹായിക്കാൻ വേണ്ടി എന്ത് ത്യാഗവും സഹിക്കാനുള്ള മനോഭാവമാണ് ദൈവീകസ്നേഹത്തിന്റെ അടിസ്ഥാനം. കാൽവറി ക്രൂശിൽ ജീവൻപോലും ത്യജിച്ച എന്റെ മാതൃകയാണ് ദൈവസ്നേഹത്തിന്റെ ഉത്തമ ഉദാഹരണം. സ്നേഹം എന്ന വാക്ക് അർത്ഥം അറിയാതെ പല സന്ദർഭങ്ങളിലും നിങ്ങൾ ഉപയോഗിക്കുന്നതുകൊണ്ട് പലവിധ പ്രശ്നങ്ങളും സമൂഹത്തിൽ ഉണ്ടാകുന്നുണ്ട്. എന്റെ പ്രിയശിഷ്യനായ പൗലോസ് സ്നേഹവർണ്ണന നടത്തുന്നത് നിങ്ങൾ മനസ്സിരുത്തി വായിച്ചു ഗ്രഹിക്കണം, അതു പോലെ ജീവിക്കുവാൻ ശ്രമിക്കണം. (1കൊരിന്ത്യ. പതിമൂന്നാം അധ്യായം). ദൈവീകസ്നേഹത്തെപ്പറ്റി ആണ് ഞാൻ നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്നത്. എന്റെ മനോഭാവത്തിൽ വളരുവാൻ കഴിയുമ്പോൾ മാത്രമേ ഞാൻ പറയുന്നത് മനസ്സിലാക്കാൻ നിങ്ങൾക്ക് കഴിയൂ. നിങ്ങൾ മനസ്സിലാക്കിയാലും ഇല്ലെങ്കിലും ഞാൻ കാൽവരി ക്രൂശിൽ ജീവൻ പോലും ബലിയർപ്പിച്ചത്, ഒരുവിധത്തിൽ എന്റെ ശത്രുക്കൾ എന്ന് കരുതുന്ന പാപികൾക്കു വേണ്ടി ആയിരുന്നു എന്ന് നിങ്ങൾ ഓർക്കുക. അതുകൊണ്ട് തന്നെ ദൈവിക സ്നേഹത്തിന്റെ ആഴവും ഉയരവും ഭൂമിയിൽനിന്ന് ആകാശത്തോളം ഉണ്ട്, വീതിയും നീളവും ഭൂമിയിലെ 4 അതിരുകൾവരെ എത്തുന്നവിധം വിശാലമായതാണ്. ഇത്രയും കാര്യങ്ങൾ ഗ്രഹിക്കുവാൻ നിങ്ങൾക്ക് കഴിയുമ്പോൾ മാത്രമേ ദൈവീകസ്നേഹത്തിന്റെ പൊരുൾ തിരിച്ചറിഞ്ഞു നിങ്ങളുടെ ജീവിതത്തിൽ ഉപയോഗിക്കുവാൻ നിങ്ങൾ ശ്രമിക്കുകയുള്ളൂ.

"നിങ്ങളോ ശത്രുക്കളെ സ്നേഹിപ്പിൻ; അവർക്ക് നന്മചെയ്യുക, ഒന്നും പകരം ഇച്ഛിക്കാതെ കടംകൊടുക്കുവിൻ. എന്നാൽ നിങ്ങളുടെ പ്രതിഫലം വളരെ ആകും. നിങ്ങൾ അത്യുന്നതന്റെ മക്കൾ ആകും." (ലൂക്കോസ്6:35). സ്നേഹത്തിന്റെ പ്രമാണം ഈ ഒറ്റ വാക്യത്തിൽ അടങ്ങിയിരിക്കുന്നു. ഇത് പ്രമാണിച്ച് ജീവിച്ചാൽ നിങ്ങളൊരിക്കലും വഴിതെറ്റി പോകാതെ സ്വർഗ്ഗപിതാവിന്റെ മക്കൾ എന്ന പദവിക്ക് പൂർണ്ണ അവകാശികളായി പിതാവിനെ പ്രസാദിപ്പിക്കുവാൻ കഴിയും. നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ പ്രത്യേകം പ്രയോജനമൊന്നുമില്ല കാരണം പാപികളും അങ്ങനെതന്നെ ചെയ്യുന്നുണ്ടല്ലോ. സ്നേഹം കിട്ടാത്ത ഒരു വലിയ ജനവിഭാഗം നിങ്ങൾക്ക് ചുറ്റും ഉണ്ട്, അവരിൽ നിന്നും നിങ്ങൾ സ്നേഹം പ്രതീക്ഷിക്കരുത്. എന്നാൽ അവരും എന്റെ സ്നേഹിതരാണ്. അവർക്കും എന്റെ സ്നേഹം നിങ്ങളിലൂടെ പകർന്നുകൊടുക്കുവാൻ വേണ്ടി ആണ് ഞാൻ ഇപ്രകാരം ഒക്കെ നിങ്ങളെ പറഞ്ഞു പഠിപ്പിക്കുന്നത്. നിങ്ങൾ ആരെയെങ്കിലും നിങ്ങളുടെ ആവശ്യങ്ങൾ നിയന്ത്രിച്ചു കടംകൊടുത്ത് സഹായിച്ചാൽ അതുമൂലം എന്നെ തന്നെയാണ് നിങ്ങൾ സഹായിക്കുന്നത്. നിങ്ങളുടെ ആവശ്യം

കഴിഞ്ഞ് എന്തെങ്കിലും കൈവശം ഉണ്ടെങ്കിൽ അത് മറ്റ് ആവശ്യക്കാർക്ക് ചെലവഴിക്കാൻ വേണ്ടി വിശ്വസ്തതയോടെ നിങ്ങളെ ഞാൻ ഏൽപ്പിച്ചതാണ്. അത് നിങ്ങൾക്ക് അവകാശപ്പെട്ടതല്ല. അതുകൊണ്ട് നിങ്ങളെ എതിർക്കുന്നവർ ആണെങ്കിൽപോലും അവരെ നിങ്ങൾ സഹായിച്ചാൽ അവരുടെ ശത്രുത മാറി അവർ നിങ്ങളുടെ മിത്രങ്ങൾ ആയിതീരും. മാത്രമല്ല സ്വർഗ്ഗപിതാവ് ഉത്തമ പ്രതിഫലം നിങ്ങൾക്ക്, സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാക്കുന്നതു പോലെ, ഈ ലോകത്തിൽവച്ച്തന്നെ നൽകുമെന്ന് ഞാൻ ഉറപ്പുതരുന്നു. (ലൂക്കോസ് 6:35). നിങ്ങൾക്ക് ലഭിക്കുന്ന പ്രതി ഫലത്തേക്കാൾ നിങ്ങൾക്ക് ലഭിക്കുന്ന "ദൈവപുത്രൻ" എന്ന പദവിയാണ് വില ഏറിയതായി ഞാൻ കാണുന്നത്. അങ്ങനെയാകുമ്പോൾ സാധാരണ മനുഷ്യരേക്കാൾ കൂടുതൽ സ്നേഹം, കരുണ, ദാനം, സത്യസന്ധത, വിനയം, വിശ്വസ്തത, ഹൃദയവിശുദ്ധി തുടങ്ങിയ സുകൃതങ്ങൾ നിങ്ങളിൽ അധികമായി കാണപ്പെടണം എന്ന് ഓർക്കുക. ഗബ്രിയേൽ മാലാഖ എന്റെ അമ്മയോട് പറഞ്ഞ കാര്യം നിങ്ങൾ വായിച്ച് കാണുമല്ലോ. "അവൻ വലിയവൻ ആകും. പരമോന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും....(ലൂക്കോസ് 1: 32). അതുപോലെയുള്ള ഉന്നതപദവിയാണ് നിങ്ങൾക്കും ലഭിക്കുന്നത് എന്ന് ഓർത്ത് ആഹ്ലാദിക്കുക.

## 2) കരുണ കാണിക്കണം.

"അങ്ങനെ നിങ്ങളുടെ പിതാവ് മനസ്സലിവുള്ളവൻ ആകുന്നതുപോലെ നിങ്ങളും മനസ്സലിവ് ഉള്ളവർ ആകുവിൻ. (ലൂക്കോസ് 6: 36).

നിങ്ങളുടെ ലൗകികപിതാവിന്റെ സ്വഭാവസവിശേഷതകൾ നിങ്ങൾക്ക് ജന്മനാൽലഭിക്കുന്നുണ്ടല്ലോ.സംസാരരീതി,പെരുമാറ്റങ്ങൾ,മനോഭാവങ്ങൾ, പാരമ്പര്യങ്ങൾ, മുഖഭാവങ്ങൾ തുടങ്ങി അനേകം പ്രത്യേകതകൾ നിങ്ങളുടെ സ്വന്തം പിതാവിൽനിന്ന് നിങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഒരുപക്ഷേ നിങ്ങൾ ജനിച്ച ഉടനെതന്നെ നിങ്ങളുടെ പിതാവ് നിങ്ങൾക്ക് നഷ്ടപ്പെട്ടതിനാൽ, അദ്ദേഹത്തെ കണ്ടില്ലെങ്കിലും പിതാവിന്റെ സകല പൈതൃകവും നിങ്ങളിൽ വന്നുചേരും. അതുപോലെതന്നെ സ്വർഗ്ഗപിതാവിനെ നിങ്ങൾ ഇതുവരെ കണ്ടിട്ടില്ലെങ്കിലും എന്റെ പിതാവിന്റെ ഗുണങ്ങൾ "വീണ്ടും ജനനത്തിലൂടെ" നിങ്ങൾക്ക് ലഭിച്ചിട്ടുള്ളതിനാൽ സ്വർഗ്ഗപിതാവിന്റെ എല്ലാ ഗുണങ്ങളും നിങ്ങൾക്കു ലഭിച്ചിട്ടുണ്ടെന്ന് വിശ്വസിച്ച് പ്രവർത്തിക്കണം. (മത്തായി5: 48). നിങ്ങൾ ആത്മീയവളർച്ച പ്രാപിക്കുന്നതനുസരിച്ച് സ്വർഗ്ഗപിതാവിന്റെ മകനെന്ന നിലയിൽ എല്ലാ ഗുണങ്ങളും പ്രകടിപ്പിക്കുന്നവരായിതീരണം. പരിശുദ്ധാത്മാവ് നിങ്ങളിൽ പ്രവർത്തിച്ചുകൊണ്ട് നിങ്ങളെ ദൈവമക്കൾ

ആക്കികൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം നിങ്ങൾ എപ്പോഴും ഓർത്തിരിക്കുക. (എബ്രായർ12:9).ദൈവത്തിന്റെ "മുഖപ്രകാശം" പ്രകടിപ്പിച്ചു കൊണ്ടാണ് നിങ്ങളുടെ സ്വഭാവം ആരംഭത്തിൽ മറ്റുള്ളവർക്ക് കാണുവാൻ കഴിയേണ്ടത്. (യാക്കോബ് 1: 17). ദൈവം സ്നേഹമാകുന്നു. അതിനാൽ ദൈവിക സ്നേഹം കരുണ ആയി നിങ്ങളിൽ നിന്ന് പുറത്തേക്ക് ഒഴുകണം.(1യോഹന്നാൻ 4:8)"അങ്ങനെ നിങ്ങളുടെ പിതാവ് മനസ്സലിവ് ഉള്ളവൻ ആകുന്നതുപോലെ നിങ്ങളും മനസ്സലിവ് ഉള്ളവർ ആകുവിൻ." (ലൂക്കോസ്6:36). ഞാൻ പറയുന്ന കാര്യങ്ങൾ കേൾക്കുന്നതോടൊപ്പം സ്വർഗ്ഗപിതാവിനോട് അടുത്തുചെന്ന് ഹൃദയപൂർവ്വം സംസാരിക്കുവാൻ നിങ്ങൾ ശ്രമിക്കണം; നിലവിളിച്ച് ഇതുപോലെ പ്രാർത്ഥിക്കണം" പരിശുദ്ധാത്മാവേ എന്നെ സ്വർഗത്തിൽ വസിക്കുന്ന പിതാവിന്റെ സന്നിധിയിൽ എത്തിക്കേണമേ. അവന്റെ സ്വർഗ്ഗസിംഹാസനം മുമ്പാകെ എനിക്കുള്ള സകലതും സമർപ്പിച്ച് സാഷ്ടാംഗപ്രണാമം ചെയ്തു നിത്യമായി സ്വർഗീയ അനുഭവത്തിൽ വസിക്കുവാൻ എന്നെ പ്രാപ്തനാക്കി തീർക്കണമേ".

ലോകമോഹങ്ങളെ വിട്ടൊഴിഞ്ഞ് ദിവ്യ സ്വഭാവത്തിന് കൂട്ടാളിയായിതീരുവാൻ നിങ്ങൾ ആഗ്രഹിച്ച് നിങ്ങളെതന്നെ ദൈവ സന്നിധിയിൽ സമർപ്പിക്കണം. (1 പത്രോസ് 2 :4). അപ്പോൾ സ്വർഗ്ഗ പിതാവിന്റെ സ്നേഹവും മനസ്സലിവും കരുണയും ദയയും എല്ലാം നിങ്ങൾക്ക് ലഭിച്ച് എല്ലാവരോടും കരുണയോടെ പ്രവർത്തിക്കുവാൻ കഴിയും. ഞാൻ നടത്തിയ എല്ലാ കാരുണ്യപ്രവർത്തികളും മനുഷ്യരോടുള്ള അനുകമ്പയുടെ അടിസ്ഥാനത്തിലും മനുഷ്യരിൽ നിന്നുള്ള പ്രശംസ സ്വീകരിക്കാതെയും ആണ് ചെയ്തിരുന്നത്. അതുപോലെതന്നെ നിങ്ങളിൽ നിറഞ്ഞിരിക്കുന്ന ദൈവസ്നേഹം ആവശ്യക്കാരിലേക്ക് കരുണ ആയി കവിഞ്ഞു ഒഴുകട്ടെ. കരുണയോടെ അല്ലാത്ത സ്നേഹ പ്രവർത്തികൾ വ്യാജമാണെന്ന് ഓർക്കുക.

## 3). "വിധിക്കരുത്, ശിക്ഷ വിധിക്കരുത്"

(ലൂക്കോസ് 6:37; മത്തായി 7: 1,2).

ക്ഷമയെപറ്റി "ശിഷ്യപ്രാർത്ഥന" പഠിപ്പിച്ചപ്പോൾ ഞാൻ നിങ്ങളോട് കുറേ കാര്യങ്ങൾ പറഞ്ഞത് ഓർക്കുന്നുണ്ടല്ലോ. എന്നാൽ നിങ്ങളെ ക്ഷമയിലേക്ക് നയിക്കുന്ന നീതിബോധം ആദ്യം നിങ്ങൾക്ക് ഉണ്ടാകണം. "വിധിക്കരുത്, എന്നാൽ നിങ്ങളെയും വിധിക്കുക ഇല്ല. ശിക്ഷക്ക് വിധിക്കരുത്, എന്നാൽ നിങ്ങൾക്കും ശിക്ഷാവിധി ഉണ്ടാകില്ല" (ലൂക്കോസ് 6:37). നീതിയെ പറ്റി ചില കാര്യങ്ങൾ അറിഞ്ഞിരിക്കണം. അന്യനെ വിധിക്കുന്നതിനു മുന്പ് നിങ്ങളെ തന്നെ വിധിക്കണം. മറ്റൊരാളിൽ കുറ്റം വിധിക്കുമ്പോൾ, ആ കുറ്റം

നിങ്ങളിൽ ഇല്ലെന്ന് ആദ്യം ഉറപ്പുവരുത്തണം (റോമ.2: 1). അല്ലെങ്കിൽ അന്ത്യന്യായവിധിയിൽ നിങ്ങൾ ശിക്ഷിക്കപ്പെടും. നിങ്ങളുടെ തെറ്റു കുറ്റങ്ങളെ പറ്റിയുള്ള ഓർമ്മ നഷ്ടപ്പെട്ടാൽ മറ്റുള്ളവരുടെ തെറ്റുകൾ കണ്ടെത്തി അവരെ കുറ്റപ്പെടുത്താൻ ഉള്ള പ്രവണത നിങ്ങൾക്കുണ്ടാകും. (യോഹന്നാൻ 8: 7; 2 പത്രോസ് 1: 9). മറ്റുള്ളവരിൽ കുറ്റം കണ്ടെത്തുവാനും ആരോപിക്കുവാനുമുള്ള സ്വഭാവം പൈശാചികമാണ്.(യാക്കോബ് 4: 12).

പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് കൊണ്ടിരുന്നാൽ മാത്രമേ, ദൈവസ്വഭാവം നിങ്ങളിൽ രൂപപ്പെട്ടു മറ്റുള്ളവരുടെ തെറ്റുകൾ കാണാൻ ശ്രമിക്കാതെ ഇരിക്കാൻ, അഥവാ കണ്ടാൽതന്നെ കരുണയോടെ ക്ഷമിച്ചു മായ്ച്ചു കളയുവാനും നിങ്ങൾക്ക് കഴിയൂ. സ്വർഗ്ഗ പിതാവിന് മാത്രമേ ശരിയായ വിധത്തിൽ ന്യായം വിധിക്കുവാൻ കഴിയൂ. കാരണം എല്ലാവരുടെയും എല്ലാ കാര്യങ്ങളും ദൈവത്തിനു മാത്രമേ ശരിയായി അറിഞ്ഞ ശേഷം വിധിനടത്തുവാൻ സാധിക്കുകയുള്ളൂ. ആകയാൽ ആരെയും നിങ്ങൾ വിധിക്കാതെ ഇരിക്കാൻ ശ്രദ്ധിക്കുക. പലപ്പോഴും നിങ്ങളുടെ മുൻവിധികളാണ് പല പ്രശ്നങ്ങൾക്കും കാരണമാകുന്നത് എന്നും നിങ്ങൾ തിരിച്ചറിയണം. മറ്റുള്ളവർ ഏത് സാഹചര്യത്തിൽ എന്ത്കാരണത്താൽ ഓരോന്ന് ചെയ്യുന്നു എന്ന് നിങ്ങൾക്ക് അറിയാത്തതിനാൽ യാതൊരു കാരണവശാലും അന്യനെ വിധിക്കുവാൻ നിങ്ങൾ യോഗ്യരല്ല എന്ന് മനസ്സിലാക്കുക. കുറ്റക്കാരും പാപികളും ആണെന്ന് നിങ്ങൾ വിധിക്കുന്ന പലരും സ്വർഗ്ഗപിതാവിന്റെ കരുണയും വാത്സല്യവും അനുഭവിച്ചു, നിങ്ങളെക്കാൾ കൂടുതലായി ദൈവ പിതാവിന്റെ ഹൃദയത്തോട് ചേർന്ന് ജീവിക്കുന്നവർ ആകാം. സമൂഹത്തിൽ തെമ്മാടികളും മദ്യപാനികളും മറ്റുമായി കാണപ്പെടുന്ന ആളുകളെ അപ്രകാരമുള്ള അവസ്ഥയിൽ എത്തിച്ച സാമൂഹ്യ വ്യവസ്ഥിതിയെ ശുദ്ധീകരിക്കേണ്ട ഉത്തരവാദിത്വം നിങ്ങൾക്കുണ്ട്. നിങ്ങൾ കുറ്റക്കാരനാണെന്ന് മുദ്രകുത്തി ശിക്ഷിക്കപ്പെടുന്നവർ യഥാർത്ഥത്തില് അപ്രകാരം ആക്കപെട്ടവർ ആയിരിക്കും. എല്ലാ കുറ്റകൃത്യങ്ങൾക്കും പിറകിൽ ഇതിലേക്ക് പ്രേരിപ്പിക്കുന്ന സാഹചര്യങ്ങളും ഘടകങ്ങളും വ്യക്തികളും കണ്ടേക്കാം. സർവ്വജ്ഞാനിയായ ദൈവത്തിന് മാത്രമേ സത്യാവസ്ഥ അറിയുകയുള്ളൂ. ആയതിനാൽ ന്യായവിധി എല്ലാം ദൈവത്തിന് നിങ്ങൾ വിട്ടുകൊടുക്കുക. അല്ലെങ്കിൽ നിങ്ങൾതന്നെ ശിക്ഷാവിധിയിൽ അകപ്പെടും. (യോഹന്നാൻ 3: 18). ക്ഷമിക്കുക എന്ന് പറയുന്നത് മറ്റൊരാൾ ചെയ്തത് തെറ്റ് അല്ല എന്ന് വിധിക്കുകയാണ്; അഥവ തെറ്റാണെങ്കിൽ കൂടി അതിനുള്ള ശിക്ഷ ഇളവ് ചെയ്യുന്നു എന്നതാണ്.

## ദൈവത്തിന്റെ ന്യായവിധിയുടെ അടിസ്ഥാനങ്ങൾ

ദൈവത്തിന്റെ ന്യായവിധിയുടെ അടിസ്ഥാന കാര്യങ്ങൾ എന്തൊക്കെയാണെന്ന് കൂടി പറയാം. "കരുണ തോന്നേണമേ" എന്ന് നിങ്ങൾ ദൈവത്തോട് പ്രാർത്ഥിക്കുന്നത് യഥാർത്ഥത്തിൽ അന്ത്യന്യായവിധി ഓർത്താണ്. റോമാലേഖനം 2: 2–16 ഭാഗങ്ങളിൽ പറയുന്ന കാര്യങ്ങൾ നിങ്ങൾ ശ്രദ്ധിച്ച് വായിച്ച് മനസ്സിലാക്കാൻ ശ്രമിക്കുക. പ്രധാനമായി നാല് കാര്യങ്ങളാണ് പ്രത്യേകം ശ്രദ്ധിക്കാൻ ഉള്ളത്.

1) **ദൈവന്യായവിധി എപ്പോഴും സത്യത്തിന് അനുസരിച്ച് ആകും.** (റോമ2:2),

2) **ദൈവത്തിൽ നിന്നും മറഞ്ഞിരിക്കുന്നത് ഒന്നുമില്ലാത്തതിനാൽ** നിങ്ങളെ ഓരോരുത്തരെയും കുറിച്ചുള്ള എല്ലാ കാര്യങ്ങളും അറിഞ്ഞുകൊണ്ടുതന്നെയാണ്, ഒരു വക്കീലിനെയും അനുവദിക്കാതെ ദൈവം വിധിക്കുന്നത്. നിങ്ങളെ ആരും കാണുന്നില്ലെന്നും ന്യായവിധി ഉണ്ട് എന്ന് പറയുന്നത് വെറുതെ ആണെന്നും ഒക്കെ ഉള്ള ചിന്ത നിങ്ങളിൽ ഉണർത്തുന്നത് വഞ്ചകനായ സാത്താൻ തന്നെയാണ്.(ഏ ശയ്യ 29: 15).

3) **അനുതാപം ഇല്ലാത്തവരെയാണ് ദൈവം ന്യായം വിധിക്കുന്നത്.** (റോമാ 2: 4 ,5).

അനുതപിക്കാൻകഴിയാത്തവിധംഅത്രമാത്രംകഠിനഹൃദയമുള്ളവർക്ക് ദൈവത്തിന്റെ ദയ, കരുണ, നന്മ എന്നിവ കാണാൻ കഴിയാതെ പോകും. അവന് ദൈവകോപത്തെ പറ്റി മാത്രമേ അറിയാൻ കഴിയൂ. എന്നാൽ പശ്ചാത്തപിക്കുന്ന വർക്ക് കാരുണ്യവാനായ ദൈവത്തിന്റെ സ്നേഹത്തിൽ പ്രത്യാശ വെച്ചുകൊണ്ട് ദൈവത്തെ വിശ്വസിച്ച്, അനുസരിച്ച് ജീവിക്കാൻ കഴിയും. ദൈവത്തിന് നന്ദി നിറഞ്ഞ ഹൃദയത്തോടെ ആരാധന ദൈവസന്നിധിയിൽ അർപ്പിക്കുവാൻ ധൈര്യത്തോടെ നിൽക്കുവാൻ അവർക്ക് സാധിക്കും.(1 യോഹന്നാൻ 2: 28 ).

4). **നിങ്ങളുടെ പ്രവർത്തികൾക്ക് അനുസരിച്ച് ന്യായം വിധിക്കും** (റോമാ 2: 6 –15). നന്മ ചെയ്യുക എന്ന പ്രയോഗത്തിൽ നിങ്ങൾ ശരിയായി ധരിക്കണം. ദൈവത്തെപ്പോലെ നന്മ സ്വയം നിറഞ്ഞവർ അല്ല മനുഷ്യരാരും തന്നെ.എന്നാൽ ദൈവത്തിന്റെ മനോഭാവത്തോടും ലക്ഷ്യത്തോടെയും പ്രവർത്തനരീതിയോട് വിശ്വാസപൂർവ്വം ചേർന്ന് പ്രവർത്തിക്കുക വഴി ലഭിക്കുന്ന ഒരു ദാനമാണ് നന്മയുള്ള സ്വഭാവം.അവിശ്വാസികൾക്കും,

ആത്മീയ അടിത്തറ അറിയാത്തവർ ആയാലും, പ്രതിഫലം നൽകുന്നതാണ് ദൈവനീതി എന്ന് നിങ്ങൾ മനസ്സിലാക്കണം. അതുകൊണ്ടാണ് ആരെയും നിങ്ങൾ വിധിക്കരുത് എന്ന് നേരത്തെ ഞാൻ പറഞ്ഞത്. അത് വിശദമായി പറഞ്ഞുതരാം.

## വീണ്ടും നാലു കാര്യങ്ങൾ കൂടി

a) **"നന്മ ചെയ്യുക"** എന്നത് സ്വന്തം മഹത്വം നഷ്ടപ്പെടുത്തി ദൈവമഹത്വത്തിനായി പ്രവർത്തിക്കുന്നതാണ്.സ്വന്തം മാനം നഷ്ടപ്പെടുത്തി ദൈവത്തിന്റെ മാനം സംരക്ഷിക്കണം. ലോകത്തിലെ പ്രതിഫലത്തിന് വേണ്ടി ആകരുത്. നിത്യ ജീവന്റെ അനുഭവത്തിലേക്ക് നയിക്കുന്ന കൃപാവരങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് ആയിരിക്കണം നന്മ ചെയ്യുന്നത്. മുന്നമേ ദൈവരാജ്യനീതി അന്വേഷിച്ചുകൊണ്ടുള്ള പരിശ്രമമാണ് യഥാർത്ഥ നന്മ പ്രവർത്തി. (മത്തായി 6: 33).

b). **നല്ല ഉദ്ദേശം മാത്രം പോരാ,** പ്രവൃത്തിയില്ലാത്ത വിശ്വാസവും മാത്രം പോരാ, ഇവ രണ്ടും ഒരുപോലെ ചേർന്ന് പ്രവർത്തിക്കണം. (റോമാ 2: 13). കേൾക്കുകയും അനുസരിക്കാതിരിക്കുകയും, പറയുകയും ചെയ്യാതിരിക്കുകയും ചെയ്യുന്ന രീതി ശിക്ഷാവിധിയിലേക്ക് നിങ്ങളെ നയിക്കും. ശരിയായ വിശ്വാസവും ഒപ്പം തന്നെ നല്ല ഉദ്ദേശത്തോടുകൂടിയ പ്രവൃത്തികളും ഉണ്ടെങ്കിൽ മാത്രമേ നന്മപ്രവർത്തിയായി പരിഗണിച്ച് പ്രതിഫലത്തിന് അർഹത ഉള്ളതായി തീരുകയുള്ളൂ. അതിനു വിശുദ്ധ ഹൃദയവും അനുതപിക്കുന്ന മനസ്സും നിങ്ങൾക്ക് എപ്പോഴും ഉണ്ടായിരിക്കണം.(യാക്കോബ് 1: 21– 27).

c). **സ്വാഭാവികമായി നിങ്ങൾ ദൈവ സ്വരൂപത്തിൽ** സൃഷ്ടിക്കപ്പെട്ടവരായാൽ ദൈവാത്മാവിനാൽ ദൈവസ്വഭാവം വളർത്തിയെടുത്തു ദൈവത്തോട് സഹകരിച്ച് പ്രവർത്തിക്കാൻ കഴിവുള്ളവർ തന്നെയാണ്. (റോമ 2:14) ആ നിലയിൽ നിങ്ങൾ വളരുവാൻ ശ്രമിക്കും എങ്കിൽ സ്വാഭാവികമായിത്തന്നെ ദൈവമക്കളെപ്പോലെ നന്മ പ്രവർത്തിക്കാൻ നിങ്ങൾക്ക് കഴിയും. എന്നാൽ അങ്ങനെ കഴിയുമെന്ന് വിശ്വസിക്കാതെ നിങ്ങൾ ബലഹീനരാണ് എന്ന തോന്നലിൽ പൈശാചിക പ്രലോഭനത്തിൽ അകപ്പെട്ടു നന്മ ചെയ്ത് ജീവിക്കുവാൻ ശ്രമിക്കാതെ ഇരുന്നാൽ നിങ്ങൾ തോറ്റു പോകും എന്ന് ഉറപ്പാണ്. അപ്പോഴും നിങ്ങൾ മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്ക് തിരിഞ്ഞാൽ "കരുണ"

ചെയ്യുന്നവനാണ് എന്റെ സ്വർഗ്ഗപിതാവ് എന്ന് നിങ്ങൾ മനസ്സിലാക്കുക. (റോമ. 3: 9– 19). ദൈവരാജ്യനിയമങ്ങൾ നിങ്ങളുടെ ഹൃദയ അറകളിൽ അഥവാ മനസാക്ഷിയിൽ നിങ്ങൾ സൂക്ഷിക്കണം.(റോമ2:15). പുറ ജാതിക്കാർ അവരുടെ മനസാക്ഷിക്ക് അനുസരിച്ചുള്ള നിയമങ്ങൾ പാലിച്ച് ജീവിച്ചാലും അവരെ ദൈവം നേരായി തന്നെ ന്യായം വിധിക്കും. ഇയ്യോബ്, നിനവായിലെ ജനങ്ങൾ ഇവരൊക്കെ മോശയുടെ പ്രമാണത്തിനു കീഴിൽ അല്ലാത്തവർ ആണെങ്കിലും അവരുടെ മനസ്സാക്ഷി പ്രകാരമാണ് നീതിമാന്മാരായി വിധിക്കപ്പെട്ടത്. (റോമ 2: 12).

d) **ശിക്ഷ വിധിക്കപ്പെട്ടവർ സ്വയം ദൈവത്തെ നിഷേധിക്കുന്നവർ ആയി കൂടുതൽ ദുഷ്ടകാര്യങ്ങൾ പ്രവർത്തിക്കാൻ ഇടയാകും.**

സ്വയം നശിക്കാൻ ആയി ദൈവം ആരെയും മുൻകൂട്ടി വിധിച്ചിട്ടില്ല. എല്ലാം അവരവരുടെ തെരഞ്ഞെടുപ്പാണ്. നിങ്ങളുടെ സ്വതന്ത്ര ഇച്ഛശക്തി (Free Will) ഉപയോഗിച്ചാണ് ശിക്ഷയും രക്ഷയും നിങ്ങൾ തിരഞ്ഞെടുക്കേണ്ടത്. പാപം നിങ്ങളിലുള്ള ദൈവസ്വരൂപത്തെ മൂടിക്കളഞ്ഞു എങ്കിലും, അതിനെ നശിപ്പിക്കുവാനോ നിങ്ങളുടെ സ്വതന്ത്ര ഇച്ഛശക്തിയെ ഇല്ലാതാക്കാനോ ഇടയായിട്ടില്ല. നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും നന്മയുടെ പാത തെരഞ്ഞെടുത്തു എന്റെ നന്മയിൽ വസിക്കുവാൻ അന്ത്യന്യായവിധി വരുന്നതിനു മുൻപ് അവസരമുണ്ട്.

"അന്ത്യന്യായവിധി" ദൈവപുത്രനായ യേശുക്രിസ്തു എന്ന പദവിയിൽ ഇരുന്നുകൊണ്ട് എന്നിൽ കൂടെയാണ് നടത്തുന്നത് എന്ന് നിങ്ങൾ അറിയുക.(റോമ 2 :16). അദൃശ്യനായ സ്വർഗ്ഗപിതാവിന്റെ മുൻപാകെ അല്ല,മനുഷ്യാവതാരം ചെയ്തു നിങ്ങളുടെ കൂടെവസിച്ച, നിങ്ങളുടെ എല്ലാ സാഹചര്യങ്ങളെയും അറിയുന്നവൻ ആയ എന്റെ മുമ്പാകെ മുഖാമുഖമായി നിന്നുകൊണ്ടുതന്നെ നിങ്ങൾ ന്യായവിധിയെ നേരിടണം. (അപ്പോ.പ്രവ. 17: 31; യോഹന്നാൻ 3: 16– 21; 35 ,36).ഞാൻ നിങ്ങൾക്ക് നൽകിയ പ്രമാണങ്ങൾ നിങ്ങളെങ്ങനെ സ്വീകരിച്ചു അനുസരിച്ചു എന്ന് നോക്കിതന്നെയാണ് ഞാൻ അന്ത്യന്യായവിധി നടത്തുക. (യോഹന്നാൻ 1 9 ; 3: 16– 21). നിങ്ങളുടെ രഹസ്യങ്ങളും ചിന്തകളും ഹൃദയ വിചാരങ്ങളും എല്ലാം എന്റെ മുൻപാകെ വെളിപ്പെട്ടുവരും എന്നറിയുക. (എബ്രായ 4: 13– 16). ഒരു കാര്യം കൂടി പറയട്ടെ: ന്യായവിധി നാളിൽ കരുണ കാണിക്കുവാൻ എനിക്ക് കഴിയുകയില്ല. കാരണം അന്ന് നീതിയോടെ മാത്രം ന്യായവിധി നടത്തേണ്ടിവരും.ആയതിനാൽ ന്യായവിധി നടക്കുന്നതിനു മുൻപ് തന്നെ നിങ്ങൾ കരുണ തേടി മാനസാന്തരപ്പെട്ടു ദൈവമക്കളായി തീരുക.

## 4) നിങ്ങൾ ദാനം ചെയ്യണം

(ലൂക്കോസ് 6: 38).

"കൊടുപ്പിൻ എന്നാൽ നിങ്ങൾക്ക് കിട്ടും. അമർത്തി കുലുക്കി കവിയുന്ന ഒരു നല്ല അളവ് നിങ്ങളുടെ മടിയിൽ തരും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും". കൊടുക്കൽ വാങ്ങൽ നിയമങ്ങൾ എക്കാലവും മാറ്റമില്ലാതെ തുടരുന്നതാണ്. പലർക്കും തങ്ങൾ ഒന്നുമില്ലാത്തവർ ആണെന്ന് തോന്നുന്നത്, ആർക്കും ഒന്നും കൊടുക്കാത്തവർ ആയതുകൊണ്ടാണ്. എത്ര ഉണ്ടായിട്ടും ഇനിയും കിട്ടണം എന്ന് ആർത്തിയോടെ ചിന്തിക്കുന്നവർ, ആർക്കും ഒന്നും കൊടുക്കാത്തവർ ആയതിനാൽ, സംതൃപ്തി ഇല്ലാതെ കഴിയുന്നു. അതേസമയം ആവശ്യത്തിലധികം ഇല്ലാത്തവർ കഴിവനുസരിച്ച് ദാനം ചെയ്യുന്നവരാണെങ്കിൽ അവർക്ക് ഉള്ളതുകൊണ്ട് വളരെ തൃപ്തികരമായി സന്തോഷത്തോടെ ജീവിക്കാൻ കഴിയും. "സംതൃപ്തി" സമൃദ്ധിയിൽ അല്ല മനോഭാവത്തിലാണ് അടിസ്ഥാനപ്പെട്ടിരിക്കുന്നത്. (1 തിമോത്തി 6: 6 –10). നിങ്ങൾക്ക് ജീവിച്ചുപോകാൻ ആവശ്യമായ പ്രധാന കാര്യങ്ങൾ ആയ വായു, വെള്ളം, വെളിച്ചം, സമയം എന്നിവ എല്ലാവർക്കും ഒരുപോലെ ലഭിക്കുന്നുണ്ടല്ലോ. പിന്നീട് ഭക്ഷിക്കാനും വസ്ത്രം ധരിക്കാനും മഴയും വെയിലും കൊള്ളാതെ താമസിക്കുവാനും സൗകര്യങ്ങൾ ഉണ്ടെങ്കിൽ ധാരാളം മതി എന്ന് കരുതി അതുകൊണ്ട് നിങ്ങൾക്ക് സന്തോഷമായി ജീവിക്കുവാൻ കഴിഞ്ഞാൽ വലിയ സംതൃപ്തിക്ക് കാരണമായി നിങ്ങൾ കണക്കാക്കുക.

ആകയാൽ ആവശ്യക്കാരെ സഹായിക്കാൻ വേണ്ടിവന്നാൽ കടം കൊടുക്കുവാനും അവരുടെ കഴിവുകേട് മൂലം അവർക്ക് വന്നുഭവിച്ച പ്രയാസങ്ങൾ നീക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുവാനും ശ്രമിക്കണം. സാമ്പത്തികമായി അല്ലാതെ തന്നെ, നിങ്ങളുടെ സൗഹൃദം കാണിച്ചും നല്ല ആലോചനകൾ നൽകിയും പ്രോത്സാഹനങ്ങൾ, അഭിനന്ദനങ്ങൾ, പ്രസന്നമായി പുഞ്ചിരിക്കുന്ന മുഖഭാവം എന്നിവ വഴിയായും മറ്റുള്ളവരെ താങ്ങിനിർത്താൻ നിങ്ങൾക്ക് കഴിയുമെങ്കിൽ അതും ജീവകാരുണ്യ പ്രവർത്തിയായി ഞാൻ പരിഗണിച്ച് നിങ്ങൾക്ക് പ്രതിഫലം തരും. സാമ്പത്തികമായി നിങ്ങൾ മറ്റുള്ളവരേക്കാൾ കൂടുതൽ ശേഷിയുള്ളവർ ആണെങ്കിൽ, നിങ്ങളുടെ താഴെക്കിടയിൽ ജീവിക്കുന്ന മനുഷ്യരുടെ ആവശ്യങ്ങൾ അന്വേഷിച്ചു കണ്ടെത്തി സഹായിക്കുവാൻ നിങ്ങൾക്ക് കഴിയണം. പൊതുജനങ്ങൾക്ക് പ്രയാസവും ക്ഷീണവും വരുത്തുന്ന എല്ലാവിധ വ്യവസായങ്ങളിൽ നിന്നും വ്യാപാരങ്ങളിൽ നിന്നും, അവ നിങ്ങളുടെ സമ്പാദ്യം വർദ്ധിപ്പിക്കുവാനുള്ള ലക്ഷ്യം വെച്ചിട്ടുള്ളത് ആണെങ്കിൽ, നിങ്ങൾ പിൻമാറണം.

ദാനം ചെയ്യുമ്പോൾ നിങ്ങൾക്കും കുടുംബത്തിനും സമൂഹത്തിനും നാടിനു തന്നെയും ഒരു നല്ലമാതൃക നൽകുകയാണെന്ന് ഓർക്കുക.

സമൂഹത്തിൽ പരസ്പരം ദാനം ചെയ്യുന്നതിനുള്ള പ്രേരണ നൽകുന്ന ഒരു പുതിയ ഊർജ്ജതരംഗം നിങ്ങൾ മൂലം സമൂഹത്തിൽ സൃഷ്ടിക്കപ്പെടാൻ ഇടയാകട്ടെ. ദൈവം നിങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്ന യഥാർത്ഥ അനുഗ്രഹങ്ങൾ ആയ ആനന്ദം,സമാധാനം, ആരോഗ്യം, സ്നേഹം എന്നിവയുടെ അളവ് എടുക്കുവാൻ ആർക്കെങ്കിലും കഴിയുമോ? ആകയാൽ നിങ്ങളും അളവില്ലാതെ മനസ്സ്തുറന്നു, കൈഅയച്ചു ആവശ്യക്കാർക്ക് ആവശ്യാനുസരണം കഴിവുള്ളിടത്തോളം നൽകികൊണ്ടിരിക്കുക. അങ്ങനെ ആയാൽ ദൈവത്തിൽനിന്ന് സമൃദ്ധിയായി പ്രതിഫലം നിങ്ങൾക്കും കിട്ടി കൊണ്ടേയിരിക്കും. ഒന്ന് പരീക്ഷിച്ചു നോക്കുക.

06-11-2020

## അദ്ധ്യായം 26

# "എന്റെ ഉപമകൾ കേട്ട് അനുസരിക്കുന്നവർ വഴി തെറ്റുകയില്ല"

(ലൂക്കോസ് 6:39– 46)

എന്റെ പ്രബോധനങ്ങൾ ചിലപ്പോഴൊക്കെ ഗ്രഹിക്കാൻ പ്രയാസം തോന്നാറുണ്ട് എന്ന് ശിഷ്യന്മാർ എന്നോട് പറയാറുണ്ട്. കഴിയുന്നതും ലളിതമായി പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കാറുണ്ട്. ചിലപ്പോൾ സന്ദർഭങ്ങൾക്ക് അനുസരിച്ച് ചില കാര്യങ്ങൾ ഉപമകൾ രൂപത്തിൽ പറയുമ്പോൾ നിങ്ങൾ കൂടുതൽ ശ്രദ്ധയോടെ കേൾക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. ചില ഉപമകൾ പറഞ്ഞാലും മനസ്സിലാകാത്ത ശിഷ്യന്മാർ പലപ്പോഴും എന്നോട് വിശദീകരിച്ച് ചോദിച്ചറിയുന്ന സന്ദർഭങ്ങളുണ്ടായിട്ടുണ്ട്.

ഇന്ന് ഉപമകളുടെ പ്രത്യേകതകൾ സംബന്ധിച്ച കുറച്ച് കാര്യങ്ങൾ നിങ്ങളോട് പറയാം. ആരാമ്യ–എബ്രായ പാരമ്പര്യത്തിൽ ഉപമകൾക്കും കടംകഥകൾക്കും വളരെ പ്രാധാന്യം കല്പിച്ചിരുന്നു. ആലങ്കാരിക ഭാഷകൾ, സാദൃശ്യവാക്യങ്ങൾ തുടങ്ങി പല രീതികളിൽ പറഞ്ഞ് പഠിപ്പിക്കുന്ന പതിവ് ഞങ്ങളുടെ യഹൂദപാരമ്പര്യത്തിൽ സർവ്വസാധാരണമായിരുന്നു. തിരുവെഴുത്തുകളിൽ മാത്രമല്ല, എന്റെ പരസ്യപ്രവർത്തനങ്ങളിലും കുറെ ഇത്തരം പ്രഭാഷണകല ഞാൻ ഉപയോഗിച്ചിട്ടുണ്ടെന്ന് നിങ്ങൾക്കറിയാമല്ലോ. ദൈവരാജ്യമർമങ്ങൾ ലളിതമായി അവതരിപ്പിക്കുന്നതിന് ഈ രീതി വളരെ പ്രയോജനകരമായി. ദൈവത്തിന്റെ ചിന്തകൾ നിങ്ങളുടെ പോലെ അല്ലെന്നും, അവന്റെ വഴികൾ നിങ്ങളുടെ വഴികളിൽ നിന്ന് വ്യത്യസ്തമാണെന്നും നിങ്ങൾക്ക് അറിയാമല്ലോ. (ഏശയ്യ 55: 8– 9). അങ്ങനെ ആയതിനാൽ ദൈവീക സത്യങ്ങൾ ഞാൻ നേരെ പറഞ്ഞാൽ അവ വേണ്ടവിധം ഗ്രഹിക്കുവാൻ തക്ക ശേഷി നിങ്ങളിൽ പലർക്കും ഇല്ല എന്ന് എനിക്ക് അറിയാം. പല നിലവാരത്തിലുള്ള ആത്മീയ കാഴ്ചപ്പാടുള്ളവരാണല്ലോ കേൾവികാരായ നിങ്ങളിൽ പലരും. അതുകൊണ്ട് അങ്ങനെയുള്ള

എന്റെ ആത്മീയ മേഖലയുടെ പുറത്തുള്ള ആളുകൾക്ക് ആയിട്ടാണ് ഞാൻ കൂടുതൽ ഉപമകളിലൂടെ സംസാരിച്ചത് (മർക്കോസ് .4:11). ആളുകളെ ആശയക്കുഴപ്പത്തിലാക്കി അവരെ ശിക്ഷയിലേക്ക് നയിക്കതക്കവണ്ണം ഞാൻ ആഗ്രഹിക്കുന്നതായി ചിലപ്പോൾ ചിലർ തെറ്റിദ്ധാരിക്കാൻ സംഗതി ആയിട്ടുള്ളത് ശരിയല്ല. (ഏശയ്യ 6:9 ; മത്തായി 13:14, 15). കേൾക്കുന്നവർ ശരിയായി ഗ്രഹിച്ച് പ്രവർത്തിക്കുവാൻ ശ്രമിക്കേണ്ടത് അവരുടെ തന്നെ ഉത്തരവാദിത്തമാണെന്ന് ചൂണ്ടിക്കാണിക്കുകയാണ് ഞാൻ ചെയ്യുന്നത്. അലക്ഷ്യമായും അശ്രദ്ധായോടെയും എന്നെ കേൾക്കുന്നവർക്ക് ഒരു മുന്നറിയിപ്പായി അതിനെ കരുതിയാൽ മതി. പഴയനിയമ കാലഘട്ടത്തിൽ ദൈവത്തിന്റെ വഴികൾ ഇസ്രായേൽ മക്കൾക്ക് തുറന്നു കാണിക്കുവാൻ പ്രവാചകന്മാർ പരിശ്രമിച്ചത് പോലെ, പുതിയ ഇസ്രായേൽ ആകുന്ന നിങ്ങൾക്ക് ദൈവീക മർമ്മങ്ങൾ കണ്ണുതുറന്ന് കാണാനും ചെവിതുറന്ന് കേൾക്കാനും അങ്ങനെ ദൈവത്തെ അനുസരിച്ച് ജീവിക്കുന്നവരാക്കി തീർക്കുവാനും ഉദ്ദേശിച്ചുകൊണ്ടാണ് ഞാൻ ഈ ഉപമാരീതി ഉപയോഗിച്ചത്.

സ്വർഗ്ഗരാജ്യമർമങ്ങൾ സൂക്ഷ്മമായി ഗ്രഹിക്കുവാൻ ഉള്ള ഒരു വെല്ലുവിളി തന്നെയാണ് ഉപമകളിലൂടെ കേൾവിക്കാർക്ക് ഞാൻ നൽകുന്നത്. കേവലം ബുദ്ധിപരമായ ഒരു അറിവിലൂടെ മാത്രം ദൈവീകമർമങ്ങൾ ഉൾക്കൊള്ളുവാൻ ഉപമകളിൽ കൂടി കഴിഞ്ഞാൽ പോലും, അത് പൂർണമായി ഗ്രഹിക്കുവാൻ നിങ്ങൾക്ക് സാധിക്കുകയില്ല എന്ന് ഓർക്കുക. എന്റെ വ്യക്തിത്വത്തിലും വാക്കുകളിലും പ്രവൃത്തികളിലും ഉള്ള ആഴമേറിയ നിങ്ങളുടെ വിശ്വാസത്തെ അടിസ്ഥാനമാക്കിയാണ് നിങ്ങളുടെ ഗ്രഹണശക്തി നിലകൊള്ളുന്നത് എന്ന് നിങ്ങൾ പ്രത്യേകം അറിയണം.

ഉപമകളുടെ ഉപയോഗരീതി എനിക്ക് വളരെ മുൻപുതന്നെ താല്പര്യം ഉണ്ടായിരുന്നു എന്ന് തിരുവെഴുത്തുകൾ പരിശോധിച്ചാൽ നിങ്ങൾക്കു കാണാം. (2 ശമുവേൽ 12:1– 4; 1 രാജ 20:35 –; യശയ്യ 5:1 –7). കുറച്ചുകൂടി നിങ്ങൾക്ക് പരിചയമുള്ള സാഹചര്യങ്ങളിൽ കാണുന്ന കാര്യങ്ങളെ കണ്ടെത്തി അവയെ വ്യക്തമാക്കാനുള്ള ഒരു പരിശ്രമം കൂടി ഞാൻ നടത്തുന്നു എന്ന് മാത്രം. മനസ്സ് ഒരുക്കത്തോടെ വരുന്നവർക്ക് മാത്രമല്ല, തീരെ താല്പര്യമില്ലാത്തവർക്ക് കൂടി ആകർഷണീയമായ വിധത്തിൽ അവതരിപ്പിക്കുവാൻ ലക്ഷ്യം വെച്ച് കൊണ്ടാണ് ഞാൻ പ്രത്യേക സാഹചര്യങ്ങൾക്ക് അനുസൃതമായി തെരഞ്ഞെടുത്ത ഉപമകളിലൂടെ പഠിപ്പിച്ചു കൊണ്ടിരിക്കുന്നത്. ദൈവ രാജ്യപ്രമാണങ്ങളെ വിവരിക്കുമ്പോൾ ആണ് ഉപമകൾ കൂടുതലായി ഉപയോഗിച്ചിരുന്നത് എന്ന് നിങ്ങൾ ശ്രദ്ധിച്ചു കാണുമല്ലോ.

വളരെ പ്രധാനപ്പെട്ട പല ഉപമകൾ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയത് നിങ്ങൾ വായിച്ച പഠിക്കുക. (വിതക്കാരൻ : ലൂക്കോസ് 8:5–15; നല്ല ശമര്യക്കാരൻ ലൂക്കോസ് 10: 25 –37; വിളവ് കൂട്ടിവെച്ച ധനവാൻ, ലൂക്കോസ് 12: 16 –21; കല്യാണ വിരുന്ന്. ലൂക്കോസ് 14:16–24; താലന്തുകൾ. മത്തായി 25:14 –30; ചുങ്കക്കാരനും പരീശനും ലൂക്കോസ് 18: 10 –14; ധൂർത്ത പുത്രൻ, ലൂക്കോസ്. 15 :11 –32). പഴയനിയമത്തിലും ചില പ്രധാന ഉപമകൾ കാണുന്നുണ്ട് രാജാവിനെ കുറ്റബോധം വരുത്താൻ നാഥാൻ പ്രവാചകൻ ഒരു പെണ്ണാട്ന്റെ ഉപമ പറഞ്ഞു (രണ്ട് ശമുവേൽ 12:2, 3). അഭിമലേക്ക് രാജാവിനെ അഭിഷേകം ചെയ്തപ്പോൾ പ്രവാചകൻ പറഞ്ഞ "മരങ്ങളുടെ" ഉപമ ശ്രദ്ധേയമാണ്(ന്യായ.9: 7 –15). പഴയനിയമ തിരുവെഴുത്തുകളിൽ കാണുന്ന ചില ഉപമകൾ കൂടി നിങ്ങൾ പരിശോധിക്കുന്നത് നല്ലതാണ്. (സംഖ്യ 23:7; 24:3; ഇയ്യോബ് 27:1, 29:1; എസക്കിയേൽ 17: 2; 24:3; മീഖ 2: 4).

ഉപമകൾ ഓരോന്നായി പിന്നീട് പഠിക്കാം. ഇപ്പോൾ അത്യാവശ്യം ചില കാര്യങ്ങൾ കൂടെ നിങ്ങളോട് പറയട്ടെ.

### 1) കുരുടന്മാരായ വഴികാട്ടികൾ

(ലൂക്കോസ് 6: 39).

പൊതുവേ സമൂഹത്തിൽ കാണുന്ന ഒരു പ്രവണതയാണ് , ചിലർ നേതാക്കന്മാർ ചമഞ്ഞ് വ്യക്തമായ കാഴ്ചപ്പാട് ഇല്ലാതെ മാർഗനിർദേശങ്ങൾ നൽകി വ്യക്തികളെയും സമൂഹങ്ങളെയും ഭരണാധികാരികളെയും പൊതുജനങ്ങളെയും വഴിതെറ്റിക്കുന്നത്. ആത്മീയ മണ്ഡലത്തിൽ ഇത് വളരെ ദൂരവ്യാപകമായ വിപരീതഫലങ്ങൾ ഉണ്ടാക്കും. ദൈവം അരുളി ചെയ്തതാണെന്ന് അവകാശപ്പെട്ടുകൊണ്ട് ചിലർ നടത്തുന്ന പ്രവചനങ്ങൾ പലപ്പോഴും പലരെയും വഴിതെറ്റിച്ചിട്ടുണ്ട്. ദൈവം ആരാണെന്നോ ദൈവീക മർമ്മങ്ങളും കർമ്മങ്ങളും ലക്ഷ്യങ്ങളും രീതികളും എന്താണെന്നോ ഒന്നുമറിയാത്തവർ, അതിനു തക്കതായ യോഗ്യതയിൽ ജീവിക്കാതെ സ്വാർത്ഥ ലാഭത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഇത്തരം കുരുടന്മാരായ വഴികാട്ടികളെ തിരിച്ചറിഞ്ഞാലുടനെ നിങ്ങൾ അവരെ വിട്ടു വഴിമാറി പോകണം. ആധികാരികമായി ദൈവം നിയമിച്ചു ആക്കിയ സഭ അധ്യക്ഷൻമാരുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നവരെ മാത്രം നിങ്ങൾ സ്വീകരിക്കുക. ദൈവവചന പഠനത്തിനും ആരാധനയ്ക്കും വിശുദ്ധ ജീവിതത്തിനും ഊന്നൽ നൽകി പ്രവർത്തിക്കുന്നവരെ പ്രത്യേകമായി തെരഞ്ഞു കണ്ടെത്തി പിൻപറ്റുവാൻ നിങ്ങൾ ഏറെ ജാഗ്രത ഉള്ളവരായിരിക്കണം.

### 2) സ്വയം പഠിക്കാതെ നിങ്ങൾ ആരെയും പഠിപ്പിക്കരുത്
(ലൂക്കോസ് 6: 40)

എല്ലാം പരിശോധിച്ച് ബോധ്യമായ കാര്യങ്ങൾ മാത്രമേ മറ്റുള്ളവരുമായി പങ്കുവെയ്ക്കുവാൻ നിങ്ങൾക്ക് അനുവാദമുള്ളൂ."ശിഷ്യൻ ഗുരുവിനെ മേലെ അല്ല, അഭ്യാസം തികഞ്ഞവൻ എല്ലാം ഗുരുവിനെപ്പോലെ ആകും". അജ്ഞത ആകുന്ന അന്ധകാരം നീക്കി പ്രകാശ വഴികൾ കാണിച്ചു കൊടുക്കുന്നവരാണ് യഥാർത്ഥ ഗുരു. അങ്ങനെ ഏറ്റവും ശ്രേഷ്ഠഗുരുവായി എന്നെ സ്വീകരിച്ച് എന്റെ ശിഷ്യന്മാർ ആകാൻ ശ്രമിക്കുക. ഇന്ന് ആത്മീയ മണ്ഡലത്തിൽ "ഗുരുക്കന്മാർ" എന്ന പേരിൽ ഒട്ടേറെ ആളുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവരിൽ ഭൂരിഭാഗം പേരും ഉപജീവനമാർഗ്ഗമായി എന്റെ വചനം ഉപയോഗിച്ച് പ്രവർത്തിക്കുന്നവരാണ്. അവർ നല്ല പാണ്ഡിത്യം ഉള്ളവരാണെന്ന് തെളിയിക്കുവാൻ സമർത്ഥരുമായിരിക്കും. ആന്തരികവിശുദ്ധിയും സമർപ്പണ ബോധമില്ലാത്തവരും ആകയാൽ ഇവരിൽ കൂടി എന്റെ നാമം പലപ്പോഴും ദുഷിക്കപ്പെടുന്നതിൽ എനിക്ക് ഏറെ ദുഃഖമുണ്ട്. എന്നോട് കേട്ട് പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് പരിശുദ്ധാത്മ വരങ്ങൾ നല്കി അവരെ ഉത്തമ ഇടയന്മാർ ആക്കി ഞാൻ വളർത്തിയെടുക്കും. എന്റെ അരികിലിരുന്ന് എന്ന് പഠിച്ച ഉത്തമ "റാബി"മാരായി തീർന്നശേഷം മാത്രം നിങ്ങൾ മറ്റുള്ളവരെ പഠിപ്പിച്ചാൽ മതി.

### 3) പരിശുദ്ധാത്മാവ് നിങ്ങളെ നല്ല മനുഷ്യരാക്കുന്നു

ലൂക്കോസ് 6:45. "നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽ നിന്ന് നല്ലത് പുറപ്പെടുവിക്കുന്നു. ദോഷമായതിൽനിന്ന് ദോഷം പുറപ്പെടുവിക്കുന്നു. ഹൃദയം നിറഞ്ഞുകവിയുന്നതാണ് അധരം സംസാരിക്കുന്നത് ".

നല്ല മനുഷ്യരെ കണ്ടെത്തുന്നത് അവരുടെ ഹൃദയവിചാരങ്ങളെയും മനോഭാവങ്ങളെയും വിലയിരുത്തുമ്പോൾ ആണ്. ദുഷ്ടമനുഷ്യർ ബാഹ്യമായി നല്ലവരായി കാണപ്പെട്ടാൽ പോലും അവരുടെ വാക്കും പ്രവൃത്തിയും സൂക്ഷ്മമായി ശ്രദ്ധിച്ചാൽ, അവരുടെ ഹൃദയം ദുഷ്ടചിന്തകളേകൊണ്ട് നിറഞ്ഞതാണെന്ന് മനസ്സിലാകും. ഒരാൾ പറയുന്ന വാക്കുകളുടെ ശൈലിയും ധ്വനിയും തിരിച്ചറിയാൻ കഴിയുന്നവർക്ക് ആ വ്യക്തിയുടെ സ്വഭാവം വിലയിരുത്താനും കഴിയും. കുറച്ചുനേരം മനുഷ്യരുമായി സംസാരിക്കാൻ അവസരം കിട്ടുമ്പോൾ നിങ്ങൾ ഈകാര്യം ഒന്ന് ശ്രദ്ധിക്കുക. ആർക്കും സ്വയം നല്ലവൻ ആകുവാൻ കഴിവില്ല. നല്ലവനായ എന്റെ അടുക്കൽ വരുവാനും എന്റെ മനസ്സ് തിരിച്ചറിഞ്ഞതിൻപ്രകാരം ജീവിക്കുവാനും പരിശീലിക്കുമ്പോൾ

നിങ്ങൾക്ക് എന്നെപ്പോലെ ചിന്തിക്കാനും പ്രവർത്തിക്കാനും കഴിയും. കല്ല് പോലുള്ള കഠിന ഹൃദയങ്ങളെ മാംസളമായ മൃദുല ഹൃദയം ആക്കി രൂപാന്തരപ്പെടുത്താൻ എന്റെ സാമീപ്യം മൂലം നിങ്ങൾക്ക് സാധിക്കും. (എസക്കിയേൽ 36:26). കല്ല് പോലുള്ള ഹൃദയത്തിന് ഒരു വികാരവും ഇല്ല. അതിനാൽ കൊല്ലുവാനും മോഷ്ടിക്കാനും തിന്മപ്രവൃത്തികൾ ചെയ്യുവാനും കഠിനഹൃദയം ഉള്ളവർക്ക് ഒരു പ്രയാസവുമില്ല. അതേപ്പറ്റി അവർക്ക് ഒരു ദുഃഖമോ കുറ്റബോധമോ ഉണ്ടാകുന്നില്ല. എന്നാൽ മാംസളമായ ശുദ്ധഹൃദയം ഉള്ളവർക്ക് മനസ്സലിവ് ഉള്ളതിനാൽ മറ്റുള്ളവരുടെ വേദനകളും പ്രയാസങ്ങളും കണ്ട് പരിഹാരമുണ്ടാക്കാൻ മറ്റ് മനുഷ്യരെ കൂടി പ്രേരിപ്പിക്കും. ഇപ്രകാരം ഒരു മാറ്റം സംഭവിക്കുന്നത് നിങ്ങൾക്ക് പരിശുദ്ധാത്മദാനം ലഭിക്കുമ്പോഴാണ്. കഠിനഹൃദയത്തിൽ അഥവാ അശുദ്ധ മനസ്സിൽ പരിശുദ്ധാത്മാവിന് വസിച്ച് പ്രവർത്തിക്കുവാൻ കഴിയുകയില്ല.ആയതിനാൽ ദയയും സ്നേഹവും വിശുദ്ധിയും അനുതാപ ചിന്തകളും നിറഞ്ഞുനിൽക്കുന്ന വിശ്വാസം ഉള്ളവരുടെ മൃദുലഹൃദയത്തിൽ മാത്രമേ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം പ്രതീക്ഷിക്കേണ്ടതുള്ളൂ.

എന്റെ അടുക്കൽ പ്രത്യാശയോടെ വരുന്നവർക്ക് ഞാൻ നൽകുന്ന മാംസള ഹൃദയത്തിൽ പരിശുദ്ധാത്മാവ് വസിച്ച് എന്റെ കല്പനകൾ അനുസരിച്ച് ജീവിക്കുവാൻ നിങ്ങളെ പ്രാപ്തരാക്കും. (എസക്കിയേൽ 36:27). അങ്ങനെ പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ സമൃദ്ധിയായി പുറപ്പെടുവിക്കാൻ നിങ്ങൾക്ക് കഴിവുണ്ടാകും. പൗലോസ് ശ്ലീഹ ഗലാത്തിയ ലേഖനത്തിൽ (5:22,23) വിവരിക്കുന്ന 9 ഫലങ്ങൾ എന്തൊക്കെയാണെന്ന് നിങ്ങൾക്ക് അറിയാമല്ലോ. വാസ്തവത്തിൽ അവ സ്നേഹമെന്ന ഏക ഫലത്തിന്റെ വിവിധ രൂപങ്ങളാണ്. മഴവില്ലിൽ പല വർണ്ണങ്ങൾ പോലെ സ്നേഹം സന്തോഷം സമാധാനം എന്നീ 3 ഫലങ്ങൾ ദൈവസ്വഭാവങ്ങളാണ്. അവ നിങ്ങൾ സ്വന്തമാക്കുമ്പോൾ നിങ്ങളിൽ നിന്നും മറ്റുള്ളവരിലേക്ക് നിറഞ്ഞു കവിഞ്ഞൊഴുകുന്ന സൗഹൃദങ്ങളാണ് ദീർഘക്ഷമ, ദയ, പരോപകാരം എന്നീ ഫലങ്ങൾ. ദൈവസ്നേഹം നിങ്ങളുടെ ഹൃദയത്തിൽ നിറയുമ്പോഴാണ് മറ്റുള്ളവരിലേക്ക് ഒഴുകി ദീർഘമായി ക്ഷമിക്കുവാൻ കഴിയുന്നത്. സന്തോഷം ഉള്ളിൽ നിറയുമ്പോൾ ദയ ചെയ്യാനും, സമാധാനം മനസ്സിൽ നിറയുമ്പോൾ മറ്റുള്ളവരോട് ഉപകാരം ചെയ്യുവാനും നിങ്ങളെ പ്രേരിപ്പിക്കുന്ന ഒരു മാംസള ഹൃദയം നിങ്ങൾക്ക് ലഭിക്കും. അതിന്റെ ഫലമായി നിങ്ങൾക്ക് തന്നെ ഉണ്ടാകുന്ന സ്വഭാവഗുണങ്ങൾ ആണ് വിശ്വസ്തത, സൗമ്യത, ആത്മനിയന്ത്രണം എന്നിവ. ആദ്യത്തെ 8 ഗുണങ്ങളും പാലിക്കാതെ ആത്മനിയന്ത്രണം ലഭിക്കണം എന്ന് മാത്രം എന്നോട് യാചിക്കുന്ന അനേകരുണ്ട്. ആദ്യം മുതലുള്ള ഫലങ്ങൾ കായ്ക്കുവാൻ നിങ്ങൾക്ക്

കഴിയുന്നു എങ്കിൽ മാത്രമേ അവസാനത്തെ ആത്മനിയന്ത്രണസ്വഭാവം ലഭിക്കുകയുള്ളൂ. ഇതെല്ലാം സാധിക്കണമെങ്കിൽ പരിശുദ്ധാത്മാവിന് നിങ്ങളിൽ വസിക്കുവാൻ തക്ക ഹൃദയവിശുദ്ധി നിങ്ങൾ കാത്തുസൂക്ഷിക്കണം.

**4) മതത്തിന്റെ പേര്പറഞ്ഞ് എന്നെ സ്വാധീനിക്കുവാൻ ശ്രമിക്കരുത്**
(ലൂക്കോസ് 6: 46; മത്തായി 7: 21 ;25: 11 –12)

ഞാൻ ഭൂമിയിൽ ആയിരുന്നപ്പോൾ മിക്കവാറും എല്ലാവരും തന്നെ "കർത്താവേ" എന്നാണ് എന്നെ വിളിച്ചിരുന്നത്. കൂടുതൽ ഭക്തി ഉണ്ടെന്ന് കാണിക്കാനായി "കർത്താവേ കർത്താവേ" എന്ന് രണ്ടുതവണ ചേർത്തു ചിലർ വിളിക്കുമായിരുന്നു.അങ്ങനെ വിളിക്കുന്നവർ അവരുടെ യഥാർത്ഥ മനസ്സ് വെളിപ്പെടുത്താതെ എന്നോട് കപടഭക്തി കൊണ്ട് വിളിക്കുന്നതാണ് എന്ന് എനിക്കറിയാം എന്ന് അവർ അറിയുന്നില്ല. പരീശന്മാരെ പറ്റി ഇക്കാര്യം ഞാൻ നേരത്തെ നിങ്ങളോട് പറഞ്ഞിട്ടുണ്ട്. പത്ത് കന്യകമാരുടെ ഉപമയിലെ ബുദ്ധിയില്ലാത്ത അഞ്ച് കന്യകമാർ ഇതുപോലെ എന്നെ വിളിച്ചതും നിങ്ങൾ ശ്രദ്ധിച്ചുകാണും. (മത്തായി 25:11 –12). മതത്തിന്റെ പേരിൽ ഭക്തി അഭിനയിക്കുന്നവരാണ് മനുഷ്യരിൽ അധികവും. "മതം" എന്ന പേരിൽ എന്ത് തട്ടിപ്പ് നടത്തിയാലും ജനം തിരിച്ചറിയില്ല എന്നും അഥവാ തിരിച്ചറിഞ്ഞാൽ തന്നെ ഭയം നിമിത്തം ആരും ചോദ്യം ചെയ്യുന്നില്ലെന്നും ഇക്കൂട്ടത്തിൽപെട്ടവർ കരുതുന്നു. "കർത്താവ്"എന്ന വിളി, സാക്ഷാൽ പിതാവാം ദൈവത്തെ പേര് വിളിക്കുവാൻ അറിയാത്തതിനാൽ, ജനങ്ങൾ വിളിക്കുന്ന പദമാണ്. എല്ലാ നിലയിലും കർത്തൃത്വം നടത്തുവാൻ അധികാരമുള്ളവൻ എന്നാണ് അതിന്റെ അർത്ഥം. ഞാൻ ദൈവപുത്രനാണ് എന്ന് വിശ്വസിക്കുന്നവർക്ക് എന്നെ "കർത്താവ്" എന്ന് സത്യസന്ധമായി തന്നെ വിളിക്കാം. എന്നാൽ എന്നിൽ കുറ്റം മാത്രം കണ്ടുപിടിക്കാൻ കൂടെ നടക്കുന്ന പരീശന്മാരും ശാസ്ത്രിമാരും ഇങ്ങനെ എന്നെ വിളിക്കുന്നത് കപടമായി തന്നെയാണ് എന്ന് എനിക്കറിയാം. എന്നെ യജമാനനെ എന്ന് വിളിക്കുന്നവർ തീർച്ചയായും എന്നെ അനുസരിക്കാനുള്ള സന്നദ്ധത ആണ് അറിയിക്കുന്നത്.എന്നാൽ ഈ കപടഭക്തി അഭിനയിക്കുന്നവർ എന്റെ അനുസരിക്കാൻ കൂട്ടാക്കാത്തവർ ആകയാൽ "കർത്താവേ" എന്ന് വിളിക്കുന്നത്, ഒരുവിധത്തിൽ എന്നെ കളിയാക്കാൻ ആണെന്ന് പോലും എനിക്ക് തോന്നാറുണ്ട്.

എന്നെ കേൾക്കുന്ന നിങ്ങളോട് ഞാൻ പറയട്ടെ: എന്നെ അനുസരിക്കുവാൻ തയ്യാറാണെങ്കിൽ മാത്രമേ എന്നെ നിങ്ങൾ കർത്താവ് എന്ന് വിളിക്കാവൂ. നിങ്ങൾ എന്തു പറയുന്നു എന്നുള്ളതല്ല , നിങ്ങൾ എന്ത്

ചിന്തിക്കുന്നു, പ്രവർത്തിക്കുന്നു എന്നുള്ളതാണ് ഞാൻ നോക്കി വിലയിരുത്തി പ്രതിഫലം നൽകുന്നത്.എന്നെ അനുസരിക്കുന്നതിലൂടെ ഞാൻ നിങ്ങളുടെ കർത്താവും യജമാനനും ആണെന്ന് കാണിച്ചു തരുന്നവർ ആണെങ്കിൽ പിന്നെ കർത്താവേ എന്ന് വിളിച്ചില്ലെങ്കിലും നിങ്ങളെ ഞാൻ സ്നേഹത്തോടെ സ്വീകരിക്കും. ലോകപ്രകാരം ഔപചാരികമായ ഇത്തരം വിളികൾ എനിക്കിഷ്ടമല്ല. നിങ്ങളുടെ ജീവിത രീതിയെയും മനോഭാവത്തെയും ആന്തരിക ലക്ഷ്യങ്ങളെയും എനിക്ക് മറഞ്ഞിരിക്കുന്നില്ല. നിങ്ങൾ ഒരു കാരണവശാലും നല്ലവനായി, ഭക്തനായി, എന്റെ മുന്നിൽ മാത്രമല്ല മനുഷ്യരുടെ മുമ്പാകെയും അഭിനയിച്ചു കാണിക്കുവാൻ ശ്രമിക്കരുത്. അങ്ങനെ നിങ്ങൾ ചെയ്യുന്നു എന്ന് കണ്ടാൽ നമ്മൾ തമ്മിൽ അകന്നു പോകുവാൻ ഇടയാകും. നിങ്ങൾ ആയിരിക്കുന്ന അവസ്ഥയിൽ തന്നെ നിങ്ങളെ സ്നേഹിക്കുവാനും സഹായിക്കുവാനും എനിക്ക് കഴിവും മനസ്സും ഉണ്ട് എന്ന് അറിഞ്ഞുകൊണ്ട് സത്യസന്ധമായി എന്റെ അടുത്ത് വരിക. ഞാൻ പറയുന്നത് കേട്ട് അനുസരിച്ച് ജീവിച്ചാൽ നിങ്ങൾക്ക് നല്ലവരായി തീരാം. പിന്നെ ഒരിക്കലും അഭിനയിക്കേണ്ട ആവശ്യം വരികയില്ല.

07-11-2020

## അദ്ധ്യായം 27

# എന്നെ വിശ്വസിക്കുന്നവർക്ക് അത്ഭുതങ്ങൾ ആസ്വദിക്കാം

### 1. റോമൻ സൈന്യാധിപന്റെ ജോലിക്കാരനെ സൗഖ്യം ആക്കുന്നു

(മത്തായി 8: 5– 13; ലൂക്കോസ് 7:10)

എന്റെ ഗിരി പ്രഭാഷണത്തിലൂടെ സ്വർഗ്ഗരാജ്യ മർമ്മങ്ങൾ പഠിപ്പിച്ചശേഷം ഞാൻ മലമുകളിൽ നിന്നും താഴ്‌വാരത്തിൽ ഉള്ള കഫർന്നഹൂം പട്ടണത്തിലേക്ക് ഇറങ്ങാൻ തുടങ്ങി. കൂടെയുണ്ടായിരുന്ന പുരുഷാരവും എന്റെ കൂടെ മലയിറങ്ങി ഗലീല തടാകതീരത്തുള്ള ആ പട്ടണത്തിലെ synagogue ലേക്ക് എത്തി. കഫർന്നഹൂം എന്റെ സ്വന്തം പട്ടണം ആയിട്ടാണ് അന്ന് അറിയപ്പെട്ടിരുന്നത്. അവിടെ ആണ് ഞാൻ കൂടുതൽ സമയവും ചെലവഴിച്ചിരുന്നത്. അവിടെ ആ മനോഹരമായ പ്രാർത്ഥനാലയം ഉണ്ടായിരുന്നതുകൊണ്ട് തന്നെ യഹൂദന്മാർ അതിനുചുറ്റും കൂട്ടംകൂടി പട്ടണത്തിൽ താമസിച്ചിരുന്നു. ആ പട്ടണം ഒരു വലിയ കച്ചവട കേന്ദ്രം കൂടിയായിരുന്നു. നികുതി പിരിക്കുന്ന ഉദ്യോഗസ്ഥരുടെ ഒരു സ്ഥാപനവും പട്ടണവാതിൽക്കൽ തന്നെ ഉണ്ടായിരുന്നു. അവിടെനിന്നാണ് മുമ്പൊരിക്കൽ എന്റെ പ്രിയശിഷ്യനായ മത്തായി എന്ന് ഞാൻ പേർ വിളിച്ച Levi എന്നെ കണ്ടു അനുഗമിച്ചത്.

ദീർഘനാളായി കഫർന്നഹൂം പട്ടണത്തിൽ താമസിച്ചിരുന്ന ഒരു റോമൻ സൈന്യാധിപൻ സ്വന്തം നിലയിൽ യഹൂദന്മാർക്ക് വേണ്ടി നിർമ്മിച്ച കൊടുത്തതായിരുന്നു മനോഹരമായ ആ ആരാധനാലയം. അന്യജാതിക്കാരൻ ആയിരുന്നെങ്കിലും സത്യദൈവത്തെ അറിഞ്ഞു, വിശ്വസിച്ചു, ആരാധിച്ചു പിൻ പറ്റുവാനും മനസ്സുള്ളവൻ ആയിരുന്നു. ഞങ്ങൾ യഹൂദന്മാർ ആരാധിക്കുന്ന എന്റെ സ്വർഗ്ഗപിതാവ് തന്നെയാണ് സത്യദൈവം എന്ന് മനസ്സുകൊണ്ട് ഉറച്ചുവിശ്വസിക്കുന്ന ഒരു നല്ല മനുഷ്യൻ ആയിരുന്നു അയാൾ. അയാൾക്ക് ധാരാളം സമ്പത്തും ജോലിക്കാരും ഉണ്ടായിരുന്നു.

അയാളുടെ ഒരു വിശ്വസ്ത ജോലിക്കാരൻ പെട്ടെന്ന് ശരീരം തളർന്നു കുഴഞ്ഞു വീണു കിടപ്പിലായി. ആ ജോലികാരന്റെ ദയനീയ അവസ്ഥയിൽ അയാൾക്ക് വളരെ ദുഃഖം തോന്നി. എന്റെ സൗഖ്യദാന ശക്തിയെപ്പറ്റി അവൻ കേട്ടിരുന്നു. എന്നാൽ എന്റെ അടുക്കൽ നേരിട്ട് വന്ന് കാര്യം പറയുവാൻ എന്നോടുള്ള ആദരവ് നിമിത്തം ഭയമായിരുന്നു. അതുകൊണ്ട് ഞാൻ കഫർന്നഹൂം പട്ടണത്തിൽ എത്തി എന്ന് അറിഞ്ഞു സിനഗോഗ് നടത്തിപ്പുകാരിൽ ചില പ്രധാന വ്യക്തികളെ എന്റെ അടുക്കൽ അയച്ചു, ദാസന്റെ രോഗ സൗഖ്യത്തിനുവേണ്ടി അപേക്ഷിച്ചു. വളരെ പരിഭ്രാന്തരായിട്ടാണ് അവർ എന്നെ സമീപിച്ചത്. അവർ എന്നോട് പറഞ്ഞു: "ഗുരുവേ, ഇവിടെയുള്ള റോമൻ സൈന്യാധിപന്റെ പ്രിയ ജോലിക്കാരൻ അവശനിലയിൽ പക്ഷാഘാതം മൂലം കുഴഞ്ഞു വീണു കിടക്കുകയാണ്. തനിക്ക് ഏറ്റവും പ്രിയപ്പെട്ട ദാസൻ ആയതുകൊണ്ട് സൈന്യാധിപൻ വളരെയേറെ ദുഃഖത്തിലാണ്. അവനൊരു നല്ല ദൈവഭക്തനും മനുഷ്യസ്നേഹിയും ആണ്. നമ്മുടെ ഈ ആരാധനാലയം അവൻ സ്വന്തം നിലയിൽ നമുക്ക് പണിയിച്ചു തന്നതാണ്. അവിടുത്തെ കരുണ ആഗ്രഹിക്കുന്നവൻ ആകയാൽ അവനെ സൗഖ്യം ആക്കുവാൻ അങ്ങ് ഞങ്ങളോടൊപ്പം വരുമോ?" ഞാൻ ഉടൻ തന്നെ മറുപടി പറഞ്ഞു: "ഞാൻ വരാം, അവനെ സൗഖ്യമാക്കുകയും ചെയ്യാം". (മത്തായി 8: 7). ഉടൻതന്നെ ഞങ്ങൾ ഇറങ്ങി പുറപ്പെട്ടു. സൈന്യാധിപന്റെ വീടിന്റെ അടുത്ത് എത്താറായപ്പോൾ അയാൾ ദാസന്മാരെ അയച്ചു എന്നോട് പറയിപ്പിച്ചു, "പ്രഭുവേ അങ്ങ് എന്റെ ഭവനത്തിൽ വരുവാൻ ബുദ്ധിമുട്ടണം എന്നില്ല, എന്റെ ഭവനത്തിന് അങ്ങയെ സ്വീകരിപ്പാൻ ഉള്ള യോഗ്യതയില്ല. അങ്ങയോട് മുഖാമുഖം സംസാരിക്കാനുള്ള ധൈര്യം എനിക്കില്ല. അങ്ങ് ഇപ്പോൾ ആയിരിക്കുന്ന സ്ഥലത്ത് വെച്ച് തന്നെ ഒരു വാക്ക് കൽപ്പിക്കും എങ്കിൽ എന്റെ ദാസനു പൂർണ്ണ സൗഖ്യം ലഭിക്കും. കാരണം അതിനുള്ള അധികാരം അങ്ങേയ്ക്ക് ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാനും ചെറിയതോതിൽ അധികാരം ഉപയോഗിക്കുന്ന വ്യക്തിയാണ്. ഒരുവനോട് ഒരു കാര്യം പറഞ്ഞാൽ മാത്രം മതി, അത് നടന്നിരിക്കും. എനിക്ക് പോലും അത് സാധിക്കും എങ്കിൽ അങ്ങ് ഒരു വാക്ക് കൽപ്പിച്ചാൽ മാത്രം മതി, എന്റെ ദാസൻ സൗഖ്യം പ്രാപിക്കും."

റോമൻ സൈന്യാധിപന്റെ ഈ സന്ദേശം കേട്ടപ്പോൾ ഞാൻ വളരെ ആശ്ചര്യപ്പെട്ടു. ഞാൻ ഇങ്ങനെ ആശ്ചര്യ പ്പെടുന്നത് നിങ്ങൾ കണ്ടു കാണാൻ ഇടയില്ല. ഒരിക്കൽ കനാന്യ സ്ത്രീയുടെ മകളെ സൗഖ്യമാക്കിയ സന്ദർഭത്തിൽ അവരുടെ വിശ്വാസം കണ്ടപ്പോഴും ഇതുപോലെ ആശ്ചര്യപ്പെട്ടത് ഞാനോർക്കുന്നു. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട യഹൂദന്മാർ ദൈവത്തിന്റെ അനേകം അത്ഭുതങ്ങൾക്ക് സാക്ഷ്യംവഹിച്ചത്

ആണ്. അവർക്ക് പോലും ഇത്ര ആഴത്തിലുള്ള വിശ്വാസം ഇല്ലാതെ ഇരിക്കുന്ന സാഹചര്യത്തിൽ ഒരു പുറജാതിക്കാരനായ സൈനാധിപന്റെ എന്നിലുള്ള അടിയുറച്ച വിശ്വാസം എന്നെ തികച്ചും വിസ്മയഭരിതനാക്കി. ഞാൻ ഈ കാര്യം എന്റെച്ചുറ്റും കൂടിനിന്നിരുന്ന യഹൂദന്മാരോട് ഉറക്കെ വിളിച്ചു പറയുകയും ചെയ്തു. ഞാനവിടെ നിന്നുകൊണ്ടുതന്നെ മനസ്സിൽ ധ്യാനിച്ച് സൗഖ്യദായക ശക്തിയുടെ തരംഗങ്ങൾ അയച്ചു, സൈന്യാധിപന്റെ ഭവനത്തിൽ തളർന്നു കിടന്നിരുന്ന രോഗിയെ സൗഖ്യമാക്കി. സൈന്യാധിപൻ എന്റെ അടുക്കൽ അയച്ചിരുന്ന ദാസൻമാരോട് രോഗസൗഖ്യം ആയ വിവരം സൈന്യാധിപനെ അറിയിക്കുവാൻ ഞാൻ പറഞ്ഞയച്ചു. അവർ വീട്ടിലെത്തിയപ്പോൾ തളർന്നുകിടന്ന രോഗി സന്തോഷവാനായി ഓടിവന്നു അവരെ സ്വീകരിച്ചതായി അവർ തിരികെ വന്ന് എന്നെ അറിയിച്ചു.

## 2. കനാന്യ സ്ത്രീയുടെ മകളെ സൗഖ്യമാക്കുന്നു

(മത്തായി 15: 21 –29 മർക്കോസ് 7: 24– 30).

കഫർന്നഹൂമിൽ നിന്ന് മെഡിറ്ററേനിയൻ തീരത്ത് സ്ഥിതിചെയ്യുന്ന സോറിന്റെയും സീദോന്റെയും അതിർത്തി പ്രദേശങ്ങളിൽ പ്രവർത്തിക്കുവാൻ ഞങ്ങൾ പോയി. മധ്യപൂർവദേശത്തെ വളരെ പുരോഗതി പ്രാപിച്ച പ്രദേശമായിരുന്നു ഇവിടെ. ഇസബേലും, സറഫത്തിലെ വിധവയും ഇവിടെയാണ് പാർത്തിരുന്നത്. (1 രാജ.16: 31; 17: 8 –24). എന്റെ ഒരു കൂട്ടുകാരന്റെ ക്ഷണമനുസരിച്ച് ഞാൻ സ്വസ്ഥമായി അല്പം വിശ്രമിക്കാൻ ആണ് ഇവിടെ എത്തിയത്. എന്റെ സന്ദർശനം രഹസ്യം ആക്കാൻ അറിയിച്ചിരുന്നെങ്കിലും എങ്ങനെയോ അവിടെ പ്രസിദ്ധമായി. Syro phonicia പ്രവശ്യയിൽ നിന്നും ഒരു യവനായ സ്ത്രീ ഞാൻ വന്നതറിഞ്ഞ് അവരുടെ മകളുടെ സൗഖ്യത്തിനായി ഞാൻ താമസിച്ചിരുന്ന വീട്ടിൽ എത്തി. "അല്ലയോ ദാവീദ് പുത്രാ എന്റെ മകൾ വളരെ കഷ്ടപ്പെടുന്നു" (മത്തായി 5: 22) എന്ന് പറഞ്ഞു. ഞാൻ കുറച്ചുനേരം അവിടെ ശ്രദ്ധിക്കാതെ മൗനമായിരുന്നു. എന്റെ ശിഷ്യന്മാരും കൂട്ടുകാരനും എന്നെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഞാൻ യഹൂദന്മാർക്ക് വേണ്ടി മാത്രം മനുഷ്യാവതാരം ചെയ്ത ഒരാൾ ആണെന്നാണ് അവരും ധരിച്ചിരിക്കുന്നത്. അവൾ യഹൂദ വംശത്തിൽപെട്ടവൾ അല്ലാത്തതുകൊണ്ട് ഞാൻ അവളുടെ ആവശ്യം നിരസിക്കും എന്ന് തന്നെയാണ് അവർ ചിന്തിച്ചത്. എന്ത് ചെയ്യണം എന്ന് എന്റെ സ്വർഗ്ഗപിതാവുമായി ഞാൻ അൽപസമയം ആലോചിക്കുകയായിരുന്നു. എന്റെ ശിഷ്യന്മാർ ശുപാർശയുമായി എന്റെ അടുക്കൽ വന്നു പറഞ്ഞു:" അവൾ നിന്റെ അടുക്കൽ നിലവിളിച്ചുകൊണ്ട് വന്നു. അവളെ പറഞ്ഞ് അയക്കേണമേ" എന്ന്. "ഇസ്രായേൽ ഗൃഹത്തിലെ

കാണാതെ പോയ ആടുകളുടെ അടുക്കലേക്ക് അല്ലാതെ എന്നെ അയച്ചിട്ടില്ല" എന്ന് ഞാൻ ഉത്തരം പറഞ്ഞു. അതുകേട്ട് അവൾ, "കർത്താവേ എന്നെ സഹായിക്കണമേ" എന്ന് കരഞ്ഞുകൊണ്ടു പറഞ്ഞു. സ്വർഗ്ഗപിതാവിന്റെ നിർദ്ദേശപ്രകാരം ഞാൻ അവളെ സഹായിക്കാൻ തീരുമാനിച്ചു. അവളുടെ വിശ്വാസത്തെ പരിശോധിക്കുവാൻ ആയി ഞാൻ അവളോട് പറഞ്ഞു: "മക്കളുടെ അപ്പമെടുത്ത് നായ്കുട്ടികൾക്ക് ഇട്ടു കൊടുക്കുന്നത് ശരിയല്ലല്ലോ". ഉടനെ അവൾ മറുപടി പറഞ്ഞു, "നായകുട്ടികളും യജമാനന്മാരുടെ മേശമേൽ നിന്നു  താഴെ കളയുന്ന അപ്പക്കഷണങ്ങൾ തിന്നുന്നുണ്ടല്ലോ?. അവളുടെ ബുദ്ധിപരമായതും വിവേകപൂർണ്ണമായതും ആയ ഉത്തരം വിനയപൂർവ്വം എന്നോട് പറഞ്ഞപ്പോൾ ഞാനും കൂടെയുണ്ടായിരുന്നവരും അതിശയിച്ചു, ആശ്ചര്യപ്പെടുക തന്നെ ചെയ്തു. കാരണം എന്നെ യജമാനനന്റെ സ്ഥാനത്തും അവളെ നായ്ക്കളുടെ സ്ഥാനത്തും കരുതി കൊണ്ടുതന്നെയാണ് സൗഖ്യദാനം സ്വീകരിക്കുവാൻ അവൾ തയ്യാറായത്. ഞാൻ അവളോട് പറഞ്ഞു: "സ്ത്രീയേ നിന്റെ വിശ്വാസം വലിയത്, നിന്റെ ഇഷ്ടം പോലെ നിനക്ക് ഭവിക്കട്ടെ". ആ സമയം മുതൽ അവളുടെ മകൾക്ക് സൗഖ്യം ലഭിച്ചു എന്ന് വിശ്വസിച്ച് സന്തോഷത്തോടെ മടങ്ങിപ്പോയി.

റോമൻ സൈന്യാധിപന്റെ വിശ്വാസവും കനാന്യ സ്ത്രീയുടെ വിശ്വാസവുമാണ് എന്നെ ആശ്ചര്യപ്പെടുത്തിയ രണ്ട് അനുഭവങ്ങൾ. എന്റെ പ്രിയ ശിഷ്യന്മാരായ പത്രോസ് പൗലോസ് എന്നിവർ എന്റെ പുനരുദ്ധാനത്തിനു ശേഷം  പരിശുദ്ധാത്മാവിനെ പ്രാപിച്ചു  വിജാതിയരെ മാനസാന്തരത്തിലേക്ക് നയിക്കുന്നതായി കാണുന്നുണ്ടല്ലോ. എന്നാൽ അതിന് ഒരു "മുൻകുറി"എന്ന നിലയിൽ പരസ്യശുശ്രൂഷ വേളയിൽ തന്നെ ഞാൻ ഇപ്രകാരം ചെയ്തു കാണിച്ചത്, അന്യജാതിക്കാരോടുള്ള നിങ്ങളുടെ മനോഭാവത്തെ തിരുത്തികുറിക്കുവാൻ വേണ്ടി ആണെന്ന് മനസ്സിലാക്കുക. യഥാർത്ഥത്തിൽ അന്ത്യനാളിലെ പുനരുത്ഥാനത്തിൽ എല്ലാവരും ഉയർത്തെഴുന്നേൽക്കും എന്ന് നിങ്ങൾ കാത്തിരിക്കുന്നവരാണല്ലോ. എന്റെ ജീവിതത്തിൽ മാത്രമല്ല, ശിഷ്യന്മാരുടെ ജീവിതകാലത്തും മരിച്ചവരെ ജീവിപ്പിച്ചു കാണിച്ചതും സമയത്തിനു മുൻപ് തന്നെ നിങ്ങൾക്ക് വിശ്വാസം വർദ്ധിച്ചു വരുവാൻ വേണ്ടി ആയിരുന്നു.

**ഈ രണ്ടു സംഭവങ്ങളിൽ കൂടി ചില ഗുണപാഠങ്ങൾ നിങ്ങളെ പഠിപ്പിക്കട്ടെ.**

1) എല്ലാ രോഗസൗഖ്യവും ദൈവശക്തിയാൽ ആണ് നടക്കുന്നത്, എങ്കിലും അതിനുവേണ്ടി ആഗ്രഹിക്കുന്നവരുടെ വിശ്വാസം വളരെ പ്രധാനമാണ്. മാത്രമല്ല രോഗിക്കു വേണ്ടി പ്രാർത്ഥിക്കുന്നവർക്കും വിശ്വാസം

ഉണ്ടാകണം. സാധാരണ രോഗികളോട് ഞാൻ തന്നെ ചോദിച്ച വിശ്വാസം ഉറപ്പു വരുത്താറുണ്ട്. ദൈവത്തിന്റെ ശക്തിയും മനുഷ്യന്റെ വിശ്വാസവും കൂടിചേർന്ന പ്രവർത്തനമാണ് സാധാരണ രോഗ സൗഖ്യത്തിൽ സംഭവിക്കുന്നത് എന്ന് നിങ്ങൾ മനസ്സിലാക്കുക.

2). എന്റെ സ്വന്തം ജനം എന്ന പേരിൽ അറിയപ്പെടുന്ന യഹൂദന്മാർക്കും പുതിയ ഇസ്രായേൽ ആകുന്ന എന്റെ സഭയിലും ഉള്ളവർക്ക് മാത്രമേ സ്വർഗ്ഗ പിതാവിന്റെ അനുഗ്രഹങ്ങൾ ലഭിക്കുകയുള്ളൂ എന്ന നിങ്ങളുടെ വിശ്വാസം തെറ്റാണ്. ഈ ലോകത്തിലെ നാനാജാതി മതവിശ്വാസികളെയും, നിരീശ്വരൻമാർ ആണെന്ന് നിങ്ങൾ മുദ്ര കുത്തിയിട്ട് ഉള്ളവരെയും ഞാൻ എന്റെ കൂട്ടത്തിൽ ഉൾപ്പെട്ടവരാണെന്ന് കരുതുന്നതായി നിങ്ങൾ തിരിച്ചറിയണം. (യോഹന്നാൻ. 10:16). അവർ "പുറജാതി" ആണെന്ന ധാരണ നിങ്ങൾ തിരുത്തണം. ഇല്ലെങ്കിൽ ചിലപ്പോൾ നിങ്ങൾ തന്നെ എന്റെ കൂട്ടത്തിൽ നിന്ന് പുറത്ത് പോകേണ്ടിവരും എന്ന് ഓർക്കുക.

3). എന്റെ സന്ദേശവും എന്റെ സൗഖ്യദാന ശക്തിയെ എത്രദൂര ദേശത്തേക്കും അദൃശ്യ തരംഗങ്ങളായി വ്യാപിപ്പിക്കുവാൻ എനിക്ക് കഴിയും എന്ന് അറിയുക. നിങ്ങൾ ആയിരിക്കുന്ന അവസ്ഥയിൽ എന്നോടൊപ്പം എന്നെ വിശ്വസിച്ച അനുസരിച്ച കഴിയുമെങ്കിൽ, നിങ്ങൾ ഓടിനടന്ന് പ്രവർത്തിക്കാതെ തന്നെ എന്റെ കൂടെ ഇരുന്ന് ധ്യാനിക്കുക വഴി എന്റെ അദൃശ്യശക്തി ലോകം മുഴുവനും പരത്തുവാൻ നിങ്ങളുടെ സജീവമായ സഹകരണത്തോടെ എനിക്ക് കഴിയും. എന്റെ പിതാവിന്റെ സ്വർഗീയ ഭവനത്തിലെ വലിയ വിരുന്നിൽ സംബന്ധിക്കുവാൻ ലോകത്തിന്റെ നാല് ദിക്കുകളിൽ നിന്നും ഞാൻ എന്റെ ജനത്തെ കൂട്ടിച്ചേർക്കും.

4). മതനേതാക്കൾ പുറംതള്ളിയവരെ ഞാൻ കൂട്ടിച്ചേർക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. മതങ്ങളുടെ മറപിടിച്ച് ദൈവീകമർമ്മങ്ങളെ മറച്ചു കളയുന്ന പ്രവണത തിരുത്തപ്പെടേണ്ടതാണ്. എല്ലാ മതസംഹിതകളും മനുഷ്യ നിർമ്മിതങ്ങളാണ്. അവയെല്ലാം ഏകദൈവമായ സ്വർഗ്ഗപിതാവിലേക്ക് നയിക്കുവാൻ തക്കവിധം ഞാൻതന്നെ അനുവദിച്ചിട്ടുള്ളതും ആണ്. എന്നാൽ അവ കൈകാര്യംചെയ്യുന്ന നേതാക്കൾ സ്വാർത്ഥതയുടെയും അറിവില്ലായ്മയുടെയും അടിമകളായി യഥാർത്ഥ ലക്ഷ്യത്തിൽനിന്നും അകന്നു പോകുമ്പോൾ, അത്തരത്തിൽ നേതൃത്വം നൽകുന്നവരെ ഞാൻ പുറത്താക്കുക തന്നെ ചെയ്യും . ആകയാൽ സാക്ഷാൽ ദൈവഭക്തി തിരിച്ചറിഞ്ഞ ശേഷം എല്ലാ മതവിശ്വാസികളോടും സൗഹൃദം പുലർത്തി ദൈവനാമ മഹത്വത്തിനും മനുഷ്യനന്മയ്ക്കും ആയി ഒരുമിച്ച് ജീവിക്കാൻ

പരിശ്രമിക്കുക.

5). ആ സൈന്യാധിപൻ സ്വന്തം ആവശ്യത്തിന് അല്ല തന്റെ കൂട്ടത്തിൽ താഴേക്കിടയിൽ പ്രവർത്തിക്കുന്ന ജോലി കാരനുവേണ്ടിയാണ് എന്റെ സഹായം തേടിയത്. ഇത് ഒരു വലിയ മാതൃകയാണ്. നിങ്ങൾ സ്വന്തം ആവശ്യത്തിനുവേണ്ടി അല്ല, നിങ്ങളുടെ സമൂഹത്തിൽ താഴെക്കിടയിൽ കഴിയുന്ന അവശരേയും രോഗികളെയും കഷ്ടപ്പെടുന്നവരെയും സഹായം ആവശ്യമുള്ള എല്ലാവരെയും കണ്ടെത്തി എന്റെ സഹായവും ശക്തിയും ചോദിച്ചു വാങ്ങികൊടുക്കുന്ന ശീലമുള്ളവരായി തീരണം. ഒരുപക്ഷേ അവർ എന്നെ അറിഞ്ഞു കാണാത്തതിനാൽ എന്നെ വിശ്വസിക്കുന്നവരോ ആശ്രയിക്കുന്നവരോ ആകണമെന്നില്ല; എന്നിരുന്നാലും നിങ്ങളുടെ വിശ്വാസവും മറ്റുള്ളവർക്ക് വേണ്ടിയുള്ള നിങ്ങളുടെ കരുതലും ഞാൻ അംഗീകരിച്ചുകൊണ്ട് "നിങ്ങളുടെ വിശ്വാസത്തിന്റെ" ഉറപ്പിന്മേൽ ഞാൻ അവരെ സഹായിക്കും.

6). നിങ്ങളുടെ ഇഷ്ടംപോലെ നിങ്ങൾക്ക് സംഭവിക്കണമെങ്കിൽ എന്റെ ഇഷ്ടം പോലെ പ്രവർത്തിക്കുവാൻ നിങ്ങൾ സന്നദ്ധരാണെന്ന് എനിക്ക് ബോധ്യപ്പെട്ടാൽ മാത്രം മതി. അവിടെയാണ് നിങ്ങൾ പലപ്പോഴും പരാജയപ്പെടുന്നത്. ഞാൻ പറയുന്നത് മാത്രമാണ് ശരി എന്നും അത് പൂർണമായി അംഗീകരിച്ച് പ്രവർത്തിക്കുവാൻ നിങ്ങൾ സന്നദ്ധമാണെന്നും നിങ്ങളുടെ വാക്കുകളിലൂടെയും തുടർന്നുള്ള പ്രവർത്തികളുടെയും എന്നെ ബോധ്യപ്പെടുത്തുവാൻ നിങ്ങൾക്ക് കഴിഞ്ഞാൽ ഞാൻ കനാന്യ സ്ത്രീയോട് പറഞ്ഞതുപോലെ നിങ്ങളോടും പറയും, "നിന്റെ ഇഷ്ടം പോലെ നിനക്ക് ഭവിക്കട്ടെ" എന്ന്.

7). യഹൂദ ജനത്തിന് മുൻഗണന ഉണ്ടെന്ന് ഞാൻ സൂചിപ്പിച്ചത് വഴി നിങ്ങളുടെ ഉത്തരവാദിത്വത്തെ ഒന്നു കൂടി എടുത്തു പറയുകയാണ്. ഞാൻ എന്റെ സഭയിൽ പെട്ടവരെ ഒന്നാമതായി പരിഗണിക്കുന്ന പോലെ നിങ്ങൾ നിങ്ങളുടെ സ്വന്തം കുടുംബാംഗങ്ങളെയും അയൽക്കാരെയും ദേശക്കാരെയും വിശ്വാസ ജീവിതത്തിലേക്ക് കൊണ്ടുവരാൻ ആദ്യമായി ശ്രമിക്കണം. ഇതിൽ നിങ്ങൾ വിജയിക്കുന്നു എങ്കിൽ മാത്രമേ നിങ്ങളുടെ പ്രവർത്തനം ദൂര പ്രദേശത്തേക്ക് വ്യാപിപ്പിക്കുവാൻ ഞാൻ അനുവദിക്കുന്നുള്ളൂ. ഇന്ന് നിങ്ങൾ നടത്തുന്ന സുവിശേഷ പ്രവർത്തനങ്ങൾ ഒന്നുകൂടി വിലയിരുത്തുക. നിങ്ങളുടെ അയൽക്കാരോട് നല്ല സാക്ഷ്യമുള്ള ക്രിസ്ത്യാനികളായി മാറുവാൻ നിങ്ങൾക്ക് കഴിയണമെങ്കിൽ, നിങ്ങളുടെ സ്വന്തം വീട്ടുകാരോടും ബന്ധുക്കളോടും ക്രിസ്തീയ കാഴ്ചപ്പാടിൽ പെരുമാറുവാൻ കഴിയണം. ഇന്ന് പൊതുരംഗത്ത്

പ്രവർത്തിക്കുന്ന വ്യക്തികളിൽ, അവർ ഏത് ശ്രേണിയിൽ പെട്ടവരായാലും, അവരുടെ വീട്ടിലും നാട്ടിലും യഥാർത്ഥ ക്രിസ്ത്രീയസാക്ഷ്യ ജീവിതം കാഴ്ചവയ്ക്കുന്നവർ ആണോ എന്ന് എനിക്ക് സംശയമുണ്ട്. അതുകൊണ്ട് എന്റെ പ്രിയപ്പെട്ടവരായ നിങ്ങളോട് ഞാൻ പറയുന്നു: "മറ്റുള്ളവരെ, അവർ ഏത് വിഭാഗത്തിൽ പെട്ടവരായാലും നേരെയാക്കാൻ ശ്രമിക്കുന്നതിനു മുൻപ് നിങ്ങൾ തന്നെതാൻ ദൈവഹിതത്തിന് കീഴ്പ്പെട്ട് അനുസരിച്ച് ജീവിക്കുക. അത് തന്നെയാണ് ഏറ്റവും വലിയ സാക്ഷ്യ ജീവിതം".

08-11-2020

## അദ്ധ്യായം 28

# ഞാൻ മരിച്ചവരെ ഉയർപ്പിച്ച രണ്ട് അനുഭവങ്ങൾ

### 1) നയിനിലെ വിധവയുടെ മകനെ ഉയിർപ്പിക്കുന്നു

(ലൂക്കോസ് 7:11– 17).

കഫർന്നഹൂമിലെ കുറച്ച് ദിവസത്തെ പ്രവർത്തനങ്ങൾക്ക് ശേഷം ശിഷ്യന്മാരെയും കൂട്ടി ഇസ്രായേലിലെ മറ്റ് പ്രദേശങ്ങളിലേക്കുള്ള എന്റെ പര്യടനം തുടർന്നു. നടന്ന് പോകുന്ന വഴി ഒരു ചെറിയ പട്ടണമായ നയിൻ എന്ന സ്ഥലത്തെ വഴിയിലൂടെ ഞങ്ങൾ പോകുമ്പോൾ ഒരു ചെറിയ ആൾക്കൂട്ടം ഞങ്ങളോട് അടുത്തു വരുന്നത് ശ്രദ്ധയിൽപ്പെട്ടു. മരിച്ചുപോയ ഒരു യുവാവിനെ സംസ്കരിക്കുന്നതിനായി ശവ മഞ്ചത്തിൽ എടുത്തു കൊണ്ട് സെമിത്തേരിയിലേക്ക് കൊണ്ടുപോകുന്ന യാത്രയായിരുന്നു അത്. പട്ടണത്തിലെ മിക്കവാറും എല്ലാവരും ആ കൂട്ടത്തിൽ ഉണ്ടായിരുന്നു. യഹൂദരുടെ രീതിയനുസരിച്ച് ഏതെങ്കിലും വീട്ടിൽ ഒരു മരണം നടന്നാൽ അവിടെ തന്നെ പ്രത്യേക വിലാപം നടത്തുവാനായി ഏർപ്പെടുത്തുന്ന ഒരു സംഘം തന്നെയുണ്ട്. ഇവിടെയും അവർ ഉണ്ടായിരുന്നതിനാൽ അവരുടെ വിലാപശബ്ദം ദൂരെനിന്നുതന്നെ ഞങ്ങൾ കേട്ടിരുന്നു.

ഞങ്ങൾ ശവമഞ്ചത്തിനോട് അടുത്ത് എത്തി. മരിച്ചുപോയ യുവാവിനെന്റെ വിധവയായ അമ്മ വാവിട്ടു നിലവിളിക്കുന്നത് കണ്ടു എന്റെ മനസ്സ് അലിഞ്ഞു. ഞാൻ ശവമഞ്ചം തൊട്ടപ്പോൾ ചുമക്കുന്നവർ നിന്നു. ആ വിധവയായ പാവം സ്ത്രീയോട് കരയേണ്ട എന്ന് പറഞ്ഞു ഞാൻ അവളെ ആശ്വസിപ്പിച്ചു. അവളുടെ കണ്ണുകളിൽ വിശ്വാസത്തിന്റെ തിളക്കം ഞാൻ കണ്ടു.എന്റെ പ്രവർത്തനങ്ങളെപ്പറ്റി അവൾ നേരത്തെ അറിഞ്ഞിരുന്നതായി അവളുടെ മുഖഭാവത്തിൽ നിന്നും എനിക്ക് മനസ്സിലായി. എന്റെ പ്രവർത്തനങ്ങൾ പലതും കണ്ട് അത്ഭുതപ്പെട്ട വലിയ ഒരു കൂട്ടം ആളുകൾ വിലാപയാത്രയിൽ പങ്കെടുത്തിരുന്നു.അവരുടെ എല്ലാം കണ്ണുകൾ എന്നെ തന്നെ നോക്കി കൊണ്ടിരുന്നു. ഞാൻ അൽപസമയം

എന്റെ സ്വർഗ്ഗപിതാവുമായി മനസ്സുകൊണ്ട് ബന്ധപ്പെട്ടു. മനുഷ്യജീവൻ പകർന്നുകൊടുക്കുവാൻ ഈ ലോക പ്രവർത്തനത്തിൽ ആദ്യമായി എന്റെ പിതാവ് എന്നോട് ആവശ്യപ്പെട്ടു. ഞാൻ സർവ്വധൈര്യവും സംഭരിച്ച് ഇപ്രകാരം പറഞ്ഞു: "ബാല്യകാരാ എഴുന്നേൽക്ക എന്ന് ഞാൻ നിന്നോട് പറയുന്നു". അവൻ എഴുന്നേറ്റ് മഞ്ചലിൽ തന്നെ ഇരുന്നു ചുറ്റുപാടും അത്ഭുതത്തോടെ നോക്കി സംസാരിക്കാൻ തുടങ്ങി.

എനിക്കും ആവേശം തോന്നി. പല അത്ഭുതങ്ങളും എന്നിലൂടെ സ്വർഗ്ഗപിതാവ് പ്രവർത്തിച്ചിട്ടുണ്ടെങ്കിലും മരിച്ച ഒരാളിനെ ജീവിപ്പിക്കുന്നത് ആദ്യമായിട്ടാണ് മനുഷ്യനെന്ന നിലയിൽ എനിക്കും അനുഭവമായത്. വിധവയായ അമ്മയുടെ മുഖത്തേക്ക് നോക്കി. അവളുടെ സന്തോഷത്തിനും അത്ഭുത പ്രകടനങ്ങൾക്കും അതിരില്ലായിരുന്നു. അമ്മയെ സംരക്ഷിക്കുന്ന കാര്യം ഞാന് മകനോട് പ്രത്യേകം എടുത്തു പറഞ്ഞു. എന്റെ അമ്മയുടെ മുഖവും അന്നേരം എന്റെ മനസ്സിൽ തെളിഞ്ഞു വന്നു. കുറച്ചു നാളുകൾക്കകം എന്റെ മരണം സംഭവിക്കും, അപ്പോൾ എന്റെ അമ്മയും ഇതുപോലെ അനാഥയായി തീരുമല്ലോ എന്ന ചിന്തയും എന്റെ മനസ്സിൽ അപ്പോൾ ഉയർന്നുവന്നു. അവിടെ കൂടിയിരുന്ന ജനമെല്ലാം ആർത്തുവിളിച്ച് ദൈവത്തെ പുകഴ്ത്തി സ്തുതി പാടിക്കൊണ്ടിരുന്നു. "ഒരു വലിയ പ്രവാചകൻ" നമ്മുടെ ഇടയിൽ എഴുന്നേറ്റ് വന്നിരിക്കുന്നു, ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരിക്കുന്നു എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു കൊണ്ടിരുന്നു.

ഈ ഒരു സംഭവം മൂലം എന്റെ പരസ്യ പ്രവർത്തനം കൂടുതൽ വ്യാപകമായി തീരാൻ ഇടയായി. അറിഞ്ഞവർ എല്ലാം ഈ വാർത്ത നാട്ടുമുഴുവൻ പ്രചരിപ്പിച്ചതിനാൽ എന്റെ ചുറ്റുപാടും എപ്പോഴും ജനങ്ങൾ വന്നുകൊണ്ടിരുന്നു. ഇതുപോലെ തന്നെ മറ്റൊരു സന്ദർഭത്തിൽ ഞാൻ ഒരു ബാലികയെ മരണത്തിൽനിന്നും ഉയർത്തുകയുണ്ടായി. ആ കാര്യവും ഇതിനോട് ചേർത്തു തന്നെ പറയാം.

## 2) യായിറോസിന്റെ മകളെ ഉയിർപ്പിക്കുന്നു

(മത്തായി 9:18 –26; മർക്കോസ് 5:22 –43; ലോകോസ് 8:41– 56)

ഞാൻ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ യായിറോസ് എന്ന് പേരുള്ള ഒരു സംഘ ആലയപ്രമാണി എന്റെ അടുത്ത് ഓടിക്കിതച്ചെത്തി കാൽക്കൽ വീണു. പ്രയാസത്തോടെ,12 വയസ്സുള്ള മകൾ മരിക്കാറായി അത്യാസന്നനിലയിൽ ആണെന്ന് പറഞ്ഞു. ഞാൻ വിധവയുടെ മകനെ ഉയർപ്പിച്ച കാര്യം അറിഞ്ഞിരുന്നു. ഉടൻതന്നെ ഞാൻ എഴുന്നേറ്റു അവരുടെ കൂടെ പോയി. ഞങ്ങളുടെ യാത്രയിൽ മറ്റൊരു സ്ത്രീ 12 വർഷമായി

രക്തസ്രാവരോഗത്തിൽ കഷ്ടപ്പെട്ടിരുന്നതിനാൽ എന്നിലുള്ള വിശ്വാസം മൂലം എന്റെ അടുക്കലെത്തി ആരുമറിയാതെ എന്റെ വസ്ത്രത്തിൽ തൊട്ടു സൗഖ്യം പ്രാപിച്ചു. എന്നിൽ നിന്നും സൗഖ്യശക്തിയുടെ തരംഗം പുറപെട്ടതായി എനിക്ക് അനുഭവപ്പെട്ടു. അവിടെനിന്ന് ചുറ്റുപാടും നോക്കി. പത്രോസ് എന്നോട് കാര്യം തിരക്കിയപ്പോൾ എന്നെ ആരോ തൊട്ടകാര്യം പറഞ്ഞു. പക്ഷേ പത്രോസ് ഞാൻ പറഞ്ഞത് തമാശയായി എടുത്തു. അവൻ പറഞ്ഞു:" ഗുരുവേ, ഇത്ര വലിയ ജനക്കൂട്ടം തിക്കിതിരക്കുന്ന ഇടത്ത് ഈ വലിയ ആൾക്കൂട്ടത്തിൽ ഒരാൾ മാത്രം അങ്ങയെ തൊട്ടു എന്ന് പറയുന്നത് എന്താണ്? "തിക്കി തിരക്കുന്നവർ ഒന്നും പ്രതീക്ഷിക്കാതെ ആകാം, എന്നാൽ എന്നിൽനിന്നും സൗഖ്യം പ്രതീക്ഷിച്ചുകൊണ്ട് വിശ്വാസപൂർവ്വം ഒരാൾ എന്നെ തൊട്ടു"എന്ന് ഞാൻ പറഞ്ഞു. ജനങ്ങൾ പലരും "ഞാനല്ല ഞാനല്ല" എന്ന് പറഞ്ഞ് മാറി നിൽക്കുന്നുണ്ടായിരുന്നു. കുറച്ചു സമയം അങ്ങനെ അന്വേഷിച്ചപ്പോൾ സൗഖ്യമായ സ്ത്രീ വിറച്ചുകൊണ്ട് എന്റെ കാൽക്കൽവീണ് ക്ഷമാപണം ചെയ്തു. അവളാണ് എന്നെ തൊട്ടത് എന്നും 12 വർഷമായി അവൾ സഹിച്ചുവന്ന രക്തസ്രാവ രോഗം, എന്നെ തൊട്ടനിമിഷംതന്നെ പൂർണ്ണമായി സൗഖ്യമായി എന്നും പരസ്യമായി പറഞ്ഞു.ഞാൻ അവളുടെ വിശ്വാസ സ്ഥിരത കണ്ടു സന്തോഷിച്ചു, അവളോട് പറഞ്ഞു: "മകളെ നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോക." അങ്ങനെ കുറച്ച് സമയം അവിടെ ചിലവഴിക്കേണ്ടിവന്നെങ്കിലും സ്വർഗ്ഗപിതാവിലുള്ള വിശ്വാസം എന്റെ ഈ പ്രവൃത്തിമൂലം അവിടെ കൂടിവന്നിരിക്കുന്നവർക്ക് വർദ്ധിച്ചു എന്ന് കണ്ടു ഞാനും സന്തോഷിച്ചു.

പക്ഷേ പള്ളി പ്രമാണിയുടെ ഒരാൾ വന്നു എന്നോട് പറഞ്ഞു:"മകൾ മരിച്ചുപോയി, ഗുരുവിനെ പ്രയാസപ്പെടുത്തേണ്ട എന്ന് അറിയിക്കാൻ എന്നെ അയച്ചതാണ്. "ഞാൻ അൽപസമയം സ്വർഗ്ഗപിതാവുമായി ആലോചിച്ചു. ദൈവനാമമഹത്വത്തിനായി തന്നെയാണ് ആ മകൾ മരിച്ചത് എന്നും, മരിക്കാൻ വേണ്ടി തന്നെയാണ് യാത്രാമധ്യേ രോഗസൗഖ്യം നൽകുന്ന സമയം ചെലവഴിക്കേണ്ടി വന്നത് എന്നും പിതാവ് എനിക്ക് വെളിപ്പെടുത്തി. "ഭയപ്പെടേണ്ട, വിശ്വസിക്കുക മാത്രം ചെയ്യുക, എന്നാൽ അവൾ രക്ഷിക്കപ്പെടും" എന്ന് ഞാൻ അയാളോട് പറഞ്ഞ ഉടനെതന്നെ യാത്ര പുറപ്പെട്ടു മരണവീട്ടിൽ എത്തി. അവിടെ വലിയൊരു ജനക്കൂട്ടം ഉണ്ടായിരുന്നു. മരണ വാർത്തയറിഞ്ഞ് മരിച്ച മകളെ ചൊല്ലി കരയുകയും മുറവിളി കൂട്ടുകയും ചെയ്തിരുന്നു. ഞാൻ അവരോട് ആംഗ്യം കാട്ടി പറഞ്ഞു : "കരയേണ്ട അവൾ മരിച്ചിട്ടില്ല, ഉറങ്ങുകയാണ്." എന്നാൽ ജനക്കൂട്ടം ആ ബാലികയുടെ മരണം വിശ്വസിക്കുന്നതിനാൽ എന്നെ പരിഹസിക്കുന്നുണ്ടായിരുന്നു. ഞാൻ അത് കാര്യമാക്കാതെ എന്റെ പ്രിയ ശിഷ്യന്മാർ ആയ പത്രോസ്, യാക്കോബ്,

യോഹന്നാൻ എന്നിവരെ മാത്രം കൂട്ടി ബാലിക മരിച്ചു കിടന്നിരുന്ന മുറിയിലേക്ക് പ്രവേശിച്ചു. കുട്ടിയുടെ മാതാപിതാക്കൾ ഒഴികെ മറ്റെല്ലാവരേയും മുറിയിൽനിന്നും പുറത്താക്കി വാതിലടച്ചു.

ഞാൻ അൽപസമയം എന്റെ സ്വർഗ്ഗ പിതാവുമായി ബന്ധപ്പെട്ടു, പിതാവിന്റെ നിർദേശപ്രകാരം ഞാൻ അവളുടെ കൈപിടിച്ച് ഉറക്കെ പറഞ്ഞു:" ബാലേ എഴുന്നേൽക്കു". ഉടൻതന്നെ അവളുടെ ആത്മാവ് തിരികെവന്ന് അവളുടെ മൃതശരീരത്തിൽ വീണ്ടും പ്രവേശിച്ചു അവൾ ഒന്ന് തുമ്മി സാവധാനം കണ്ണുതുറന്ന് ഞങ്ങളെ നോക്കി പുഞ്ചിരിച്ചു. അല്പം കഴിഞ്ഞ് തന്നെത്താൻ എഴുന്നേറ്റ് എന്നെ വന്ദനം ചെയ്തു. കൂടുതൽ സമയം ഞങ്ങൾ അവിടെ നിന്നില്ല. കുഞ്ഞിന് ഭക്ഷണം കൊടുക്കാൻ പറഞ്ഞുകൊണ്ട് ഞാൻ പുറത്തുവന്നു. എന്ത് സംഭവിച്ചു എന്നറിയാതെ ആളുകളെല്ലാം ആകാംക്ഷയോടെ എന്നെ നോക്കുന്നുണ്ടായിരുന്നു. ഞാനും ശിഷ്യന്മാരും മുറിയുടെ പുറത്തുവന്ന ഉടനെ തന്നെ മാതാപിതാക്കൾ അവരുടെ മകളെയും കൂട്ടി എന്റെ മുമ്പിൽ വണങ്ങിയശേഷം അവിടെ മുറിക്ക് അകത്ത് നടന്ന സംഭവങ്ങൾ ഒക്കെ എല്ലാവരോടുമായി വളരെ സന്തോഷത്തോടെ പറയുന്നുണ്ടായിരുന്നു. അവിടെയുണ്ടായിരുന്ന എല്ലാവരും അത്യാഹ്ലാദത്തോടെ ദൈവത്തിന് മഹത്വം ഉദ്ഘോഷിച്ചുകൊണ്ട് ആർത്തുപാടി. അത് എന്റെ ലോകജീവിതത്തിലെ മറക്കാനാവാത്ത ഒരു സുദിനം തന്നെയായിരുന്നു.

## മരണവും മരണാനന്തര അവസ്ഥയും എന്താണ്?

മരിച്ചവരെ ഉയർപ്പിച്ച ഈ സംഭവങ്ങളെപറ്റി നിങ്ങൾ അത്ഭുതപ്പെടും എന്ന് എനിക്കറിയാം. കുറെ സംശയങ്ങളും ചോദ്യങ്ങളും നിങ്ങൾക്ക് ഉണ്ടാവും എന്നും ഞാൻ മനസ്സിലാക്കുന്നു. എന്റെ ശിഷ്യന്മാർ തന്നെ എന്നോട് ചോദിച്ചു:" ആ പെൺകുട്ടി ഉറങ്ങുകയാണ് എന്ന് പറഞ്ഞത് ശരിയാണോ?ശരിയാണെങ്കിൽ ഞാൻ മരിച്ചവരെ ഉയിർപ്പിക്കുന്നു എന്ന് പറയുന്നത് തെറ്റല്ലേ? ഈ ചോദ്യം ശരിയാണ്. ആധുനിക വൈദ്യശാസ്ത്രം കൂടുതൽ വിശ്വസിക്കുന്ന നിങ്ങൾക്കും ഇതുപോലെ സംശയം ഉണ്ടായിരുന്നെങ്കിൽ ഞാൻ നിങ്ങളെ കുറ്റപ്പെടുത്തുന്നില്ല.

ചിലരോഗികൾ മരിച്ചവരെപ്പോലെ "കോമ" അവസ്ഥയിൽ ദീർഘകാലം ജീവിച്ചു കഴിയാറുണ്ട് എന്ന് നിങ്ങൾക്കറിയാം. കുറെ കഴിഞ്ഞാൽ എഴുന്നേറ്റ് വരികയും ചെയ്യും. അതുപോലെതന്നെ, മസ്തിഷ്ക മരണം (CLINICAL DEATH,) സംഭവിക്കുന്നവർ വീണ്ടും ജീവിതത്തിലേക്ക് തിരിച്ചു വരുന്ന കാര്യം ഒരുപക്ഷെ നിങ്ങൾ പലരും അറിഞ്ഞുകാണും. ഇതുപോലെ നാഡീസംബന്ധമായി

മരവിച്ചുപോയ ഒരു അവസ്ഥയിൽ നിന്നും നാഡികൾക്ക് ഉത്തേജനം നൽകി സൗഖ്യമാക്കുക ആണോ ഞാൻ 'ഉയർപ്പിക്കുക" എന്ന പേരിൽ ചെയ്തത് എന്ന് നിങ്ങൾ ചിന്തിക്കുന്നതിൽ ഞാൻ നിങ്ങളെ കുറ്റപ്പെടുത്തുന്നില്ല. ഇപ്രകാരം ചികിത്സ നൽകി ജീവൻ നിലനിർത്തുവാൻ മനുഷ്യർക്ക് കഴിവ് നൽകിയ എനിക്ക് യഥാർത്ഥ മരണം സംഭവിച്ച ശേഷവും മനുഷ്യരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ കഴിയുമെന്നു നിങ്ങൾ വിശ്വസിക്കാമെങ്കിൽ, അവിടെയാണ് നിങ്ങളുടെ സൃഷ്ടികർത്താവായ ദൈവത്തിലുള്ള വിശ്വാസം തെളിയിക്കപ്പെടുന്നത്. എന്റെ ക്രൂശുമരണത്തിനു മുന്പായി ലാസർ എന്ന എന്റെ സ്നേഹിതൻ മരിച്ചു നാല് ദിവസം കഴിഞ്ഞു ജഡം ജീർണിക്കുവാൻ തുടങ്ങിയപ്പോൾ തന്നെ കല്ലറയിൽ നിന്നും ഉയർപ്പിച്ച സംഭവം നിങ്ങൾ ഓർക്കുന്നുണ്ടല്ലോ. (യോഹന്നാൻ പതിനൊന്നാം അധ്യായം). അത് വിശ്വസിച്ചു കൊണ്ട് അനേകർ എന്റെ ശിഷ്യന്മാർ ആകുമെന്ന് ഭയപ്പെട്ടാണ് യഹൂദ പ്രമാണികൾ എത്രയുംവേഗം എന്നെ കൊന്നുകളയാൻ ആലോചിച്ചു തുടങ്ങിയത്. ലാസറിനെ കൂടി കൊല്ലുവാൻ അവർ ആലോചിച്ചിരുന്നു. കാരണം, ഞാൻ ദൈവപുത്രനാണെന്ന് ജനത്തിന് വിശ്വസിക്കുവാൻ ഇടയാക്കിയ, മരണശേഷം ജീവൻ വീണ്ടുകിട്ടി ജീവിക്കുന്ന ഏക സാക്ഷി അവൻ ആയിരുന്നു. അതിനോട് ചേർന്ന കുറെ കാര്യങ്ങൾ പറയാൻ ഉള്ളത് ഒടുവിൽ പറയാം.

മരണത്തെപ്പറ്റി ചില കാര്യങ്ങൾ ചുരുക്കമായി പറയട്ടെ. ആത്മാവും ശരീരവും തമ്മിൽ യോജിച്ചുള്ള അവസ്ഥയാണ് ഈ ലോകജീവിതം. യഥാർത്ഥത്തിൽ താൽക്കാലികമായ ഈ ശരീരം, നിത്യമായി നിലനിൽക്കുന്ന ആത്മാവിനു വസിക്കുവാൻ നൽകപ്പെട്ട ഒരു കൂടാരം മാത്രമാണ്. ഈ ലോകജീവിതം ദൈവഹിതപ്രകാരം ജീവിച്ചു തീർക്കണം. അതിനുവേണ്ടി നിങ്ങൾക്ക് നൽകിയ ഒരു താൽക്കാലിക ഉപകരണമാണ് നിങ്ങളുടെ ശരീരം. നിങ്ങളിൽ ദൈവം നിക്ഷേപിച്ച മനുഷ്യാത്മാവ് മരണം ഇല്ലാത്തതിനാൽ ദൈവത്തിൽനിന്നും പുറപ്പെട്ടു ദൈവത്തിൽ തന്നെ തിരികെ എത്തുവാൻ തക്കവിധം പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപെടുവാൻ നിങ്ങളുടെ ഈ ലോകജീവിതം അവസാനിക്കുന്നതുവരെ ദൈവം നിങ്ങളെ ഏൽപ്പിച്ചിട്ടുള്ളതാണ് ഈ മർത്യ ശരീരം.

ഞാൻ മരിച്ചു ഉയർത്തെഴുന്നേറ്റ പോലെയല്ല ഇവർ പുനർആയി ജീവിച്ചത്. ഞാൻ ഈ ലോകജീവിത സമയത്ത് ഞാൻ ഉയർപ്പിച്ചവർ വീണ്ടും മരണം പ്രാപിച്ചവരാണ്.ഞാൻ മരണത്തിൽ നിന്നും കല്ലറ തുറന്ന് ജീവിച്ചു എഴുന്നേറ്റപ്പോൾ ദ്രവിച്ചു പോകാത്ത അഥവാ ഒരിക്കലും മരിക്കുവാൻ കഴിയാത്ത ഒരു പുതിയ സ്വർഗീയശരീരമാണ് എനിക്ക് ലഭിച്ചത്. ഞാൻ

അന്ത്യന്യായവിധി നടത്തുവാൻ വരുമ്പോൾ നിങ്ങളെല്ലാവരും അപ്രകാരം പുതിയ ഒരു ശരീരത്തോടെ ഉയിർത്തെഴുന്നേൽക്കുകയും ന്യായവിധിക്കുശേഷം നിത്യതയിലേക്ക് പ്രവേശിക്കുകയും ചെയ്യും.

ലോകപ്രകാരം നിങ്ങൾ മരണം അടയുമ്പോൾ ആത്മാവ് ശരീരത്തിൽ നിന്നും വേർപ്പെടുകയും ശരീരം ദീർഘമായ ഉറക്കത്തിൽ പ്രവേശിക്കുകയും ആണ് ചെയ്യുന്നത്. അതുകൊണ്ടാണ് സൃഷ്ടികർത്താവായ എന്റെ ശബ്ദം കേട്ട് ഉറക്കമുണർന്നു എഴുന്നേറ്റ് വരുവാൻ അവർക്ക് കഴിഞ്ഞത്. ആ അർത്ഥത്തിലാണ് ആ പെൺകുട്ടി ഉറങ്ങുകയാണെന്ന് ഞാൻ പറഞ്ഞത്. നിങ്ങൾ കരുതുന്ന മരണം എന്റെ നോട്ടത്തിൽ ഉറക്കം തന്നെയാണ്. എപ്പോൾ വേണമെങ്കിലും എനിക്ക് ഉണർത്താം. എന്നാൽ നിങ്ങളുടെ പാപം മൂലം സംഭവിക്കുന്ന "ആത്മാവിന്റെ മരണത്തിൽ" നിന്നും നിങ്ങളെ ഉണർത്താൻ എനിക്ക് തനിയെ സാധിക്കുകയില്ല. നിങ്ങൾ മനസ്സുവച്ച് പാപത്തിൽ നിന്നും വിട്ടുമാറി അനുതാപത്തിൽ എത്തിച്ചേരണം. അതിന്റെ ആദ്യപടിയായി എന്നിൽ പൂർണ്ണമായി വിശ്വസിക്കണം. അങ്ങനെ നിങ്ങളിൽ വിശ്വാസം വർദ്ധിപ്പിക്കുവാൻ ആണ് ഞാൻ ഓരോ കാര്യങ്ങൾ പഠിപ്പിക്കുന്നതും പ്രവർത്തിക്കുന്നതും. അങ്ങനെ പാപരോഗത്തിൽ നിന്നും സൗഖ്യം പ്രാപിച്ചു, നിങ്ങളെ ആരോഗ്യമുള്ള ദൈവമക്കൾ ആക്കി തീർക്കുകയാണ് എന്റെ മനുഷ്യ അവതാരലക്ഷ്യം തന്നെ.

എന്നിൽ വിശ്വസിച്ചു മരണം പ്രാപിക്കുന്നവരെ ഞാൻ രണ്ടാമത് വിധിക്കായിവരുന്നതുവരെ എന്നോടുകൂടെ പറുദീസയിൽ ഇരുത്തും. (ലൂക്കോസ് 23:43; 2 കൊരിന്ത്യർ 12:4 ;വെളിപാട് 2: 7). എന്നിൽ വിശ്വസിക്കുവാൻ ഇടയാകാതെ മരിച്ചു പോകുന്നവരെ ഞാൻ പാതാളത്തിൽ പാർപ്പിക്കും. (1 പത്രോസ് 4:6; 3: 19). പറുദീസ എന്നതും പാതാളം എന്നതും ഒരു സ്ഥലമല്ല, ഒരു അനുഭവ അവസ്ഥയാണ്. സ്ഥലകാല ബന്ധിതം അല്ലാത്ത ഒരു അവസ്ഥ ആയതിനാൽ അതിനെപറ്റി കൂടുതലായി പറഞ്ഞാലൊന്നും നിങ്ങൾ ഇപ്പോൾ മനസ്സിലാക്കുകയില്ല. അനുഭവിച്ചറിയാൻ മാത്രമേ നിവൃത്തിയുള്ളൂ. സൃഷ്ടിതം ആയതും കാണപ്പെടുന്നതുമായ കാര്യങ്ങൾ ഗ്രഹിക്കുവാൻ മാത്രമേ നിങ്ങളുടെ മാനുഷിക ബുദ്ധി സഹായിക്കുകയുള്ളൂ. എന്നാൽ ഇത് സംബന്ധമായ ചില സൂചനകൾ എന്റെ പരസ്യ ശുശ്രൂഷവേളയിൽ ഞാൻ നൽകിയിട്ടുണ്ട്. അന്ത്യന്യായവിധിക്ക് മുമ്പ് താൽക്കാലികമായ "പറുദീസ, പാതാളം" എന്ന അനുഭവവും, അന്ത്യന്യായവിധിക്ക് ശേഷം "സ്വർഗ്ഗം, നരകം" എന്ന നിത്യ അനുഭവവും നിങ്ങൾക്കായി സ്വർഗ്ഗ പിതാവ് ഒരുക്കിവെച്ചിട്ടുണ്ട് എന്ന് മാത്രം അതേ പറ്റി ഇപ്പോൾ നിങ്ങൾ മനസ്സിലാക്കിയാൽ മതി.

മരണാനന്തര അവസ്ഥയെപ്പറ്റി കുറച്ചുകൂടി കാര്യങ്ങൾ പറഞ്ഞു തരാം. ആദാം പാപം ചെയ്തപ്പോൾ അവനെ പറുദീസയിൽ നിന്നും പുറത്താക്കി. (ഉല്പത്തി എത്തി 2:8– 14). എന്നാൽ വിശുദ്ധ മാമോദിസവഴിയായി പാപമോചനം പ്രാപിച്ച വിശ്വസിച്ച മരിച്ചുപോകുന്ന എല്ലാവർക്കും ആ പറുദീസ അനുഭവത്തിലേക്ക് പ്രവേശനം നൽകുന്നുണ്ട്. എന്നോടൊപ്പം ക്രൂശിക്കപ്പെട്ട നല്ല കള്ളനു ഞാൻ പ്രവേശനം നൽകി. (ലൂക്കോസ് 22: 43). അതുപോലെ നിങ്ങൾക്കും പ്രവേശനം ലഭിക്കും (2 കോരി അരി.12: 4;2 പത്രോസ് 3: 13; വെളിപാട് 2:7; 21:1). എന്നിൽ വിശ്വസിക്കാതെ മരിച്ചുപോകുന്നവരെ പാതാളത്തിൽ പ്രവേശിപ്പിക്കും.(1പത്രോസ് 4: 6; 3:19) അവിടെ എന്റെ സുവിശേഷം അറിയിക്കുവാൻ മരണശേഷം കല്ലറയിൽ നിന്ന് ഞാൻ പാതാളത്തിൽ പോയ കാര്യം നിങ്ങൾക്കറിയാമല്ലോ.

മരണശേഷം നിങ്ങൾക്ക് പരസ്പരം തിരിച്ചറിയാൻ കഴിയും എന്നതിന് ചില ഉദാഹരണങ്ങൾ ഞാൻ ധനവാന്റെയും ലാസറിന്റെയും ഉപമയിൽ പറയുന്നുണ്ടല്ലോ. (ലൂക്കോസ് 16: 20–). അതുപോലെ മറുരൂപമലയിൽ മോശയും ഏലിയാവും പ്രത്യക്ഷപ്പെടുക മാത്രമല്ല യെരുശലേം പട്ടണത്തിൽ എനിക്ക് സംഭവിക്കാനിരിക്കുന്ന മരണത്തെപ്പറ്റി ചർച്ച ചെയ്യാനും കഴിവുള്ള സ്ഥലകാല ബോധം ഉള്ള അവസ്ഥയാണ് മരണശേഷം നിങ്ങൾക്ക് ലഭിക്കുന്നതെന്ന് മനസ്സിലാക്കണം. (മത്തായി 17: 2;മർക്കോസ് 9:2). ശരീരം വിട്ടു പിരിഞ്ഞാലും, ആത്മാവിന് സ്വാതന്ത്ര്യം ഉള്ളതിനാൽ വീണ്ടും വീണു പോകാനും, ശ്രദ്ധിച്ചാൽ വീഴാതെ ജീവിക്കുവാനും സാധ്യതയുണ്ടെന്ന് ഓർക്കണം. പൗലോസ് ശ്ലീഹാ ഈ കാര്യം വ്യക്തമാക്കി കൊണ്ട് പറയുന്നു" അതുകൊണ്ട് ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും ഞങ്ങൾ ദൈവത്തെ പ്രസാദിപ്പിക്കുന്നവർ ആകുവാൻ അഭിമാനിക്കുന്നു" (2 കൊരിന്ത്യർ 5:9). ദൈവത്തെ പ്രസാദിപ്പിക്കാൻ ജീവിക്കാനുള്ള സ്വാതന്ത്ര്യം ശരീരം വിട്ടു പിരിഞ്ഞാലും നിങ്ങൾ കൊണ്ടുവന്നതിനാൽ മരണശേഷവും വീണു പോകാതെ ജീവിക്കേണ്ടതിന് നിങ്ങൾ പരിശ്രമിക്കേണ്ടതാണ് എന്ന് ഓർക്കുക. (1കൊരിന്ത്യർ 5:9). ആകയാൽ പറുദീസായുടെ അനുഭവത്തിൽ എത്തിയാൽ പോലും വീണു പോകാനുള്ള സാധ്യതയുണ്ട് എന്നുള്ള കരുതലും, പാതാളത്തിന്റെ അനുഭവത്തിൽ ചെന്ന് പെട്ടാലും, മാനസാന്തരപ്പെട്ട് അവിടെനിന്നും കരകയറുവാൻ ദൈവം അനുവദിക്കുമെന്ന പ്രത്യാശയും മരിച്ചു പോകുന്ന ആത്മാക്കൾക്ക് ഉള്ളതിനാൽ, ജീവനോടെ ഇരുന്നപ്പോൾ പരസ്പരം ദൈവകരുണ ലഭിക്കുവാൻ വേണ്ടി പ്രാർത്ഥിച്ചതുപോലെ അവർക്കുവേണ്ടി ശരീരത്തിൽ ജീവിക്കുന്ന നിങ്ങൾക്കും അവകാശവും ചുമതലയും ഉണ്ടെന്നറിഞ്ഞ്, മരിച്ചുപോയ എല്ലാവർക്കും വേണ്ടി കാരുണ്യവാനായ സ്വർഗ്ഗ പിതാവിനോട് നിത്യവും നിങ്ങൾ പ്രാർത്ഥിക്കണം.

അന്ത്യന്യായവിധിയുടെ നാൾ വരെയും കരുണയുടെ കാലമായതിനാൽ ജീവിക്കുന്ന നിങ്ങൾക്കുവേണ്ടി ചെയ്യുന്നപോലെ തന്നെ ഈ ലോകത്ത് നിന്നും മാറി മറ്റൊരു അവസ്ഥയിൽ ജീവിച്ചുകൊണ്ടിരിക്കുന്ന വർക്കുവേണ്ടി നിങ്ങൾ വിശ്വാസപൂർവ്വം കരുണയ്ക്കായി പ്രാർത്ഥിക്കുമ്പോൾ അവർക്ക് പ്രയോജനപ്പെടും.ഈ ലോകത്തിൽ നിന്നും മറ്റൊരു അവസ്ഥയിലേക്ക് മാറിപ്പോയി എന്ന് മാത്രമേ മരണം മൂലം സംഭവിക്കുന്നുള്ളൂ. അതിനാൽ വാങ്ങിപോകുന്ന, അഥവാ സ്ഥലം മാറിപ്പോകുന്ന, ഒരു അനുഭവം മാത്രമാണ് മരണം എന്ന് നിങ്ങൾ മനസ്സിലാക്കുക.

നിങ്ങൾ മരിച്ചു പോകുമ്പോൾ ഒന്നും തന്നെ കൊണ്ടുപോകുന്നില്ലെന്ന് സാധാരണ പറയുന്നത് ശരിയല്ല. ഈ ലോകത്തിൽ നിങ്ങൾക്ക് ഉണ്ടായിരുന്ന സമ്പാദ്യങ്ങൾ, ശാരീരികബന്ധങ്ങൾ, നിങ്ങളുടെ ശരീരം തന്നെയും ഇവിടെ ഉപേക്ഷിച്ചാണ് പോകുന്നത്. അവയൊന്നും നിത്യതയിൽ നിങ്ങൾക്ക് ആവശ്യമില്ല. സ്വർഗ്ഗത്തിൽ നിങ്ങൾക്ക് നല്ല ബന്ധങ്ങളും നിക്ഷേപങ്ങളും സന്തോഷ അനുഭവങ്ങളും കാത്തിരിക്കുന്നുണ്ടല്ലോ. നിങ്ങൾ ഈ ഭൂമിയിൽ ജനിച്ചു വീഴുന്നതിനു മുൻപ് അമ്മയുടെ ഉദരത്തിൽ വളർന്നു വന്നിരുന്ന കാലഘട്ടത്തിൽ രൂപംകൊണ്ട ശരീര അവയവങ്ങൾ ഒന്നും ഗർഭപാത്രത്തിലെ ജീവിതകാലത്ത് ആവശ്യമില്ലായിരുന്നു. എന്നാൽ ആ കാലഘട്ടം ഭൂമിയിലെ നിങ്ങളുടെ ജീവിതത്തിന് ആവശ്യമായ അവയവങ്ങൾ രൂപപ്പെടുത്താൻ അത്യാവശ്യമായിരുന്നു. അതുപോലെ ഈ ഭൂമിയിൽ വസിക്കുന്ന സമയത്തും സ്വർഗ്ഗരാജ്യത്തിലെ നിത്യജീവന് ആവശ്യമായ കഴിവുകൾ നിങ്ങളിൽ രൂപപ്പെടുത്തുവാൻ വേണ്ടിയാണ് ഈ ലോകജീവിതം നിങ്ങൾക്ക് നൽകുന്നത്. എന്നേക്കും നിലനിൽക്കുന്ന വിശ്വാസം, പ്രത്യാശ,സ്നേഹം എന്ന 3 സുകൃതങ്ങളെ പറ്റി പരിശുദ്ധ പൗലോസ് ശ്ലീഹ പറയുന്നത് ശ്രദ്ധിച്ചു കാണുമല്ലോ. (1കൊരിന്ത്യർ 13:13).ഈ സുകൃതങ്ങൾ എന്തുമാത്രം ഈ ലോകജീവിതത്തിൽ നിങ്ങൾക്ക് സമ്പാദിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ, അവയെല്ലാം മരണശേഷം നിങ്ങളോടുകൂടെ നിങ്ങൾക്ക് കൊണ്ടുപോകാൻ ഉള്ളതാണ്.കാരണം വിശ്വാസം ഇല്ലാതെയും പ്രത്യാശ ഇല്ലാതെയും സ്നേഹം ഇല്ലാതെയും അവിടെ ജീവിക്കാൻ കഴിയില്ല. അതുപോലെതന്നെ ഈ ലോകത്തിൽ നിങ്ങൾ ചെയ്തിട്ടുള്ള പ്രവൃത്തികൾക്ക് അനുസരിച്ച് വലിയൊരു നിക്ഷേപം ലോകത്തിൽവച്ച് തന്നെ നിങ്ങൾ ഉണ്ടാക്കേണ്ടതാണ്. സ്വർഗ്ഗത്തിൽ നിക്ഷേപിക്കുവാൻ ഈലോക ജീവിതത്തിൽ നിങ്ങൾ പരാജയപ്പെട്ടാൽ,അതനുസരിച്ചുള്ള കുറവും ദാരിദ്ര്യവും സ്വർഗ്ഗത്തിൽ നിത്യമായി നിങ്ങൾ അനുഭവിക്കേണ്ടിവരും എന്നതും നീതിമാനായ ദൈവത്തിന്റെ പ്രധാന വ്യവസ്ഥയാണ്. ആകയാൽ ശരീരത്തോടെ ഈ ലോകത്തിൽ ചെയ്യുന്ന സകല പ്രവർത്തികൾക്ക് തക്ക പ്രതിഫലം നിങ്ങൾക്ക്

ഉണ്ടെന്നുള്ള ധൈര്യത്തിൽ എന്നോടൊപ്പം പ്രത്യാശയിലേക്ക് നയിക്കുന്ന വിശ്വാസത്തോടെ കഴിയുന്ന സ്നേഹ പ്രവർത്തികൾ ചെയ്തു സമാധാനമായി മരിക്കുവാൻ തയ്യാറായി ജീവിക്കുക. (2 കൊരിന്ത്യർ.5:8).

ചിത്രശലഭങ്ങളുടെ ജീവിതക്രമം നോക്കുമ്പോൾ മനുഷ്യജീവിതത്തിലും നാല് ഘട്ടങ്ങൾ കാണാവുന്നതാണ്. ഭൂമിയിൽ "മുട്ട"യുടെ രൂപത്തിൽ ജനിച്ചുവീണ ശേഷം മാമോദിസ വഴി "പുഴുവായി" വീണ്ടും ജനനം പ്രാപിച്ച ഈലോകത്തിൽ കുറെനാൾ ഭക്ഷണം കഴിച്ചു വളർന്നു, മൺ കൂടാരത്തിൽ "കൂകൂൺ" സമാധിയായത് പോലെ മരണശേഷം ശവക്കല്ലറയിൽ വിശ്രമിച്ചശേഷം, പുനരുത്ഥാന സമയത്ത് പുതിയ ശരീരം പ്രാപിച്ചവരായി മനോഹരമായ പൂമ്പാറ്റകളെപ്പോലെ കൂട് പൊട്ടിച്ച് പുറത്തിറങ്ങി പറന്നുയരുന്ന ഒരു അനുഭവത്തിലേക്ക് വിശ്വാസികൾ പ്രത്യാശയോടെ കാത്തിരിക്കുക.

09-11-2020

## അദ്ധ്യായം 29

# എന്റെ മുന്നോടിയായ സ്നാപകയോഹന്നാൻ

**(മത്തായി 11: 2– 14; ലൂക്കോസ് 7: 18 –30)**

എന്റെ പരസ്യപ്രവർത്തനങ്ങളെ പറ്റിയുള്ള പ്രസിദ്ധി കടലിനും കരകൾക്കും അപ്പുറത്ത് അതിവേഗം പ്രചരിച്ചു തുടങ്ങി. ഈജിപ്ത്, അലക്സാണ്ട്രിയ, റോം തുടങ്ങി പല സ്ഥലങ്ങളിലെ ജനങ്ങൾ എന്നെപ്പറ്റി കേട്ട് അറിഞ്ഞു എന്നെ അന്വേഷിക്കുവാൻ വന്നുതുടങ്ങി. പ്രഭുക്കന്മാരുടെ കൊട്ടാരങ്ങളിലും സാധുക്കളുടെ കുടിലുകളിലും ഞാൻ സംസാരവിഷയമായി. എന്റെ അത്ഭുതങ്ങൾ നേരിട്ട് കണ്ടവർ ആ വാർത്തകൾ അതിവേഗം പ്രസിദ്ധം ആക്കി കൊണ്ടിരുന്നു. കാരാഗൃഹത്തിൽ കിടന്നിരുന്ന തടവുകാരും എന്റെ പരസ്യ ശുശ്രൂഷകളെപറ്റി കേട്ടു മാനസാന്തരപ്പെട്ടു എന്നെ പിൻതുടരുവാൻ ആഗ്രഹിച്ചു തുടങ്ങി.

എനിക്ക്മാമോദിസ നൽകിയ സ്നാപകൻ, ഹെരോദ രാജാവിന്റെ ഭാര്യ, സഹോദരനായ ഫിലിപ്പിന്റെ മുൻഭാര്യ ആയിരുന്നപ്പോൾ അവളെ വശീകരിച്ച് സ്വന്തം ഭാര്യ ആക്കിയത് തെറ്റാണെന്ന് യോഹന്നാൻ മുഖത്തുനോക്കി പറഞ്ഞതത്്റെ ശിക്ഷ ആയിട്ടാണ് യോഹന്നാൻ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടത്. (മത്തായി.14:1–5). ഞാൻ ചെയ്തിരുന്ന കാര്യങ്ങളെപ്പറ്റി യോഹന്നാൻ വളരെ കാര്യമായി അന്വേഷിച്ചു കൊണ്ടിരുന്നു. മാസങ്ങളായിട്ടും അയാളെ തടവിൽനിന്ന് മോചിപ്പിക്കുന്നതിന് ഞാൻ ഒന്നുംചെയ്തില്ല എന്നകാര്യത്തിൽ അദ്ദേഹം എന്നെ സംശയിക്കാൻ തുടങ്ങി. ഞാൻ മശിഹാ ആയിരുന്നെങ്കിൽ തടങ്കലിൽനിന്നും അത്ഭുതകരമായി വിടുവിക്കും എന്ന് അദ്ദേഹം പ്രതീക്ഷിച്ചു. അത് ഉണ്ടാകാത്തതിനാൽ ഞാൻ മശിഹാ ആണോ എന്ന് വ്യക്തമാക്കുവാൻ അദ്ദേഹം ആഗ്രഹിച്ചതു തെറ്റൊന്നുമല്ല.എന്നാൽ എന്റെ മാമോദിസ സമയത്ത് ഞാൻ ദൈവപുത്രനാണെന്നും ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് ആണെന്നും ഒക്കെ വെളിപ്പെട്ട കാര്യം പൂർണമായി വിശ്വസിക്കുവാൻ അദ്ദേഹത്തിന് കഴിയാതെ പോയതിൽ ഉള്ള ഒരു ദുഃഖം ഇപ്പോഴും എന്റെ മനസ്സിൽ ഉണ്ട്. (യോഹന്നാൻ 1: 29).

യോഹന്നാന്റെ ശിഷ്യന്മാർ കാരാഗൃഹത്തിൽ പതിവായി സന്ദർശിക്കുമ്പോൾ എല്ലാം ഞാൻ പ്രവർത്തിക്കുന്ന അത്ഭുതങ്ങൾ കേട്ട് അദ്ദേഹം സന്തോഷിക്കുന്നത് ഞാൻ അറിഞ്ഞിട്ടുണ്ട്. എന്നിലുള്ള സംശയം കുറഞ്ഞുവന്നെങ്കിലും പൂർണമായി വ്യക്തതവരുത്തുവാൻ അദ്ദേഹത്തിന്റെ കുറച്ച്ശിഷ്യന്മാരെ എന്റെ അടുക്കൽ പറഞ്ഞയച്ചു, എന്റെ മറുപടിക്ക് വേണ്ടി. ഞാൻ തന്നെയാണോ സത്യമായും വാഗ്ദത്ത മിശിഹാ? അഥവാ ഞാൻ അല്ലെങ്കിൽ പ്രവചനപുസ്തകങ്ങളിൽ പറഞ്ഞിരിക്കുന്ന "മുന്നോടി" മറ്റാരെങ്കിലും ആകുമോ? എന്ന ആശങ്കയും യോഹന്നാന് ഉണ്ടായിരുന്നു.(യെശയ്യ 40:3; മലാക്കി 3: 1– 5). തന്നെയല്ല, അദ്ദേഹത്തിന്റെ പിതാവായ സക്കറിയ പുരോഹിതനോട് ദൈവദൂതൻ അറിയിച്ച ദൂത് മശിഹായുടെ "മുന്നോടിയായി" തീരുമെന്ന പ്രഖ്യാപനം ഫലിക്കാതെ പോകുമെന്ന ആശങ്കയും ഉണ്ടായിരുന്നു. (ലൂക്കോസ് 1: 17). ഞാൻ മശിഹാ അല്ലെങ്കിൽ തന്റെ ജീവിതം മുഴുവനും വ്യർത്ഥം ആയി പോകുമല്ലോ എന്ന ഭയവും അദ്ദേഹത്തിനുണ്ടായിരുന്നു.എന്റെ മനുഷ്യാവതാരത്തിനു മുൻപ് മശിഹായുടെ പേരിൽ വ്യാജമായി പ്രത്യക്ഷപ്പെട്ട് യഹൂദന്മാരെ കളിപ്പിച്ച നാല് വ്യക്തികളെ പറ്റി ഞങ്ങളുടെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കാരണങ്ങൾ കൊണ്ട് യോഹന്നാൻ സ്നാപകന്റെ സംശയങ്ങൾക്കും ആശങ്കകൾക്കും അടിസ്ഥാനമുണ്ട്.എന്നിരുന്നാലും, ദൈവപിതാവിന്റെ പദ്ധതിയെ പൂർണമായി വിശ്വസിക്കുവാൻ അദ്ദേഹത്തിന് കഴിയാത്തതിൽ എനിക്ക് ദുഃഖമുണ്ട്.

മരുഭൂമിയിൽ സാത്താൻ എന്നെ പരീക്ഷിച്ച അനുഭവം യോഹന്നാനും കാരാഗൃഹത്തിൽ വെച്ച് ഉണ്ടായി കാണും എന്ന് എനിക്ക് തോന്നി.ഞാൻ കേവലം ഒരു മനുഷ്യൻ മാത്രമാണെന്നും എന്നെ മശിഹാ ആണെന്ന് വിശ്വസിച്ച് കാത്തിരിക്കുന്ന അയാൾ ഒരു വിഡ്ഢി ആണെന്ന് ഒക്കെ സാത്താൻ അവനെ ബോധ്യപ്പെടുത്താൻ ശ്രമിച്ചു കാണും എന്ന് എനിക്ക് മനസ്സിലായി. ഇതുപോലെ തന്നെ എന്നെ വിശ്വസിക്കുന്ന നിങ്ങൾക്കും സാത്താന്റെ പ്രലോഭനങ്ങൾ ഉണ്ടാകാൻ ഇടയുണ്ടെന്ന് നിങ്ങളും കരുതി ജാഗ്രത പാലിക്കണം. യോഹന്നാന്റെ ശിഷ്യന്മാർ എന്നോട് ഇങ്ങനെ പറഞ്ഞു: "വരുവാനുള്ളവൻ നീയോ? അല്ല, ഞങ്ങൾ മറ്റൊരുത്തനെ കാത്തിരിക്കണമോ എന്ന ചോദിക്കുവാൻ യോഹന്നാൻ സ്നാപകൻ ഞങ്ങളെ നിന്റെ അടുക്കൽ അയച്ചിരിക്കുന്നു"(ലൂക്കോസ് 7:18 –20). അവർ വന്ന് ചോദിക്കുന്ന സമയത്ത് ഞാൻ സൗഖ്യദായകശുശ്രൂഷ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. തിരുവെഴുത്തുകളിൽ മിശിഹായുടെ വരവിന്റെ അടയാളങ്ങളായി ഇപ്രകാരം സൗഖ്യം നൽകും എന്ന് പ്രവാചകൻ പറഞ്ഞകാര്യം യോഹന്നാന് അറിയാമായിരുന്നു. (യശയ്യ. 35:5; 61:1). അതുകൊണ്ടുതന്നെ എന്റെ സൗഖ്യദായകപ്രവർത്തനങ്ങൾ യോഹന്നാനെ

അറിയിക്കുവാൻ ഞാൻ അവരോട് ഇങ്ങനെ പറഞ്ഞു: "നിങ്ങൾ ഞാൻ ചെയ്യുന്നത് കാണുകയും കേൾക്കുകയും ചെയ്യുന്നത് യോഹന്നാനെ ചെന്ന് അറിയിക്കുക. എങ്കൽ ഇടറി പോകാത്തവൻ ഭാഗ്യവാൻ" (ലൂക്കോസ് 7: 22,23). അവർ തിരിച്ചുപോയി യോഹന്നാനെ അറിയിച്ചപ്പോൾ അവന്റെ സംശയം എല്ലാം മാറി ഉത്തമ വിശ്വാസിയായി തീർന്നു എന്ന് മാത്രമല്ല, അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം എല്ലാ അനുയായികളെയും എന്നോട് ചേർന്ന് പ്രവർത്തിക്കുവാൻ നിയോഗിക്കുകയും ചെയ്തു. അവരും കൂടെ എന്റെകൂട്ടത്തിൽ വന്നുചേർന്നു കഴിഞ്ഞപ്പോൾ എനിക്ക് കൂടുതൽ സന്തോഷം ആയി.

ഞാൻ ചെയ്ത പ്രവൃത്തികൾ തന്നെയാണ് എന്റെ സാക്ഷ്യം. നിങ്ങൾക്കും അങ്ങനെ തന്നെ ആയിരിക്കണം."ആമേൻ, ആമേൻ ഞാൻ നിങ്ങളോട് പറയുന്നു.ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും. ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് അതിൽ വലിയതും അവൻ ചെയ്യും." (യോഹന്നാൻ. 14: 12). ഇത് ഞാൻ എന്നിൽ വിശ്വസിക്കുന്ന നിങ്ങൾ ഓരോരുത്തരോടും പറയുന്ന വാഗ്ദാനം ആണ്. അതുകൊണ്ട് ധൈര്യമായി നിങ്ങളും എന്റെ സാക്ഷികളാകുവാനും പ്രവർത്തിക്കുവാനും മുന്നോട്ടുവരിക. നിങ്ങൾ ആയിരിക്കുന്ന സ്ഥലങ്ങളിൽ ഞാൻ നേരത്തെ പഠിപ്പിച്ചതുപോലെ എന്റെ ഉത്തമ സാക്ഷികളായി ജീവിച്ചു കാണിക്കുക.

എന്റെ കേൾവിക്കാരിൽ പലരും യോഹന്നാനിൽനിന്നും മാനസാന്തര സ്നാനം സ്വീകരിച്ചവർ ആയിരുന്നു. യോഹന്നാൻ എനിക്ക് മുൻപായി വഴിയൊരുക്കുവാൻ അയക്കപ്പെട്ട പ്രവാചകൻ ആണെന്നും ഏലിയാ പ്രവാചകനെപ്പോലെ ദൈവശക്തി ഉപയോഗിച്ച് മനുഷ്യമനസ്സുകളിൽ അനുതാപമഴ പെയ്യിച്ചവൻ ആണെന്നൊക്കെ അവരിൽ പലർക്കും അറിയാം. സമൂഹത്തിൽ നാനാ വിഭാഗങ്ങളിൽപ്പെട്ട അനേകരെ ദൈവത്തിങ്കലേക്ക് മനസ്സ് തിരിക്കുവാൻ യോഹന്നാൻ ചെയ്ത സേവനം വളരെ വിലപ്പെട്ടതാണ്. യഹൂദന്മാരുടെ ഇടയിലെ ഭരണചക്രം തിരിക്കുന്ന ഉന്നതരെയും താഴെക്കിടയിൽ വിവിധ തുറകളിൽ ജോലി ചെയ്യുന്നവരെയും സാമൂഹ്യ ദ്രോഹികൾ, സാമൂഹികസേവകർ എന്നിവരെയും പട്ടാള സേവനത്തിലും മറ്റു വ്യവസായ സംരംഭങ്ങളിലും പ്രവർത്തിക്കുന്നവരെയും എല്ലാം എന്നിലേക്ക് ആകർഷിക്കുവാൻ യോഹന്നാൻ അവരുടെ മനസ്സുകളെ ഒരുക്കിയത് ദൈവപിതാവിന്റെ വലിയ ഒരു പദ്ധതി തന്നെ ആയിരുന്നു. "ദൈവരാജ്യം സമീപിച്ചിരിക്കുകയാണ്, ആകയാൽ മാനസാന്തരപ്പെടുവിൻ" എന്ന സന്ദേശമായിരുന്നു അദ്ദേഹം മനുഷ്യർക്ക് നൽകിക്കൊണ്ടിരുന്നത്. അതോടൊപ്പം "ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്"

ഞാനാണെന്നും (യോഹന്നാൻ. 1 :29), ഞാൻ പരിശുദ്ധാത്മാവ്കൊണ്ടും അഗ്നികൊണ്ടും മാമോദിസ നൽകുമെന്നും(മത്തായി 3: 11) പ്രസംഗിച്ചു പറഞ്ഞത് എന്റെ ഈലോക പ്രവർത്തനങ്ങൾക്ക് വളരെഏറെ സഹായകമായി. ഞാനും എന്റെ പരസ്യ ശുശ്രൂഷ ആരംഭിച്ചത്,സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുകയാണ് മാനസാന്തരപ്പെടുവിൻ എന്ന് പറഞ്ഞുകൊണ്ട് തന്നെ ആയിരുന്നു. യോഹന്നാൻ എനിക്ക് മാമോദിസ നൽകിയ സമയത്ത് സാക്ഷികളായിരുന്ന അധികപങ്കു ആളുകളും ഇപ്പോൾ എന്നെ സദാ അനുഗമിക്കുന്നവരാണ്. പരിശുദ്ധ ആത്മാവ് എന്റെമേൽ പറന്നിറങ്ങി എന്നെ അഭിഷേകം ചെയ്തതും ഞാൻ പിതാവിന്റെ പ്രിയ പുത്രനാണെന്ന് സ്വർഗ്ഗ പിതാവ് പറഞ്ഞതും കേട്ടവരാണ് അവർ. (യോഹന്നാൻ 1: 32, 33).

എന്നെ ഇപ്പോഴും സംശയിക്കുന്ന അനേകരുണ്ട്. അതുപോലെ യോഹന്നാൻ എന്റെ മുന്നോടി തന്നെ ആണോ എന്ന് സംശയിക്കുന്നവരും ഉണ്ടെന്ന് ഞാൻ മനസ്സിലാക്കി. ഏശയ്യ 40: മൂന്നിലും, മലാഖി 3 ഒന്നിലും പറയപ്പെടുന്ന പ്രവാചകൻ യോഹന്നാൻ തന്നെയാണെങ്കിൽ അദ്ദേഹം ഇത്രനാളും ജയിലിൽ കിടക്കേണ്ടി വരുന്നത് എന്തുകൊണ്ടാണ് എന്നായിരുന്നു അവരുടെ സംശയം. യഹൂദമത നേതാക്കന്മാർ യോഹന്നാനെ സ്വീകരിക്കാതെയും അവന്റെ മാമ്മോദീസാ സ്വീകരിച്ചവരെ വെറുക്കുകയും ചെയ്തിരുന്നതിനാൽ അവരുടെ സംശയം ഇരട്ടിയായി.യഥാർത്ഥത്തിൽ ദൈവിക പദ്ധതിയെ അവർക്ക് തിരിച്ചറിയാതെ പോയതിനാൽ, അവരുടെ ആത്മീയ ജീവിതം കൂടുതൽ അന്ധകാര പൂർണമായി. അങ്ങനെ സത്യവെളിച്ചം കാണാൻ കഴിയാത്തവർ ആയിത്തീർന്നു.ഇപ്രകാരം ബോധപൂർവ്വം സത്യനിഷേധികൾ ആകാൻ സ്വയം തെരഞ്ഞെടുക്കുന്നവരെ അസത്യം വിശ്വസിച്ച് അന്ധകാരശക്തികൾക്കു കീഴ്പ്പെട്ട്പ്രവർത്തിക്കുവാൻ ദൈവം തന്നെ വിട്ടുകൊടുക്കുമെന്ന് നിങ്ങളും തിരിച്ചറിയണം. പൗലോസ്ശ്ലീഹ ഇക്കാര്യം വ്യക്തമാക്കി പറഞ്ഞിട്ടുള്ളത് നിങ്ങൾ കാണുക(2തെസ്സ.2:9–12). അങ്ങനെയുള്ളവർ സാത്താന്റെ കയ്യിൽ അകപ്പെട്ടു എല്ലാവിധ ക്രൂരതകൾക്കും മുഖാന്തരം ആയി പ്രവർത്തിക്കുന്നവർ ആയിത്തീർന്നു നിത്യശിക്ഷാവിധിയിൽ അകപ്പെട്ടു പോകും.

എന്നെ കേട്ടുകൊണ്ടിരുന്ന ആളുകളോട് യോഹന്നാനെകുറിച്ച് ഞാൻ ഇങ്ങനെ പറഞ്ഞു: "നിങ്ങൾ എന്ത് കാണ്മാൻ മരുഭൂമിയിൽ പോയി? കാറ്റിനാൽ ഉലയുന്ന ഓടയോ? അതോ ഒരു പ്രവാചകനെ കാണ്മാനോ? അതെ പ്രവാചകനിലും മികച്ച വനെ തന്നെ, സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ യോഹന്നാൻ സ്നാപക നേക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല. സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവനോ അവനിലും വലിയവൻ എന്ന്

സത്യമായിട്ടും ഞാൻ നിങ്ങളോട് പറയുന്നു". (മത്തായി 11: 7 –10; മലാക്കി 3: 1 –4).ഞാൻ ഇങ്ങനെ പറയുക വഴി യോഹന്നാൻ പ്രവചന പൂർത്തീകരണം ആയ എന്റെ "മുന്നോടി" തന്നെയാണെന്നും അങ്ങനെ ഞാൻ തന്നെ "സത്യ മശിഹാ"തന്നെ ആണെന്നും അവരെ ബോധ്യപ്പെടുത്തുകയായിരുന്നു. യഹൂദ പ്രമാണിമാർ യോഹന്നാനെയും എന്നെയും ഒരുപോലെ നിഷേധിച്ചവർ ആയിരുന്നല്ലോ. അവർക്കും കൂടി ഉള്ള ഒരു സന്ദേശം ആയിട്ടാണ് ഞാൻ ഇപ്രകാരം പരസ്യപ്രസ്താവന നടത്തിയത്.

നിങ്ങളോട് എനിക്ക് പ്രത്യേകമായി ഒരു കാര്യം ഈ സന്ദർഭത്തിൽ പറയാനുണ്ട്: നിങ്ങൾ ഒരാളുടെ നിലപാട് അംഗീകരിക്കുന്നു എങ്കിൽ അയാളുടെ പദ്ധതിയോട് ചേർന്ന് പ്രവർത്തിക്കുവാൻ സന്നദ്ധരാകണം. പിന്തുണയ്ക്കുന്നവർ ആണെന്ന് മാത്രം പറഞ്ഞ് മാറി നിൽക്കാൻ പാടില്ല. ആ നിലപാട് എന്തിനുവേണ്ടി ഉള്ളതാണോ ലക്ഷ്യം പ്രാപിക്കുന്നത് വരെ ഒന്നിച്ച് നിന്ന് തന്നെ പ്രവർത്തിക്കണം. അതേസമയം, നിങ്ങൾക്ക് സ്വീകാര്യമല്ലാത്ത നിലപാടുള്ള വരാണെന്ന് നിങ്ങൾക്ക് മനസ്സിലായാൽ എത്രയും വേഗം സ്ഥലം വിട്ടു നിങ്ങളുടെ വഴിക്ക് പോവുക. സംശയത്തിനും അഭിപ്രായ വ്യത്യാസത്തിനും ഇടയാക്കുന്ന സാഹചര്യത്തിൽ പ്രവർത്തിക്കുന്ന ഒരു കാര്യവും വിജയിക്കില്ലെന്ന് അറിയാമല്ലോ. ആകയാൽ സകലവും നല്ലതുപോലെ വിവേചിച്ചറിഞ്ഞ് നല്ലത് എന്ന് തോന്നിയാൽ അതിൽ ഉറച്ചു നിന്ന് പ്രവർത്തിക്കുക. അല്ലെങ്കിൽ പൂർണ്ണമായി അത് വിട്ടു മാറി പോവുക. ഈയൊരു ശീലം നിങ്ങളുടെ ദൈവരാജ്യ പ്രവർത്തനത്തിൽ മാത്രമല്ല ദൈനംദിന ജീവിതത്തിലും വളരെ പ്രധാനപ്പെട്ടതാണ്.

സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ യോഹന്നാ നേക്കാൾ വലിയവർ ആരുമില്ലെന്ന് ഞാൻ പറഞ്ഞപ്പോൾ നിങ്ങൾ ചിലരെങ്കിലും നെറ്റിചുളിച്ചു കാണും. പുരുഷന്മാരിൽ ആരുമില്ല എന്നാണ് ഞാൻ ഉദ്ദേശിച്ചത്. കാരണം എന്റെ അമ്മയായ മറിയമിനെക്കാൾ ഭാഗ്യവതിയായി സ്ത്രീകളിൽ ആരും തന്നെ ഇല്ല എന്ന് കൂടി നിങ്ങൾ അറിയണം. എന്റെ അമ്മ തന്നെ എന്നെ ഗർഭത്തിൽ വഹിച്ചുകൊണ്ട് പാടി പറഞ്ഞത് ഞാൻ ഓർക്കുന്നു, "കണ്ടാലും ഇന്നു മുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്ന് വാഴ്ത്തും"(ലൂക്കോസ് 1: 48).എന്നെ ഉദരത്തിൽ വഹിക്കുവാനും എനിക്ക് ജന്മം നൽകി വളർത്തുവാനും ദൈവപിതാവ് തെരഞ്ഞെടുത്ത മറിയം അമ്മ തന്നെയാണ് സ്ത്രീകളായി ജനിച്ചവരിൽ ഏറ്റവും വലിയവൾ.

ദൈവരാജ്യത്തിൽ ഏറ്റവും ചെറിയവൻ യോഹന്നാനെകാൾ വലിയവൻ ആകും എന്ന് ഞാൻ പറഞ്ഞതും നിങ്ങൾക്ക് മനസ്സിലായില്ല എന്ന്

തോന്നുന്നു. പഴയനിയമ കാലഘട്ടം യോഹന്നാനിൽ അവസാനിക്കുകയും പുതിയനിയമ കാലഘട്ടം എന്നിലൂടെ ആരംഭിക്കുകയായിരുന്നു. പഴയനിയമ കാലഘട്ടത്തിൽ സ്വർഗ്ഗരാജ്യം എന്ന ആശയം വ്യക്തം ആക്കപ്പെട്ടിരുന്നില്ല എന്ന് നിങ്ങൾക്ക് അറിയാമല്ലോ. കനാൻദേശം വരെ ഉള്ള ഒരു ലൗകീക ലക്ഷ്യം മാത്രമേ മോശെ മുഖാന്തരം ഇസ്രായേൽ ജനത്തിന് നൽകിയിരുന്നുള്ളൂ. എന്നാൽ സ്വർഗ്ഗരാജ്യം സമീപിച്ചിരുന്നതായി യോഹന്നാൻ പ്രചരിപ്പിക്കുകയും അതിനെ സ്വീകരിക്കുന്നതിനായി മാനസാന്തരം ഉദ്ഘോഷിക്കുകയും ചെയ്തു. പഴയ നിയമ ന്യായപ്രമാണങ്ങൾ, പുതിയ നിയമത്തിൽ ഞാൻ നൽകിയ സ്നേഹ പ്രമാണത്തിന് വഴിമാറിക്കൊടുത്തു. എന്റെ ക്രൂശു മരണവും പുനരുദ്ധാനവും കഴിഞ്ഞ ശേഷം മാത്രമാണ് പുതിയ ഇസ്രായേൽ ആകുന്ന എന്റെ സഭ സ്ഥാപിതമായത്. (മത്തായി 16 :18). ആ സഭയിലെ അംഗങ്ങൾ ആകുന്നവർക്ക് ആണ് സ്വർഗ്ഗത്തിലേക്കുള്ള പ്രവേശനം ഞാൻ വാഗ്ദാനം ചെയ്തത്.

അങ്ങനെ ചിന്തിക്കുമ്പോൾ, പഴയനിയമ കാലഘട്ടത്തിൽ ജീവിച്ചിരുന്ന എല്ലാവരും തന്നെ എന്നെ അംഗീകരിക്കാൻ ഇടയാകുന്നത് വരെ ദൈവരാജ്യ മക്കളെക്കാൾ താഴ്ന്ന നിലയിൽ തന്നെ സ്ഥിതി ചെയ്യുന്നവരാണ്. എന്നാൽ ഞാൻ മരിച്ച പാതാളത്തിൽ പോയി സുവിശേഷം അറിയിച്ചിട്ടുള്ള തിനാൽ എനിക്ക് മുൻപേ മരിച്ചുപോയ എല്ലാവരും, യഹൂദന്മാരും മാത്രമല്ല മറ്റെല്ലാ ജാതിക്കാരും എന്നെ അറിഞ്ഞു "സത്യ ഏകദൈവത്തിൽ" വിശ്വസിക്കാൻ ഞാൻ എല്ലാവർക്കും അവസരം കൊടുക്കുന്നുണ്ട്. കാരണം ദൈവ സൃഷ്ടികളായ മനുഷ്യരെല്ലാവരും ദൈവ സ്വരൂപത്തിലും സാദൃശ്യത്തിലും നിർമ്മിക്കപ്പെട്ടവരാണ്. എന്നാൽ പിശാചിന്റെ വാക്കുകേട്ട് സത്യഏക ദൈവത്തിന്റെ കല്പനകളെ ധിക്കരിച്ച് കഴിയുന്നവർ രക്ഷപ്രാപിക്കും എന്ന് എനിക്ക് ഉറപ്പ് നൽകാൻ ആവില്ല. എന്റെ വഴികൾ സ്വീകരിച്ച് അവ അനുസരിച്ചു വരുന്നവരെ ഞാൻ ന്യായം വിധിക്കുമ്പോൾ നീതിയോടെ തന്നെ ഞാൻ ന്യായം വിധിക്കും. എല്ലാവരും തന്നെ രക്ഷിക്കപ്പെടണമെന്നാണ് എന്റെയും നിങ്ങളുടെയും ദൈവമായ സ്വർഗ്ഗപിതാവ് ആഗ്രഹിക്കുന്നത്. അവരെ ഓരോരുത്തരെയും അവരവരുടെ പ്രമാണങ്ങൾക്ക് അനുസരിച്ച് ഞാൻ നീതിയോടെ ന്യായം വിധിക്കും എന്ന് നേരത്തെ പറഞ്ഞത് നിങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ. പ്രമാണങ്ങൾ ഒന്നും ഇല്ലാത്തവർക്ക് അവരുടെ ഹൃദയത്തിൽ ഞാൻ നൽകിയിട്ടുള്ള പ്രമാണങ്ങൾ അവരവരുടെ മനസാക്ഷിക്ക് അനുസരിച്ച് പാലിച്ചിട്ടുണ്ടോ എന്ന് നോക്കിക്കൊണ്ട്, അത്യന്തികമായി സ്നേഹം എന്ന പ്രമാണം പാലിച്ച

എന്ന് എനിക്ക് ബോധ്യമാകുന്ന എല്ലാവരെയും സ്വർഗ്ഗത്തിലേക്ക് ഞാൻ പ്രവേശിപ്പിക്കും.

യോഹന്നാൻ സ്നാപകനെപറ്റി ചില കാര്യങ്ങൾ കൂടി പറയാനുണ്ട്. മനുഷ്യരുടെ രക്ഷാകര ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ട ഒരു പങ്ക് യോഹന്നാനുണ്ടായിരുന്നു. അവന്റെ മാതാവിന്റെ ഉദരത്തിൽ വച്ചുതന്നെ എന്റെ മുന്നോടി ആകാൻ സ്വർഗ്ഗ പിതാവിനാൽ നിയോഗിക്കപ്പെട്ടവനാണ്. ഞങ്ങൾ മാതാവിന്റെ ഉദരം മുതൽ പരസ്പരം അഭിവാദ്യം ചെയ്തവരാണ്. എനിക്ക് വഴിയൊരുക്കുവാൻ ഏലിയ പ്രവാചകനെപ്പോലെ ശക്തനായി യോഹന്നാൻ വരും എന്ന പ്രവചനം പൂർത്തിയാക്കുവാൻ മരുഭൂമിയിലെ ശബ്ദമായി എനിക്ക് വഴിയൊരുക്കിയത് യോഹന്നാൻ ആയിരുന്നു (മലാക്കി 4:5; മത്തായി 3:3; ഏശയ്യ: 40: 3 –5).

എന്റെ പരസ്യപ്രവർത്തനം ആരംഭിക്കുന്ന സമയം അടുത്തപ്പോൾ യോഹന്നാൻ മരുഭൂമിയിലേക്ക് പോയി ഒരു ശിഷ്യസമൂഹം രൂപപ്പെടുത്തി, നാല് കാര്യങ്ങൾ ക്രമീകരിച്ചു.

1). മശിഹായുടെ വരവിനായി മനുഷ്യമനസ്സുകളിൽ മാനസാന്തരം ഉളവാക്കി പ്രസംഗിച്ചു. (ലൂക്കോസ് 3: 7 –17).

2). പാപങ്ങളുടെ മോചനത്തിനായി മാമോദിസ ഏർപ്പെടുത്തി.

3) ദൈവനീതിയുടെ ഫലം പുറപ്പെടുവിക്കാൻ ആഹ്വാനം ചെയ്തു.

4) ആത്മീയ ശിക്ഷണം പരിശീലിപ്പിച്ചു. സന്യാസവ്രതം സ്വീകരിച്ച് ദാരിദ്ര്യവും ഉപവാസവും ലളിതജീവിതവും പരുക്കൻ വസ്ത്രധാരണവും സ്വയം തെരഞ്ഞെടുത്ത ജീവിതത്തിലൂടെ ശിഷ്യസമൂഹത്തെ പരിശീലിപ്പിച്ചു, സ്വർഗ്ഗരാജ്യപ്രമാണങ്ങൾക്ക് ആരംഭം കുറിച്ചു.

യോഹന്നാൻ വ്യക്തിപരമായി "നാസീർ" വ്രതം സ്വീകരിച്ചിരുന്നു. (ലൂക്കോസ് 1:15 സംഖ്യ 6). ലോക പ്രകാരമുള്ള ശാരീരിക സുഖജീവിതത്തിന് അപ്പുറത്ത് കേൾവിക്കാരുടെ മനസ്സ് എന്നിലേക്ക് തിരിക്കുവാൻ യോഹന്നാൻ അധ്വാനിച്ച് വിജയിച്ചു.(മർക്കോസ്11:32; ലൂക്കോസ് 7:29). അവൻ സ്വയം വിനീതനായി എന്റെ ചെരുപ്പിന്റെ വാർ അഴിക്കുന്ന ദാസൻ ആണെന്ന് പറയുന്നുണ്ട് (മാർക്കോസ് 3:17). അതുപോലെ "മുന്നോടി ആകുന്ന അവൻ കുറയണം എന്നും യേശു ആകുന്ന ഞാൻ വളരണമെന്നും" ശിഷ്യന്മാരോട് അവൻ പറഞ്ഞു.(യോഹന്നാൻ 3: 30).

യോഹന്നാന്റെ സാക്ഷ്യം എനിക്ക് അത്യാവശ്യം ആയിരുന്നില്ല എങ്കിലും യോഹന്നാൻ ദൈവത്തിന്റെ പ്രവാചകനെന്ന് ജനം അംഗീകരിച്ചതിനാൽ എന്റെ വാക്കുകൾ ജനം സ്വീകരിക്കുവാൻ വളരെ എളുപ്പമായി എന്നത് വലിയ ഒരു കാര്യം തന്നെയാണ്. ഇത് മുൻകൂട്ടി അറിഞ്ഞു തന്നെയാണ് സ്വർഗ്ഗപിതാവ് എനിക്ക് നിമുന്നോടിയായി യോഹന്നാൻ സ്നാപകനെ അയച്ചത് (യോഹന്നാൻ. 5: 33 –35). എന്റെ ആദ്യകാലശിഷ്യന്മാരിൽ പലരും യോഹന്നാന്റെ ശിഷ്യഗണത്തിൽ പെട്ടവരായിരുന്നു. (യോഹന്നാൻ 1:35–39); തന്നെയല്ല ഒറ്റുകാരൻ ആയ യൂദാക്ക് പകരം തെരഞ്ഞെടുക്കപ്പെട്ട മത്തിയസും യോഹന്നാന്റെ ശിഷ്യനായിരുന്നു. രക്തസാക്ഷിയായി തന്നെ മരിച്ച യോഹന്നാനെ ഞാൻ പാതാളത്തിൽ ഇറങ്ങിച്ചെന്ന് പറുദീസയിൽ എന്നോടൊപ്പം കൊണ്ടുപോയ കാര്യം നേരത്തെ പറഞ്ഞത് നിങ്ങൾ ഓർക്കുന്നുണ്ടല്ലോ.യോഹന്നാൻ സ്നാപകന്റെ രക്തസാക്ഷി ദിനമായി സഭയിൽ എല്ലാ വിഭാഗങ്ങളും വർഷംതോറും ആചരിച്ചുവരുന്നത് കണ്ടു ഞാൻ സന്തോഷിക്കുന്നു.

10-11-2020

## അദ്ധ്യായം 30

# സ്വർഗ്ഗരാജ്യത്തിന്റെ സവിശേഷതകൾ

**(മത്തായി 11: 12; ലൂക്കോസ്. 16:16).**

ദൈവരാജ്യത്തെപറ്റിയും (kingdom of God) ലോകരാജ്യത്തെപറ്റിയും (Kingdom of Earth) കുറെ കാര്യങ്ങൾ ഞാൻ നേരത്തെ നിങ്ങളോട് പറഞ്ഞിട്ടുള്ളത് നിങ്ങൾ ഓർക്കുന്നുണ്ടല്ലോ. എന്നാൽ സ്വർഗ്ഗരാജ്യം (Kingdom of Heaven) എന്ന ആശയം കുറച്ചുകൂടി ആഴത്തിൽ നിങ്ങൾ ഗ്രഹിക്കേണ്ടത് ആയിട്ടുണ്ട്. ഇന്ന് ഞാൻ അതേപ്പറ്റി കുറെ കാര്യങ്ങൾ, തിരുവെഴുത്തുകൾ കൂടി പരിശോധിച്ച്, നിങ്ങളോട് പറയാൻ ശ്രമിക്കട്ടെ.

പല വിശുദ്ധന്മാരും ശുദ്ധിമതികളും ഈ ലോകത്തിൽ വച്ച് തന്നെ സ്വർഗ്ഗരാജ്യ ദർശനം ലഭിച്ചിട്ടുള്ള വ്യക്തികൾ ആണ്. പഴയനിയമ വേദഭാഗത്തിൽ പ്രവാചകന്മാരായ ഏശയ്യ, യഹ്സക്കിയേൽ എന്നിവർ സ്വർഗ്ഗരാജ്യ ദർശനം ലഭിച്ചതായി രേഖപ്പെടുത്തിയത് നിങ്ങൾ വായിച്ചു കാണുമല്ലോ. (ഏശയ്യ 6: 1– 8; യഹസ്കി 1:1– 28). പുതിയ നിയമത്തിൽ, എന്റെ പ്രിയശിഷ്യന്മാരായ പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ കൂട്ടി മറുരൂപ മലയിൽ സ്വർഗ്ഗരാജ്യ ദർശനം നൽകുന്നതും നിങ്ങൾ വായിച്ചറിഞ്ഞിട്ടുണ്ടാകും. (മത്തായി 17: 1– 8; മർക്കോസ് 9:2 –8 ;ലൂക്കോസ് 9: 28 –36). ഇതിനും പുറമേ എന്റെ പ്രിയ ശിഷ്യനായ യോഹന്നാന് പത്മോസ് ദ്വീപിൽവച്ച് സ്വർഗ്ഗരാജ്യദർശനം നൽകിയതും നിങ്ങൾ വായിച്ചു നോക്കണം. (വെളിപാട് 21: 1– 22: 5). ഈ വേദഭാഗങ്ങൾ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ നിഗൂഢമായ, ഭാവനാപൂർണമായ, ധ്യാനാത്മകമായ കുറേ കാഴ്ചപ്പാടുകൾ നിങ്ങൾക്ക് ലഭിക്കും. അവ തമ്മിൽ കാര്യമായ വ്യത്യാസങ്ങൾ ഇല്ലെന്നു മാത്രമല്ല ദൈവനിശ്ചിതമായ ഒരു ഐക്യരൂപം വിവരണങ്ങളിൽ കാണാൻ കഴിയുന്നുണ്ട്. ജീവനുള്ള മൃഗങ്ങൾ, പ്രകാശത്തിന്റെ വിവരണങ്ങൾ, മാലാഖമാരുടെ സാന്നിധ്യം, സ്വർഗ്ഗത്തിലെ കനകസിംഹാസനം, പളുങ്കുകൊട്ടാരങ്ങൾ, സ്വർണ്ണനടപ്പാതകൾ തുടങ്ങിയവയെപ്പറ്റി പറഞ്ഞു കേൾക്കുമ്പോൾ

നിങ്ങൾക്ക് സങ്കൽപ്പിക്കാവുന്നതിനു അപ്പുറത്തുള്ള അതിശയകരമായ ദർശനങ്ങളാണ് അവയെല്ലാം എന്ന് നിങ്ങൾക്ക് തോന്നിയേക്കാം. പൗലോസ്ശ്ലീഹ ഇതേപ്പറ്റി വിവരിക്കുന്നത് കാണുക: "ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടുള്ളത് കണ്ണു കണ്ടിട്ടില്ല ചെവി കേട്ടിട്ടില്ല ഒരു മനുഷ്യന്റെ ഹൃദയത്തിൽ തോന്നിയിട്ടുമില്ല. (1കൊരി 2: 9)

എന്നിരുന്നാലും തിരുവെഴുത്തുകളിൽ പതിവായി നിറഞ്ഞുനിൽക്കുന്ന സ്വർഗ്ഗരാജ്യ വിവരണം എന്താണ് നിങ്ങൾക്ക് നൽകുന്ന സന്ദേശം എന്ന് ഞാൻ പറയാൻ ശ്രമിക്കട്ടെ.

1) ദൈവമക്കൾ പൂർണത പ്രാപിച്ചവരായി നിത്യ ആനന്ദത്തോടെ നിലകൊള്ളാൻ ഉള്ള "സ്വർഗ്ഗ സംവിധാനം" ദൈവത്തിന്റെ അനന്തമായ പദ്ധതിയിലൂടെ ദൈവംതന്നെ ഒരുക്കിയിട്ടുള്ള ഒരു ജീവിത അനുഭവമാണ്. ലോകരാജ്യത്തിൽ നിങ്ങൾ അനുഭവിക്കുന്ന വസ്തുനിഷ്ഠമായ പഞ്ചേന്ദ്രിയബന്ധിതമായ അനുഭവമായി സ്വർഗ്ഗരാജ്യത്തെ നിങ്ങൾ കരുതരുത്. തികച്ചും അനുഭവത്തിലൂടെ മാത്രമറിയാവുന്ന യാഥാർത്ഥ്യങ്ങൾക്കായി ലൗകികമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നിങ്ങൾ കാത്തിരുന്നാൽ നിങ്ങൾക്ക് നിരാശപ്പെടേണ്ടി വരും. നിങ്ങളുടെ എല്ലാ മാനുഷിക സങ്കല്പങ്ങൾക്കും പ്രതീക്ഷകൾക്കും. അപ്പുറത്താണ് സ്വർഗ്ഗരാജ്യ അനുഭവം.

മനുഷ്യവർഗ്ഗം എന്തായി തീരുവാൻ ആണോ സ്വർഗ്ഗപിതാവ് വിഭാവനം ചെയ്തിട്ടുള്ളത് അപ്രകാരമുള്ള സർവ്വ സമ്പൂർണ്ണതയിൽ ആണ് നിങ്ങളുടെ സ്വർഗ്ഗവാസം ക്രമീകരിച്ചിട്ടുള്ളത്. ലോകപ്രകാരം വെള്ളനിലയങ്കി ധരിച്ച്, പാട്ടുപാടി, നൃത്തമാടുന്ന അനുഭവം ഒന്നുമല്ല നിങ്ങൾ അവിടെ പ്രതീക്ഷിക്കേണ്ടത്. ആദം–ഹവ്വ ദമ്പതികൾക്ക് ഏദൻതോട്ടത്തിൽ ഉണ്ടായ വീഴ്ച നിങ്ങൾ ഓർക്കുന്നുണ്ടല്ലോ. അവരുടെ കാലത്ത് പൂട്ടപ്പെട്ട സ്വർഗ്ഗവാതിൽ എന്നിലൂടെ വീണ്ടെടുക്കപ്പെട്ടവരായ നിങ്ങൾക്ക് സ്വർഗ്ഗപിതാവ് തുറന്നുതരുന്നത് പഴയ സന്തോഷ അനുഭവത്തിൽ സ്നേഹസാമ്രാജ്യം വീണ്ടും സ്ഥാപിച്ച ദൈവമക്കളെപ്പോലെ ഇന്ദ്രിയങ്ങൾക്ക് അതീതമായ പരമാനന്ദത്തിൽ നിത്യമായി വസിക്കുവാൻ വേണ്ടി ആണ്. ആ അനുഭവം എന്താണെന്ന് വാക്കുകൾകൊണ്ട് പറഞ്ഞുതരുവാൻ കഴിയില്ല. കാരണം മനുഷ്യശരീരത്തിൽ നിങ്ങൾ വസിക്കുമ്പോൾ നിങ്ങളുടെ ബുദ്ധികൊണ്ട് ഈലോക കാര്യങ്ങളെപ്പറ്റി മാത്രമേ അല്പമെങ്കിലും മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. ഈ ലോകത്തിൽ ദ്രവിച്ച് പോകുന്ന താൽക്കാലിക കാര്യങ്ങൾ മനസ്സിലാക്കുവാൻ മാത്രമേ നിങ്ങൾക്ക് ഇപ്പോൾ കഴിവുള്ളൂ.

ച്ചുരുക്കത്തിൽ സ്വർഗ്ഗം എന്താണെന്ന് അതിൽ പുതിയ ശരീരവുമായി പ്രവേശിച്ചുകഴിഞ്ഞാൽ മാത്രമേ നിങ്ങൾക്ക് പൂർണമായി ഉൾക്കൊള്ളാൻ കഴിയൂ.

2). സ്വർഗ്ഗരാജ്യഅനുഭവത്തിന് ഒരു മുന്നാസ്വാദനം (foretaste of Heaven) സാധ്യമാകുന്നത് ഞാൻ സ്ഥാപിച്ച എന്റെ സഭയിലൂടെയാണ് .(മത്തായി 16:18). സഭ അതിന്റെ ആരാധനവേളയിൽ സ്വർഗ്ഗത്തിലെ അനുഭവത്തിലേക്ക് നിങ്ങളെ ഉയർത്തിപ്പിടിക്കുകയാണ്. "നിങ്ങളുടെ ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും മേലുള്ള ഉയരങ്ങളിൽ ആയിരിക്കണം" എന്ന് പട്ടക്കാരൻ പറയുന്നത് ഈ സ്വർഗ്ഗീയ അനുഭവത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ടാണ്." പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ത്രീയേക ദൈവം നമ്മോടു കൂടെ എന്ന് പട്ടക്കാരൻ പ്രഖ്യാപിക്കുന്നതും ഈ സ്വർഗീയ അനുഭവം ഇവിടെ ഭൂമിയിൽ പങ്കുവെക്കാനായി തന്നെയാണ്. നിങ്ങളെയെല്ലാം എന്നോടുകൂടെ ഉയിർത്തെഴുന്നേല്പിച്ച സ്വർഗ്ഗത്തിൽ ഇരുത്തി എന്നാണ് പൗലോസ് ശ്ലീഹ തന്റെ കാഴ്ചപ്പാട് വിവരിക്കുന്നത്. (എഫെസ്യ 2: 7,8). മാത്രമല്ല നിങ്ങൾ എന്നോട് കൂടി ഉയർത്തെഴുന്നേറ്റവർ ആകയാൽ എന്നോട് കൂടെത്തന്നെ സ്വർഗ്ഗത്തിൽ ഇരിക്കും എന്നും നിങ്ങളോട് പറയുന്നുണ്ട്. (കൊലോസ്യ 1: 4). സഭയുടെ ആരാധനയിൽ സ്വർഗ്ഗീയ വിശുദ്ധരോട്ടും മാലാഖ വൃന്ദങ്ങളോട്ടും കൂടി ദൈവപിതാവിനെ നിങ്ങളും പാടിപ്പുകഴ്ത്തുന്നവർ ആകുമെന്നും സാക്ഷികളുടെ വലിയൊരു സമൂഹം നിങ്ങളുടെ കൂടെ സ്വർഗ്ഗസിംഹാസനത്തിനു ചുറ്റും ഉണ്ട് എന്നുള്ള കാര്യവും വായിക്കുന്നുണ്ടല്ലോ. (എബ്രായർ 12: 1,2)."ഞാൻ അത്യന്തം പേടിച്ച് വിറയ്ക്കുന്നു എന്ന് മോശയും പറയത്തക്കവണ്ണം ആ കാഴ്ച ഭയങ്കരമായിരുന്നു. ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ യെരുശലേമിനും അനേകായിരം ദൂതന്മാരുടെ സർവ്വ സംഘത്തിനും സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്ന ആദ്യ ജാതന്മാരുടെ സഭയ്ക്കും ഗുണകരമായി സംസാരിക്കുന്ന പുണ്യാഹരക്തത്തിനും അടുക്കൽ അത്രേ നിങ്ങൾ വന്നിരിക്കുന്നത്" (എബ്രായ 12: 21–24). ആകയാൽ ആരാധനയിൽ ശരീരപ്രകാരം ജീവിക്കുന്ന നിങ്ങൾ മാത്രമല്ല പ്രത്യാശയിൽ പ്രവേശിച്ച എന്റെവരവിനായി കാത്തിരിക്കുന്ന എല്ലാ മരിച്ചുപോയ വിശ്വാസികളെയും അവരുടെ അദൃശ്യസാന്നിധ്യം അംഗീകരിച്ചുകൊണ്ട് ഓരോ ആരാധനകളിലും നിങ്ങൾ അവരെ ഓർത്തു കൊള്ളണം.

3). സ്വർഗ്ഗരാജ്യത്തെപറ്റിയുള്ള നിങ്ങളുടെ പ്രതീക്ഷകളും അറിവുകളും അവ പ്രാപിക്കാനുള്ള ഒരുക്കം എന്ന വിധം എന്നോടും ഞാൻ മുഖാന്തരം എന്റെ സ്വർഗ്ഗ പിതാവിനോടും നിങ്ങൾക്ക് സഹായകനായ നൽകപ്പെട്ട

പരിശുദ്ധാത്മാവിനോടും ഉള്ള വിശ്വസ്തതയും അനുസരണവും ഉറപ്പിക്കുന്നതിന് വേണ്ടി ആയിരിക്കണം. ഈ ലോകത്തിൽ നിങ്ങൾക്ക് ലഭിക്കാവുന്ന കാഴ്ചപ്പാടുകൾ എല്ലാം തന്നെ ഭാഗികവും അപൂർണവും ആണ്. സ്വർഗീയ അനുഭവത്തിൽ എത്തുമ്പോൾ മാത്രമേ പൂർണമായ ദർശനം ലഭിക്കുകയുള്ളൂ. (1 കോരി13: 12). നിങ്ങൾ മനുഷ്യരായി ഒറ്റയ്ക്ക് നടത്തുന്ന അനുഭവമല്ല ആരാധന. ശരീരമുള്ള മനുഷ്യരും അശരീരികൾ ആയ വാങ്ങിപ്പോയവരും സ്വർഗ്ഗസേനകളും മഹത്വപ്പെടുത്തുന്നവനെ കൂട്ടമായി മഹത്വപ്പെടുത്തുന്ന അനുഭവമാണെന്ന് മറക്കരുത്. എന്റെ പ്രിയ ശിഷ്യൻ നിങ്ങളോട് പ്രത്യേകം പറയുന്നത് ശ്രദ്ധിക്കുക: "ഇപ്പോൾ നാം ദൈവത്തിന്റെ മക്കൾ ആകുന്നു. നാം ഇന്നത് ആകുമെന്ന് ഇതുവരെ പ്രത്യക്ഷമായില്ല.അവൻ പ്രത്യക്ഷൻ ആകുമ്പോൾ നാം അവനെ അവൻ ഇരിക്കും പോലെ തന്നെ കാണുന്നതുകൊണ്ട് അവനോട് സാദൃശ്യന്മാർ ആകുമെന്ന് നാമറിയുന്നു.(1 യോഹന്നാൻ. 3: 2 ,3).

## "സ്വർഗ്ഗരാജ്യം" പഴയനിയമ– പുതിയ നിയമ കാഴ്ചപ്പാടുകൾ

പഴയനിയമം നിഴലും പുതിയനിയമം പൊരുളും ആണെന്ന് നിങ്ങൾ പറയുന്നത് കുറെയൊക്കെ ശരിയാണ്. ഭാഗം ഭാഗം മാത്രമായിട്ടാണ് പണ്ട് ദൈവീക അരുളപ്പാടുകൾ നൽകിയിരുന്നത്.അതുകൊണ്ടുതന്നെ സ്വർഗ്ഗരാജ്യത്തെപറ്റി ഇന്ന് നിങ്ങൾക്കുള്ള കാഴ്ചപ്പാടുകൾ പഴയനിയമ ഇസ്രായേലിന് ലഭിച്ചിട്ടില്ല. പഴയനിയമ കാഴ്ചപ്പാടുകളെ പറ്റി ചില കാര്യങ്ങൾ അക്കമിട്ട് ചുരുക്കമായി പറയാം.

1) പഴയനിയമത്തിൽ സ്വർഗ്ഗമെന്ന എന്ന പദം വ്യക്തമായിരുന്നില്ല. ഈ ലോകരാജ്യം എന്ന ഒരു പ്രതീക്ഷയിൽ കനാൻ ദേശം വരെ മാത്രമേ രക്ഷയുടെ പരിധിയായി യഹൂദന്മാർ കരുതിയിരുന്നുള്ളൂ.

2) മോശ നൽകിയ ന്യായപ്രമാണത്തിന്റെ ആവശ്യവും ഈലോകകാര്യങ്ങൾ നടത്തുന്നതിന് വേണ്ടി മാത്രമായിരുന്നു. സ്വർഗ്ഗരാജ്യത്തിലെ ഏക നിയമമായ സ്നേഹം എന്താണെന്ന് അവർക്ക് വേണ്ടത്ര മനസ്സിലായില്ല. "പ്രതികാരം" എന്ന പ്രമാണം പഴയനിയമത്തിൽ "ന്യായ"മായിരുന്നു.

3) ന്യായപ്രമാണത്തിലെ അക്ഷരാർത്ഥത്തിലുള്ള പ്രയോഗം ആയതിനാൽ മനുഷ്യർക്കുവേണ്ടി ഉപയോഗിച്ച് നന്മ ചെയ്യാൻ ഉള്ളതാണ് നിയമമെന്ന ആത്മബോധം പഴയനിയമത്തിൽ ഇല്ലാതെപോയി. നിയമം മനുഷ്യ നന്മയ്ക്ക് വേണ്ടി ആണെന്ന് ഞാൻ പഠിപ്പിച്ചത് അവർക്ക് മനസ്സിലായില്ല. ശാബത് ലംഘനത്തിൽ മനുഷ്യനന്മയ്ക്ക് വേണ്ടി രോഗസൗഖ്യം

നൽകിയത് തെറ്റാണെന്ന് പറഞ്ഞ് അവർ എന്നെ ആക്ഷേപിച്ചു. മനുഷ്യർക്ക് പാപമോചനം നൽകിയതിന്റെ പേരിൽ ദൈവദൂഷണം പറയുന്നു എന്നു പറഞ്ഞ് എന്നെ അവർ ക്രൂശിച്ചു.

4) കൽപലകകളിൽ എഴുതപ്പെട്ട പഴയനിയമം കല്ലുപോലെ കഠിനമായി ഉപയോഗിച്ചതിനാൽ അനേകം മനുഷ്യരെ യുദ്ധം വഴിയും മറ്റും കൊന്നൊടുക്കാൻ ഇടയാക്കി. അതിനൊരു മനസ്സാക്ഷി കുത്തും അവർക്ക് ഉണ്ടായില്ല. എന്നാൽ മനുഷ്യരെ നശിപ്പിക്കുവാൻ അല്ല രക്ഷിക്കുവാൻ ആണ് സ്വർഗ്ഗപിതാവിന്റെ നിർദ്ദേശമനുസരിച്ച് ഞാൻ വന്നത് എന്ന കാര്യം യഹൂദന്മാർ, ന്യായപ്രമാണത്തോടുള്ള അവരുടെ അന്ധമായ ഭക്തി മൂലം അംഗീകരിച്ചില്ല.

5) യഹൂദന്മാർ ദൈവത്തെ പ്രസാദിപ്പിക്കുന്നതിനേക്കാൾ മനുഷ്യരെ പ്രീതിപ്പെടുത്തുവാൻ ശ്രമിച്ചതിനാൽ ബാഹ്യമായ ആചാരാനുഷ്ഠാനങ്ങൾക്ക് മുൻതൂക്കം നൽകി. ആന്തരിക വിശുദ്ധി പ്രവൃത്തിയിലും മനോഭാവത്തിലും സംരക്ഷിക്കുവാൻ അവർ ശ്രദ്ധിച്ചില്ല. പരീശ മനോഭാവം ആകുന്ന കപടഭക്തി ആണ് യഹൂദമതത്തിലെ വീഴ്ച ആയിട്ട് ഞാൻ കണ്ടത്.

6). ഈലോക യാഥാർത്ഥ്യങ്ങൾ നിത്യമായതാണെന്ന് വിശ്വസിച്ചു അതു പ്രകാരമുള്ള അനുഗ്രഹങ്ങൾക്ക് വേണ്ടി ആരാധിക്കുകയും അധ്വാനിക്കുകയും ചെയ്തു. ശിക്ഷകൾ ഒഴിവാക്കാനായി ദൈവത്തെ വിളിക്കുകയും ചെയ്യുന്ന ഒരു രീതി ആയിരുന്നു അവരുടേത്. ആവർത്തനപുസ്തകം 28 ആം അധ്യായത്തിൽ വിവരിക്കുന്ന താൽക്കാലിക അനുഗ്രഹങ്ങൾ ലഭിക്കാൻ വേണ്ടിയും ശാപങ്ങൾ കിട്ടാതിരിക്കാൻ വേണ്ടിയും യഹൂദന്മാർ ദൈവത്തെ ആരാധിച്ചതിനാൽ യഥാർത്ഥനന്മ അവർക്ക് ലഭിക്കാതെ പോയി.

7) പരിശുദ്ധാത്മാവ് ചില വ്യക്തികളിൽ മാത്രമായി പ്രവർത്തിച്ചിരുന്നു. പ്രവാചകന്മാർ, രാജാക്കന്മാർ, പുരോഹിതന്മാർ തുടങ്ങിയ ചില വ്യക്തികളിൽ മാത്രം അൽപ കാലത്തേക്ക് ബാഹ്യമായി പരിശുദ്ധാത്മാഭിഷേകം ചെയ്യപ്പെടുന്നുണ്ടായിരുന്നു. എന്നാൽ പുതിയനിയമകാലത്ത് സകല ജഡത്തിന്മേലും പരിശുദ്ധാത്മാവിനെ പകർന്നുകൊടുക്കുന്നതായി നിങ്ങൾക്ക് കാണാം. അത് താൽക്കാലികം അല്ല, ആന്തരികം ആണ്. വ്യക്തിപരമല്ല, പൊതുവളർച്ചയ്ക്കായി നൽകപ്പെടുന്നതാണ്. പരിശുദ്ധാത്മാവിലുള്ള അഭിഷേകം പ്രാപിക്കുവാൻ എന്നിൽ വിശ്വസിച്ചു വരുന്നവർക്കെല്ലാം ഞാൻ അവകാശം നൽകിയിട്ടുണ്ട്.

8) യഹൂദന്മാർ ബാഹ്യവിശുദ്ധി മാത്രം നോക്കി ഇരുന്നതിനാൽ പഴയനിയമത്തിലെ മിക്കവാറും എല്ലാ നേതാക്കളും ആന്തരികമായി

വിശുദ്ധി പാലിക്കുന്നവർ ആയിരുന്നില്ല. പരിശുദ്ധാത്മ അഭിഷേകവും ബാഹ്യമായി മാത്രമായിരുന്നു. അതുകൊണ്ടുതന്നെ അവരുടെ "മതം" കാലക്രമേണ ശക്തി കുറഞ്ഞു ക്ഷീണിച്ചു പോകാൻ ഇടയായി.അവർ മറ്റ് സാമ്രാജ്യശക്തികളെ കീഴടക്കി ഭരിക്കുന്നതിനാണ് പ്രാധാന്യം കൊടുത്തിരുന്നത്. അതുകൊണ്ടു അവർ നാമാവശേഷമായി കൊണ്ടിരിക്കുകയാണ്.എക്കാലത്തും സംഘർഷഭൂമിയായി യെരുശലേം നിലകൊള്ളുന്നതിന്റെ കാരണവും പഴയനിയമ പ്രമാണങ്ങളിൽ അവർ കുടുങ്ങിക്കിടക്കുന്നത് കൊണ്ടാണ്. ഈലോക പ്രകാരമുള്ള വളരെയേറെ നേട്ടങ്ങളും വിജയങ്ങളും കണ്ടുപിടുത്തങ്ങളും യഹൂദജനം നടത്തുന്നുണ്ടെങ്കിലും എന്റെ സ്വർഗ്ഗപിതാവിന്റെ ദൃഷ്ടിയിൽ അവർക്ക് വേണ്ടത്ര സ്വീകാര്യത ലഭിക്കണമെങ്കിൽ യഥാർത്ഥ സ്വർഗ്ഗരാജ്യത്തെ പറ്റിയുള്ള ഉൾക്കാഴ്ച അവർ പ്രാപിക്കണം.

പുതിയ നിയമ കാഴ്ചപ്പാടിൽ സ്വർഗ്ഗരാജ്യത്തെ പറ്റി രണ്ടു കാര്യങ്ങൾ കൂടി പറഞ്ഞ് ഈ പ്രഭാഷണം ഞാൻ തൽക്കാലം അവസാനിപ്പിക്കുകയാണ്.

1) "സ്വർഗ്ഗരാജ്യത്തിൽ ശക്തിയോടെ ഉത്സാഹപൂർവ്വം നിങ്ങൾ പ്രവേശിക്കണം." (മത്തായി 11: 12; ലൂക്കോസ്. 16: 16).

യോഹന്നാൻ സ്നാപകന്റെ ശക്തമായ സന്ദേശം സ്വർഗ്ഗരാജ്യത്തെ കുറിച്ചായിരുന്നു.നല്ല ഒരു യഹൂദനും പ്രവാചകനും എന്ന നിലയിൽ മോശ നൽകിയ ന്യായപ്രമാണത്തെ ശരിയായ വിധത്തിൽ ആചരിച്ചശേഷം ഇഹലോക വാസം വെടിഞ്ഞ അദ്ദേഹത്തെ ഞാൻ പറുദീസയിലേക്ക് തന്നെ പ്രവേശിപ്പിച്ചു. പാതാളത്തിൽ ചെന്നപ്പോൾ അദ്ദേഹം അവിടെ ഉണ്ടായിരുന്നു .(1പത്രോസ് 3: 18– 20, അ. പ്ര. 2: 27 –31). മരണത്തിന്റെയും പാതാളത്തിലും താക്കോൽ സാത്താനിൽ നിന്നും ഞാൻ കൈവശപ്പെടുത്തി. അപ്പോൾ യോഹന്നാനും പാതാളത്തിൽ സാക്ഷിയായിട്ടുണ്ടായിരുന്നു.(വെളി.1: 18).

സ്വർഗ്ഗരാജ്യത്തിന്റെ അകത്തും പുറത്തുമുള്ള ശത്രുക്കളെ കൊണ്ട് എന്റെ സഭ ആക്രമിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. എന്റെ ശിഷ്യന്മാർ എന്ന പേര്മാത്രം വഹിച്ചുകൊണ്ട് അനേകർ സഭയ്ക്കകത്ത് നിന്നുകൊണ്ടുതന്നെ സാത്താന്റെ സ്വാധീനത്തിൽപെട്ട് സ്വർഗ്ഗരാജ്യമൂല്യങ്ങൾ നഷ്ടപ്പെടുത്തുന്ന വിധത്തിൽ പ്രവർത്തിക്കുന്നുണ്ട്. സാത്താന്റെ സൈന്യങ്ങൾ ആയ പിശാചുക്കൾക്ക് ശക്തി നഷ്ടപ്പെട്ടു എങ്കിലും അവർക്ക് ശക്തിയുണ്ടെന്ന വിധം വിശ്വാസികളെ വശീകരിച്ചു തോൽപ്പിക്കുവാൻ അവർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നതിനാൽ അവരെ ധൈര്യത്തോടെ നേരിട്ട് തോൽപ്പിക്കാൻ നിങ്ങളോട് എല്ലാവരോടും, സത്യത്തിൽ അടിയുറച്ച വിശ്വാസത്തോടുകൂടി പോരാടണമെന്ന് ആവശ്യപ്പെടുന്നു. മനുഷ്യരെ തമ്മിൽ തമ്മിൽ കലഹിപ്പിക്കുന്നത് സാത്താന്റെ വലിയ തന്ത്രമാണ്. അത് മൂലം

പരിശുദ്ധാത്മ ശക്തി നിങ്ങൾക്ക് ലഭിക്കാതെ വരും എന്നും അങ്ങനെ നിങ്ങളെ സാത്താന്റെ നിയന്ത്രണത്തിൽ നടത്താമെന്നും അവൻ കരുതുന്നു. ഈ തന്ത്രം നിങ്ങൾ എത്രയും വേഗം തിരിച്ചറിയണം. കലങ്ങൾ നിർത്തി പരസ്പരം സമാധാനമായി യോജിപ്പോടെ എന്നോട് ചേർന്ന് സ്വർഗ്ഗരാജ്യത്തിനു വേണ്ടി പ്രവർത്തിക്കുവാൻ നിങ്ങൾ മുന്നോട്ടു വരണം. നിങ്ങളുമായി കലഹിക്കുന്ന ദുഷ്ടാത്മശക്തിയോടാണ് നിങ്ങൾ പോരാടി ജയിക്കേണ്ടത്. (എഫെസ്യ 6: 12). എന്റെ സഭയെ നിങ്ങളുടെ വിശ്വാസം ആകുന്ന പാറമേൽ ഉറപ്പിച്ചു നിർത്തിട്ടുള്ളതാണ്. പാതാള ഗോപുരങ്ങൾ അതിനെതിരെ ബലപ്പെട്ടു നിൽക്കുകയില്ല. സാത്താന്റെ കോട്ടകളെ തകർത്തുകളയാൻ ഉള്ള വലിയ ഒരു ദൗത്യമാണ് ഞാൻ നിങ്ങളെ ഏൽപ്പിച്ചിട്ടുള്ളത്. (മത്തായി 16: 18 –20). പൈശാചിക ശക്തികളെ പൂട്ടി ഇടുവാനും പിശാചിന്റെ അടിമകളായി ജീവിക്കുന്നവരെ അഴിച്ചു വിടാൻ ഉള്ള അധികാരം ആണ് സഭയിൽ ഉപയോഗിക്കുന്നതിനായി എന്റെ പ്രിയ ശിഷ്യനായ പത്രോസിനെ താക്കോലുകൾ നല്കികൊണ്ട് ചുമതല ഏൽപ്പിച്ചത്. അവൻ മാത്രമല്ല അവന്റെ കൂട്ട് ശിഷ്യന്മാരും എനിക്ക് വേണ്ടി സകലവും ഉപേക്ഷിച്ചു ജീവൻപോലും ബലിയർപ്പിക്കാൻ തയ്യാറായി എന്നെ പിൻപറ്റുന്നവരാണ്. അവരെല്ലാവരും സമർപ്പണ ബോധത്തോടെ കൂട്ടുപ്രവർത്തനം നടത്തി അധ്വാനിച്ചത് കൊണ്ടാണ് എന്റെ സഭ ഇന്നും തകർന്നു പോകാതെ നിലനിൽക്കുന്നത്. എന്നാൽ അവരുടെ പിൻഗാമികളായ ഇന്നത്തെ സഭാനേതാക്കന്മാർ നിസ്സാരകാരണങ്ങൾ പറഞ്ഞു, ലോക പ്രകാരമുള്ള അധികാരത്തിൽ തുടരാൻവേണ്ടി വഴക്കിട്ട് പല വിഭാഗങ്ങളായി തിരിഞ്ഞു നിൽക്കുന്നത് കാണുമ്പോൾ എനിക്ക് വളരെയേറെ ദുഃഖമുണ്ട്. എന്റെ സ്നേഹപ്രമാണങ്ങൾ പാലിക്കുവാൻ മനസ്സില്ലാത്ത അവരൊക്കെ ദയവായി സ്ഥാനത്യാഗം ചെയ്തു സഭയെ സംരക്ഷിക്കണമെന്ന് അവരെ ഞാൻ ഓർമ്മിപ്പിക്കുന്നു.

2) "ദൈവരാജ്യ സന്ദേശം സാധാരണക്കാർക്ക് വേണ്ടി ലളിതമായരീതിയിൽ നിങ്ങൾ അവതരിപ്പിക്കണം" (മത്തായി 11: 25– 29; ലൂക്കോസ്. 10: 21– 24)

ലളിതമായ ഒരു കാര്യം കൂടി പറഞ്ഞു ഞാൻ ഈ പ്രഭാഷണം അവസാനിപ്പിക്കുകയാണ്. നിങ്ങളുടെ കൂട്ടത്തിൽ മാന്യന്മാരും ബുദ്ധിമാന്മാരും പണ്ഡിതരും ഒക്കെ കാണും അങ്ങനെയുള്ളവരെ ഈ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കാൻ വേണ്ടി ഉന്നതമായ സാഹിത്യശൈലിയും ഗംഭീരമായ ഭാഷാപ്രയോഗങ്ങളും ആകർഷകമായ വേഷവിധാനങ്ങളും രസകരമായ അംഗവിക്ഷേപങ്ങളും കേൾവിക്കാരെ ഇളക്കിമറിക്കുന്ന ഗാനാലാപങ്ങളും അർത്ഥമറിയാത്ത മറുഭാഷകളും ഒന്നും ഉപയോഗിക്കേണ്ടതില്ല. സ്വയം അറിവുള്ളവർ എന്ന് അഭിമാനിക്കുന്നവർ,

എന്നോട് ചെയ്തതുപോലെ, ഒരുപക്ഷേ നിങ്ങളോട് തർക്കിക്കാനും നിങ്ങളുടെ ഭാഷയിലും ഉപദേശങ്ങളിലും കുറ്റം കണ്ടെത്തി എന്നെ നിങ്ങളിൽ നിന്നും വേർപെടുത്തി അകറ്റുവാനും സാധ്യതയുണ്ട്. ആ സാഹചര്യങ്ങളിൽ നിങ്ങൾ അവരോട് തർക്കത്തിന് പോകാതെ ഒഴിഞ്ഞുമാറണം. എന്റെ സ്വർഗ്ഗപിതാവിനാൽ ആകർഷിക്കപെടാത്തവർ ആരും തന്നെ എന്റെ അടുക്കൽ എത്തുന്നില്ല. എന്റെ പിതാവിനെ അറിയുന്നവർക്ക് മാത്രമേ എന്നെ അറിയാനും സ്വീകരിക്കുവാനും കഴിയൂ. ഞാൻ ഒരിക്കൽ എന്റെ പിതാവിനോട് പ്രാർത്ഥിച്ചു: "പിതാവേ സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവായവനെ, നീ ഇവ ജ്ഞാനികൾക്കും വിവേകികൾക്കും മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിയത്കൊണ്ട് ഞാൻ നിന്നെ വാഴ്ത്തുന്നു. പിതാവേ ഇങ്ങനെ നിനക്ക് പ്രസാദം തോന്നിയല്ലോ". (ലൂക്കോസ് 10:21).

ലോകപ്രകാരം അറിവ് നേടുന്നവർ വിനയം പാലിക്കുന്നതിന് പകരം അഹങ്കാരികൾ ആയിതീർന്നു ദൈവികജ്ഞാനത്തെയും വെളിപാടുകളെയും നിഷേധിക്കുന്നവരും കളിയാക്കുന്നവരും ആയി മാറാറുണ്ട്. അവരുടെ അറിവില്ലായ്മയിൽ ഞാൻ അവരോട് സഹതപിക്കുന്നു. എന്നാൽ അങ്ങനെ ഉള്ളവർക്ക് ഉണ്ടാകുവാൻ ഇരിക്കുന്ന നാശത്തെക്കുറിച്ച് യൂദാ എഴുതിയിരിക്കുന്നത് നിങ്ങൾ വായിച്ചു ഗ്രഹിക്കുക. (യൂദ. 1: 12 –15).

എന്റെ പിതാവ് സകലതും എന്നെ ഏല്പിച്ചിരിക്കുന്നു. ഞാനാരാണെന്ന് അറിയുവാൻ പിതാവിൽകൂടി മാത്രമേ നിങ്ങൾക്ക് സാധിക്കുകയുള്ളൂ. അതുപോലെതന്നെ സ്വർഗ്ഗ പിതാവിനെയും പിതാവിന്റെ അനന്തമായ രഹസ്യങ്ങളും എന്നിൽകൂടി മാത്രമേ നിങ്ങൾക്ക് അറിയാൻ കഴിയുകയുള്ളൂ.(മത്തായി 11: 27). എന്നെ കേൾക്കാനും അനുസരിക്കാനും ഇഷ്ടപ്പെടാത്തവർക്ക് യഥാർത്ഥ സത്യപ്രകാശം ആയ എന്നിലേക്ക് എത്തിച്ചേരാൻ കഴിയാതെ അന്ധകാരത്തിൽതന്നെ ജീവിക്കേണ്ടിവരും. കാരണം സത്യവെളിച്ചം ആയ എന്നിൽകൂടെ അല്ലാതെ യഥാർത്ഥ പരിജ്ഞാനം ആർക്കും ലഭിക്കുകയില്ല.

ഞാൻ ഇതുവരെ നിങ്ങളോട് പറഞ്ഞ കാര്യങ്ങൾ ആർക്കെങ്കിലും അസത്യം ആയി തോന്നുന്നുണ്ടെങ്കിൽ അവർ ശിശുക്കളെപ്പോലെ നിർമ്മലമനസ്സോടെ, വിനയ ഭാവത്തോടെ, നിഷ്കളങ്കഹൃദയത്തോടെ എന്നെ അന്വേഷിക്കട്ടെ. അപ്പോൾ ഞാൻ അവരെ തീർച്ചയായും സഹായിച്ചു എന്റെ സത്യപരിജ്ഞാനം ആകുന്ന ദിവ്യ വെളിച്ചത്തിലേക്ക് കൊണ്ടുവരാം. കണ്ടാലും ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു.

എന്ന് നിങ്ങളുടെ സ്വന്തം യേശു.

11-11-2020

# അനുബന്ധം 1
# ഉള്ളടക്കം

(വാല്യം – 1)


1) എൻറെ ബാല്യകാല സ്മരണകൾ.
2) എൻറെ ജ്ഞാനസ്നാനം ജോർദാനിൽ.
3) സാത്താൻറ പ്രലോഭനങ്ങളിൽ അകപ്പെടാതെ സൂക്ഷിക്കുക.
4) എൻറെ അത്ഭുതങ്ങൾ നിങ്ങൾക്കുള്ള അടയാളങ്ങളാണ്.
5) എന്നെ അന്വേഷിക്കുന്നവരെ ഞാൻ സ്നേഹത്തോടെ സ്വീകരിക്കുന്നു.
6) വരുവിൻ, എന്നെ അനുഗമിക്കുവിൻ.
7) ഞാൻ യഥാർത്ഥ ശിഷ്യന്മാരെ അന്വേഷിക്കുകയാണ്.
8) സ്വർഗരാജ്യത്തിലേക്ക് ഞാൻ നിങ്ങളെ കൊണ്ടു പോകാം.
9) കാനാവിലെ കല്യാണ വീട്ടിലെ എൻറെ ആദ്യ ദിവ്യ അനുഭവം.
10) ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം.
11) സൗഖ്യ ദാന ശുശ്രൂഷ ഞാൻ തുടരുകയാണ്.
12) ഭൂത ബാധയെ ഭയപ്പെടരുത്,ഞാൻ സൗഖ്യം നൽകാം.
13) ശമരിയകാരെയും ഞാൻ എൻറെ സന്ദേശം അറിയിച്ചു.
14) നിക്കോദിമോസ്സുമായി ഒരു കൂടിക്കാഴ്ച: ചർച്ചാവിഷയം "വീണ്ടും ജനനം".
15) നിങ്ങൾക്കും എന്നെപ്പോലെ ദൈവമക്കളായി തീരാം.


*******

# അനുബന്ധം 2

## About the Author

Fr.C.C.Cherian, aged 71, born in ”Chungath Family” from Kunnamkulam Diocese of the Malankara Orthodox Church, received the following education: B.Sc&B.Lib.Sc degrees from the Kerala University, B.D & M.T degrees from the Serampore College,and PG Diploma Certifcates :

1. in Syriac language from SEERI, Kottayam,

2. in Archival studies, from the National Archives,New Delhi, and from the State Library Tiruvananthapuram,

3. in Christian Spirituality from Tandoor Ecumenical Institute, Jerusalem.

He served as the chief Librarian and Archivist for 40 years at the Orthodox Teological Seminary Kottayam. He has also contributed his eforts towards the formation of “MGDM Archives”, “MJDM Micro Library” ,”OSDL” Digital library, “Divyabodhanam “Study Program& Publication of 30 text books, Tiruvachana Bhashyam,”a commentary series of N T in 15 volumes, The Church Encyclopedia”,”Sabhavijnanakosam”,”Mar Gregorios Foundation” & several Publications of the writings of LL.Dr Paulose Mar Gregorios etc. He served as the personal secretary to H.G. Dr Paulose Mar Gregorios for 20 years, till his demise in1996.

He also served as the Secretary of the “Alumne Association”and has published”Sabha Gana Madhuri” a series of 16Audio Cassette tapes of Ekkara& other Church Musics sung by Revd.Fr. Malpan N K Koruth Njarthankal of blessed memory. He also served as the staf advisor for diferent activities in the seminary. He retired from the Seminary in 2014.

Fr.Cherian served in 14 parishes of Kottayam Diocese from 1973 onwards and retired in 2018.He lives in Kottayam with his wife Saly Cherian. His children Reena, Cyril and Paul live abroad with their families. All of them are much grateful to the Almighty God who provided them with His abundant blessings.

# Books by the Author


1. ദൈവജനം, ദിവ്യബോധനം ഗ്രന്ഥാവലി, കോട്ടയം 1986
2. നേർവഴിയിൽ (ഒന്നാം ഭാഗം), ദിവ്യബോധനം, 1988
3. The People of God, Divyabodhanam, 1989
4. ഭൂമിയുടെ അറ്റത്തോളവും, പാരിഷ് മിഷൻ ഗ്രന്ഥാവലി, 1995
5. ഉപവാസം ക്രിസ്തീയ വീക്ഷണത്തിൽ, സി. സി. ബുക്സ്, കോട്ടയം, 1996
6. ഉപവാസവും ആത്മീയ ശിക്ഷണവും, സി. സി. ബുക്സ്, കോട്ടയം 1996
7. മാർ ഗ്രീഗോറിയോസ്, ഓർമ്മയുടെ തീരങ്ങളിൽ, സി. സി. ബുക്സ്, കോട്ടയം 1996
8. ക്രൈസ്തവ ആദ്ധ്യാത്മികത, ദിവ്യബോധനം, 1997
9. ഉപവാസം ഒരു പഠനം, സി. സി. ബുക്സ് 1996
10. സംഘർഷങ്ങൾ ആത്മീയ ജീവിതത്തിൽ, MGOCSM, 1998
11. അന്ധവിശ്വാസത്തിൻറെ ബന്ധനങ്ങൾ, Premier Books, Kottayam, 2000
12. യെരുശലേമിലേയ്ക്ക് ഒരു സഫല യാത്ര, കോട്ടയം, 2008
13. ക്രിസ്തീയ ജീവിത സാഫല്യം, MOC Publications, Kottayam, 2008
14. ക്രിസ്തീയ ഉപവാസം എന്ത്, എന്തിന്, എങ്ങനെ, കോട്ടയം 2008
15. Walk The Way: Reflections on the faith and practices of the Orthodox Church. C. C. Books, Kottayam, 2020
16. യേശുവിന്റെ ആത്മകഥ (ഒരു ഭാവന ആവിഷ്കാരം) വാല്യം – 2, സി. സി. ബുക്സ്, കോട്ടയം 2020

Te C C Books, Kottayam is ready to undertake Publication of digital books (ebooks) series on Christian themes, from interested writers. The frst book was പരിശുദ്ധാത്മാവേ വരേണമേ (on Holy Spirit) by Rev.Fr.Dr.T.J.Joshua. this book is the third one. Anybody interested may contact the following numbers: 91-9074615044, 9447302518 (WhatsApp), email, frccche-rian@gmail.com

# യേശുവിന്റെ ആത്മകഥ

വാല്യം 2

യേശുക്രിസ്തുവിന്റെ അദൃശ്യസാന്നിധ്യം, പരിശുദ്ധാത്മാവ് മുഖാന്തിരം അനുദിനം യാഥാർത്ഥ്യമാകുന്ന  അനുഭവത്തിലൂടെ ആണ് ഈ നാളുകളിൽ ഞാൻ കടന്നു പോകുന്നത്.  പണ്ട്, ഇസ്രായേൽ മക്കൾ മരുഭൂമിയിൽ അലഞ്ഞു നടന്നപ്പോൾ, ദൈവം  പകൽ മേഘസ്തംഭവും രാത്രി അഗ്നി സ്തംഭവും, ആകാശത്ത് നിന്ന് ദിവസംതോറും "മന്ന"യും പാറയിൽ നിന്ന് വെള്ളവും നൽകി പരിപോഷിപ്പിച്ച് വഴിനടത്തിയ സ്വർഗീയ അനുഭവത്തിലൂടെ ആണ് ഞാൻ യേശുവിനോടൊപ്പം യാത്ര ചെയ്യുന്നത് എന്ന് തോന്നിപ്പോകുന്നു.




**ഫാദർ. സി. സി. ചെറിയാൻ**

Chungath House,
Malloosserry P.O.
Kottayam - 686 041
E-Mail:  info@ccbooks.in
Website: www.ccbooks.in